ഉണ്ണായി വാരിയർ

നളചരിതം ആട്ടക്കഥ

ഗദ്യപരിഭാഷ

മരുതൂർ പുരുഷോത്തമൻ

ഉണ്ണായി വാരിയർ

നളചരിതം ആട്ടക്കഥ

ഗദ്യപരിഭാഷ

മരുതൂർ പുരുഷോത്തമൻ

Malayalam

Nalacharitham Attakkatha

by

Unnayi Variyar

Prose Translation by

Maruthoor Purushothaman

Copyright © 2024 Maruthoor Purushothaman

All rights reserved

Contact : mppn26@gmail.com

ഉള്ളടക്കം

ആമുഖം..9

ഒന്നാം ദിവസം...11

പുറപ്പാട്...11

രംഗം 1 : നളന്റെ ആസ്ഥാനമണ്ഡപം...12

രംഗം 2 : നിഷധരാജധാനിയിലെ ഉദ്യാനം..17

രംഗം 3 : നിഷധരാജധാനിയിലെ ഉദ്യാനം..21

രംഗം 4 : കുണ്ഡിനരാജധാനിയിലെ ഉദ്യാനം......................................24

രംഗം 5 : നിഷധരാജധാനി...35

രംഗം 6 : ഇന്ദ്രന്റെ കൊട്ടാരം..38

രംഗം 7 : ദേവലോകത്തേയ്ക്കുള്ള വഴി...39

രംഗം 8 : ഇന്ദ്രന്റെ കൊട്ടാരം..41

രംഗം 9 : കുണ്ഡിനത്തിലേയ്ക്കുള്ള വഴി...45

രംഗം 10 : കുണ്ഡിനത്തിലെ രാജവീഥി...48

രംഗം 11 : കുണ്ഡിനരാജധാനിയിലെ അന്ത:പുരം...............................49

രംഗം 12 : കുണ്ഡിനത്തിലേയ്ക്കുള്ള വഴി...54

രംഗം 13 : അസുരലോകം...57

രംഗം 14 : കുണ്ഡിനരാജധാനി..59

രംഗം 15 : കുണ്ഡിനത്തിലെ കൊട്ടാരം...61

രംഗം 16 : കുണ്ഡിനത്തിലെ സ്വയംവരമണ്ഡപം................................65

രണ്ടാം ദിവസം...73

രംഗം 1 : നളന്റെ കൊട്ടാരം...73

രംഗം 2 : നിഷധരാജധാനിയിലെ ഉദ്യാനം..75

രംഗം 3 : ദേവലോകത്തേയ്ക്കുള്ള വഴി..78
രംഗം 4 : കലിയുടെ സങ്കേതം..81
രംഗം 5 : പുഷ്ക്കരന്റെ കൊട്ടാരം..83
രംഗം 6 : നളന്റെ കൊട്ടാരം..85
രംഗം 7 : നിഷധരാജധാനി..89
രംഗം 8 : വനപ്രദേശം - സന്ധ്യാസമയം..93
രംഗം 9 : വനപ്രദേശം - രാത്രിസമയം..97
രംഗം 10 : വനമണ്ഡപം...99
രംഗം 11 : കൊട്ടുങ്കാട്..101
രംഗം 12 : വനപാത..108
രംഗം 13 : നദീതീരം...110
രംഗം 14 : ചേദിരാജ്ഞിയുടെ അന്ത:പുരം...114
രംഗം 15 : ചേദിരാജധാനി...116
രംഗം 16 : കുണ്ഡിനരാജധാനി...120
മൂന്നാം ദിവസം..125
രംഗം 1 : വനപ്രദേശം...125
രംഗം 2 : കാട്ടുതീയ്ക്കു സമീപം...128
രംഗം 3 : അയോദ്ധ്യാരാജധാനി..137
രംഗം 4 : അയോദ്ധ്യയിലെ സാരഥിഗൃഹം..141
രംഗം 5 : കുണ്ഡിനത്തിലെ അന്ത:പുരം...147
രംഗം 6 : കുണ്ഡിനരാജമാതാവിന്റെ മന്ദിരം..151
രംഗം 7 : കുണ്ഡിനത്തിലെ അന്ത:പുരം...154
രംഗം 8 : അയോദ്ധ്യയിലെ രാജസഭ...157
രംഗം 9 : കുണ്ഡിനത്തിലേയ്ക്കുള്ള വഴി...163
രംഗം 10 : താന്നിമരത്തണൽ..169

നാലാം ദിവസം..177
രംഗം 1 : കുണ്ഡിനത്തിലെ രാജവീഥി..177
രംഗം 2 : കുണ്ഡിനരാജധാനി...179
രംഗം 3 : കുണ്ഡിനത്തിലെ അന്ത:പുരം..180
രംഗം 4 : കുണ്ഡിനരാജധാനി...182
രംഗം 5 : കുണ്ഡിനത്തിലെ അന്ത:പുരം..184
രംഗം 6 : കുണ്ഡിനത്തിലെ അതിഥിമന്ദിരം...186
രംഗം 7 : കുണ്ഡിനത്തിലെ അന്ത:പുരം..190
രംഗം 8 : കുണ്ഡിനത്തിലെ അന്ത:പുരം..194
രംഗം 9 : കുണ്ഡിനരാജമന്ദിരം...200
രംഗം 10 : കുണ്ഡിനരാജധാനി..207
രംഗം 11 : നിഷധരാജധാനി...209

ആമുഖം

കഥകളിയുടെ സാഹിത്യരൂപമായ ആട്ടക്കഥകളിൽ ഉണ്ണായി വാരിയരുടെ നളചരിതത്തിനു പ്രമുഖമായൊരു സ്ഥാനമാണുള്ളത്. ആടാനും പാടാനും മാത്രമല്ല വായിക്കാനും വകയുള്ള നളചരിതം ആട്ടക്കഥയ്ക്കു പണ്ഡിതോചിതമായ പല വ്യാഖ്യാനങ്ങളുണ്ടെങ്കിലും സാധാരണക്കാർക്കു വേണ്ടിയുള്ള ലളിതമായ വിവരണങ്ങൾ വിരളമാണെന്നു പറയാം. അരങ്ങിൽ പതിവുള്ളതു മാത്രം കണ്ടു ശീലിച്ചവർക്കു നളചരിതകഥയിൽ ഉണ്ണായിവാരിയർ വരുത്തിയ ഭാവനാസമ്പന്നമായ മാറ്റങ്ങൾ മനസ്സിലാക്കാനും കഥകളി നേരിട്ടു കാണാത്ത സാഹിത്യവിദ്യാർത്ഥികൾക്കു വായിച്ചു രസിക്കാനും കഴിയുന്നവിധം തയാറാക്കിയ നളചരിതം ആട്ടക്കഥയുടെ ഈ പരിഭാഷ സഹൃദയരായ വായനക്കാരുടെ മുമ്പിൽ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

ഒന്നാം ദിവസം

പുറപ്പാട്

ശ്ലോകം 1 : (വൃത്തം : വസന്തതിലകം)
ആസീത്പുരാ പരമപാവനകീർത്തിഭൂമാ
നാകോപമേ നിഷധനിർവൃതി നീതിശാലീ
രാജാ രതീശസുഭഗോ ജഗദേകവീര:
ശ്രീവീരസേനതനയോ നളനാമധേയ:

സ്വർഗതുല്യമായ നിഷധരാജ്യത്തു വീരസേനന്റെ പുത്രനായി ലോകൈകവീരനും നീതിശാലിയും കാമദേവനെപ്പോലെ സുന്ദരനുമായി ലോകമെങ്ങും കറയറ്റ കീർത്തി പരത്തി പണ്ടു നളനെന്നൊരു രാജാവു വാണിരുന്നു.

പദം 1 : (രാഗം : തോടി താളം : ചെമ്പട)
പല്ലവി : അരമതാമിതകൌതുകമാലയേ
നരപതി നൈഷധവീരൻ

വീരനായ ആ നളമഹാരാജാവ് സ്വന്തം കൊട്ടാരത്തിൽ അളവറ്റ കൗതുകത്തോടെ താമസിച്ചുപോന്നു.

അനുപല്ലവി : ചിരമവനിമനുശാസദനാകുലം,
ശീതഗുവംശകരീരൻ

ചന്ദ്രവംശജനായ അദ്ദേഹം പ്രജകൾക്കു യാതൊരു ദു:ഖത്തിനും ഇട വരുത്താത്തവിധം വളരെക്കാലം രാജ്യം ഭരിച്ചു.

ചരണം 1 : പെരിയൊരുദോർബലപാവകദേവനു വിറകാക്കി വിമതൌഘം, പരിമിതിസരണിവിദൂരഗുണഗണപരിമളപൂരിതലോകൻ

കണക്കറ്റ ഗുണഗണങ്ങളുടെ പരിമളം ലോകമെങ്ങും പരത്തിയ അദ്ദേഹം ശത്രുക്കളെ സ്വന്തം കൈയൂക്കാകുന്ന അഗ്നിയ്ക്കു വിറകാക്കി.

ചരണം 2 : വിശ്വമനോഹരചാരുശരീരൻ, വിശ്രുതസചിവസമേതൻ, വിദ്യാജലനിധിവിസ്മയനീയൻ, വിഷ്ടപപാലനശീലൻ

ജനങ്ങളുടെ മനം കവരുന്ന സുന്ദരനും വിവിധങ്ങളായ അറിവുകളുടെ സമുദ്രവുമായ അദ്ദേഹം കഴിവും മികവുമുള്ള മന്ത്രിമാരുമായി രാജ്യം പരിപാലിച്ചുപോന്നു.

ചരണം 3 : കലിശമനൌഷധരസമയചരിതൻ, കുലിശധരോപമവീരൻ, ശാർങ്ഗിപിനാകിപദാർച്ചനശീലൻ, വാങ്മനസാതിവിദൂരൻ

ഇന്ദ്രനെപ്പോലെ പരാക്രമശാലിയും ശിവവിഷ്ണുഭക്തനും കലിബാധയ്ക്കൊരു മരുന്നുമായി സുപ്രസിദ്ധനായ അദ്ദേഹത്തെ വാക്കുകൊണ്ടു വർണിയ്ക്കാനോ മനസ്സുകൊണ്ടു ചിന്തിയ്ക്കാനോ കഴിയില്ല.

രംഗം 1 : നളന്റെ ആസ്ഥാനമണ്ഡപം

ശ്ലോകം 2 : (വൃത്തം : മാലിനി)
നളനരവരനേവം ഭൂതലം കാത്തു വാഴു-
ന്നളവിലവനിലേറ്റം പ്രീതി കൈക്കൊണ്ടൊരുന്നാൾ
മിളിതരസമെഴുന്നള്ളീടിനാൻ തത്സമീപേ
നളിനഭവതനൂജൻ നാരദൻ മാമുനീന്ദ്രൻ

നളമഹാരാജാവ് നിഷധരാജ്യം ഭരിച്ചുകൊണ്ടിരിയ്ക്കുമ്പോൾ ഒരു ദിവസം അദ്ദേഹത്തോടു വളരെ വാത്സല്യം തോന്നിയ ബ്രഹ്മപുത്രനായ നാരദമഹർഷി സന്തോഷപൂർവം രാജകൊട്ടാരത്തിൽ വന്നെത്തി.

പദം 2 : നളൻ: (രാഗം : മുഖാരി താളം : അടന്ത)
പല്ലവി : ഭഗവൻ നാരദ, വന്ദേഹം!

പൂജ്യനായ നാരദമഹർഷേ, ഞാനിതാ അങ്ങയെ വന്ദിക്കുന്നു!

അനുപല്ലവി : അഘവും നീങ്ങി മേ സർവം, ഗൃഹവും പൂതമായിപ്പോൾ!

അങ്ങയുടെ വരവു മൂലം ഇന്നിപ്പോൾ എന്റെ സകല പാപങ്ങളും തീർന്നു, ഈ കൊട്ടാരപരിസരവും പരിശുദ്ധമായി!

ചരണം 1 : അരവിന്ദഭവയോനേ, വരവിന്നെങ്ങു നിന്നിപ്പോൾ?
ഹരിമന്ദിരത്തിൽ നിന്നോ, പുരിയീന്നോ നിലിമ്പാനാം?

ബ്രഹ്മപുത്രനായ അങ്ങിപ്പോൾ എവിടെ നിന്നാണു വരുന്നത്? വിഷ്ണുവിന്റെ വൈകുണ്ഠത്തിൽനിന്നോ അതല്ല നേരിട്ടു ദേവലോകത്തുനിന്നുതന്നെയോ?

ചരണം 2 : മുദിതം മാനസം മമ, ഭവദംഗദർശനേന,
മുഴുതിങ്കൾ ഉദയേന, കുമുദമെന്നതുപോലെ

പൂർണചന്ദ്രൻ ഉദിച്ചുയരുമ്പോൾ ആമ്പൽപ്പൂ താനേ വിടരുന്നതുപോലെ അങ്ങയെ കണ്ട നിമിഷം എന്റെ മനസ്സിൽ സന്തോഷം നിറഞ്ഞു കവിയുന്നു

ചരണം 3 : എന്തിനി ചെയ്യേണ്ടു ഞാൻ നിന്തിരുവടി ചൊല്ലാലേ,
എന്നതരുൾ ചെയ്യേണം ഉന്നതതപോനിധേ!

താപസോത്തമനായ മഹാത്മാവേ, ഇനി അങ്ങയുടെ എന്താഗ്രഹമാണു ഞാൻ നിറവേറ്റേണ്ടതെന്നു ദയവായി പറഞ്ഞാലും!

പദം 3 : നാരദൻ: (രാഗം : സൌരാഷ്ട്രം താളം : മുറിയടന്ത)
ചരണം 1 : ഭീഷിതരിപുനികര, നൈഷധ നീ കേൾക്ക വീര,
ഊഴിതൻ നായകനാം നീ പാഴിലാക്കീടൊല്ല ജന്മം

ശത്രുക്കൾക്കു സദാ ഭയം ജനിപ്പിയ്ക്കുന്ന വീരനായ നിഷധരാജാവേ, നീ ശ്രദ്ധിച്ചു കേൾക്കു, ഭൂമിയിലെ സകല ജനങ്ങൾക്കും നായകനായ നീ ഈ ജന്മം വെറുതെ പാഴാക്കി കളയരുത്!

ചരണം 2 : നാഴിക തികച്ചൊരു നാൾ വാഴുവേനല്ലൊരേടത്തും,
ഏഷണയ്ക്കു നടപ്പൻ ഞാൻ, ഏഴുരണ്ടു ലോകത്തിലും!

ഒരിടത്തൊരു നാഴികപോലും പാഴാക്കാതെ ഈരേഴു പതിന്നാലു ലോകങ്ങളിലും സദാ ഏഷണ പറഞ്ഞു നടക്കുന്നവനാണു ഞാൻ!

ചരണം 3 : കുണ്ഡിനപുരിയിലുണ്ടു സുന്ദരി ദമയന്തീതി
കന്യകാരത്നമവളിൽ വൃന്ദാരകന്മാർക്കും മോഹം

കുണ്ഡിനരാജ്യത്തു ദമയന്തിയെന്നു പേരായി ഒരു സുന്ദരിയുണ്ട്. കന്യകാരത്നമായ അവളെക്കുറിച്ചു ദേവന്മാർക്കുപോലും ഇപ്പോൾ മോഹം തുടങ്ങിയിരിയ്ക്കുന്നു

ചരണം 4 : രത്നമെല്ലാം നിനക്കുള്ളു, യജ്ഞമേ ദേവകൾക്കുള്ളു
യത്നമേതദർത്ഥം നൃപസത്തമ, നിനക്കു യോഗ്യം

സത്യത്തിൽ രാജാവായ നിനക്കാണ രത്നങ്ങളുടെ അവകാശം; ദേവന്മാർക്കു ഹവിസ്സിനു മാത്രമേ അർഹതയുള്ളൂ. അതുകൊണ്ട് രാജാധിരാജനായ നീ അവളെ വശത്താക്കാൻ നടത്തുന്ന പരിശ്രമങ്ങൾ സർവഥാ യോഗ്യമെന്നേ പറയാവൂ!

ശ്ലോകം 3 : (വൃത്തം : ശാലിനി)
ഏവം ശ്രുത്വാ ഭാരതീം നാരദീയാം
പൂർവം തസ്യാം പാന്ഥലോകാ ച്ഛ്രുതായാം
സക്തം ചിത്തം തസ്യ വൈദർഭപുത്ര്യാം
ജാതം സാതങ്കാതിരേകാദിദൂനം

രാജസഭയിൽ ദിവസേന വന്നു പോകുന്ന പലരും പറഞ്ഞറിഞ്ഞ വിശേഷങ്ങൾ നാരദന്റെ നാവിൽനിന്നുകൂടി കേട്ട നളന്റെ മനസ്സ് ദമയന്തിയോടുള്ള അനുരാഗം നിമിത്തം കൂടുതൽ ഉൽക്കണ്ഠാകുലവും വിഷാദഭരിതവുമായിത്തീർന്നു.

പദം 4 : നളൻ (രാഗം : കല്യാണി താളം : ചെമ്പട)
പല്ലവി : കുണ്ഡിനനായക നന്ദിനിയ്ക്കൊത്തൊരു
പെണ്ണില്ല മന്നിലെന്നു കേട്ടു മുന്നേ

കുണ്ഡിനരാജാവിന്റെ മകളായ ദമയന്തിയെപ്പോലെ സുന്ദരിയായ ഒരു പെണ്ണിനെ ഈ ഭൂമിയിൽ കാണാൻ കഴിയില്ലെന്നു ഞാൻ നേരത്തേതന്നെ പലരും പറഞ്ഞു കേട്ടിരിയ്ക്കുന്നു!

അനുപല്ലവി : വിണ്ണിലുമില്ല നൂനം, അന്യലോകത്തിങ്കലും
എന്നു വന്നിതു നാരദേരിതം നിനയ്ക്കുമ്പോൾ

സ്വർഗത്തിലെന്നല്ല, മറ്റൊരു ലോകത്തും ഇങ്ങനെയൊരു സുന്ദരിയി

ല്ലെന്നാണ നാരദന്റെ വാക്കിൽനിന്നും വ്യക്തമാകുന്നത്!

ചരണം 1 : അവരവർ ചൊല്ലിക്കേട്ടേൻ അവൾ തൻ ഗുണഗണങ്ങൾ,
അനിതരവനിതാസാധാരണങ്ങൾ,
അനുദിനമവൾ തന്നിൽ അനുരാഗം വളരുന്നു,
അനുചിതമല്ലെന്നിന്നു മുനിവചനേന മന്യേ!

മറ്റൊരു സുന്ദരിയ്ക്കുമില്ലാത്ത അവളുടെ ഗുണഗണങ്ങൾ പലരും പറഞ്ഞു ഞാൻ പണ്ടേ കേട്ടിട്ടുണ്ട്. മാത്രമല്ല, എനിയ്ക്കവളോടു ദിനംപ്രതി വളർന്നുവരുന്ന അനുരാഗം അനുചിതമല്ലെന്നാണ നാരദന്റെ വാക്കുകളും വെളിവാക്കുന്നത്.

ചരണം 2 : എന്തൊരു കഴിവിനി ഇന്ദുമുഖിയ്ക്കുമെന്നിൽ,
അന്തരംഗത്തിൽ പ്രേമം വന്നീടുവാൻ?
പെണ്ണിനൊരാണിലൊരു പ്രേമത്താമരയ്ക്കിന്നു
കന്ദർപ്പൻ വേണമല്ലോ കന്ദം സമർപ്പയിതും!

ഇന്ദുമുഖിയായ അവളുടെ മനസ്സിൽ എന്റെ നേർക്കു പ്രേമം ജനിപ്പിയ്ക്കാൻ ഇനിയെന്താണൊരു വഴി? സ്ത്രീയുടെ മനസ്സിൽ പുരുഷനെക്കുറിച്ചൊരു മോഹം താമരപ്പൂവായി വിടർന്നുവരണമെങ്കിൽ എന്തായാലും കാമദേവൻതന്നെ നേരിട്ടു ചെന്നു വിത്തു വിതയ്ക്കാതെ തരമില്ല!

ചരണം 3 : വിധുമുഖിയുടെ രൂപമധുരത കേട്ടു മമ വിധുരത വന്നു
കൃത്യചതുരത പോയി, മുദിരതതികബരീപരിചയപദവിയോ,
വിജനേവസതിയോ മേ ഗതി,യിനി രണ്ടിലൊന്നേ

ദമയന്തിയുടെ രൂപമാധുര്യം കേട്ടുണ്ടായ വിരഹദു:ഖം മൂലം എന്റെ സകല ഉത്സാഹവും നഷ്ടപ്പെട്ടുകഴിഞ്ഞു. ഇനി അവളുടെ കറുത്തിരുണ്ട മുടി തലോടുന്നതിനെക്കുറിച്ചു ചിന്തിയ്ക്കുകയോ അതല്ലെങ്കിൽ വിജന

മായൊരിടത്തു ചെന്നിരുന്ന് അവളെക്കുറിച്ചു ധ്യാനിയ്ക്കുകയോ മാത്രമേ എനിയ്ക്കു കരണീയമായുള്ളൂ!

രംഗം 2 : നിഷധരാജധാനിയിലെ ഉദ്യാനം

ശ്ലോകം 4 : (വൃത്തം : വസന്തമാലിക)
കഥനേന മുനേരനേന രാജാ
കദനേസൌ മദനേഷ്വജേ നിമജ്ജൻ
സചിവേ വിനിയോജ്യ രാജ്യഭാരം
വിജനേ പുഷ്പവനേ തതാന വാസം

നാരദന്റെ വാക്കുകൾ കേട്ടു ദമയന്തിയോടുള്ള മോഹം വർദ്ധിച്ചു വിഷാദത്തിൽ മുങ്ങിയ നളൻ, രാജ്യഭരണം മന്ത്രിയെ ഏൽപ്പിച്ചു വിജനമായ പൂങ്കാവനത്തിൽ ചെന്നു താമസമാക്കി.

പദം 5 : നളൻ: (രാഗം : ബേഗഡ താളം : മുറിയടന്ത):
പല്ലവി : നിർജ്ജനമെന്നതേയുള്ളൂ ഗുണമോ,
നിശ്ചയമുദ്യാനത്തിൽ

സന്ദർശകരില്ലാതെ വിജനമാണെന്ന ഒരൊറ്റ ഗുണം മാത്രമേ പ്രത്യക്ഷത്തിൽ ഈ പൂങ്കാവനത്തിനു പറയാനുള്ളൂ!

അനുപല്ലവി : ഇജ്ജനത്തോടു പെരികെ, വൈരമായ് വന്നിതീശ്വരനും,
ഇന്നീ ഝഷകേതനനും

ഇന്നിപ്പോൾ സർവേശ്വരനു മാത്രമല്ല, കാമദേവനും കൂടി എന്നോടു വല്ലാത്തൊരു വിരോധം വന്നതുപോലെ തോന്നുന്നു

ചരണം 1 : ഈക്ഷണയുഗത്തിനു രൂക്ഷവേദനകളുണ്ടാക്കുവാൻ,

അതിതരാം ദാക്ഷ്യമുള്ളവകളെ, സാക്ഷാദധുനാ ഇന്നു വീക്ഷേ, വിധിനാ ഹരിണാക്ഷീം തു വിനാ, വിരഹേണാക്ഷീണരുജാവിവശ:

പ്രിയതമ അടുത്തില്ലാതെ വിരഹം മൂലം വിവശനായ എന്റെ കണ്ണുകൾക്കു കഠിനവേദനയുണ്ടാക്കുന്ന കാഴ്ചകൾതന്നെ സദാ കൺമുമ്പിൽ വന്നു വീഴുന്നതു പക്ഷേ വിധിവിലാസമെന്നല്ലേ പറയേണ്ടതു്!

ചരണം 2 : പടുതമൻ മദനന്റെ പടവീടിതേ, വാപീതടവിടപികളേതദ് പടകുടികൾ, കുസുമഹേതിദ്യുതിയും കുയിൽനാദസ്വരവും മാരുതയോധഭൂമിയും വിരഹഭീതി സ്ഥലമേയിതു!

ഇടതിങ്ങിയ വൃക്ഷനിരകൾ കൂടാരങ്ങളും പൂമൊട്ടുകൾ കുരമ്പുകളും കുയിലിന്റെ പാട്ടു കാഹളഗീതവും ഇളംകാറ്റു ഭടന്മാരുടെ കവാത്തുമായി മാറുന്ന കാമദേവന്റെ ഈ യുദ്ധഭൂമി വിരഹികൾക്കു തീർച്ചയായും ഭയമുണ്ടാക്കാതിരിയ്ക്കില്ല!

ചരണം 3 : വർണം പലതായി മിന്നീടുമന്നങ്ങൾ, ഉന്നമ്രമോദം ഇരുന്നു രമിപ്പതിൽ, ഒന്നുണ്ടിവിടെ സ്വർണവർണം തടവുമിവൻ,
എന്നേ സരസാ കണ്ടാൽ നന്നേ നിതരാമിവൻ,
കൈക്കൽ വരുന്നാകിൽ നന്നെത്രയും ചിത്രതരാംഗനിവൻ!

ഇവിടെ പലവിധ നിറങ്ങളുമായി ആർത്തു രസിച്ചു രമിയ്ക്കുന്ന നിരവധി ഹംസങ്ങളിൽ സ്വർണനിറമുള്ള ഈയൊരെണ്ണത്തെ കാണാൻ നല്ല ഭംഗിയുണ്ട്; ശരീരമാകെ ചിത്രവർണാങ്കിതമായ ഇതിനെ പിടിച്ചു വശത്താക്കാൻ കഴിഞ്ഞെങ്കിൽ എത്ര രസമാകുമായിരുന്നു!

ശ്ലോകം 5 : (വൃത്തം : വസന്തതിലകം)
അന്യേഷു വൃക്ഷലതികാദിഷു വീക്ഷിതേഷു
ഖിന്നേ ദൃശൌ നിഷധഭൂമിപതേസ്തദാനീം

ഹംസേ സുവർണസുഷമേ ദധതു: പ്രമോദം
യാവത്സ താവദശയിഷ്ട രതിശ്രമേണ!

ഉദ്യാനത്തിലെ വൃക്ഷലതാദികളുടെ കാഴ്ച, നളന്റെ കണ്ണുകൾക്കു ദു:ഖ ഭരിതമായി തോന്നിയ സമയത്തു സ്വർണംപോലെ തിളങ്ങുന്ന ആ അരയന്നമാകട്ടെ, സുരതശ്രമത്തെ തുടർന്നുണ്ടായ ആയാസം മൂലം ക്ഷീണിച്ചു ചെറിയൊരു മയക്കത്തിലേക്കു കടക്കുകയായിരുന്നു.

ശ്ലോകം 6 : (വൃത്തം : ശിഖരിണി) :
അനക്കം കൂടാതേ നരവരനണഞ്ഞാശു കുതുകാ-
ദനർഘസ്വർണാഭം ശയിതമരയന്നപ്പരിവൃഢം
ഇണക്കാമെന്നോർത്തങ്ങിതമൊട്ടു പിടിച്ചോരളവിലേ
കനക്കും ശോകം പൂണ്ടവനഥ രുരോദാതികരുണം!

പരവശനായി മയങ്ങിക്കിടന്ന പൊന്മയമായ ഹംസത്തെ, നളൻ മന സ്സിൽ തോന്നിയ കൗതുകം അടക്കാനാവാതെ അടുത്തു ചെന്നു കട ന്നു പിടിയ്ക്കാൻ ശ്രമിച്ചു. പക്ഷേ, പെട്ടെന്നു കണ്ണു തുറന്ന ഹംസം രാ ജാവിനെ കണ്ടു പരിഭ്രമവും സങ്കടവും സഹിയ്ക്കാതെ ദയനീയമായി കരഞ്ഞുകൊണ്ടു പറഞ്ഞു.

പദം 6 : ഹംസം: (രാഗം : ഘണ്ടാരം താളം : മുറിയടന്ത) :
പല്ലവി : ശിവ ശിവ എന്തു ചെയ്‌വൂ ഞാൻ,
എന്നെ ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ!

സർവേശ്വരാ, ഇനി ഞാനെന്തു ചെയ്യും? ഉറങ്ങിക്കിടന്ന എന്നെ ഇ താ ഈ രാജാവ് കടന്നു പിടിച്ചു ചതിച്ചു കൊല്ലാൻ തുടങ്ങുന്നു!

അനുപല്ലവി : വിവശം നിരവലംബം, മമ കുടുംബവുമിനി

എന്റെ കുടുംബം ഇനിയൊരാശ്രയമില്ലാതെ അനാഥമാകുമല്ലോ!

ചരണം 1 : ജനകൻ മരിച്ചുപോയി, തനയൻ ഞാനൊരുത്തനായ്,
ജനനി തന്റെ ദശയിങ്ങനെ, അപി ച മമ ദയിതാ,
കളിയല്ല അനതിചിരസൂതാ, പ്രാണൻ കളയുമതിവിധുരാ,
എന്നാൽ കുലമിതഖിലവുമറുതി വന്നിതു

ഈയൊരു മകനെ ഒറ്റയ്ക്കാക്കി അച്ഛൻ നേരത്തേ മരിച്ചുപോയി, ഇനി അമ്മയുടെ ദുരവസ്ഥ പറയാനുണ്ടോ? അതിലേറെ, എന്റെ ഭാര്യ ഈയിടെ പ്രസവിച്ച് എഴുന്നേറ്റതേയുള്ളൂ. ഞാൻ കളി പറയുകയല്ല, ഈ വാർത്ത കേട്ടാൽ ദുഃഖം സഹിക്കാതെ അവളും മരിയ്ക്കും! അതോടെ ഞങ്ങളുടെ വംശവും നശിയ്ക്കും!

ചരണം 2 : ചെറുതും പിഴ ചെയ്യാത്തോരെന്നെ കൊന്നാൽ,
ബഹുദുരിതമുണ്ടു തവ ഭൂപതേ, മനസി രുചിജനകം എന്റെ
ചിറകുമണികനകം, ഇതു കൊണ്ടാകാ നീ ധനികൻ,
അയ്യോ ഗുണവുമനവധി ദോഷമായിതു

രാജാവേ, ചെറിയൊരു തെറ്റുപോലും ചെയ്യാത്ത എന്നെ കൊന്നാൽ നിനക്കു വല്ലാത്ത ദുരിതങ്ങൾ സംഭവിയ്ക്കും! എന്റെ സ്വർണനിറമുള്ള ഈ ചിറകുകൾ മനോഹരമായി തോന്നാമെങ്കിലും നിനക്കതുകൊണ്ടു ധനികനാവാനൊന്നും കഴിയില്ല, കഷ്ടം, ഈയൊരു ഗുണംപോലും എനിയ്ക്കിപ്പോൾ ദോഷമായി തീർന്നല്ലോ!

പദം 7 : നളൻ: (രാഗം : സാവേരി താളം : അടന്ത)
ചരണം 1 : അറിക ഹംസമേ, അരുതു പരിദേവിതം, വിരസഭാവമില്ല
നിന്നിൽ മേ, ദേഹമനുപമിതം കാണ്മാൻ മോഹഭരമുദിതം,
നിങ്കൽ സ്നേഹമേ വിഹിതം, ന മയാ ദ്രോഹമിതുപൊഴുതമരഖഗവര,
ഗുണനിധേ ഖേദമരുതേ പറന്നിച്ഛയ്ക്കൊത്ത വഴി ഗച്ഛ നീ!

പ്രിയപ്പെട്ട ഹംസമേ, നീയിങ്ങനെ വെറുതെ ഓരോന്നു പറഞ്ഞു കരയരുത്, എനിക്കു നിന്നോടൊരു വിദ്വേഷവുമില്ല, നിന്റെ ശരീരകാന്തി കണ്ടു കടന്നു പിടിക്കാൻ തോന്നിയെന്നു മാത്രം, എനിക്കു നിന്നോടു സ്നേഹമേയുള്ളൂ, ഞാനൊരു ദ്രോഹവും നിനക്കു ചെയ്യില്ല, കരച്ചിലടക്കൂ, ബ്രഹ്മവാഹനമായ നിനക്കിനി എങ്ങോട്ടു വേണമെങ്കിലും യഥേഷ്ടം പറന്നുപോകാം!

രംഗം 3 : നിഷധരാജധാനിയിലെ ഉദ്യാനം

ശ്ലോകം 7 : (വൃത്തം : പുഷ്പിതാഗ്ര) :
ഇതി സ നൃപതി നാ ഖഗോ വിസൃഷ്ടോ
നിജജനസന്നിധിമേത്യ ജാതമോദം
അഥ വിഗതഭയോ ദയാപയോധിം
നികടഗതോ നിഷധേശ്വരം ന്യഗാദീത്

അങ്ങനെ നളൻ ഉപദ്രവിയ്ക്കാതെ വിട്ടയച്ച അരയന്നം അത്യാഹ്ലാദത്തോടെ പറന്നു നീങ്ങി സ്വജനങ്ങളുമായി ചേർന്നു. പക്ഷേ കുറച്ചു കഴിഞ്ഞപ്പോൾ യാതൊരു ഭയവും കൂടാതെ ആ ഹംസം തിരിച്ചു വന്നു നളനോടായി ഇങ്ങനെ പറഞ്ഞു.

പദം 8 : ഹംസം (രാഗം : കാംബോജി താളം : ചെമ്പട):
പല്ലവി : ഊർജ്ജിതാശയ പാർത്ഥിവ തവ ഞാനുപകാരം കുര്യാം

ഊർജ്ജസ്വലനും മഹാമനസ്കനുമായ മഹാരാജാവേ, ഞാൻ നിനക്കിന്നൊരു ഉപകാരം ചെയ്തു തരുന്നുണ്ട്!

അനുപല്ലവി : ഓർത്തുകണ്ടോളവും ഉത്തമനാം നീ,
ഉപമാ നഹി തവ മൂന്നുലകിലും!

ഓർത്തു നോക്കിയാൽ നിന്നെപ്പോലെ ഉത്തമനായൊരു രാജാവിനെ ഈ മൂന്നു ലോകങ്ങളിലും കാണാനാവില്ല!

ചരണം 1 : ഭൂതലമഖിലവും ഭൂലതികാ പരിപാതി നൃപാധിപ തേ,
നൂതനസുഷമം വപുരഖിലേക്ഷണ കൌതുകമാതനുതേ,
ആദരണീയമശേഷമഹോ തവ ഭൂതദയാവസതേ,
ചൂതശരാഭഗുണൈരുചിതാ ദയിതാ തവ ജാതു ന മിളിതാ സുലളിതാ

സ്വന്തം പുരികക്കൊടിയുടെ ചലനംകൊണ്ടു ഭൂമിയാകെ നീ പരിപാലിച്ചുപോരുന്നു; ജനങ്ങൾക്കു കൌതുകാവഹമാണു നിന്റെ ശരീരകാന്തി, ആദരണീയമാണു നിന്റെ ദീനാനുകമ്പ! പക്ഷേ, കാമദേവനെപ്പോലെ സുന്ദരനായ നിനക്കു ഗുണങ്ങൾകൊണ്ടു യോജിച്ച ലളിതയും സുശീലയുമായൊരു പത്നി മാത്രം ഇനിയും വന്നു ചേർന്നിട്ടില്ല!

ചരണം 2 : ദർപ്പിതരിപുനൃപകൽപ്പകൃശാനു വിദർഭമഹീരമണൻ,
കെൽപ്പുള്ള ഭീമനു ചൊൽപ്പേറും ഒരു മകൾ അപ്രതിമാ ഭുവനേ,
ത്വത്പ്രിയയാകിലനൽപ്പഗുണത്വം നിഷ്ഫലമല്ലയി തേ,
തദ്ഘടനായ പ്രഗത്ഭത മേ മതിയാം തരവേണമിന്നതിനായനുമതി

അഹങ്കാരികളായ ശത്രുരാജാക്കന്മാർക്കു പ്രളയാഗ്നിയായി വിദർഭരാജ്യം ഭരിയ്ക്കുന്ന ഭീമരാജാവിനു ലോകസുന്ദരിയെന്നു പ്രസിദ്ധയായ ഒരു മകളുണ്ട്. അവൾ നിനക്കു പത്നിയായി വന്നാൽ നിന്റെ ഗുണങ്ങളൊന്നും നിഷ്ഫലമാവില്ല. നിങ്ങളെ പരസ്പരം യോജിപ്പിയ്ക്കാൻ തക്ക കഴിവ് എനിയ്ക്കുണ്ട്, നീ അനുവാദം തന്നാൽ മാത്രം മതി!

ചരണം 3 : കാമിനി രൂപിണി ശീലവതീമണി ഹേമാമോദസമാ,
ഭീമനരേന്ദ്രസുതാ ദമയന്തീനാമരമാനവമാ,
സാമരധാമവധൂമദഭൂമവിരാമദകോമളിമാ, ത്വാമനുരാഗിണിയാം

അതെനിക്കു ഭരം അമരാധിപതിം അപഹായ രാഗിണം

ഭീമരാജാവിന്റെ മകളായി ദമയന്തിയെന്നു പേരുള്ള അവൾ, സ്വർണത്തിനു സുഗന്ധം വന്നതുപോലെ, സുന്ദരിയും സുശീലയും കാമിനിയുമാണ്. ദേവസുന്ദരിമാരുടെ സകല അഹങ്കാരങ്ങളും ശമിപ്പിയ്ക്കുന്ന സവിശേഷമായൊരു കോമളത ജന്മനാ അവൾക്കുണ്ട്. ആ ദമയന്തിയുടെ മനസ്സിൽ ദേവേന്ദ്രനെപ്പോലും തള്ളിപ്പറയത്തക്ക വിധം നിന്റെ നേർക്കു പ്രണയം ജനിപ്പിക്കുന്ന കാര്യം ഞാനേറ്റു!

പദം 9 : നളൻ (രാഗം : തോടി താളം : ചെമ്പട)
പല്ലവി : പ്രിയമാനസ നീ പോയ്‌വരേണം,
പ്രിയയോടെന്റെ വാർത്തകൾ ചൊൽവാൻ

പ്രിയസുഹൃത്തേ, നീ എന്നെക്കുറിച്ചുള്ള വിശേഷങ്ങൾ പ്രിയതമയുടെ അടുത്തു ചെന്നു പറഞ്ഞു പെട്ടെന്നു മടങ്ങിവരൂ!

അനുപല്ലവി : പ്രിയമെന്നോർത്തിതു പറകയോ മമ?
ക്രിയകൊണ്ടേവമിരുന്നിടുമോ നീ?

ഇതെല്ലാം എന്നെ പ്രീതിപ്പെടുത്താൻവേണ്ടി നീ വെറുതെ പറയുന്നതാണോ, അതല്ല, സകലതും സത്യമായും ചെയ്യുമോ?

ചരണം 1 : പലരും ചൊല്ലിക്കേട്ടു നളിനമുഖി തൻ കഥ,
ബലവദങ്ഗജാർത്തി പെരുത്തിതു ഹൃദി മേ,
ഒരുവൻ സഹായമില്ലെന്നുരുതരവേദനയാ,
മരുവുന്ന നേരം നിന്റെ പരിചയം വന്നു ദൈവാത്

ദമയന്തിയുടെ വിശേഷങ്ങൾ പലരും പറഞ്ഞു കേട്ട് എന്റെ മനസ്സിൽ അനുരാഗം വളർന്നുകഴിഞ്ഞു. എന്നെ സഹായിക്കാൻ ആരുമില്ലെന്ന

കരുതി വല്ലാതെ വിഷമിച്ചിരിക്കുമ്പോൾ ഇതാ ദൈവഗത്യാ നിന്നെ കണ്ടു പരിചയപ്പെടാനിടയായി.

ചരണം 2 : അഖിലവും കേട്ടു ധരിച്ചഴകൊടു ചൊല്ലുവാനും,
സുഖമായ് അങ്ങുമിങ്ങും നടന്നെത്തുവാനും, ന ഖലു സന്ദേഹം,
വിധി മികവേറും നിന്നെ മമ സഖിയായിട്ടല്ല നല്ല നിധിയായിട്ടല്ലോ തന്നു

സകലതും വേണ്ടതുപോലെ കണ്ടറിയാനും കൃത്യമായി പറഞ്ഞു ഫലിപ്പിക്കാനും അങ്ങോട്ടുമിങ്ങോട്ടും അനായാസം സഞ്ചരിക്കാനും നിനക്കു കഴിവുണ്ട്! വിധി എനിയ്ക്കു നിന്നെ ഒരു സുഹൃത്തായല്ല, അമൂല്യനിധിയായയാണു തന്നിരിയ്ക്കുന്നത്, തീർച്ച!

ചരണം 3 : വചനകൌശലേന കാമിനീമാർമണിയെ,
വശഗയാക്കി മമ തരിക സഖേ,
ഇതിനു പ്രതിക്രിയയോ വിധിതന്നെ തവ ചെയ്യും,
ചതിയല്ല നീയല്ലാതൊരു ഗതിയില്ലിന്നെനിയ്ക്കാരും!

പ്രിയസുഹൃത്തേ, നീ നിന്റെ വാക്ചാതുരി സരസമായി പ്രയോഗിച്ച് അവളുടെ മനസ്സിൽ എന്റെ പേർക്കു പ്രണയം ജനിപ്പിയ്ക്കണം; അതിനു തക്കതായൊരു വിധിതന്നെ നിനക്കു തരാതിരിക്കില്ല! ഇന്നു നീയല്ലാതെ മറ്റൊരു ബന്ധുവും എനിയ്ക്കില്ല!

രംഗം 4 : കുണ്ഡിനരാജധാനിയിലെ ഉദ്യാനം

ശ്ലോകം 8 : (വൃത്തം : ഹരിണി)
ഇതി നളഗിരാ യാതേ ഹംസേ വിദർഭപുരീം ഗതേ
തദുപവനദേശാന്തേ ശാന്തേ നിഷീദതി കുത്രചിത്
ശ്രുതനളഗുണാ ഭൈമീ കാമാതിഗുഹനനിസ്സഹായാ
വനമുപഗതാ നീതാ ജാതാദരാഭിരഥാളിഭിഃ

അങ്ങനെ നളന്റെ വാക്കുകൾ കേട്ടു യാത്ര പുറപ്പെട്ടു വിദർഭനഗ ര ത്തിലെത്തിയ അരയന്നം ഉദ്യാനത്തിലൊരു ശാന്തമായ സ്ഥലത്തു ചെന്നിരുന്നു വിശ്രമിയ്ക്കുമ്പോൾ, നളന്റെ ഗുണഗണങ്ങൾ കേട്ടു മനസ്സി ൽ വളരുന്ന മോഹം ഒളിച്ചുവെയ്ക്കാനാവാതെ ദുഃഖിതയായ ദമയന്തി യെ തോഴിമാർ ആദരവോടെ ഉദ്യാനത്തിലേയ്ക്കാനയിച്ചു.

പദം 10 : ദമയന്തി (രാഗം : പുന്നാഗവരാളി താളം : ചെമ്പട)
ചരണം 1 : പൂമകനും മൊഴിമാതും ഭൂമിദേവി താനും,
കാർമുകിലൊളിവർണനും പൂമാതും ജയിയ്ക്ക!

ബ്രഹ്മാവും സരസ്വതിയും ഭൂമിദേവിയും മഴക്കാറുപോലെ സുന്ദരശ രീരനായ കൃഷ്ണനും ലക്ഷ്മീദേവിയും വിജയിയ്ക്കട്ടെ!

ചരണം 2 : ശ്രീമഹാദേവൻ ജയിയ്ക്ക, മാമലമകളും,
സോമനും രോഹിണി താനും കാമനും രതിയും

ശ്രീമഹാദേവനും ശ്രീപാർവതിയും, ചന്ദ്രനും രോഹിണിയും, കാമ ദേവനും രതീദേവിയും ജയിയ്ക്കട്ടെ!

ചരണം 3 : ഇന്ദ്രനുമിന്ദ്രാണി താനും, എന്നുവേണ്ട
സർവവൃന്ദാരകദമ്പതികൾ സമ്പദേ ഭവിയ്ക്ക

ഇന്ദ്രനും ഇന്ദ്രാണിയുമെന്നു തുടങ്ങി സകല ദേവദമ്പതിമാരും ഞങ്ങ ൾക്കു സർവാഭീഷ്ടങ്ങൾ നൽകട്ടെ!

ചരണം 4 : അനസൂയാലോപമുദ്രയും അരുന്ധതിമുൻപാകും
മുനിഗൃഹിണിമാരെല്ലാരും അനുഗ്രഹ്ണന്നു നമ്മെ!

മഹാമുനിമാരുടെ പത്നിമാരായ അനസൂയ, ലോപമുദ്ര, അരുന്ധതി തുടങ്ങിയവരും നമ്മെ അനുഗ്രഹിയ്ക്കട്ടെ!

ശ്ലോകം 9 : (വൃത്തം : പ്രഹർഷിണി)
ആകാരൈരവഗതമാളിഭിഃ സ്വവാചാ
നാകാർഷീത് പ്രകടമിയം നളാഭിലാഷം
ആവിഷ്ടാ പ്രമദവനം ത്വഭാഷതാളീ-
രാദീപ്തസ്മരപരിതാപവേപിതാംഗീ

നളനോടുള്ള പ്രണയം സ്വന്തം ഭാവചേഷ്ടകളിൽ പ്രകടമായിരുന്നെങ്കിലും ദമയന്തി തോഴിമാരോട് തുറന്നു പറഞ്ഞിരുന്നില്ല. ഉദ്യാനത്തിൽ കടന്നു ചെന്ന ഉടനെ കാമപീഡ മൂലം ശരീരം വിറച്ച അവൾ തോഴിമാരോടായി ഇങ്ങനെ പറഞ്ഞു

പദം 11 : ദമയന്തി (രാഗം : തോടി താളം : ചെമ്പട)
പല്ലവി : സഖിമാരേ, നമുക്കു ജനകപാർശ്വേ
ചെന്നാലല്ലീ കൌതുകം?

തോഴിമാരേ, ഈ ഉദ്യാനത്തിൽ വന്നിരിയ്ക്കുന്നതിനേക്കാൾ അച്ഛന്റെ കൂടെ രാജസഭയിൽ ചെന്നിരിക്കുന്നതല്ലേ നമുക്കു നല്ലത്?

അനുപല്ലവി : സകലഭൂതലഗതകഥകൾ ചിലർ പറയും,
സമയം കഴിപ്പതിനു സദുപായമതു നല്ലൂ

അവിടെ ഓരോ നാട്ടിൽനിന്നു വരുന്നവർ പറയുന്ന പല കഥകളും കേൾക്കാം; നേരം കളയാൻ അതിനേക്കാൾ നല്ലൊരു വഴിയില്ല!

പദം 12 : തോഴിമാർ (രാഗം : സഹാന താളം : ചെമ്പട)
ചരണം 1 : പോക പൂങ്കാവിലെന്നു പുതുമധുവചനേ,

വലിയ നിർബന്ധം തവ വാഴുന്നേരം ഭവനേ,
പോവാൻ തന്നെയോ വന്നു പൂർണേന്ദുവദനേ,
കാമിനീമൌലേ ചൊൽക കാതരനയനേ,
സുഖമായ് നമുക്കിന്നിവിടെ നൂനം തോഴി ഭൈമി കാൺക!

അന്തഃപുരത്തിലായിരുന്നപ്പോൾ നീ പൂങ്കാവനത്തിലേക്കു പോകണമെന്നു വാശി പിടിച്ചു; ഉടനെ തിരിച്ചു പോകാൻ വേണ്ടിയാണോ നമ്മൾ ഇങ്ങോട്ടു വന്നത്? എന്താണു നിന്റെ കണ്ണുകളിൽ പതിവില്ലാത്ത ഒരു കാതരത? നോക്കൂ ദമയന്തി, നമുക്കിവിടെ ഓരോ കാഴ്ചകൾ കണ്ടു കുറച്ചു നേരം സുഖമായിരിക്കാം!

പദം 11 : ചരണം 2 : ചലദളിഝങ്കാരം ചെവികളിലംഗാരം,
കോകിലകൂജിതങ്ങൾ കൊടിയ കർണശൂലങ്ങൾ,
കുസുമസൌരഭം നാസാകുഹരസരസൈരിഭം,
അതിദുഃഖകാരണമിന്നാരാമസഞ്ചരണം

വണ്ടുകളുടെ മർമ്മരം തീക്കൊള്ളിയായും കുയിലിന്റെ മധുരനാദം കൂർത്ത ശൂലങ്ങളായും എന്റെ ചെവിയിൽ തുളച്ചു കയറുന്നു; നാസികയായ പൊയ്കയിൽ കാട്ടുപോത്തിറങ്ങിയതുപോലെ പൂ ക്കളുടെ സുഗന്ധം എനിയ്ക്കസഹ്യമായി തോന്നുന്നു; ഈ ഉദ്യാനത്തിൽ ഉലാത്തുന്നതു മനസ്സിലുള്ള വിഷാദം വർദ്ധിപ്പിയ്ക്കുകയേയുള്ളൂ!

പദം 11 : ചരണം 3 : മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ?
വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ?
സ്വർണവർണമാമന്നം പറന്നിങ്ങു വരികയോ?
കണ്ണുകൾക്കിതു നല്ല പീയൂഷത്ധരികയോ?

അതാ നോക്കൂ, ആകാശത്തുനിന്നു മിന്നൽക്കൊടി താഴോട്ടിറങ്ങി വരികയാണോ, പൂർണചന്ദ്രൻ ഭൂമിയിലേയ്ക്കു വീഴുന്നതാണോ, അതല്ല,

സ്വർണ്ണനിറമുള്ള ഒരരയന്നം പറന്നിറങ്ങി വരുന്നതാണോ, എന്താ യാലും കണ്ണിനു സുഖം പകരുന്ന ഒരു കാഴ്ചതന്നെ!

പദം 13 : ദമയന്തി (രാഗം : ആഹിരി താളം : അടന്ത)
ചരണം 1 : കണ്ടാൽ എത്രയും കൌതുകമുണ്ടിതിനെ,
പണ്ടു കണ്ടില്ല ഞാനേവം വിധം കേട്ടുമില്ല

ഈ അരയന്നത്തെ കണ്ടാൽ നല്ല കൌതുകം തോന്നുന്നു. ഇതുപോ ലൊന്നിനെ ഇതിനു മുമ്പ് ഞാനൊരിയ്ക്കലും കണ്ടിട്ടില്ല, മറ്റുള്ളവർ ക ണ്ടതായി പറഞ്ഞു കേട്ടിട്ടുമില്ല.

ചരണം 2 : സ്വർണവർണമരയന്നം മഞ്ജുനാദമിതു,
നിർണയമെനിയ്ക്കിണങ്ങുമെന്നു തോന്നുന്നു

കളകളസ്വരം പുറപ്പെടുവിയ്ക്കുന്ന പൊന്മയനായ ഈ ഹംസം എനി യ്ക്കു വളരെ നന്നായി ഇണങ്ങുമെന്നാണു തോന്നുന്നത്.

ചരണം 3 : തൊട്ടേനേ ഞാൻ കൈകൾ കൊണ്ടു തോഴിമാരേ,
കൈക്കൽ കിട്ടുകിൽ നന്നായിരുന്നു കേളി ചെയ്‌വാൻ!

നോക്കൂ, ഞാനിതാ അരയന്നത്തെ കൈകൊണ്ടു തൊടുന്നപോലെ തൊട്ടുട്ടത്തെത്തി; തോഴിമാരേ, ഇതിനെ പിടിച്ചു വശത്താക്കിയാൽ നമുക്കു കൂട്ടത്തിൽ കളിയ്ക്കാൻ കൊള്ളാമായിരുന്നു!

ചരണം 4 : ക്രൂരനല്ല സാധുവത്രേ ചാരുരൂപൻ,
നിങ്ങൾ ദൂരെ നിൽപ്പിൻ എന്നരികിലാരും വേണ്ട!

ഇവൻ ക്രൂരനൊന്നുമല്ല, സാധുവും സുന്ദരനുമാണ്, നോക്കട്ടെ, നിങ്ങള ൽപ്പം മാറി നിൽക്കൂ, എന്റെ അടുത്തേയ്ക്കാരും വരേണ്ട!

ശ്ലോകം 10 : (വൃത്തം : മാലിനി) :
ഇനിയൊരടി നടന്നാൽ കിട്ടുമേ കൈക്കലെന്നും
പ്രതിപദമപി തോന്നുമ്മാറു മന്ദം നടന്നും
അഥ ബത ദമയന്തീമാളിമാരോടു വേറാ-
മതുപൊഴുതരയന്നപ്രൌഢനൂചേ സഹാസം!

ഓരോ കാലടിവെയ്പ്പിലും ഒരടി കൂടി നടന്നാൽ പിടിയ്ക്കാമെന്ന തോന്നലുളവാക്കി ദമയന്തിയെ തോഴിമാരിൽനിന്നു സാവധാനം ദൂരത്തേയ്ക്കു നീക്കിയശേഷം സമർത്ഥനായ ആ അരയന്നം ഒടുവിൽ പുഞ്ചിരിയോടെ പറയാൻ തുടങ്ങി.

പദം 14 : ഹംസം: (രാഗം : കല്യാണി താളം : അടന്ത)
പല്ലവി : അംഗനമാർ മൌലേ ബാലേ ആശയെന്തയിതേ?

അംഗനമാരുടെ കൂട്ടത്തിൽ അതിസുന്ദരിയായ രാജകുമാരീ, എന്താണു നീ മനസ്സിൽ മോഹിക്കുന്നത്?

അനുപല്ലവി : എങ്ങനെ പിടിക്കുന്നു നീ, ഗഗനചാരിയാമെന്നെ?

ആകാശത്തു പറക്കുന്ന എന്നെ നിനക്കെങ്ങനെ പിടിയ്ക്കാനാവും?

ചരണം 1 : യൌവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം,
അവിവേകമിതു കണ്ടാൽ അറിവുള്ളവർ പരിഹസിക്കും,
ചിലർ പഴിക്കും, വഴി പിഴയ്ക്കും തവ നിനയ്ക്കുമ്പോൾ!

യൌവനകാലം തുടങ്ങിയിട്ടും നിനക്കു കുട്ടിക്കളി മാറിയിട്ടില്ലെന്നു തോന്നുന്നു, ഇങ്ങനെ അവിവേകം കാണിച്ചാൽ അറിവുള്ള പലരും പരിഹസിക്കും, ചിലർ അപവാദം പറയും, ഒന്നുകൂടി ചിന്തിച്ചാൽ

ഒരുപക്ഷേ നീ വഴിപിഴച്ചുപോകാനും സാദ്ധ്യതയുണ്ട്!

ചരണം 2 : ബന്ധനം ചെയ്യേണ്ട നീ മാം, ബന്ധുവത്രേ തവ ഞാൻ,
സഖിമാരിലധികം വിശ്വസിച്ചീടെന്നെ,
ജഗത്പതിയും രതിപതിയും തവ കൊതിയുള്ളൊരു പതി വരുമേ!

നിനക്കൊരു ബന്ധുവായി വന്ന എന്നെ വെറുതെ പിടിച്ചു ബന്ധിയ്ക്കാൻ ശ്രമിക്കേണ്ട, സ്വന്തം തോഴിമാരേക്കാൾ നിനക്കെന്നെ വിശ്വസിക്കാം, ലോകനാഥനും കാമദേവനെപ്പോലെ സുന്ദരനുമായൊരു ഭർത്താവ് താമസിയാതെ നിനക്കു വന്നു ചേരട്ടെ!

ചരണം 3 : നളനഗരേ വാഴുന്നു ഞാൻ നളിനജന്മവചസാ
നളിനമിഴിമാർക്കെല്ലാം നട പഠിപ്പാൻ,
മദലുളിതം മൃദുലളിതം ഗുണമിളിതം, ഇതു കളിയല്ലേ

സുന്ദരിമാർക്കു മന്ദവും ലാസ്യവും ലളിതവുമായ നടനവിശേഷങ്ങൾ പഠിക്കാൻവേണ്ടി ഞാൻ ബ്രഹ്മാവിന്റെ നിയോഗപ്രകാരം നളന്റെ നിഷധരാജ്യത്താണു താമസിക്കുന്നത്. നിന്നെ രസിപ്പിക്കാൻ വേണ്ടി ഞാൻ തമാശ പറയുന്നതല്ല!

പദം 15 : ദമയന്തി: (രാഗം : കാംബോജി താളം : ചെമ്പട)
പല്ലവി : കണ്ടേൻ നികടേ നിന്നെ, കളിവാക്കു തവ കേട്ടേനേ

സുന്ദരനായ നിന്നെ ഞാൻ തൊട്ടടുത്തു വന്നു കണ്ടു, മാത്രമല്ല നിന്റെ ചില കളിവാക്കുകളും കേൾക്കാനിടയായി.

അനുപല്ലവി : കഞ്ജഭവനനുടെ വാഹനമേ,
കമ്രരൂപമതിരമ്യചാടുവചനം!

ബ്രഹ്മാവിന്റെ വാഹനമായ നിന്റെ ശരീരം വളരെ സുന്ദരവും വാക്കുകൾ ഫലിതമയവുമായിരിക്കുന്നു!.

ചരണം 1 : പ്രേഷകനായതു കമലജനോ തവ?
നൈഷധപുരമോ പരമപദം? മധുരാകൃതേ
ഗുണവാരിധേ, ഖഗസാർവഭൌമ നൌമി തേ ചരിതം!

ബ്രഹ്മാവാണോ നിന്നെ ഇങ്ങോട്ടു പറഞ്ഞയച്ചത്? നളരാജാവിന്റെ രാജധാനിയിലാണോ നിന്റെ താമസം? സുന്ദരനും സുശീലനും പക്ഷികളുടെ രാജാവുമായ നിന്നെ ഞാനിതാ നമിയ്ക്കുന്നു!

ചരണം 2 : നളിനാസനവരവാഹന നീ മമ
നളനൃപഗുണഗണ മോതുകെടോ, തവ വാചികം അഴൽമോചകം,
മമ കർണ്ണമാരചയ പുണ്യലേശയുതം!

ബ്രഹ്മവാഹനമായ നീ നളമഹാരാജാവിന്റെ ഗുണഗണങ്ങൾ എന്നെ പറഞ്ഞു കേൾപ്പിക്കു! സങ്കടങ്ങൾ തീർക്കാൻ പര്യാപ്തമായ നിന്റെ മധുരവാക്കുകൾ എന്റെ ചെവികളിൽ പുണ്യാമൃതം നിറയ്ക്കട്ടെ!

ചരണം 3 : സന്തതമുള്ള മനോരഥവും പുനരിന്നു ഭവാനൊടു
ഞാൻ പറയാം, തുണയാകിലോ ഗുരുകൃപാകുലാശയ,
ദീനയാമെനിക്കു മാനനീയഗുണാ!

എന്റെ മനസ്സിലെ ചില വിചാരങ്ങൾ കൂടി ഇന്നു ഞാൻ നിന്നോടു പങ്കുവെയ്ക്കാം. ഒരുപക്ഷേ ദു:ഖിതയായ എനിക്കു നിന്റെ ദയയും സഹായ വും ഉപകരിച്ചെങ്കിലോ?

ശ്ലോകം 11 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
പുത്തൻതേന്മൊഴിമാർ കുലത്തിനരിയോരുത്തംസമാം ഭൈമിതൻ

ചിത്തം താനഥ പത്തിനഞ്ചവനറിഞ്ഞിത്ഥം കൃശാംഗ്യാ ഗിരാ
അത്യന്തം ബത മുഗ്ദ്ധയോടനുസരിച്ചെല്ലാമറിഞ്ഞീടുവാ-
നുദ്യോഗിച്ചു വിദഗ്ദ്ധനാം ഖഗവരൻ വൈദർഭിയോടൂചിവാൻ

പൂന്തേൻമൊഴിമാരുടെ കുലത്തിനു മകുടമായ ദമയന്തിയുടെ മനസ്സിനെ മഥിയ്ക്കുന്ന വിഷയം പാതിയോളം കണ്ടറിഞ്ഞ സമർത്ഥനായ ഹംസം, അവൾ ലജ്ജകൊണ്ടു തുറന്നു പറയാൻ മടിക്കുന്ന മനോവിചാരങ്ങൾ സകലതും വെളിവാക്കാനുള്ള നിശ്ചയദാർഢ്യത്തോടെ ചില കാര്യങ്ങൾ ചോദിയ്ക്കാൻ തുടങ്ങി.

പദം 16 : ഹംസം: (രാഗം : ശങ്കരാഭരണം താളം : ചെമ്പട)
പല്ലവി: പ്രീതിപൂണ്ടരുളുകയേ ചിന്തിതമെല്ലാം ഭീമനൃപതിതനയേ

ഭീമരാജാവിന്റെ മകളായ നീ മനസ്സിൽ കൊണ്ടുനടക്കുന്ന വിചാരങ്ങൾ യാതൊരു സങ്കോചവും കൂടാതെ എന്നോടു തുറന്നു പറയൂ!

അനുപല്ലവി : വീതവിശങ്കം സഖിമാരിലൊന്നിന്നെന്നെ
ഉറച്ചു നീ, ലജ്ജാഭാരം കുറച്ചു നിരാകുലം

എന്നെ തോഴിമാരിലൊരാളായി സങ്കൽപ്പിച്ചാൽ യാതൊരാശങ്കയുമില്ലാതെ നിനക്കു ലജ്ജയും വിഷാദവും മാറ്റിവെയ്ക്കാം!

ചരണം 1 : കാതരമിഴിമാർമൌലി മാലികേ ദമസോദരി നിനക്കു
ബാലികേ, ഏതൊരു പുരുഷനിൽ ഉള്ളിൽ കൌതുകം
ആദരണീയം തസ്യ ജാതകം, ഏണമിഴി പറവാൻ മടിക്കരുതേ,
നാണംകൊണ്ടിനിയേതും മറയ്ക്കരുതേ, ഞാനുണ്ടതിനു തുണ തവ
സുതനോ, മാനഹാനി തവ വരുത്തുവനോ?
ഹസ്തഗതം തവ വിദ്ധി മനീഷിതം, ഉക്തമിദം മമ സത്യമിദാനീം

ദമന്റെ സോദരിയും സുന്ദരിയുമായ നിനക്കിപ്പോൾ ഏതൊരു പുരുഷനോടാണു മനസ്സിൽ പ്രണയം തോന്നുന്നത്? എന്തായാലും അവന്റെ ജാതകം ആദരണീയമാണെന്നു പറഞ്ഞേ തീരൂ! ഇനിയും നീ ലജ്ജ മൂലം ആ പേരു പറയാൻ മടിച്ചു നിൽക്കരുത്, നിന്നെ സഹായിക്കാൻ നിശ്ചയിച്ചു വന്നിരിക്കുന്ന ഞാൻ നിനക്കെന്തെങ്കിലും തരത്തിൽ മാനക്കേടു വരുത്തുമോ? നിന്റെ മോഹം സഫലമാകുമെന്നു ഞാനിതാ സത്യം ചെയ്തു പറയുന്നു!

പദം 17 : ദമയന്തി: (രാഗം : ആനന്ദഭൈരവി താളം : ചെമ്പട)
പല്ലവി : അരയന്നമന്നവാ നിന്നോടെന്തിഹ ഞാൻ പറവൂ!

അരയന്നങ്ങളുടെ രാജാവേ, ഈ വിഷയത്തിൽ ഞാനെന്താണു നി-ന്നോടു പറയേണ്ടതെന്ന് എനിയ്ക്കറിയില്ല!

അനുപല്ലവി : കുലകന്യകമാരാൽ ഹൃദി
ഗൂഹനീയം വസ്തു പറയാവതോ?

കുലകന്യകയായ ഞാൻ മനസ്സിൽ സൂക്ഷിക്കുന്ന അത്തരം കാര്യങ്ങൾ മറ്റൊരാളോടു തുറന്നു പറയാവുന്നതാണോ?

ചരണം 1 : പേർത്തു പേർത്തു ജനകീർത്ത്യമാനനളപാർത്ഥിവോത്തമ
സൽക്കീർത്തികൾ കേട്ടേൻ,
ഓർത്തവനുടൽ കൂർത്തു മൂർത്തംഗജാസ്ത്രമേറ്റ
നേർത്തുടൻ നെടുതായി വീർത്തു ഞാനാർത്തയായേൻ

നളരാജാവിന്റെ ഗുണഗുണങ്ങൾ പലരും പറഞ്ഞുകേട്ട്, അദ്ദേഹത്തിന്റെ രൂപം മനസ്സിൽ ധ്യാനിച്ച്, കാമദേവന്റെ കൂർത്തുമൂർത്ത ശരങ്ങളേറ്റു ക്ഷീണിച്ചവശയായ ഞാൻ ദുഃഖത്തോടെ സദാ അദ്ദേഹത്തെത്തന്നെ ഓർത്തു നെടുവീർപ്പിട്ടുകൊണ്ടിരിയ്ക്കുന്നു!

പദം 16 : ചരണം 2 : ഉള്ളതു ചൊന്നതിതെന്നാൽ അന്യൂനം,
നവപല്ലവതുല്യാംഗി തവ കല്യാണം, നല്ലതു നല്ലതിനോടേ ചേരേണം,
തവ വല്ലഭനപരൻ തുല്യൻ നഹി നൂനം,
മേഘവാഹനനേക്കാൾ ബലവാൻ, മോഹനാംഗനവനതി ഗുണവാൻ,
കമനീ, രത്നകനകങ്ങളുടേ ഘടനയേ ഘടന നിങ്ങളുടേ,
വിഷ്ണു രമയ്ക്കു നിശയ്ക്കു ശശാങ്കനുമയ്ക്കു ഹരൻ, നളനോർക്കിൽ നിനക്കും!

നീ പറഞ്ഞതു സത്യമാണെങ്കിൽ യൌവനയുക്തയായ നിന്റെ കല്യാണം ഉടനെ നടക്കും, നല്ലതു നല്ലതിനോടു ചേർന്നേ മതിയാവൂ! നളനെപ്പോലെ നിനക്കു ഭർത്താവാകാൻ യോഗ്യനായ മറ്റൊരാളില്ല! ഇന്ദ്രനേക്കാൾ ബലവാനും സുന്ദരനും ഗുണവാനുമാണു നളൻ! സ്വർണവും രത്നവുംപോലെയാണു നിങ്ങൾ തമ്മിലുള്ള പൊരുത്തം, വിഷ്ണു രമയ്ക്കും ചന്ദ്രൻ രാത്രിയ്ക്കും ശിവൻ ഉമയ്ക്കുമെന്നപോലെ നളൻ നിനക്കു നന്നായി ചേരും!

പദം 17 : ചരണം 2 : നാളിൽ നാളിൽ വരുമാധിമൂലമിദം,
ആളിമാരൊടുമിതനുദിതപൂർവം, കാലമേ ചെന്നു നീ മരാള പറക,
നരപാലനോടിതെല്ലാം പ്രതിപാലിതാവസരം!

ദിനന്തോറും വളരുന്ന വിരഹദുഃഖം മൂലം ഞാൻ തോഴിമാരോടു പോലും ഇതിനുമുമ്പ് പറയാത്ത ഈ വിഷയങ്ങൾ പ്രിയപ്പെട്ട ഹംസമേ, നീ നളമഹാരാജാവിനെ ചെന്നു കണ്ടു നല്ല സമയം നോക്കി സമുചിതമായി പറഞ്ഞു കേൾപ്പിക്കണം!

പദം 16 : ചരണം 3 : ചെന്നിതു പറവൻ നൃപനോടഭിലാഷം,
എന്നാൽ നിന്നിലുമുണ്ടാമവനും പരിതോഷം,
അന്യനിലയി തേ വരുമോ സന്തോഷം, എന്നാൽ
മന്നവനുണ്ടാമെന്നിൽ ബഹുരോഷം,

താതനൊരു വരനു കൊടുക്കും നിന്നെ,
പ്രീതി നിനക്കുമുണ്ടാമവനിൽത്തന്നെ, വിഫലമിന്നു
പറയുന്നതെല്ലാം, ചപലനെന്നു പുനരെന്നെ ചൊല്ലാം,
ഇത്ഥമനർത്ഥമുദിത്വരമാമതിനുത്തരമോതുക സത്വരമിപ്പോൾ!

നിന്റെ അഭിലാഷം ഞാൻ നേരേ ചെന്നു നളനോടു പറയാം, അപ്പോൾ അവനു നിന്നോടു വളരെയേറെ പ്രീതി തോന്നും! അതിനിടയിൽ വേറേ ആരോടെങ്കിലും യദൃച്ഛയാ നിനക്കു താൽപ്പര്യം തോന്നിയാൽ നളനു സ്വാഭാവികമായും എന്നോടു കോപം തോന്നാനിടയുണ്ട്. അച്ഛൻ വരനായി കൂട്ടിക്കൊണ്ടു വരുന്നവരോടും നിനക്കൊരുപക്ഷേ ഇഷ്ടം തോന്നാം! അപ്പോൾ ഞാൻ ഈ ചെയ്തതെല്ലാം വിഫലമായി പലരും എന്നെ ചപലനെന്നു പരിഹസിക്കും! ഇത്തരം പ്രശ്നങ്ങൾക്കൊരു പരിഹാരംകൂടി നീയിപ്പോൾ പറയണം!

പദം 17 : ചരണം 3 : ഹന്ത ഹംസമേ ചിന്തയെന്തു തേ,
എന്നുടെ ഹൃദയമന്യനിലാമോ?
അർണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം
അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ?

പ്രിയപ്പെട്ട ഹംസമേ, നീയെന്തൊക്കെയാണു ചിന്തിക്കുന്നത്? ഇനിയെന്റെ മനസ്സു മറ്റൊരാളിൽ ചെന്നു ചേരുമോ? നദിയ്ക്കു കടലിൽ മാത്രമല്ലേ ചെന്നു ചേരാൻ പറ്റൂ? അതിനിടയ്ക്കൊരു കുന്നു പരിശ്രമിച്ചാൽ ആ നദിയുടെ ഗതി തിരിച്ചു വിടാൻ കഴിയുമോ?

രംഗം 5 : നിഷധരാജധാനി

ശ്ലോകം 12 : (വൃത്തം : മഞ്ജുഭാഷിണി)
ഇതി വാചികാനി മധുവാണി തന്നുടെ
വദനോദിതാനി ഹൃദയേ വഹന്നസൌ

ത്വരിതം പറന്നു നിഷധേന്ദ്രസന്നിധൌ
സകലം ജഗാദ മൃഗലോചനാമതം

പൂന്തേന്മൊഴിയായ അവളുടെ നാവിൽനിന്നു പുറപ്പെട്ട മധുരവാക്കുകൾ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് അരയന്നം അതിവേഗം പറന്നു നളന്റെ അടുത്തു ചെന്നു ദമയന്തി മനസ്സിൽ കൊണ്ടുനടക്കുന്ന പ്രണയമോഹങ്ങൾ വിവരിച്ചു പറഞ്ഞു

പദം 18 : ഹംസം: (രാഗം : സാവേരി താളം : അടന്ത)
പല്ലവി : നരപതേ, ഭവദഭിലഷിതമെന്നാൽ സാധിതപ്രായമിദം!

രാജാവേ, നിന്റെ മോഹങ്ങൾ ഞാനിതാ സാധിച്ചു തന്നിരിയ്ക്കുന്നു!

അനുപല്ലവി : നിരവധിമാരാധി നീരധിയിലേ നീന്തി,
നിയതം നീ തളരൊല്ല പിളരൊല്ല മനമിനി

കര കാണാത്ത സങ്കടക്കടലിൽ നീന്തിത്തുടിച്ചു നീയിനി തളരേണ്ടതില്ല, അവളെക്കുറിച്ചു ചിന്തിച്ചു മനസ്സു വിഷമിപ്പിയ്ക്കുകയും വേണ്ട!

പദം: 19 : നളൻ (രാഗം : മോഹനം താളം : അടന്ത)
പല്ലവി : ഖഗപതേ, തവ കരഗതമേ മമ കാമിതം ജീവിതവും!

പക്ഷിരാജനായ ഹംസമേ, എന്റെ മോഹങ്ങൾ മാത്രമല്ല ജീവിതം പോലും ഇന്നു നിന്നെ ആശ്രയിച്ചിരിക്കുന്നു!

അനുപല്ലവി : കഥയ കഥയ, പുനരെങ്ങനെ നീ ചെന്നു
കമനിയെ കണ്ടതും പറഞ്ഞതുമഭിമതം!

പറയൂ, എങ്ങനെയാണു നീ കുണ്ഡിനത്തിൽ ചെന്നു ദമയന്തിയെ ക

ണ്ടത്? എന്റെ മോഹങ്ങൾ എങ്ങിനെയാണവൾ കേട്ടത്? എല്ലാം വിശദമായി പറയൂ!

പദം 18: ചരണം 1 : അതുച്ഛമാം ജവം പൂണ്ടുത്പതിച്ച കുണ്ഡിനപുരം,
ഗമിച്ച തദുപവനമതിൽ ചെന്നു വസിച്ചേൻ,
അകിൽചെങ്കുങ്കുമച്ചാറും ധരിച്ചു തോഴിമാരോട്ടും
യദൃച്ഛയാ ദമയന്തി കളിച്ചു വന്നിതു തത്ര

ഇവിടെനിന്നും അതിവേഗം പറന്നുയർന്ന ഞാൻ കുണ്ഡിനനഗരത്തിലെ ഉദ്യാനത്തിൽ ചെന്നിറങ്ങി വിശ്രമിയ്ക്കാൻ തുടങ്ങുമ്പോൾ യദൃച്ഛയാ അവിടേയ്ക്ക ശരീരമാകെ അകിലും കുങ്കമച്ചാറും പൂശിയ ദമയന്തി തോഴിമാരുമായി വന്ന് ഓരോരോ കളികളിലേർപ്പെട്ടു.

ചരണം 2 : തടഞ്ഞുകൊള്ളുവാനെന്നോടഞ്ഞാളങ്ങവൾ താനേ,
പിടഞ്ഞീല ദൃഢം ഞാനോ നടന്നേനേ സുമന്ദം,
പിണഞ്ഞു വഞ്ചനമെന്നു തിരിഞ്ഞങ്ങു നടപ്പാനായ്,
തുനിഞ്ഞപ്പോൾ കനിഞ്ഞൊന്നു പറഞ്ഞേൻ ഞാനവളോടു

തോഴികളെ ഒഴിവാക്കി അവളെന്നെ കടന്നു പിടിയ്ക്കാൻ ഒറ്റയ്ക്കടുത്തു വന്നപ്പോൾ ഞാൻ തീരെ പരിഭ്രമിക്കാതെ മുന്നോട്ടു നടന്നു; കുറച്ചു ദൂരം ചെന്നു ചതി പറ്റിയെന്നു കണ്ടു മടങ്ങാൻ തുടങ്ങിയ അവളെ തടഞ്ഞു നിർത്തി ഞാൻ ചിലതൊക്കെ ചോദിച്ചറിഞ്ഞു.

ചരണം 3 : രാജപുംഗവ, തവ വാചാകൌശലത്താലേ,
പേശലാംഗി തന്നുടെ ആശയമറിഞ്ഞേൻ,
ആചാരൈരെറികയല്ലാശ നിങ്കലെന്നതും,
വാചാപി പറയിച്ചൊന്നിളക്കി വെച്ചുറപ്പിച്ചേൻ!

രാജാവേ, നിന്റെ നിർദ്ദേശപ്രകാരം ഞാൻ ചില കൌശലങ്ങൾ പ്ര

യോഗിച്ച ദമയന്തിയുടെ മനസ്സിലുള്ള മോഹം മനസ്സിലാക്കി; പ്രകൃതവും ഭാവവും മാത്രമല്ല വാക്കുകൊണ്ടും അവൾക്കു നിന്നോടുള്ള പ്രണയം ഞാൻ പ്രത്യേകം പറഞ്ഞുറപ്പിച്ചു

രംഗം 6 : ഇന്ദ്രന്റെ കൊട്ടാരം

ശ്ലോകം 13 : (വൃത്തം : മന്ദാക്രാന്ത)
'സന്ധിപ്പിച്ചേൻ തവ ഖലു മനം ഭൈമിതൻ മാനസത്തോ-
ടിന്ദ്രൻ താനേ വരികിലിളകാ കാ കഥാന്യേഷു രാജൻ,
ചിന്തിക്കുമ്പോൾ വരുവനിഹ നിന്നന്തികേ നിർണയം ഞാ'-
നെന്നും ചൊല്ലിക്ഖഗപതി പറന്നംബരേ പോയ്മറഞ്ഞാൻ

'നിന്റെ മനോഗതങ്ങൾ ഞാനിതാ ദമയന്തിയുടെ മനസ്സിൽ ചേർത്തു കഴിഞ്ഞു. ഇനി ഇന്ദ്രൻ വന്നാൽപ്പോലും അവളുടെ മനസ്സ് ഇളകാൻ പോകുന്നില്ല. അപ്പോൾ മറ്റുള്ളവരുടെ കാര്യം പറയാനുണ്ടോ? ഇനി നീ എന്നെക്കുറിച്ചു ചിന്തിക്കുമ്പോൾ തൽക്ഷണം വരാ'മെന്നു പറഞ്ഞു പക്ഷിരാജാവ് പറന്നു പൊങ്ങി മാനത്തു മറഞ്ഞു.

ശ്ലോകം 14 : (വൃത്തം : ദ്രുതവിളംബിതം)
അഥ തദാ ശതമന്യുരഖിന്നധീ-
രഖിലദൈവതയൌവതസേവിതഃ
സഹപുലോമജയാപ്യനുലോമയാ
നിജ ഗൃഹേ ജഗൃഹേ സസുഖാസികാം

അക്കാലത്തു നൂറു യാഗങ്ങൾ പൂർത്തിയാക്കിയ ദേവേന്ദ്രൻ ദുഃഖങ്ങൾ നീങ്ങി ദേവന്മാരും സുരസുന്ദരിമാരുമൊത്തു സഹധർമ്മിണിയായ ഇന്ദ്രാണിയുമായി ദേവലോകത്തു സസന്തോഷം താമസിച്ചുപോന്നു.

ശ്ലോകം 15 : (വൃത്തം : പ്രമാണിക)

ഇഭാരിണാ ഗുഹാ യഥാ നഭോ യഥാ സുധാംശുനാ
അഭാജി സാ സഭാ തദാ വിലാസിനാ വലാരിണാ

ഗുഹയിൽ സിംഹവും മാനത്തു ചന്ദ്രനുമെന്നപോലെ, നൂറു യാഗങ്ങൾ ചെയ്ത ഇന്ദ്രൻ ദേവസഭയിൽ പൂർവാധികതേജസ്സോടെ തിളങ്ങി.

ശ്ലോകം 16 : (വൃത്തം : പ്രമാണിക)
ഹുതാശനൻ പ്രജാന്തകൻ ജലേശനെന്നു മൂവരും
സുരേശ്വരേണ ഭാസുരേ പുരാജിരേ വിരേജിരേ

അഗ്നി, യമൻ, വരുണൻ എന്നീ മൂന്നു ദേവന്മാർ ദേവസഭയിൽ ദേവേന്ദ്രന്റെ പീഠത്തിനു തൊട്ടടുത്തു സന്നിഹിതരായി.

രംഗം 7 : ദേവലോകത്തേയ്ക്കുള്ള വഴി

ശ്ലോകം 17 : (വൃത്തം : ഉപേന്ദ്രവജ്ര)
നളേനുഷക്താമവബുദ്ധ്യ പുത്രീം
സ്വയംവരോദ്യോഗിനി ഭീമഭൂപേ
സുപർവലോകാഭിമുഖം പ്രയാന്തം
സ പർവതോ നാരദമാബഭാഷേ

ദമയന്തിക്കു നളനോടു പ്രണയമുണ്ടെന്നു കണ്ടറിഞ്ഞ ഭീമരാജാവ് അവളുടെ സ്വയംവരത്തിനുള്ള ഒരുക്കങ്ങൾ നടത്തുന്നതിനിടെ, സ്വർഗത്തിലേക്കു പോകുന്ന നാരദനോടു പർവതൻ ചോദിച്ചു:

പദം: 20 : പർവതനാരദന്മാർ : (സൌരാഷ്ട്രം : ഏകതാളം)
പർവതൻ: നാരദ, ഭവാനെന്തു ഭാവമിപ്പോൾ?

പർവതൻ: നാരദ, എങ്ങോട്ടാണു തിടുക്കത്തിൽ പോകുന്നത്?

നാരദൻ: നാകായ ഗമിക്കുന്നേൻ പർവത ഞാൻ

നാരദൻ: പർവത, സ്വർഗലോകത്തേക്കാണ ഞാൻ പോകുന്നത്

പർവതൻ: എന്തൊരു കാര്യമിപ്പോൾ നാകലോകേ

പർവതൻ: സ്വർഗത്തിലെന്താണ പ്രത്യേകിച്ചൊരു വിശേഷം?

നാരദൻ: ഇന്ദ്രനെക്കണ്ടു ചില വാർത്ത ചൊൽവാൻ

നാരദൻ: ഇന്ദ്രനെ കണ്ടു ചില കാര്യങ്ങൾ പറയാനുണ്ട്

പർവതൻ: എന്തതെന്നോടിപ്പോൾ ചൊല്ലീടാമോ

പർവതൻ: ആ വിഷയം എന്താണെന്ന് എന്നോടു പറയാമോ?

നാരദൻ: ഹന്ത ഭവാൻ കൂടെ പോന്നു കൊൾക!

നാരദൻ: കാര്യങ്ങളറിയാൻ എന്റെ കൂടെ പോന്നോളൂ!

പർവതൻ: നിഷ്ഫലയോജനമുണ്ടോ പോരുന്നു ഞാൻ

പർവതൻ: വന്നാൽ എനിയ്ക്കെന്തെങ്കിലും പ്രയോജനമുണ്ടാകുമോ?

നാരദൻ: സദ്ഭടാരണാന്വേഷം ചെയ്യാമല്ലോ;

നാരദൻ: ഭടന്മാരോടു യുദ്ധവാർത്തകൾ ചോദിച്ചറിയാമല്ലോ!

പർവതൻ: സമരം ഭൂമിയിലില്ലേ ഭൂപാലാനാം

പർവതൻ: ഇപ്പോൾ രാജാക്കന്മാർക്കൊന്നും യുദ്ധമില്ലേ?

നാരദൻ: ദമയന്തീകാമുകന്മാർ രാജാക്കന്മാർ!

നാരദൻ: രാജാക്കന്മാർക്കു ദമയന്തീചിന്ത മാത്രമേയുള്ളൂ!

രംഗം 8 : ഇന്ദ്രന്റെ കൊട്ടാരം

ശ്ലോകം 18 : (വൃത്തം : ശാലിനി) :
പ്രാപ്തൌ പശ്യൻ നാരദം പർവതഞ്ച
പ്രീത്യാ ചെയ്താനിന്ദ്രനാതിഥ്യമാഭ്യാം
ശ്രോത്രാനന്ദം വാഗ്മമാരേവമൂചേ
ഗോത്രാരാതിർനാരദം സോപി ചൈനം

ദേവസഭയിലെത്തിയ നാരദനേയും പർവതനേയും, പണ്ടു പർവതങ്ങളുടെ ചിറകറുത്ത ഇന്ദ്രൻ സ്വീകരിച്ചു സൽക്കരിച്ചശേഷം, കാതുകൾക്കിമ്പം പകരുന്ന ചില സംഭാഷണങ്ങളിലേർപ്പെട്ടു

പദം 21 : ഇന്ദ്രൻ : (രാഗം : മുഖാരി താളം : അടന്ത)
പല്ലവി : പൂരിതപരസുഖ നാരദ മുനിവര നീരജഭവനന്ദന

മറ്റുള്ളവർക്കു സുഖം പകരുന്നതിൽ സദാ ബദ്ധശ്രദ്ധനും ബ്രഹ്മപുത്രനമായ നാരദമഹർഷേ!

അനുപല്ലവി : ഭൂരിതരതപസാ
ദൂരിതദുരിതൌഘശാരദമുദിതരുചേ സ്വാഗതം തവ

സുദീർഘമായ തപസ്സു ചെയ്തു സകല ദുരിതങ്ങളും തീർത്തു ശരത്കാലമേഘംപോലെ പ്രസന്നനായ അങ്ങയ്ക്കു സ്വാഗതം!

പദം 22 : നാരദൻ: (രാഗം : മദ്ധ്യമാവതി താളം : അടന്ത)
പല്ലവി : ഹേ സകലലോകനാഥ വാസവ സുമതേ

സകല ലോകങ്ങൾക്കും നാഥനായ, സാത്വികനായ ദേവേന്ദ്ര!

അനുപല്ലവി : ത്രാസിതരിപുകുല തേ ഭാസുരഗുണവസതേ, കുശലം!

ശത്രുക്കളെ ഭയപ്പെടുത്തുന്ന ധീരനും ഗുണശാലിയുമായ നിനക്കു സുഖമല്ലേ?

പദം 21 : ചരണം 1 : കുശലമെന്നതേ വേണ്ടൂ സകലം മേ
നിനയ്ക്കുമ്പോൾ സഫലം ദർശനമിന്നുതേ വിപുലസംശയം ചിത്തം
അതിലൊന്നുണ്ടെനിക്കിപ്പോൾ ശിഥിലമാക്കുക വചസാ താപസവര്യ!

ആകപ്പാടെ നോക്കുമ്പോൾ സുഖമാണെന്നുതന്നെ പറയാം! പക്ഷേ, ഇന്നങ്ങയെ കണ്ടതു നന്നായി. എന്റെ മനസ്സിൽ കുറച്ചു കാലമായുള്ള ഒരു സംശയത്തിനു കൃത്യമായ ഉത്തരം അങ്ങു പറഞ്ഞുതരണം!

പദം 22 : ചരണം 1 : എനിയ്ക്കെന്റെ മനക്കാമ്പിൽ ഇരിയ്ക്കുന്നോരഭിലാഷം
നിനയ്ക്കുമ്പോൾ നിനക്കുണ്ടോ ഫലിപ്പിപ്പാനെളുപ്പവും?
അനർഗളമൊരു സമരം കാണാഞ്ഞുള്ളിൽ കനക്കേയുണ്ടഴൽ പ്രചുരം,
അതു സാധിയ്ക്കിൽ പ്രതിക്രിയയായ് പകരമെന്തു ചെയ്‌വൂ,
ഞാനനുഗ്രഹം തരുവേൻ പരം മഹേന്ദ്ര!

എന്റെ മനസ്സിലുള്ള മോഹം നിനക്കു പക്ഷേ അനായാസം സാധിച്ചു തരാവുന്നതേയുള്ളൂ! കുറച്ചുകാലമായി യുദ്ധങ്ങളൊന്നും കാണാതെ മ

നസ്സിനു വല്ലാത്തൊരു ഭാരം തോന്നുന്നു; നിനക്കതു പരിഹരിയ്ക്കാമെങ്കിൽ, ദേവേന്ദ്രാ, ഉള്ളഴിഞ്ഞനുഗ്രഹിക്കാനല്ലാതെ മറ്റൊരു പ്രത്യുപകാരവും എനിയ്ക്കു ചെയ്യാനാവില്ല!

പദം 21 : ചരണം 2 : അനുജന്റെ സുദർശനം ദനുജരെയമർക്കയാൽ,
മുനിവര്യ രണം ദുർലഭം! മനുജന്മാർ മിഥോജന്യം തുനിയുന്നോർ
മരിച്ചാരും ത്രിദിവത്തിൽ വരുന്നീലഹോ, എന്തതിൻമൂലം?

മഹർഷേ, വിഷ്ണുവിന്റെ സുദർശനം അസുരന്മാരെ മുഴുവൻ കൊന്നൊടുക്കുന്നതുകൊണ്ട് ഇന്നിപ്പോൾ യുദ്ധങ്ങളൊന്നും നടക്കാറില്ല! തമ്മിൽ തല്ലി മരിയ്ക്കുന്ന മനുഷ്യരാകട്ടെ, സ്വർഗത്തിൽ വന്നെത്തുന്നതുമില്ല! നാരദ, എന്താണതിനു കാരണം,?

പദം 22 : ചരണം 2 : വിദർഭമന്നനങ്ങുണ്ടനല്പസദ്ഗുണ കന്യാ
വികൽപമില്ലവൾതന്നോടെതിർപ്പാനില്ലൊരു നാരി,
കേൾക്കുന്നു സ്വയംവരവുമുണ്ടെന്നു നീളെ, പാർക്കുന്നിതാൾവരവും,
രാജാക്കന്മാർ നോക്കുന്നു കോപ്പു തരവും,
തത്പ്രാപ്തിയ്ക്കു നോൽക്കുന്നു പകലിരവുമെല്ലാവരും!

വിദർഭരാജാവിനു സകല ഗുണങ്ങളും തികഞ്ഞ ഒരു മകളുണ്ടെന്നു കേൾക്കാനുണ്ട്. അവളേക്കാൾ ഒരു സുന്ദരി ഈ മൂന്നു ലോകത്തും കാണാനില്ലത്രേ! അവളുടെ സ്വയംവരം നിശ്ചയിച്ചതു കേട്ടു നാലു ദിക്കിൽനിന്നും ജനങ്ങൾ വന്നെത്തിക്കഴിഞ്ഞു. രാജാക്കന്മാരാകട്ടെ വേഷഭൂഷാദികളും ധരിച്ച് അവളെ കൈക്കലാക്കാൻ മാത്രമായി രാപ്പകൽ നോമ്പുനോറ്റിരിയ്ക്കുന്നു!

പദം 21 : ചരണം 3 : കേൾക്കേണമവളെയിന്നാർക്കു ലഭിച്ചു ഞായം?
ഭാഗ്യവാനവനുലകിൽ, ഗ്രാഹ്യങ്ങൾ ചെവികൾക്കു ലേഹ്യങ്ങൾ
തദ്ഗുണങ്ങൾ ഊഹ്യങ്ങളെങ്കിൽ, വർണിയ്ക്കാം വാക്യങ്ങൾകൊണ്ടു

അവളെ ആർക്കാണു ലഭിക്കാൻ പോകുന്നതെന്ന് അങ്ങു പറഞ്ഞുകേട്ടാൽ കൊള്ളാം! ആരായാലും അവൻ ഈ ലോകത്തെ ഭാഗ്യവാൻ-തന്നെ! കാതുകൾക്കിമ്പം പകരുന്ന അവന്റെ ഗുണഗണങ്ങൾ വിവ-രിയ്ക്കാമെങ്കിൽ ഞാനിതാ ഇവിടെ ഇരുന്നു കേൾക്കാൻ തയാറാണ്!

പദം 22 : ചരണം 3 : ഉറപ്പുള്ളോരനുരാഗമവൾക്കുണ്ടങ്ങൊരുത്തനിൽ
ധരിപ്പതിനശക്യമതെനിയ്ക്കുണ്ടോ വചിയ്ക്കാവൂ, ലഭിച്ചീടുമവനവളെ,
ഗുണൈരവൾ ജയിപ്പവൾ സുരസ്ത്രീകളെ, ആസ്താമിദം,
ഗമിക്കുന്നേനവനീതലേ തത്സ്വയംവരേ,
മിളിതമാം നൃപതികുലേ കലഹമുണ്ടാം!

അവൾക്കാരോടോ പ്രണയമുണ്ടെന്നു പറഞ്ഞു കേൾക്കുന്നുണ്ട്, മനസ്സിലാക്കാൻ വിഷമമുള്ള അക്കാര്യം പക്ഷേ എനിയ്ക്കു കൃത്യമായി പറയാനറിയില്ല! ഗുണങ്ങളിൽ ദേവസുന്ദരിമാരേയും ജയിക്കുന്ന അവളെ അവനുതന്നെ ലഭിയ്ക്കും! അതിരിക്കട്ടെ, ഞാനിതാ അവളുടെ സ്വയംവരം കാണാൻ ഭൂമിയിലേയ്ക്കു പോകുന്നു; സ്വയംവരത്തിനു വരുന്ന രാജാക്കന്മാർ തമ്മിൽ കലഹത്തിനു നല്ല സാദ്ധ്യതയുണ്ട്!

ശ്ലോകം 19 : (വൃത്തം : അതിരുചിര)
സപർവതേ ഗതവതി നാരദേ ഭുവം
സുപർവരാഡപി നിരഗാത് ത്രിവിഷ്ടപാത്
തമന്വയുഃ ശിഖിയമപാശപാണയഃ
ക്രമാദമീയയുരഥ കുണ്ഡിനാന്തികം!

നാരദൻ പർവതനേയും കൂട്ടി ഭൂമിയിലേക്കു പോയപ്പോൾ ദേവേന്ദ്രൻ അഗ്നിയും യമനും വരുണനുമായി സ്വർഗത്തിൽനിന്നു യാത്ര പുറപ്പെട്ടു വൈകാതെ കുണ്ഡിനത്തിൽ ചെന്നെത്തി.

രംഗം 9 : കുണ്ഡിനത്തിലേയ്ക്കുള്ള വഴി

ശ്ലോകം 20: (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
ദിക്ചക്രേ മുഖരീകൃതേ നൃപതതിപ്രസ്ഥാനഭേരീരവൈർ
നിശ്ചക്രാമ നളോപി നിശ്ചിതമനാ ദൂതോപ ഹ്ഗുതഃ സ്വയം
ആഗച്ഛന്തമമും രഥേന മഹതാ ഭൂഷാ വിശേഷോജ്ജ്വലം
തേഷാമേഷ വൃഷാ ജഗാദ കുതുകീ തത്പ്രേഷണേ താംപ്രതി

രാജാക്കന്മാരുടെ വരവറിയിയ്ക്കുന്ന വാദ്യഘോഷങ്ങൾ നാലു ദിക്കിലും മുഴങ്ങുമ്പോൾ, ദൂതൻ വഴി ക്ഷണം ലഭിച്ച നളൻ ദമയന്തിയെ മനസ്സിലുറപ്പിച്ച് വിശേഷവസ്ത്രങ്ങളണിഞ്ഞു രഥത്തിൽ കയറി ഒറ്റയ്ക്കു പുറപ്പെട്ടു. വഴിമദ്ധ്യേ ആ നളനെത്തന്നെ ദമയന്തിയുടെ അടുത്തേക്കു ദൂതിനു വിടാമെന്നു കരുതി ഇന്ദ്രൻ പറഞ്ഞു.

പദം 23 : ഇന്ദ്രൻ: (രാഗം : മദ്ധ്യമാവതി താളം : ചെമ്പട)
പല്ലവി : മിളിതം പദയുഗളേ നിഗളിതയാ മാർഗിതയാ ലതയാ

അത്ഭുതം! തേടി നടന്ന വള്ളി ഇതാ കാലിൽ വന്നു ചുറ്റിയിരിക്കുന്നു!

അനുപല്ലവി : നളനികടം പ്രതി ചലിതാ
വയമുപഗതവാൻ നളനിഹ നികടേ

നളനെ തേടിയിറങ്ങിയതാണു ഞങ്ങൾ, ഇതാ വഴിയിൽവെച്ചുതന്നെ നിന്നെ കണ്ടുമുട്ടി!

ചരണം 1 : വീരസേനൻ നിഷധാധീശൻ, വൈരിഘടാവനദവദഹനൻ
അതിപരിചിതനതിനാൽ നിന്നെയുമറിവനഹം, നളനല്ലയോ നീ?

ശത്രുവനത്തിനു കാട്ടുതീയായിരുന്ന നിഷധരാജാവ് വീരസേനനെ

എനിക്കു നല്ല പരിചയമുണ്ട്; ആ വഴിയ്ക്കു നിന്നെയുമറിയാം, വീരസേ-നന്റെ മകൻ നളനല്ലേ നീ?

പദം 24 : നളൻ: (രാഗം : സാവേരി താളം : ഏകതാളം) :
പല്ലവി : അടിയിണ പണിയുന്നേൻ അടിയൻ ഈശ്വരന്മാരേ!

ദേവന്മാരേ, നിങ്ങളുടെ കാലടി തൊട്ടു ഞാനിതാ വന്ദിക്കുന്നു!

അനുപല്ലവി : അറിഞ്ഞരുളിയതും നേരഹം നളൻ, ഭഗവാനേ

നിങ്ങൾ കണ്ടറിഞ്ഞതുപോലെ ആ നളൻതന്നെയാണു ഞാൻ!

പദം 23 : ചരണം 2 : ശമനനിവൻ ദഹനനിവൻ താൻ,
വരുണനിവൻ വലമഥനൻ ഞാൻ,
അമരതരുനകലെ വെടിഞ്ഞു നിന്നരികിൽ വന്നു വയമൊന്നിരപ്പാൻ

അഗ്നിയും യമനും വരുണനുമാണിവർ, ഞാൻ ഇന്ദ്രനും! ചോദിച്ചതെന്തും തരുന്ന സ്വർഗത്തിലെ കൽപ്പവൃക്ഷത്തെ ഉപേക്ഷിച്ചു ഞങ്ങൾ നിന്നോടൊരു കാര്യം യാചിയ്ക്കാനാണു വന്നത്!

പദം: 24 : ചരണം 1 : ഉമ്പർപരിവൃഢന്മാർ നിങ്ങളെന്നെ
സമ്പ്രതി പരീക്ഷിപ്പാനല്ലീ, ഡിംഭനാമെന്നോടോരോ ദംഭമരുതേ,
സ്വാമിൻ ദംഭോളിധര, ചൊന്നതൻപോടു ഞാൻ ചെയ്യാം!

ദേവാധിപന്മാരായ നിങ്ങളെന്നെ പരീക്ഷിക്കാനാണോ തുടങ്ങുന്നത്? വെറുമൊരു ശിശുവായ എന്നോടു വെറുതെ ഓരോ മറിമായങ്ങൾ കാണിക്കരുതേ! ദേവന്മാരേ, നിങ്ങൾ പറയുന്നതെല്ലാം ഞാൻ അതേപടി അനുസരിയ്ക്കാം!

പദം 23 : ചരണം 3 : പാൽപൊഴിയും മൊഴി ദമയന്തിയെ
കേൾപ്പതിനായി രാപ്പകൽ പോര,
താൽപ്പരിയം വേൾപ്പതിനുണ്ടതു ചേർപ്പതിനായ് നീ തുടരേണം!

വാക്കുകളിൽ അമൃതു പൊഴിക്കുന്ന ദമയന്തിയുടെ ഗുണഗണങ്ങൾ പറഞ്ഞുതീർക്കാൻ ഒരു രാവും പകലും പോര! അവളെ വിവാഹം ചെയ്യാൻ ഞങ്ങൾക്കു നല്ല താൽപ്പര്യമുണ്ട്, അതിനുവേണ്ട ഒത്താശകൾ സകലതും നീ ചെയ്തു തരണം!

പദം: 24 : ചരണം 2 : ഭൈമീകാമുകനല്ലോ ഞാനും
ദേവസ്വാമികളേ കരുണ വേണം, മാമിഹ നിയോഗിക്കിലാകാ,
ചെന്നാൽ കാണ്മാനും കഴിവരാ, പറവാനുമഭിമതം

ദേവന്മാരേ, ഞാനും ദമയന്തിയെ മോഹിച്ചാണു സ്വയംവരത്തിനു പോകുന്നത്, എന്നോടു ദയയുണ്ടാകണം, എന്നെ പറഞ്ഞു വിട്ടാൽ നിങ്ങളുടെ ഉദ്ദേശം നടക്കില്ല, അഥവാ ഞാനവിടെ ചെന്നാലും അവളെ നേരിൽ കണ്ടു കാര്യം പറയാനാവില്ല!

പദം 23 : ചരണം 4 : ചെയ്‌വനെന്നു മുന്നേ ചൊന്നതു
ചെയ്തില്ലെന്നാൽ അധികമധർമ്മം,
മാരശരൈരാകുലമതിയായ് മാ കുരു നീ വംശകളങ്കം!

അനുസരിക്കാമെന്നു നേരത്തേ പറഞ്ഞിട്ടു പിന്നെ നീ വാക്കു മാറ്റുന്നതു വലിയ അധർമ്മത്തിനു കാരണമായിത്തീരും. കാമപീഡ മൂലം മതിമറന്നു നീ രാജവംശത്തിനു കളങ്കമുണ്ടാക്കരുത്!

പദം: 24 : ചരണം 3 : നിറയുന്നു ബഹുജനം നഗരേ,
ഒന്നു പറവാനും കഴിവുണ്ടോ വിജനേ?
അരുൾ ചെയ്തതു കേട്ടില്ലെന്നരുതേ കോപം,

ആകുന്നതിനെ ചെയ്യാം ആവതെന്തതിലേറ്റം?

നഗരത്തിൽ ജനങ്ങൾ വന്നു നിറഞ്ഞു കഴിഞ്ഞു. അതിനിടയിൽ അവളെ ഒറ്റയ്ക്ക് ചെന്നു കണ്ടു കാര്യം പറയാൻ കഴിയുമോ? നിങ്ങളെ അനുസരിച്ചില്ലെന്നു കരുതി എന്നോടു കോപിയ്ക്കരുത്, ഞാൻ പരമാവധി പരിശ്രമിക്കാം, അതിലേറെ എനിയ്ക്കെന്തു ചെയ്യാനാവും?

പദം 23 : ചരണം 5 : 'വരിയ്ക്കണം നീ ഞങ്ങളിൽ നാൽവരിൽ
ഒരുത്തനെ' യെന്നുരയ്ക്ക ഭവാൻ പോയ്
തിരസ്കരണി തവ തരുന്നു ഞങ്ങൾ, ഇരിയ്ക്കുമത്രേ നീ വരുവോളം!

'ഞങ്ങൾ നാലുപേരിൽ ഒരാളെ ഭർത്താവായി വരിക്കണമെന്നു നീ ചെന്നു ദമയന്തിയോടു പറയണം! അന്തപുരത്തിൽവെച്ചു മറ്റാരും കാണാതിരിക്കാൻവേണ്ടി ഞങ്ങൾ തരുന്ന ഈ തിരസ്കരണി തിരിച്ചു വരുന്നതുവരെ നിനക്കുപയോഗിക്കാം!

രംഗം 10 : കുണ്ഡിനത്തിലെ രാജവീഥി

ദണ്ഡകം : ഖണ്ഡം 1 : ദൈത്യാരിപൂർവജനു ദൂത്യം സമേത്യ,
നിജസാദ്ധ്യം വെടിഞ്ഞു നിഷധേന്ദ്രൻ,
സേനയിഹ നിർത്തി, താനഥ നടന്നു,
ദാന്തഭഗിനിയുടെ കാന്തിനദിയതിൽ മുഴുകി നീന്തുവതിനുഴറി മിഴി രണ്ടും

ഇന്ദ്രന്റെ ദൂതനായി മാറിയ നളൻ, ദമയന്തിയെ ലഭിയ്ക്കുമെന്ന മോഹം ഉപേക്ഷിച്ചു സൈന്യത്തെ ഒരിടത്തു നീക്കി നിർത്തി, അവളുടെ രൂപസൌന്ദര്യമാകുന്ന പുണ്യനദിയിൽ നീന്തിത്തുടിയ്ക്കാനുള്ള വ്യഗ്രത കണ്ണുകളിൽ പ്രതിഫലിപ്പിച്ചു നേരേ മുന്നോട്ടു നടന്നു.

ഖണ്ഡം 2 : ബഹളേ ജനേ പഥിഷു സബലേഷു ഭൂപതിഷു ചപലേ

മഹീസുര സമൂഹേ, പലരെയുമുരുമ്മി പരിചൊടു നടന്നു, പെരിയ പരിചയമുടയ പരിഷയുടെ നടുവിലുടനവിദിതനു കുതുകമവനാസീത്

ജനങ്ങളൊരുമിച്ചു തിക്കിത്തിരക്കുന്ന വഴികളിൽ രാജാക്കന്മാരേയും ചപലരായ ബ്രാഹ്മണരേയും തൊട്ടുരുമ്മി നടക്കുമ്പോൾ, പരിചയക്കാരാരും തന്നെ ആരും തിരിച്ചറിയാത്തതു കണ്ടു നളനു വലിയ കൌതുകം തോന്നി.

ഖണ്ഡം 3 : ധന്യോഥ രക്ഷിജനകർണ്ണാലലക്ഷ്യതനു, കന്യാപുരത്തിനു കടന്നു, കണ്ണിനഴൽ തീർന്നു, കണ്ടു ദമയന്തീം, താഞ്ചനഖനിരകൾ മുതൽ പൂഞ്ചികുരതതിയറുതി, വാഞ്ഛയൊടു നികടഭുവി കണ്ടു

കാവൽക്കാരുടെ കണ്ണിൽപ്പെടാതെ നളൻ നേരേ അന്തഃപുരത്തി ൽ കടന്നു ചെന്നു കണ്ണിനു കുളിരായ ദമയന്തിയുടെ രൂപം കണ്ടു ധന്യനായി; നഖനിരകൾ മുതൽ കറുത്തിരുണ്ട തലമുടിവരെ ആ സൌന്ദര്യം നളൻ തൊട്ടടുത്തു ചെന്നു സാശ്ചര്യം നോക്കിക്കണ്ടു.

ഖണ്ഡം 4 : അമരേന്ദ്രദൂതനിവനപരാധമോർത്തു മനം ഉപരോധനേന വശമാക്കി, മറവകലുവാനായ് മനസി കൊതി പൂണ്ടു, അതിമധുരതരവപുഷമരികിലുടനൊരു പുരുഷം, അമൃതമൊഴി സഖികളൊടു കണ്ടു!

പെട്ടെന്നു സ്വയം ഇന്ദ്രദൂതനാണെന്നു ബോദ്ധ്യം വന്നു മനസ്സു നിയന്ത്രിച്ച നളൻ തിരസ്കരണി മാറ്റാൻ തുനിഞ്ഞപ്പോൾ, സുന്ദരനായൊരു പുരുഷൻ തൊട്ടടുത്തു തോഴികളുടെ അടുത്തു വന്നു നിൽക്കുന്നതു ദമയന്തി കണ്ടറിഞ്ഞു!

രംഗം 11 : കുണ്ഡിനരാജധാനിയിലെ അന്തഃപുരം

ശ്ലോകം 21 : (വൃത്തം : ഇക്ഷുദണ്ഡിക)
ചിരശ്രുതിദൃഢീകൃതപ്രിയനളാഭനെന്നാകിലും
തിരസ്കരണി കാൺകയാലിവനമർത്ത്യനെന്നോർത്തുടൻ
നിരസ്തവിപുലത്രപാ നിറയുമാദരാശ്ചര്യസം-
ഭ്രമത്തോട്ട ദമസ്വസാ നിഭൃതമേവമൂചേ സ്വയം!

വളരെക്കാലമായി പറഞ്ഞു കേട്ടു മനസ്സിൽ സങ്കൽപ്പിച്ചുപോന്ന നള-നെപ്പോലെ തോന്നുമെങ്കിലും തിരസ്കരണി നീക്കി പുറത്തു വന്ന പുരുഷനൊരു ദേവനാണെന്നു മനസ്സിലാക്കിയ ദമയന്തി, നിറഞ്ഞ അത്ഭുതാദരസംഭ്രമങ്ങളോടെ ലജ്ജ വെടിഞ്ഞ് ആത്മഗതമെന്നപോലെ ഇങ്ങനെ പറഞ്ഞു.

പദം 25 : ദമയന്തി: (രാഗം : ഭൈരവി താളം : ചെമ്പട) :
പല്ലവി : ഹേ മഹാനുഭാവ തേ സ്വാഗതം, കിമധുനാ?

മഹാനുഭാവനായ അങ്ങേയ്ക്കു ഞാൻ സ്വാഗതം ആശംസിക്കുന്നു! അങ്ങ്, ഇപ്പോൾ.. എന്താണിവിടെ?

അനുപല്ലവി : കാമനോ സോമനോ നീ, നിന്നാഗമനം കിം നിമിത്തം?
കാമനോ ചന്ദ്രനോ ആരാണു നീ? എന്തിനാണു നീ വന്നത്?

പദം 26 : നളൻ: (രാഗം : കല്യാണി താളം : ചെമ്പട) :
പല്ലവി : ഭീവനീരമണനന്ദനേ,
എന്നെ ദേവദൂതനെന്നു ധരിച്ചുകൊൾക!

ഭീമരാജാവിന്റെ മകളായ ദമയന്തി, തൽക്കാലം നീയെന്നെ ദേവന്മാരുടെ ദൂതനാണെന്നു മനസ്സിലാക്കിയാൽ മതി!

അനുപല്ലവി : ശ്രീമാനമരപതി തന്നുടെ ചില

വാചികങ്ങളുണ്ടവകൾ നീ ചെവിക്കൊള്ളേണമേ

ദേവേന്ദ്രന്റെ ഒരു സന്ദേശവുമായാണു ഞാൻ വന്നിരിക്കുന്നത്. നീയതു ശ്രദ്ധിച്ചു കേൾക്കണം!

പദം 25 : ചരണം 1 : ഏതൊരു കുലമലങ്കരിച്ചു ജന്മനാ,
ഉര ചെയ്തീടേണം എന്തുതവ നാമധേയവും?
ദൂതനെന്നു കേട്ടതിങ്ങു ബോധം വന്നീല
ജഗന്നാഥനെന്നെനിക്കു തോന്നി ചേതസി നിന്നെ!

ഏതു രാജവംശത്തിലാണു നീ ജനിച്ചത്? എന്താണു നിന്റെ പേര്? ദയവായി തുറന്നു പറയൂ! ദൂതനാണെന്നു പറഞ്ഞു പക്ഷേ എനിയ്ക്കു തീരെ ബോധ്യം വരുന്നില്ല, നിന്നെ ലോകനാഥനായാണു ഞാൻ മനസ്സിൽ കാണുന്നത്!

പദം 26 : ചരണം 1 : അപരകുലനാമങ്ങൾ കേൾപ്പതോ യോഗ്യം,
ആർത്തിഭാജി വാസ്തോഷ്പതൌ? അഖിലഭുവനനാഥൻ
വാസവൻ പറഞ്ഞഞ്ജസാ മാമയച്ചിതു കേൾക്ക നീ,
അമരാംഗനമാരേയും അമരാധിപൻ വെടിഞ്ഞു,
തവ ദാസനായൊഴിഞ്ഞില്ലലർബാണകോപശാന്തി

ഇന്ദ്രൻ ഇതികർത്തവ്യതാമൂഢനായി വിഷമിച്ചിരിക്കുമ്പോൾ മറ്റുള്ളവരുടെ പേരും കുലവും ചോദിയ്ക്കുന്നതാണോ ഉചിതം? ലോകനാഥനായ ഇന്ദ്രൻ പറഞ്ഞയച്ചു വന്ന എന്റെ വാക്കു നീ കേൾക്കൂ: സുന്ദരികളായ സുരസുന്ദരിമാരെ ഉപേക്ഷിച്ച ഇന്ദ്രനു മാരതാപം തീർക്കാൻ നിന്റെ ദാസ്യവൃത്തി മാത്രമേ ഇന്നൊരുപായമുള്ളൂ!

ചരണം 2 : അനലനും നിൻ ഗുണങ്ങൾ കേൾക്കയാൽ,
മദനാധിയിലേ വെന്തു നീറുന്നു, അവനിയിലിന്ധനമെന്ന പോലവേ

ഇപ്പോൾ അഭിമതമല്ലവനു സ്വാഹയും,
സുമബാണബാണമേറ്റു യമനും മൃതിയടുത്തു,
വരുണനു മാരാമയം ബഡവമുഖാദധികം!

മാരതാപം മൂലം വെന്തു നീറുന്ന മനസ്സിൽ നിന്റെ ഗുണങ്ങൾ വിറകായി ചെന്നു വീണ അഗ്നിയ്ക്കു സ്വാഹയോടുപോലും താൽപ്പര്യം നഷ്ട-പ്പെട്ടിരിയ്ക്കുന്നു! കാമദേവന്റെ കൂർത്തുമൂർത്ത ശരങ്ങളേറ്റു യമൻ മരിയ്ക്കാറായിക്കഴിഞ്ഞു; ബഡവാഗ്നിയോടു ഭയമില്ലാത്ത വരുണനുപോലും പക്ഷേ കാമാഗ്നി തടുക്കാനാവുന്നില്ല!

പദം 25 : ചരണം 2 : ഈശന്മാരെന്തു വിചാരലേശം കൂടാതെ
അതിനീചയോഗ്യമാരംഭിച്ചതാചാരമിപ്പോൾ?
രാജപുത്രി ഞാനിന്നൊരു രാജഭാര്യയെന്നാശയേ
ധരിപ്പതിനെന്തു ക്ലേശം ദേവാനാം?

ദേവന്മാരിങ്ങനെ എന്താണു യാതൊന്നും ചിന്തിക്കാതെ കഥയില്ലാത്തവരായി നീചകൃത്യങ്ങൾക്ക് ഒരുമ്പെടുന്നത്? രാജകുമാരിയായ ഞാനൊരു രാജാവിനെ മനസ്സിൽ വരിച്ചിരിക്കുമെന്നു കണ്ടറിയാൻ അവർക്കെന്താണൊരു വിഷമം?

പദം 26 : ചരണം 3 : അമൃതമതിമധുരം പീയതേ,
കാലമനിശം കളികൾകൊണ്ടു നീയതേ, അനവധിഗുണമനുഭൂയതേ,
ചിരമായുരനവധി ജായതേ, വൃന്ദാരകാധിപതി ചൊന്നതിൽ
ഒരുവനെ നന്നായ് വിചാരിച്ചുറച്ചിന്നേ വരിച്ചുകൊൾക!

അതിമധുരമായ അമൃതു കുടിച്ചും വിനോദങ്ങളിലേർപ്പെട്ടും പലവിധ ഗുണങ്ങൾ അനുഭവിച്ചും വളരെക്കാലം മരണമില്ലാതെ ജീവിച്ചും സുഖമായി കഴിയുന്ന അവരിലൊരാളെ നീ നന്നായി ചിന്തിച്ചുറപ്പിച്ച് ഇന്നുതന്നെ മനസാ വരിക്കണമെന്നു ദേവേന്ദ്രൻ പറഞ്ഞയച്ചിട്ടുണ്ട്!

പദം 25 : ചരണം 3 : വല്ലഭനുണ്ടുള്ളിൽ പുറത്തില്ല കാണ്മാനും, പാരമല്ലലുണ്ടവനെപ്പോലെ നല്ലവൻ നീയും വല്ലായ്മ ജീവിപ്പാൻ മമ, തെല്ലനേരം വാണു നല്ലവചനം ചൊൽകിലില്ല വൈഷമ്യം

ഞാൻ മനസാ വരിച്ച പുരുഷനെ നേരിട്ടു കാണാത്തതിന്റെ സങ്കടം മൂലം എനിയ്ക്കിപ്പോൾ ജീവിക്കാൻപോലും തോന്നുന്നില്ല! അവനെ-പ്പോലെ നല്ലവനായ നീ കുറച്ചുനേരം ഇവിടെയിരുന്നു സംസാരിച്ചാൽ എനിയ്ക്കൊരുപക്ഷേ മനസ്സിനു തെല്ലൊരാശ്വാസമാകുമായിരുന്നു!

പദം 26 : ചരണം 4 : ഹന്ത കേൾ ദമയന്തി, നിന്നുള്ളിൽ അന്ധഭാവം അനന്തമേ, വന്ദനീയന്മാരെ വെടിയുന്നതിന്മൂലം മന്ദിരത്തിലേവം വന്നിരന്നതോ? വൃന്ദാരകവരരെ നിന്ദ ചെയ്യൊരു നിനക്കിന്നാരൊരുവൻ ബന്ധു, എന്നാലതറിയേണം!

ഹാ ദമയന്തി, കഷ്ടം! നിന്റെ അജ്ഞതയ്ക്കു യാതൊരു പരിധിയുമില്ല ല്ലോ! നേരിട്ടു വന്നു യാചിച്ചതുകൊണ്ടാണോ നീ ആദരിക്കേണ്ടവരെ നിന്ദിക്കുന്നത്? ദേവന്മാരെ തള്ളിപ്പറയുന്ന നിന്നെ ഇനിയാരാണു സഹായിയ്ക്കുൻ വരുന്നത്? നിന്റെ ആ ആത്മബന്ധുവിനെ എനിയ്ക്കൊന്നു നേരിട്ടറിയണമല്ലോ!

പദം 26 : ചരണം 5 : ഇന്ദ്രയമശിഖിപാശികളിന്നു ചൊന്ന വാക്കിനില്ല ആദരം, എന്നു വന്നതിൻ കാരണം വന്നൊരെന്നിലുള്ള നിന്ദ നിർണയം! ഇന്ദ്രാദിയോടു ചൊൽവേൻ, അന്യം നിയോഗിച്ചെന്നാൽ സന്ദേഹമില്ലവർകൾ നിന്നെയും കൊണ്ടുപോമേ!

ഇന്ദ്രനും യമനും അഗ്നിയും വരുണനുംകൂടി പറഞ്ഞ വാക്കിനു നീ വില നൽകാത്തതു തീർച്ചയായും ഒരുപക്ഷേ എന്നോടുള്ള വെറുപ്പുമൂലമായിരിക്കാം; അതുകൊണ്ട് എനിക്കു പകരം മറ്റൊരാളെ പറഞ്ഞു വി

ട്ടാൽ അവർ വന്നു നിന്നെ കൈയോടെ കൊണ്ടുവരുമെന്നു ഞാനുടനെ ഇന്ദ്രനോടു ചെന്നു പറയാം!

പദം 25 : ചരണം 4 : പതിദേവതമാരനവധി ഭുവി കേൾ,
അതിലൊന്നല്ലോ ഞാൻ, ചതി ദേവതകൾ തുടർന്നീടുകിലോ,
ഗതിയാരവനീതലേ?
പതിസമനെന്നോർത്തിതു കേൾ നിന്നോടുദിതം നേരെല്ലാം
ഇതരനോടില്ലതുമോർത്തവരോടു സദൃശം വദ നീ പോയ്

ഭർത്താവിനെ ദേവനായി കരുതുന്നവരിൽ ഒരുവൾ മാത്രമാണു ഞാൻ! പക്ഷേ, ദേവന്മാരിങ്ങനെ ചതി തുടങ്ങിയാൽ പിന്നെ എനിയ്ക്കാരാണു ശരണം? നിന്നെ ഭർത്താവിനു തുല്യനായി കരുതിയാണു ഞാനിത്രയും പറഞ്ഞത്, മറ്റാരായാലും പറയില്ല; ഇതെല്ലാം ചിന്തിച്ചു നീ തന്നെ അവരോടു തക്കതായൊരു മറുപടി പറഞ്ഞാൽ മതി!

രംഗം 12 : കുണ്ഡിനത്തിലേയ്ക്കുള്ള വഴി

ശ്ലോകം 22 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
ഇത്യേവം ദമയന്തി തൻ മൊഴികൾ കേട്ടത്യന്തമാശ്ചര്യവും
വാത്സല്യം ബഹുമാനവും പ്രണയവും ചീർത്തു നളന്നാശയേ
ആർത്താവേശമിമാം പിരിഞ്ഞുതരസാ പോന്നു തിരോഭൂതനായ്
വാർത്താമാഹസഹസ്രനേത്രഹുതഭുക്കീനാശപാശായുധാൻ

ദമയന്തിയുടെ ഈ വാക്കുകൾ കേട്ടു നളന്റെ മനസ്സിൽ വിസ്മയവും വാത്സല്യവും ആദരവും പ്രണയവും വളർന്നു. പക്ഷേ ആ വികാരാവേശം മറച്ചുവെച്ച് നളനുടനെ തിരസ്കരണി പ്രയോഗിച്ചു സ്വയം അപ്രത്യക്ഷനായി തിരിച്ചുചെന്നു വിവരങ്ങൾ ഇന്ദ്രനേയും അഗ്നിയേയും യമനേയും വരുണനേയും യഥാവിധി ധരിപ്പിച്ചു.

പദം 27 : നളൻ: (രാഗം : മോഹനം താളം : മുറിയടന്ത) :
പല്ലവി : ശരണം ദേവേശ്വര, ഭവദീയചരണയുഗളം മേ!

ദേവേശ്വര, ഞാൻ നിന്റെ കാലിണകൾ ശരണം പ്രാപിക്കുന്നു!

അനുപല്ലവി : ഹരിണമിഴി തന്നുടെ അരികിലേ ഗമിച്ചേൻ ഞാൻ,
ഒരു ഫലമുളവായീലറിയിപ്പനിനിയെന്തു?

ദമയന്തിയുടെ അടുത്തു ചെന്നു ഞാൻ വിവരങ്ങൾ പറഞ്ഞെങ്കിലും യാതൊരു ഫലവുമുണ്ടായില്ല, ഇനിയെന്തു ചെയ്യും?

ചരണം 1 : ആരും കാണാതെ കടന്നു ചെന്നേനങ്ങു,
നാരീമണി തന്നരികിൽ നിന്നേൻ, വേറേവേറേ അഭിമതങ്ങൾ
ചൊന്നേൻ, പിന്നെ സാമസരണിയിലേ ചിരമിരന്നേൻ,
അതിനൊരുത്തരമാഭിമുഖ്യവുമവൾ തരാഞ്ഞതി കുപിതനായഹം,
അകഥയൻ ചില ഭേദവാക്കുകളറിക ചൊല്ലിയതനൃതമല്ലിതു

ആരുടേയും കണ്ണിൽപ്പെടാതെ ഞാൻ അന്തഃപുരത്തിൽ ചെന്നു ദമയന്തിയുടെ അടുത്തു ചെന്നു നിന്നു; നിങ്ങളോരോരുത്തരുടേയും മോഹം പ്രത്യേകം പറഞ്ഞു ഞാനവളെ വശത്താക്കാൻ കിണഞ്ഞു പരിശ്രമിച്ചു; അവളൊരു വിധവും വഴങ്ങുന്നില്ലെന്നുകണ്ടു ഞാൻ കോപിച്ചു ചില കടുത്ത വാക്കുകളും പ്രയോഗിച്ചു; ഇതൊന്നും പക്ഷേ നിങ്ങളെ പ്രീതിപ്പെടുത്താൻവേണ്ടി ഞാൻ നുണ പറയുന്നതല്ല!

ചരണം 2 : ആകുന്ന ഭേദമൊഴികൾ കേട്ടിട്ടും
അവൾക്കാകുലമുള്ളിൽ ഉണ്ടായീലൊട്ടും, ലോകപാലന്മാരേ
നാകസുഖമാർക്കു ഭാഗധേയമില്ലെന്നാകിൽ കിട്ടും?
അവളൊരുത്തനിൽ വെച്ചു മാനസം,
അസമസായകബാണസാക്ഷികൾ അഖിലസാക്ഷികൾ,

നിങ്ങളോടിതു മഹിളമാർമണി നാഹമാമപി

എന്റെ കടുത്ത കോപവാക്കുകൾ കേട്ടിട്ടും അവളുടെ മനസ്സിനൊരു കുലുക്കമുണ്ടായില്ല. ഈശ്വരന്മാരേ, ഭാഗ്യമില്ലാത്തവർക്കെങ്ങനെ സ്വർഗസുഖം ലഭിയ്ക്കും? അവളേതോ ഒരു പുരുഷനെ മനസാ വരിച്ചു കഴിഞ്ഞു. കുലകന്യകയായ അവൾ സർവലോകസാക്ഷികളായ നിങ്ങളോടതു തുറന്നു പറയുന്നില്ലെന്നു മാത്രം!

ചരണം 3 : അരുളിച്ചെയ്തപോലിതെല്ലാം കേട്ടേൻ, അഗതിയെനിയ്ക്കിനി
ആവതെന്തിപ്പോൾ? അപരനെയങ്ങു നിയോഗിച്ചാലും,
ദ്രുതമപഹരിച്ചാലും, അവളെ വേഗാത്
'അബലമാരതി ചപലമാരി'തി, പറവതിനു നഹി കുറവു കിഞ്ചന,
ലാളനേന വശീകരിച്ചു രമിച്ചു കൊള്ളുക നല്ല വേണ്ടുകിൽ!

നിങ്ങൾ പറഞ്ഞതെല്ലാം അതേപടി ഞാൻ അനുസരിച്ചു, നിസ്സഹായനായ ഞാൻ ഇനിയെന്തു ചെയ്യും? നിങ്ങൾ മറ്റൊരാളെ പറഞ്ഞുവിട്ടു പെട്ടെന്നവളെ മോഷ്ടിച്ചു കൊണ്ടുപോരുന്നതാണു നല്ലത്! 'സ്ത്രീകൾ പൊതുവേ ചപലകളാണെ'ന്ന ചൊല്ല് അക്ഷരംപ്രതി ശരിയാണ്! അതുകൊണ്ട് എങ്ങനേയും അവളെ ലാളിച്ചു വശത്താക്കി സുഖം കണ്ടെത്തുന്നതാണു നിങ്ങൾക്കുചിതം!

പദം 28 : ഇന്ദ്രൻ : (രാഗം : മദ്ധ്യമാവതി താളം : ചെമ്പട)
ചരണം 1 : പോക ഭവാനും സ്വയംവരത്തിനു, യത്നം ചെയ്ക
നിനക്കവളെ ലഭിപ്പാൻ, സ്നേഹം കൊണ്ടേവരുമൊന്നല്ലോ നാം,
നമ്മിലേകനേ വേണം അവൾക്കു വരൻ, അപരനെപ്പുനരവൾ
വരിയ്ക്കിൽ, അനർത്ഥമവനുമവൾക്കു മുണ്ടതി,നെഞ്ഞുമേ
വയമസ്തസംശയമസ്ഥലത്തിൽ, ഒരുത്തലെന്നിയേ,
സുമതേ രാജേന്ദ്ര, നിന്നുടെ മനം ദുരിതസരണിവിമുഖം!

ഇനി നിനക്കും സ്വയംവരത്തിൽ പങ്കെടുത്തു ദമയന്തിയെ പത്നിയാക്കാൻ ശ്രമിക്കാം, നാമിപ്പോൾ അഞ്ചുപേരും ഉറ്റ സുഹൃത്തുക്കളായിക്കഴിഞ്ഞു; നമ്മളിലൊരാളെ മാത്രമേ അവൾ വരിയ്ക്കാവൂ! അല്ലെങ്കിൽ അവർ രണ്ടുപേർക്കും ഒരുപാട് അനർത്ഥങ്ങൾ വരാനിടയുണ്ട്! ഞങ്ങളെ ന്തായാലും കൃത്യസമയത്തു സ്വയംവരമണ്ഡപത്തിലുണ്ടാകും. രാജാവേ, നിന്റെ മനസ്സ് സദാ ശുദ്ധവും ധാർമ്മികവുമായിരിയ്ക്കട്ടെ!

രംഗം 13 : അസുരലോകം

ശ്ലോകം 23 : (വൃത്തം : മന്ദാക്രാന്ത)
തുഷ്ടൈരേവം സുരപരിവൃഢൈർന്നൈഷധേന്ദ്രേ വിസൃഷ്ടേ
ഹൃഷ്ടേ മഞ്ചം ഗതവതി വിദർഭേന്ദ്രദിഷ്ടം വിശിഷ്ടം
സപ്തദ്വീപാധിപനൃപകുലേ സോപദേവേ സുരൌഘേ-
പ്യത്രാ വാപ്തേ നിശിചരഗണാഃ പ്രോചുരഭ്യേത്യ ദൈത്യാൻ

ദേവന്മാരുടെ അനുഗ്രഹം സ്വീകരിച്ചു വിട വാങ്ങിയ നളൻ വിദർഭരാജാവിന്റെ അതിഥിയായി കഴിയുമ്പോൾ, ഏഴു ദ്വീപുകളിൽ നിന്നുള്ള രാജാക്കന്മാരും ദേവന്മാരും സ്വയംവരത്തിൽ പങ്കുകൊള്ളാൻ വന്നുകൊണ്ടിരിയ്ക്കുമ്പോൾ, ദമയന്തീസ്വയംവരവാർത്ത കേട്ടറിഞ്ഞ രാക്ഷസന്മാർ അസുരന്മാരുടെ അടുത്തു വന്നു പറഞ്ഞു

പദം 29 : രാക്ഷസന്മാർ : (നാട്ടക്കുറിഞ്ഞി : അടന്ത)
പല്ലവി : സമർത്ഥരെന്തീവണ്ണം നിങ്ങൾ ദാനവന്മാരേ
പ്രമത്തരായിരിപ്പതിപ്പോൾ?

സമർത്ഥരായ അസുരന്മാരേ, എന്താണു നിങ്ങളിങ്ങനെ യാതൊരു ഉന്മേഷവുമില്ലാതെ വിഷാദിച്ചിരിക്കുന്നത്?

അനുപല്ലവി : പുമർത്ഥസാരനീതി കളത്രലാഭലോഭേന,

ചതുർദ്ദേശവാസികളെത്ര സംഭ്രമിക്കുന്നു

പുരുഷാർത്ഥങ്ങളിൽവെച്ച് ഏറ്റവും പ്രധാനമായ ഭാര്യാസുഖം നേടാൻ മോഹിച്ച ലോകത്തിന്റെ നാലുദിക്കിൽനിന്നും വന്നവർ ഇതാ ഓടിനടക്കുന്നതു കാണുന്നില്ലേ?

ചരണം 1 : ധരിത്രിയിൽ വിദർഭമന്ദിരത്തിലുണ്ടൊരുത്തിപോൽ,
തരത്തിൽ ഇല്ലവൾക്കാരും സുരസ്ത്രീനികരത്തിലും,
പ്രവൃത്തം തത് സ്വയംവരം നിമിത്തീകൃത്യ കുണ്ഡിനപുരത്തിലേ,
സമസ്തരും നിരത്തിച്ചെന്നിരിക്കുന്നു
ഭൂമിയിലെ വിദർഭരാജധാനിയിൽ ദേവസ്ത്രീകളേക്കാൾ സുന്ദരിയായൊരു പെണ്ണുണ്ടെന്നു കേൾക്കുന്നു, അവളുടെ സ്വയംവരം പ്രമാണിച്ച നാലു ദിക്കിലും നിന്നു ദേവന്മാരും രാജാക്കന്മാരും കുണ്ഡിനത്തിലെത്തി സ്ഥാനം പിടിച്ചു നിരന്നിരുന്നു കഴിഞ്ഞു

പദം 30 : ദാനവന്മാർ : (രാഗം : ശങ്കരാഭരണം താളം : ചെമ്പട)
പല്ലവി : മതി ചൂതു ചതുരംഗവും,
രാക്ഷസരെന്തു ചതിയോ ചൊന്നതു നേരോ?

നമുക്കു ചൂതും ചതുരംഗവും മതിയാക്കി ഈ രാക്ഷസന്മാർ പറയുന്നതു നേരാണോ നുണയാണോ എന്നു ചോദിച്ചറിയാം!

അനുപല്ലവി : ക്ഷിതിയിലുള്ളൊരു നാരി, അതിരൂപിണി
എന്നാലും ത്രിദിവവാസികൾക്കേവം രതി വന്നതതികുതുകം!

അതിസുന്ദരിയാണെങ്കിലും ഭൂമിയിലുള്ള ഒരു സ്ത്രീയുടെ പേരിൽ ദേവന്മാർക്കു മോഹം തോന്നിയതു വിചിത്രമായിരിക്കുന്നു!

ചരണം 1 : മരിച്ചുപോയ് മഹാലക്ഷ്മി, മനുഷ്യഭുവനേ ചെന്നു

ജനിച്ചാളല്ലയോ എന്നു നിനച്ചാലുണ്ടവകാശം,
തനിച്ചു നിദ്ര കണ്ടേറ്റമനിച്ഛ വന്നിതു വിഷ്ണൌ,
ഗുണജ്ഞെയ്ക്കില്ലനർഗളമിണക്കം നിർവികാരനിൽ!

സദാ യോഗനിദ്രയിൽ മയങ്ങുന്ന വിഷ്ണുവിനോടു താൽപ്പര്യം വെടിഞ്ഞു മഹാലക്ഷ്മി നേരേ ഭൂമിയിൽ ചെന്നു ജനിച്ചതാണെന്നു തോന്നും, അവളെ കണ്ടാൽ! ഗുണവതികൾക്കു നിർവികാരരായ പുരുഷന്മാരിൽ താൽപ്പര്യമുണ്ടാവാനിടയില്ലല്ലോ!

പദം 29 : ചരണം 2 : വധിയ്ക്കേണം നൃപന്മാരെ, ചതിയ്ക്കേണം
സുരന്മാരെ, ചരിയ്ക്കേണമഹികളെ, ഹരിയ്ക്കേണമവളെ നാം,
കൊതിയ്ക്കേണമശക്തന്മാർ, നടക്ക നാമവിടേയ്ക്കു
മിനക്കെട്ടിങ്ങിരുന്നാലോ കനക്കേടു വരും പാരം

എങ്കിൽ നമുക്കു രണ്ടു കൂട്ടർക്കും കൂടി ചെന്നു രാജാക്കന്മാരെ വധിച്ച്, ദേവന്മാരെ ചതിച്ച്, സർപ്പങ്ങളെ ഭക്ഷിച്ച്, ദുർബലന്മാർക്ക് അസൂയ തോന്നുന്ന വിധം ദമയന്തിയെ കൂട്ടിക്കൊണ്ടുപോരാം; മൗഢ്യം ഭാവിച്ചു മടിച്ചിരിയ്ക്കാതെ നമുക്കുടനെ പുറപ്പെടാം!

രംഗം 14 : കുണ്ഡിനരാജധാനി

ശ്ലോകം 24 : (വൃത്തം : ആര്യ)
രാക്ഷസദാനവവീരാ രുക്ഷരവാഘോഷഭീഷണം ഗത്വാ
കുണ്ഡിനപുരപരിമിളിതാൻ കിന്നരസുരപന്നഗാനവദൻ

അങ്ങനെ വീരന്മാരായ രാക്ഷസന്മാരും അസുരന്മാരും ശബ്ദഘോഷം മുഴക്കി കുണ്ഡിനനഗരത്തിൽ ചെന്നു നീചരായ ചില മനുഷ്യരേയും ദേവന്മാരേയും സർപ്പങ്ങളേയും സമീപിച്ചു പറഞ്ഞു.

പദം 31 : രാക്ഷസദാനവന്മാർ : (സാരംഗം : ചെമ്പട)
പല്ലവി : ഹിതമല്ലഹിതന്മാരേ യുഷ്മദീഹിതം!

ഞങ്ങളുടെ ചിരവൈരികളായ ദേവന്മാരേ, നിങ്ങളുടെ ഈ അത്യാഗ്രഹം തീരെ പൊറുക്കാവതല്ല!

അനുപല്ലവി : വിതതം ഗഗനം ക്ഷിതിതലമപിഹിതമഭിഹിതമപി
ഹിതവചനം ന ശൃണുഥ

പരന്ന ആകാശവും തുറന്ന ഭൂമുഖവും വെടിഞ്ഞു നിങ്ങളെന്തിനിവിടെ വന്നു? നല്ലതു പറഞ്ഞാലും നിങ്ങൾ പക്ഷേ ചെവിക്കൊള്ളില്ല!

ചരണം 1 : സ്ഥാനങ്ങളിലെല്ലാം മാന്യസ്ഥാനം,
മാനികളായ ദാനവരാക്ഷസന്മാർക്കു നൂനം ബ്രഹ്മനിർമ്മിതം,
നമ്മുടെ നാടിപ്രപഞ്ചം, നിർമ്മര്യാദികളേ നിങ്ങൾ
നമ്മുടെ മതമറിഞ്ഞു നമ്മെസ്സേവിച്ചിരിക്കണം!

ബ്രഹ്മാവ് നിർമ്മിച്ച ഈ ഭൂലോകത്തു രാക്ഷസന്മാർക്കും ദാനവന്മാർക്കുമാണു മാന്യസ്ഥാനം നിശ്ചയിച്ചിട്ടുള്ളത്. ഈ നാട്ടിൽ താമസിച്ച മര്യാദകേടു കാണിക്കാതെ നിങ്ങൾ ഞങ്ങളുടെ ഇഷ്ടം മാനിച്ച ഭൃത്യരായി കഴിയുകയാണു വേണ്ടത്!

ചരണം 2 : ദാരസുഖം പോരാ എന്നു ഞങ്ങൾ,
ലോകസാമ്രാജ്യസാരത്തിലുണർത്തി, രസഭംഗമതു കേട്ടപ്പോൾ
ധാതാവരുൾ ചെയ്തു, ബഹുപ്രീതിയാൽ ഞങ്ങൾക്കുവേണ്ടി
ചൂതശരദേവതയെ ഭൂതലേ സൃഷ്ടിപ്പനെന്നു

ഭാര്യാസുഖത്തിൽ തീരെ തൃപ്തി വരുന്നില്ലെന്നു ഞങ്ങൾ ചെന്നു ലോകസാമ്രാജ്യസഭയിൽ പരാതി പറഞ്ഞപ്പോൾ ബ്രഹ്മാവ് വളരെ വാ

ത്സല്യപൂർവം ഞങ്ങൾക്കുവേണ്ടി ഭൂമിയിലൊരു സൗന്ദര്യദേവതയെ സൃഷ്ടിക്കാമെന്നു വാഗ്ദാനം ചെയ്തിരുന്നു.

ചരണം 3 : ഈശ്വരമതങ്ങളാരറിഞ്ഞു നിങ്ങളെന്തോർത്തു
കാഴ്ച കാണ്മാനിരുന്നു തെളിഞ്ഞു? ദൂരത്തു നിൽപ്പിൻ!
ഈ ചപലതകൾ കണ്ടാലീർഷ്യയുണ്ടാം ഞങ്ങൾക്കേറ്റം
തീർച്ച ചൊല്ലാം, നിങ്ങൾക്കാർക്കും വേഴ്ച വേണ്ടാ കന്യകയിൽ

ഈശ്വരനിശ്ചയമെന്താണെന്നു നമുക്കാർക്കും അറിയില്ല! പക്ഷേ എന്തോർത്താണു നിങ്ങളിവിടെ വന്നു കാഴ്ച കണ്ടു രസിക്കുന്നത്? മാറി നിൽക്ക്, നിങ്ങളുടെ ഈ ചാപല്യങ്ങൾ കണ്ടു ഞങ്ങൾക്കു കോപം വരുന്നുണ്ട്; ഒരു കാര്യം പറയാം, ഈ കന്യകയുടെ പേരിൽ നിങ്ങളാരും മനസ്സിലൊരു മോഹവും വെച്ചു പുലർത്തേണ്ട!

രംഗം 15 : കുണ്ഡിനത്തിലെ കൊട്ടാരം

ശ്ലോകം 25 : (വൃത്തം : മന്ദാക്രാന്ത)
'മദ്ഭാര്യേയം' മമ ഹി മഹിഷീയം'മമൈവ പ്രിയേയം' '
യൂയം മൂഢാ' ഇതികൃതമിഥോ രോഷപോഷൈഃ സഘോഷൈഃ
വ്യാപ്തേ ദേവാസുരഫണിനരൈ"കുണ്ഡിനേ ഭീതി മുഹ്യദ്
ഭീമാരാദ്ധപ്രമുദിതഹരിപ്രേരിതാ വാണ്യഭാണീത്

'എന്റെ ഭാര്യ, എന്റെ രാജ്ഞി, എന്റെ പ്രിയതമ, നിങ്ങളെല്ലാം വെറും മൂഢന്മാർ', എന്നിങ്ങനെ ഓരോരോ അവകാശവാദം മുഴക്കുന്ന ദേവന്മാരും അസുരന്മാരും സർപ്പങ്ങളും കുണ്ഡിനരാജധാനിയിൽ വന്നു നിറഞ്ഞു; ഭീമരാജാവിന്റെ പാദപൂജയേറ്റു സന്തോഷിച്ച മഹാവിഷ്ണുവിന്റെ നിയോഗപ്രകാരം വന്നെത്തിയ സരസ്വതി രാജാവിനോടായി ഇങ്ങനെ പറഞ്ഞു

പദം 32 : സരസ്വതി: (രാഗം : ഭൈരവി താളം : ചെമ്പട) :
പല്ലവി : ഭീമകാശ്യപീ രമണ മാ മാ ഭവാനയതു ഖേദം!

ഭീമരാജാവേ, മകളുടെ സ്വയംവരവുമായി ബന്ധപ്പെട്ടു യാതൊരു തരത്തിലും അങ്ങു വ്യാകുലപ്പെടേണ്ടതില്ല!

അനുപല്ലവി : മാമധുനാ, മധുവൈരി ഭഗവാനരുളി
നിൻ പുത്രിയാം ദമയന്തിയെ ബോധയിതുമുപേതാൻ,
പുരുഷാനശേഷാൻ സുവേഷാൻ

ഇവിടെ വരവേഷത്തിൽ വന്നിരിയ്ക്കുന്നവരെ മുഴുവൻ ദമയന്തിക്കു പരിചയപ്പെടുത്താൻ വിഷ്ണു പറഞ്ഞയച്ചു വന്നതാണു ഞാൻ!

ചരണം 1 : ചൂതസായകനു ലോകഭേദവും ദ്വീപഭേദവുമതുണ്ടോ?
ഭൂതലത്തിലുള്ളവരെല്ലാവരും ഇവിടെ ഉപഗമിതരായ്
ഉൾപ്രീതിയോടു, നാകത്തിൽ വസിപ്പവരൊക്കവേ ഇവിടെ വന്നു,
ആദരാതിശയമുൾക്കൊണ്ടസുരന്മാരും ഫണിവരരുമെല്ലാം
മോദമോടിവിടെ വന്നു, മൂവുലകിലുമുള്ളവരെല്ലാവരും

കാമദേവനു ലോകത്തിലെ വിവിധരാജ്യങ്ങൾ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? നോക്കൂ, ഇവിടെ ഭൂമിയിലുള്ളവരെല്ലാം വന്നിട്ടുണ്ട്, സ്വർഗവാസികളും എത്തിക്കഴിഞ്ഞു, അസുരന്മാരും സർപ്പങ്ങളും ഭീമരാജാവിന്റെ ആദരവേറ്റു വാങ്ങി സന്തുഷ്ടരായി; മൂന്നു ലോകത്തുനിന്നുള്ളവരേയും നമുക്കിവിടെ കാണാം!

ചരണം 2 : ഇന്നു കേൾ ഇവിടെ വന്ന പരിഷയുടെ അന്വയം
ഗുണവുമെല്ലാം, എന്നുടെ മനസി തോന്നുമെന്നിഹ മുകുന്ദനേകി
വരവും മേ, നിന്നുടെ തനയ തന്നുടെ സഖിയെന്നെന്നെ
നീയറിക രാജൻ! വർണനേ സദസി എന്നോടു നേരിടും

അന്യനെന്നരുതു ശങ്കാ, ദണ്ഡമേതുമില്ലൊന്നിനുമിന്നിഹ,
മന്നവർമൌലേ വൃഥാ മാന്ദ്യം!

കേൾക്കു, ഇന്നിവിടെ വന്നിട്ടുള്ള വരണാർത്ഥികളുടെ പേരുൾപ്പെടെ സകല വിവരങ്ങളും യഥാസമയം മനസ്സിൽ താനേ തെളിഞ്ഞുവരു മെന്നൊരു വരവും വിഷ്ണു എനിയ്ക്കു തന്നിട്ടുണ്ട്. രാജാവേ, നിന്റെ മകളു ടെ തോഴിയായി മാത്രം എന്നെ കണ്ടാൽ മതി! ഓരോന്നും വർണിച്ചു കേൾപ്പിക്കുന്നതിൽ എന്നേക്കാൾ കഴിവു മറ്റൊരാൾക്കില്ല; എല്ലാം ഞാൻ വേണ്ടപോലെ ചെയ്തു കൊള്ളാം, അങ്ങ് യാതൊരുവിധത്തി ലും വിഷാദിയ്ക്കേണ്ട കാര്യമില്ല!

ചരണം 3 : തുംഗഭാഗ്യവിളനിലമേ, മങ്ങരുതെങ്ങു നിന്മകൾ ഉദാരാ?
മംഗലാംഗനകൾ ധാത്രികൾ, വേത്രികൾ കിങ്കരാവലിയുമെങ്ങു?
മംഗലാപ്ലവനമംഗ, വൈകരുതു സംഗതം ഖലു മുഹൂ ർത്തം,
കുങ്കുമാദികൾ ദുകൂലമാഭരണമിങ്ങു സർവമുപനേയം,
ശംഖമദ്ദളമൃദംഗാദികളും ശീഘ്രമാനയിക്ക, ശിബികയുമിവിടെ!

ഭാഗ്യവാനായ നീയുടനെ മൌഢ്യം വെടിയൂ! നിന്റെ മകളെവിടെ? അമ്മമാരും സുമംഗലികളും ദാസികളും തോഴികളും അകമ്പടിക്കാരു മെവിടെ? ഇതാ മംഗല്യസ്നാനത്തിനു സമയമായി, മുഹൂർത്തം തെറ്റാ തെ നോക്കണം, കുങ്കുമലേപവും വേഷഭൂഷാദികളും ധരിപ്പിച്ചു വധുവി നെ കൊണ്ടുവരൂ, മംഗളവാദ്യഘോഷങ്ങൾ നാലുപാടും മുഴങ്ങട്ടെ! ഇതാ വധുവിന്റെ പല്ലക്കു വന്നെത്തിയല്ലോ!

പദം 33 : ഭീമൻ : (രാഗം : സാവേരി താളം : ചെമ്പട)
പല്ലവി : തീർന്നു സങ്കടം സാമ്പ്രതം വന്നുചേർന്നു മംഗലം പൂർണമായ്

ഇന്നിപ്പോൾ എന്റെ സങ്കടങ്ങളെല്ലാം തീർന്നു, ഇതാ മംഗളമുഹൂ ർ ത്തവും വന്നെത്തി!

അനുപല്ലവി : പുണ്യപുമാനിന്നു ഞാനെന്നു തെളിഞ്ഞു മന്യേ!

എന്റെ പൂർവപുണ്യങ്ങൾ തെളിയുന്നതായി ഇന്നു ബോദ്ധ്യപ്പെട്ടു!

ചരണം 1 : ഏതൊരു കാര്യത്തിനും വേണം പൂമകൾകാന്തൻ
പാദകമലയുഗദ്ധ്യാനം, എന്നാൽ ഒഴിയും ബാധകളുണ്ടാകിലും
നൂനം, ചിന്തിതമെല്ലാം സാധിക്കും തീരുമവമാനം, വരുമഭിമാനം!

ഏതൊരു കാര്യവും മംഗളകരമായിത്തീരാൻ മഹാവിഷ്ണുവിന്റെ പാദങ്ങൾതന്നെ ധ്യാനിയ്ക്കണം! അപ്പോൾ സകല വിഘ്നങ്ങളും താനേ ഒഴിഞ്ഞു പോകും തീർച്ച! മാത്രമല്ല, ചിന്തിച്ചതെല്ലാം സാധിച്ച്, അപമാനങ്ങൾ നീങ്ങി അഭിമാനവും വന്നുചേരും!

ചരണം 2 : താർത്തരുണീരമണൻതന്റെ ആജ്ഞാകാരിണി
ആർത്തിഹാരിണി ദേവി, നിന്റെ കുങ്കുമശോണം കാൽത്തളിരിണ
പണിയുന്നേൻ, വർണയ ജനസാർത്ഥഗുണം
ഞാൻ നിന്നെ വിശ്വസിക്കുന്നേൻ

മഹാവിഷ്ണുവിന്റെ നിർദ്ദേശപ്രകാരം എന്റെ സങ്കടങ്ങൾ തീർക്കാനെത്തിയ നിന്റെ കുങ്കുമാങ്കിതപാദങ്ങൾ ഞാൻ വന്ദിക്കുന്നു! ഇവിടെ വന്ന വരണാർത്ഥികളുടെ ഗുണഗണങ്ങൾ വർണിക്കുന്ന കാര്യത്തിൽ നിന്നെ ഞാൻ പൂർണമായും വിശ്വസിക്കുന്നു!

ചരണം 3 : ബാലേ തനയേ ദമയന്തി, ഹന്ത
നിനക്കൊരാളിയിതല്ലോ വന്നു കാൺക,
വന്നിരിക്കുന്ന മാലോകരെ അറിഞ്ഞു ചൊന്നാൽ,
വേണുന്നവരെ മാലയിട്ടു വരിക്ക നന്നായ്, മാൽ തീരുമെന്നാൽ!

മകളേ ദമയന്തി, നിനക്കിതാ പുതിയൊരു തോഴി വന്നിരിക്കുന്നു, നോക്കു, ഇവിടെ വന്ന വരണാർത്ഥികളുടെ ഗുണഗണങ്ങൾ മനസ്സിലാക്കി നിനക്കിഷ്ടപ്പെട്ടവനെ മാലയിട്ടു ഭർത്താവായി സ്വീകരിക്കാം, അതോടെ നിന്റെ സകല സങ്കടങ്ങളും തീരും!

രംഗം 16 : കുണ്ഡിനത്തിലെ സ്വയംവരമണ്ഡപം

ശ്ലോകം 26 : (വൃത്തം : കുസുമമഞ്ജരി)
താതവാഗ്ഭിരിതി ജാതമോദഭര മാതൃചോദിതവധൂജനൈഃ
സ്ഫീതവാദ്യരവമേദുരാരചിത കൌതുകാപ്ലവമനോഹരാ
നൂതനാംശുകനിവീതമൂർത്തിരഥ ജാതരൂപശിബികാസ്ഥിതാ
സാതിലോലയുവയൂഥഗാ വചനനാഥയാകഥി നൃപാത്മജാ!

പിതാവിന്റെ വാക്കുകൾ കേട്ടു സന്തോഷവതിയായ ദമയന്തി വാദ്യമേളങ്ങളുടെ അകമ്പടിയോടെ, അമ്മ നിയോഗിച്ച സുമംഗലികളുമായി മംഗല്യസ്നാനം ചെയ്തു കോടിവസ്ത്രം ധരിച്ചു മനോഹരിയായി, സ്വർണപ്പല്ലക്കിൽ കയറി സഭാവേദിയിൽ വരണാർത്ഥികളായ യുവരാജാക്കന്മാരുടെ മുമ്പിൽ വരണമാല്യവുമായി ചെന്നു നിന്നപ്പോൾ സരസ്വതീദേവി ഇങ്ങനെ പറഞ്ഞു.

പദം 34 : സരസ്വതി: (രാഗം : തോടി താളം : ചെമ്പട)
പല്ലവി : ബാലേ സദ്ഗുണലോലേ, മംഗലശീലശാലിനി കേൾ നീ

രാജകുമാരി, സദ്ഗുണങ്ങളോടു മമത പുലർത്തുന്ന സുശീലയായ നീ ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കു!

അനുപല്ലവി : പ്രാലേയരുചിമുഖി ദമയന്തി,
മാലകൊണ്ടൊരുവനെ വരിച്ചീടുക നീ!

സുന്ദരിയും യൌവനയുക്തയുമായ ദമയന്തി, നീയിവിടെ വരണാർ-ത്ഥികളായി വന്നിട്ടുള്ളവരിൽ ഒരാളെ മാലയിട്ടു വരിയ്ക്കു!

ചരണം 1 : സമസ്തജനകൃതയശഃസ്തവം ഏകമമർത്ത്യപരിഷയിൽ
വരിക്ക നീ, അല്ലെന്നിരിയ്ക്കിലസുരരുണ്ടിരിക്കുന്നു
ലോകമമർത്തു സുഖിക്കുന്ന സമർത്ഥരായ് പന്നഗവരരിതല്ലോ
ചാരണകിന്നരവരരുമിതാ, യദിതവ ചൊന്നതിൽ നഹികൌതുകം
കാൺക നീ മന്നവർപരിഷകളെ ഇവൻ കേൾ പുഷ്കരദ്വീപാധിപൻ
ഇവനല്ലോ ശാകദ്വീപനായകൻ, ക്രൌഞ്ചദ്വീപേശ്വരനോ
വാഞ്ഛിതൻ? ഭജിക്ക നീ കുശദ്വീപനാഥനെ കണ്ടാലുമെടോ
ശാൽമലദ്വീപാധീശം നിർമ്മലസുപ്രകാശം, പ്രേക്ഷിതനായോ
നിന്നാൽ പ്ലക്ഷമഹാദ്വീപേന്ദ്രൻ? നിന്മൂലം വന്നിരിക്കുന്ന
ജംബുദ്വീപഭൂപന്മാരിൽ കണ്ണുനയങ്ങയയ്ക്ക നീ കുമുമുഖി ദമയന്തി!

ദേവഗണങ്ങളിൽനിന്നു സകലരും പൂജിക്കുന്ന ഒരു ദേവനെ വേ ണമെങ്കിൽ നിനക്കു സ്വീകരിക്കാം, അതല്ലെങ്കിൽ ലോകമാകെ ചുറ്റി നടന്നു സുഖിക്കുന്ന സമർത്ഥരായ അസുരന്മാർ ഇവിടെയുണ്ട്; സർപ്പങ്ങളും കിന്നരചാരണന്മാരും അതാ നിരന്നിരിക്കുന്നു; അവരിലൊന്നും നിനക്കു താൽപ്പര്യമില്ലെങ്കിൽ ഭൂമിയിലെ രാജാക്കന്മാരെ നോക്കു, ഇവൻ പുഷ്കരദ്വീപിന്റെ രാജാവ്, തൊട്ടടുത്തു കാണുന്നതു ശാകദ്വീപിലെ രാജാവ്, അവനരികെ ക്രൌഞ്ചദ്വീപിലെ രാജാവ്, ഇഷ്ടമായെങ്കിൽ കുശദ്വീപിലെ ഈ രാജാവിനെ നിനക്കു ഭർത്താവായി വരിക്കാം, നന്നായി വെളുത്ത ആ ശാൽമലദ്വീപരാജാവിനെ നോക്കു, അപ്പുറത്തിരിയ്ക്കുന്ന പ്ലക്ഷദ്വീപരാജാവിനെ നീ കണ്ടില്ലേ? നിന്നെ കാണാൻ മാത്രമായി വന്ന ജംബുദ്വീപരാജാവിനു നേരേ നീയൊന്നു നോക്കുകയെങ്കിലും ചെയ്യൂ!

ചരണം 2 : അനന്തഗുണനിധി പരന്തപൻ, അവന്തിജനപദപുരന്ദരൻ,
നിനക്കിവങ്കലഭിരുചി ലവം ന ചേത്, പുനരിമം കലിംഗനെ വരിക്ക നീ,

കാശീനൃപമഥവാ സുമശരദേശീയം, കുടിലസുകേശി കുലകലികേ
ശാരദരാജീവാഭമുഖി, ഇവനല്ലോ ദിനകരകുലോദ്വഹൻ
ഋതുപർണനെന്നു ലോകവിശ്രുതൻ, ഗൌഡനൃപതിയിവ ൻ വീര്യവാൻ,
ഇവനല്ലോ ലാടധരണീശ്വരൻ, കന്ദർപ്പനിഭൻ പാണ്ഡ്യക്ഷിതിപൻ
വീരൻ, ചോളവിനേതാ ശൂരൻ, ഭീഷിതവൈരി സാരൻ നൈഷധനല്ലോ
സോയം ഇന്ദ്രനഗ്നിയമൻ പാശിയെന്നു നാൽവരിലിതാ നളൻ
തന്നരികിൽ മരുവുന്നു സുന്ദരി തത്സ്വരൂപന്മാർ!

ശത്രുക്കൾക്കു കാട്ടുതീയെന്നു പേരുകേട്ട നിരവധി ഗുണങ്ങളുള്ള അവന്തിരാജനെ ഇഷ്ടപ്പെട്ടില്ലെങ്കിൽ ഇതാ ഈ കലിംഗരാജാവിനെ നിനക്കു വരിക്കാം, അല്ലെങ്കിൽ കാശിരാജനെയുമാവാം; നീണ്ടു ചുരുണ്ട മുടിയുള്ള സുന്ദരിയായ നീ സൂര്യവംശരാജാവും മൂന്നു ലോകങ്ങളിൽ സുപ്രസിദ്ധനമായ ഋതുപർണനെ കണ്ടില്ലേ, വീരനായ ഗൌഡരാജാവും ഇവിടെയുണ്ട്; ഇദ്ദേഹമാണു ലാടരാജാവ്, ഇതാ കാമദേവ-നെപ്പോലെ സുന്ദരനായ പാണ്ഡ്യരാജാവ്, അതാ ശൂരവിക്രമനായ ചോളരാജാവ്; ശത്രുക്കളെ തുരത്തുന്നതിൽ വീരനായ ഇദ്ദേഹമാണു നിഷധരാജാവ് നളൻ; തൊട്ടരികെ അതേ രൂപത്തിൽ ഇന്ദ്രൻ അഗ്നി യമൻ വരു ണൻ എന്നീ നാലു ദേവന്മാരും നിരന്നിട്ടുണ്ട്!

ചരണം 3 : ദമയന്തി: ഹരിത്പ്രഭുക്കളെയൊരിക്കലും
അസത്ക്കരിച്ചതില്ലഹം കിനാവിലും,
എന്നങ്ങിരിക്കവേ പുനരിവർക്കഹോ,
നമ്മെ ചതിപ്പതിനു നഹി നിമിത്തവും! എങ്കലൊരപരാധം
വരുകിലിങ്ങനെ തുടരാമോ? ത്രിഭുവനസങ്കടഹരരിവർപോൽ?
ഹരഹര ശങ്കര കിം കരവൈ? ചെറിയ നാളിൽ തന്നെ തുടങ്ങി ഞാൻ
അറിവൻ, കണവൻ മമ നളനെന്നു, മറവില്ലതിനിങ്ങെന്നു വരികിലോ,
അറിയായ് വരിക മമ രമണനെ, ഒരു നാളും ഞാൻ മനസാ വപുഷാ
വാചാ ന നളാദിതരം ജാനേ, അതിനാൽ ദേവാമുദിതാ ദദതാം മേ തം
രമണം, ഇത്തൊഴിൽ വെടിഞ്ഞെന്നുടെ അത്തലൊഴിച്ചരുളേണം,

ഭക്തജനചിത്തമുണ്ടോ തപ്തമാക്കുമീശന്മാർ?
ഇന്ധാനേഹൃദി സന്താപേ ഭൃശമെന്തു ചെയ്‌വൂ ഞാനധുനാ?

ഞാനൊരിയ്ക്കലും സ്വപ്നത്തിൽപ്പോലും ദേവന്മാരെ നിന്ദിച്ചിട്ടില്ല. അതുകൊണ്ട് അവർക്കെന്നോട്ടു വിരോധം തോന്നേണ്ട ഒരു കാരണവുമില്ല! ഇനി അഥവാ എനിയ്ക്കെന്തെങ്കിലും തെറ്റു പറ്റിയെങ്കിൽത്തന്നെ മൂന്നു ലോകങ്ങളുടേയും സങ്കടം തീർക്കുന്ന ഇവരിങ്ങനെ ചെയ്യുന്നതു ശരിയാണോ? പരമേശ്വരാ, ഞാനിനി എന്തു ചെയ്യും? കുട്ടിക്കാലം മുതൽക്കേ ഞാൻ നളനെയാണ ഭർത്താവായി കരുതിപ്പോന്നത്, എന്റെ മനസ്സിലൊരു കളങ്കവുമില്ലെങ്കിൽ ഭർത്താവ് മുമ്പിൽ കാണായ് വരട്ടെ! മനസ്സും ശരീരവും വാക്കുംകൊണ്ടു നളനെയല്ലാതെ മറ്റൊരാളെ ഞാനൊരിയ്ക്കലും ഭർത്താവായി കണ്ടിട്ടില്ല. അതുകൊണ്ടു ദേവന്മാർ സന്തുഷ്ടരായി എന്റെ ഭർത്താവിനെ വെളിവാക്കട്ടെ! ഈ മായാവേഷം മാറ്റി ദേവന്മാർ എന്നെ അനുഗ്രഹിക്കേണമേ! കഷ്ടം, ഈശ്വരന്മാരിങ്ങനെ ഭക്തരുടെ മനസ്സു ചുട്ടു പൊള്ളിക്കാറുണ്ടോ? അസഹ്യമായ ഈ ദുരവസ്ഥയിൽ ഞാനെന്താണ ചെയ്യേണ്ടത്?

ശ്ലോകം 27 : (വൃത്തം : മാലിനി) :
അഥ ബത ദമയന്തീചിന്തയാ ദൈവഗത്യാ
സപദി ഹരിദധീശാ ഭേജിരേ സ്വ സ്വചിഹ്നം,
തദനു നളഗളാന്തേ ബാലയാ ന്യാസി മാലാ
പ്രമുദിത മനസസ്തേ വാചമാചക്ഷതൈവം

ദമയന്തിയുടെ മനോഗതം കണ്ടറിഞ്ഞ ഇന്ദ്രാദിദേവന്മാർ തൽക്ഷണം സ്വന്തം രൂപത്തിലേയ്ക്കു മാറിയപ്പോൾ പ്രിയതമനെ തിരിച്ചറിഞ്ഞ ദമയന്തി നളന്റെ കഴുത്തിൽ മാലയിട്ടു. സന്തുഷ്ടരായ ദേവന്മാർ അവരിരുവരേയും അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞു.

പദം 35 : ഇന്ദ്രൻ: (രാഗം : പുറനീര താളം : ചെമ്പട) :

പല്ലവി : അനൽപം വാമസ്തു ഭവ്യം മമ പ്രസാദേന

ഞാൻ മനസ്സു സന്തോഷിച്ചു നൽകുന്ന ഈ അനുഗ്രഹം മൂലം നിങ്ങൾക്കു സർവോൽക്കർഷങ്ങളുമുണ്ടാകട്ടെ!

അനുപല്ലവി : വിദർഭനൈഷധവംശതിലകൌ യുവാനൌ

വിദർഭത്തിനും നിഷധത്തിനും തിലകക്കുറികളാണു നിങ്ങൾ!

ചരണം 1 : ബുദ്ധിക്ഷയമില്ലേതും ബോധിക്ക ശുഭചിത്ത,
ശുദ്ധിക്ഷപിതദോഷ, ശൂര നൈഷധ,
ഭൂമിയ്ക്കദ്ധ്യക്ഷ നീ ചെയ്യുന്ന യജ്ഞേഷു ഹവിർഭാഗം
പ്രത്യക്ഷം ഭുജിപ്പൻ ഞാൻ, പ്രഥതാം തേ ശിവസായൂജ്യം

എനിക്കു നിങ്ങളോടുള്ള മതിപ്പിൽ യാതൊരു കുറവും വന്നിട്ടില്ല, വീരനായ നിഷധരാജാവേ, ഹൃദയശുദ്ധി വന്നു പാപങ്ങൾ ശമിച്ച നീ ചെയ്യുന്ന യാഗങ്ങളുടെ ഹവിസ്സു ഭക്ഷിക്കാൻ ഞാനെത്തും, അവസാനം നീ ശിവനിൽ സായൂജ്യം പ്രാപിയ്ക്കട്ടെ!

ചരണം 2 : അഗ്നി: പാരിൽ ഞാനാഗ്രഹിച്ച ഭൈമി നിന്നെ വരിച്ചു,
പരുഷമില്ലെനിക്കേതും പ്രത്യുത മുദിതോസ്മി,
പചനദഹനങ്ങളിൽ ഭവത: സ്വാധീനൻ ഞാനെ,ന്നറിക
നീ വെച്ചുണ്ടാക്കും കറികളമൃതിനൊക്കും

ഇന്നിവിടെ ഞാൻ മോഹിച്ച ദമയന്തിയെ നീ വരിച്ചതിൽ എനിക്കു തീരെ പരിഭവമില്ല, മാത്രമല്ല സന്തോഷമുണ്ടുതാനും! പാചകത്തിൽ നിന്നെ സഹായിക്കാൻ ഞാനെന്നുമുണ്ടാവും, നീയുണ്ടാക്കുന്ന കറികൾ അമൃതുപോലെ രുചികരമായിരിക്കും!

ചരണം 3 : യമൻ: ദമയന്തിയെ ഞാൻ നിന്റെ ദയിതയാക്കുവാൻ വന്നു
മമ ചിന്തിതം സാധിച്ചു, തരുവൻ വരങ്ങളെ ഞാൻ,
ആപത്തിലും നിൻ ബുദ്ധി അധർമ്മവിമുഖിയാകും,
ആയത്തമാകും നിങ്കലായുധവിദ്യയെല്ലാം

ദമയന്തിയെ നിന്റെ പത്നിയാക്കുവാൻ വേണ്ടിയാണു സത്യത്തിൽ ഞാനിവിടെ വന്നത്. എന്റെ ആഗ്രഹം സാധിച്ചു, ആപത്തു വന്നാൽ-പോലും നിന്റെ മനസ്സിൽ അധർമ്മചിന്ത കടന്നുവരില്ല, സകല ആയുധവിദ്യകളും നിനക്കു താനേ സ്വായത്തമാകും!

ചരണം 4 വരുണൻ: മതിമുഖി ഭൈമിയോടും മദനകേളികൾ പൂണ്ടു,
മരുവുക നൈഷധ നീ തരുവൻ വരയുഗളം,
തരുവല്ലീസൂനം കൽപതരുസൂനമാം നീ തൊട്ടാൽ,
മരുഭൂമിയിങ്കലും തവ ജലമുണ്ടാം വേണ്ടുവോളം

നിഷധരാജാവേ, നീ ദമയന്തിയുമായി മദനരസം അനുഭവിച്ചു സന്തോഷത്തോടെ ജീവിക്കുക! വാടിയ പൂക്കൾ നീ തൊട്ടാൽ കൽപ്പവൃക്ഷത്തിന്റെ പൂപോലെ താനേ വിടർന്നു വരും, നീ വിചാരിക്കുന്ന നിമിഷം മരുഭൂമിയിലും നിനക്കു വെള്ളം ലഭിക്കും!

ചരണം 5 : സരസ്വതി: കനക്കുമർത്ഥവും സുധ കണക്കെ പദനിരയും,
അനർഗളം യമകവുമനുപ്രാസമുപമാദി,
ഇണക്കം കലർന്നു രമ്യം ജനിക്കും നൽസാരസ്വതം,
നിനക്കും നിൻ ദയിതക്കും നിനയ്ക്കുന്നവർക്കും പിന്നെ

ഉദാത്തമായ അർത്ഥവും ലളിതമായ പദങ്ങളും താനേ ഒഴുകിയെത്തുന്ന ശബ്ദാർത്ഥാലങ്കാരങ്ങളും ഒരുപോലെ ചേർന്നിണങ്ങുന്ന വാഗ്വൈഭവം നിങ്ങൾക്കു മാത്രമല്ല, നിങ്ങളെക്കുറിച്ചു ചിന്തിക്കുന്നവർക്കും സദാ ലഭിക്കാനിടവരട്ടെ!

ശ്ലോകം 28 : (വൃത്തം : പ്രഹർഷിണി)
ഇത്യുക്ത്വാ ത്രിദശവരാസ്തിരോബഭൂവു-
സ്തദ്യുക്താ ത്രിദിവമിയായ സാപി വാണീ,
വൈദർഭോ നിജതനയാം നളേന സാർദ്ധം
വാദിത്രധ്വനിമുഖരം നിനായ ഗേഹം!

നളദമയന്തിമാരെ അനുഗ്രഹിച്ച ദേവന്മാർ അപ്രത്യക്ഷരായപ്പോൾ, വിഷ്ണുവിന്റെ നിർദ്ദേശപ്രകാരം വന്ന സരസ്വതി തിരിച്ചുപോയി. ഭീമ രാജാവ് ദമയന്തിയെ നവവരനായ നളനോടുകൂടി മംഗള വാദ്യങ്ങ-ളോടെ കൊട്ടാരത്തിലേയ്ക്ക് ആനയിച്ചു!

രണ്ടാം ദിവസം

രംഗം 1 : നളന്റെ കൊട്ടാരം

ശ്ലോകം 1 : (വൃത്തം : ശിഖരിണി)
സുരേന്ദ്രൈഃ സംപ്രീതൈരിഹ സദസി ദത്താനഥ വരാ-
നവാപ്തോ ദുഷ്പ്രാപാന്നിഷധനൃപതിസ്താം പ്രിയതമാം
മുദാ പാണൌ കൃത്യ ശ്വശുരനഗരാദാത്മനഗരം
ഗതോ രേമേ ഭൈമീം രഹസി രമയൻ ചാടുവചനൈഃ

സ്വയംവരവേദിയിൽവെച്ച സന്തുഷ്ടരായ ദേവന്മാരിൽനിന്ന ദുർ ലഭമായ പല വരങ്ങളും നേടിയ നളൻ ദമയന്തിയെ പാണിഗ്രഹണം ചെയ്തശേഷം ശ്വശുരനഗരത്തിൽ നിന്ന സ്വന്തം രാജധാനിയിലെത്തി വിജനമായ ഉദ്യാനത്തിൽ ചെന്നിരുന്ന ചില കളിവാക്കുകൾ പറഞ്ഞു പ്രിയതമയെ സന്തോഷിപ്പിച്ച.

പദം 1 : നളൻ (രാഗം : തോടി താളം : അടന്ത)
പല്ലവി : കുവലയവിലോചനേ ബാലേ ഭൈമി,
കിസലയാധരേ, ചാരുശീലേ!

കരിങ്കുവളപ്പൂവിന്റെ കണ്ണുകളും തളിരുപോലുള്ള അധരങ്ങളും രുചിരമായ ശീലങ്ങളുമുള്ള ബാലയായ ദമയന്തി!

അനുപല്ലവി : നവയൌവനവും വന്നു നാൾതോറും വളരുന്നു,
കളയൊല്ല വൃഥാ കാലം നീ!
നിന്റെ യൌവനം ദിനംപ്രതി വളർന്നു വരുന്നു, ഈ നല്ല കാലം നീ വെറുതെ പാഴാക്കി കളയരുത്!

ചരണം 1 : ഇന്ദ്രാദികളും വന്നു വലച്ചു നമ്മെ, ഇടയിൽ വന്നിടരെല്ലാം നിലച്ചു, ഇന്ദുവദനേ നിന്നെ ലഭിച്ചു, ഇതിനാൽ എനിക്കു പുരാപുണ്യം ഫലിച്ചു. ഇനിയോ നിൻ ത്രപയൊന്നേ എനിക്കു വൈരിണീ മന്യേ, തനിയേ പോയതുമൊഴിയാതോ?

ഇന്ദ്രനും ദേവന്മാരും ഇടയ്ക്കു വന്നു ചില തടസ്സങ്ങളുണ്ടാക്കി ബുദ്ധിമുട്ടിച്ചെങ്കിലും പൂർവപുണ്യഫലമെന്നപോലെ ഇന്ദുമുഖിയായ നിന്നെ എനിക്കുതന്നെ ലഭിച്ചു. ഇനി നിന്റെ ലജ്ജമാത്രമേ എനിയ്ക്കൊരു തടസ്സമായി നിൽക്കുന്നുള്ളൂ. ആ തടസ്സവും താനേ ഒഴിഞ്ഞുപോകുമെന്നു ഞാൻ കരുതട്ടെ?

ചരണം 2 : തവ മുഖമഭിമുഖം കാണ്മാൻ തന്വി, തളിരൊളി മെയ്യിതൊന്നു പൂണ്മാൻ, ധന്യനായതു ഞാനോ പാർമേൽ? ഏവമൊന്നല്ല മനോരഥം മേന്മേൽ, എന്നിരിയ്ക്കവേ നീ എന്തെന്നിൽ വഹസി വാമ്യം? ഇതിനാലുണ്ടതിവൈഷമ്യം!

നിന്റെ മുഖം നേരിട്ടു കാണാനും തളിരുപോലുള്ള ശരീരം പുണരാനും കഴിഞ്ഞ ധന്യൻ ഞാനല്ലാതെ ഈ ഭൂമിയിലാരുണ്ട്? നിരവധി മോഹങ്ങൾ ഇനിയും സാധിക്കാനിരിയ്ക്കേ എന്താണെന്നോടു നീയിങ്ങനെ സങ്കോചത്തോടെ പെരുമാറുന്നത്? ഭാവിയിൽ ഇതുകൊണ്ടു നമുക്കൊരുപക്ഷേ പലവിധ വിഷമതകളും വന്നുചേരാം!

ചരണം 3 : കലയും കമലയും എപ്പോലെ നിന്റെ കലയ മാമപി നീ അപ്പോലെ, കുലയുവതികൾ മൌലിമാലേ, ശങ്ക കളക രമിയ്ക്ക വഴി പോലെ! മത്തകോകിലമായോരുദ്യാനമതിൽ ചെന്നൊരത്തലെന്നിയേ വാഴ്ക നാം!

സഖികളായ കലയേയും കമലയേയുംപോലെ നീ എന്നെ കരുതിയാൽ മതി! കുലയുവതികളുടെ മകുടമേ, നമുക്കിനി യാതൊരാശങ്കക

ളുമില്ലാതെ യഥാവിധി രമിയ്ക്കാം! കുയിലുകൾ പാടുന്ന ഉ ദ്യാനവസതി യിൽ ചെന്നു നമുക്കു സസുഖം താമസിയ്ക്കാം

രംഗം 2 : നിഷധരാജധാനിയിലെ ഉദ്യാനം

ശ്ലോകം 2 : (വൃത്തം : വസന്തതിലകം)
കാന്തൻ കനിഞ്ഞു പറയുന്നൊരു ചാടുവാക്യം
പൂന്തേൻ തൊഴും മൊഴി നിശമ്യ വിദർഭകന്യാ
ധ്വാന്തം ത്രപാ മയമപാസ്യ നിശേന്ദുനേവ
സ്വാന്തർമുദാ പുരവരേ സഹ തേന രേമേ

ഭർത്താവ് പ്രണയപൂർവം പറയുന്ന കളിവാക്കുകൾ കേട്ട ദമയന്തി, നിറഞ്ഞ സന്തോഷത്തോടെ, ലജ്ജയാകുന്ന ഇരുട്ടു നീക്കി തെളി ഞ്ഞു വരുന്ന പൂർണചന്ദ്രനെപ്പോലെ, നളനുമായി കൊട്ടാരത്തിലെ അന്തഃപുരത്തിൽ ചെന്നു സുഖമായി രമിച്ചു.

പദം 2 : ദമയന്തി (രാഗം : പൂർവകല്യാണി താളം : ചെമ്പട) :
പല്ലവി : സാമ്യമകന്നോരുദ്യാനം,
എത്രയുമാഭിരാമ്യമിതിനുണ്ടതു നൂനം!

മറ്റൊരു പൂങ്കാവനവുമായും തുല്യത പറയാനില്ലാത്ത ഈ ഉദ്യാന ത്തിൽ സവിശേഷമായൊരു സന്തോഷാന്തരീക്ഷമുണ്ട്, തീർച്ച!

അനുപല്ലവി : ഗ്രാമ്യം നന്ദനവനം, അരമ്യം ചൈത്രരഥവും,
കാമ്യം നിനയ്ക്കുന്നാകിൽ സാമ്യമല്ലിതു രണ്ടും

ഈ ഉദ്യാനം കണ്ടാൽ ഇന്ദ്രന്റെ നന്ദനവനം പ്രാകൃതവും കുബേര ന്റെ ചൈത്രരഥം വികൃതവുമായി തോന്നും; ഗുണങ്ങൾ ചിന്തിച്ചാൽ അവ രണ്ടും ഇതിനോടൊരുവിധത്തിലും തുല്യമല്ല!

ചരണം 1 : കങ്കേളിചമ്പകാദികൾ പൂത്തുനിൽക്കുന്നു, ശങ്കേ വസന്തം ആയാതം, ഭൃംഗാളി നിറയുന്നു പാടലപടലിയിൽ, കിം കേതകങ്ങളിൽ മൃഗാങ്കൻ ഉദിയ്ക്കയല്ലീ?

വസന്തം വന്നെത്തിയെന്നു കരുതി ചമ്പകവും അശോകവും പൂത്തു കഴിഞ്ഞു; ഇതാ വണ്ടുകൾ പാതിരിപ്പൂക്കളിൽ വന്നു നിറയുന്നു; ഈ കൈതപ്പൂ വിടരുന്നതു കണ്ടാൽ പൂർണചന്ദ്രൻ ഉദിച്ചു വരുന്ന താണെന്നു തോന്നുന്നില്ലേ?

ചരണം 2 : പൂത്തും തളിർത്തുമല്ലാതെ ഭൂരുഹങ്ങളിൽ പേർത്തുമൊന്നില്ല കാണ്മാൻ, ആർത്തു നടക്കും വണ്ടിൻചാർത്തും കുയിൽകുലവും, വാഴ്ത്തുന്നു മദനന്റെ കീർത്തിയെ മറ്റൊന്നില്ല.

ഈ ഉദ്യാനത്തിൽ പൂത്തും തളിർത്തുമല്ലാതെ ഒരൊറ്റ മരമോ വള്ളിയോ കാണാനില്ല; കൂട്ടം കൂടി രസിച്ചു പറന്നു നടക്കുന്ന വണ്ടുകളും പാട്ടു പാടുന്ന കുയിലുകളും കാമദേവന്റെ മഹത്വത്തെയല്ലാതെ മറ്റൊന്നും വാഴ്ത്തുന്നുമില്ല!

ചരണം 3 : സർവർത്തുരമണീയം ഏതത് പൊന്മയക്രീഡാപർവതം എത്രയും ചിത്രം! ഗർവിതഹംസകോകക്രീഡാതടാകമിതു നിർവൃതീകരങ്ങളിൽ ഈവണ്ണം മറ്റൊന്നില്ല!

ഏതു കാലത്തും കണ്ണിനു സുഖദായകമായ പൊൻനിറമാർന്ന ഈ കുന്നിൻപുറം എത്ര സുന്ദരമായിരിയ്ക്കുന്നു! നോക്കൂ, അരയന്നങ്ങളും ചക്രവാകങ്ങളും മദിച്ചുല്ലസിക്കുന്ന ഈ തടാകംപോലെ മനസ്സിനു നിർവൃതികരമായി മറ്റൊരു കാഴ്ചയുമില്ല!

പദം 3 : നളൻ (രാഗം : മാരധനാശി താളം : ചെമ്പട) :

പല്ലവി : ദയിതേ, നീ കേൾ, കമനീയാകൃതേ!

സുന്ദരാംഗിയായ പ്രിയതമേ, നീ ഞാൻ പറയുന്നതു കേൾക്കു!

അനുപല്ലവി : അയി, തേ വിവാഹത്തിനു
മുൻപനുകമ്പനീയം വൃത്തം

നമ്മുടെ വിവാഹത്തിനു മുമ്പുള്ള എന്റെ ദയനീയാവസ്ഥ ഇപ്പോൾ ഞാൻ തെല്ലൊന്നു വിവരിക്കാം!

ചരണം 1 : ഓരോ ജനങ്ങൾ ചൊല്ലി, നിൻഗുണമങ്ങു നിശമ്യ സദാ,
ധീരോപി ഞാനധികം മങ്ങിമയങ്ങി അനംഗരുജാ,
ആരോമലേ നിനച്ചു ഭംഗിതരംഗിതമംഗമിദം
ഓരോ ദിനം യുഗമായ് ഇംഗിതമെങ്ങുമൊളിച്ചു ചിരം

രാജസഭയിൽ ഓരോരോരുത്തരായി വന്നു പറയുന്ന നിന്റെ ഗുണഗണങ്ങൾ കേട്ടു ധീരനായ ഞാൻപോലും കാമപീഡയേറ്റു മയങ്ങിപ്പോയി. സൌന്ദര്യം തിരതല്ലുന്ന നിന്റെ ശരീരം ധ്യാനിച്ച്, മോഹം മനസ്സിലടക്കി, ഞാൻ ദിനങ്ങൾ യുഗങ്ങളാക്കി മാറ്റി!

ചരണം 2 : ആരുമറിയരുതെന്നംഗജസങ്കടമെന്ന ധിയാ,
ആരാമം പുക്കേൻ ഇമം, ഭൃംഗവിഹംഗമസങ്കുലിതം,
ദൂരേ സുഖമെന്നായി, അങ്ങോട്ടടൻ പുനരിങ്ങോട്ടടൻ
പാരം വലഞ്ഞേൻ, അപ്പോൾ സങ്ഗതനായൊരു ഹംസവരൻ.

എന്റെ മനോവിഷാദം ആരുമറിയരുതെന്നു കരുതി ഞാൻ പലപ്പോഴും വണ്ടുകളും കിളികളും പറന്നു നടക്കുന്ന ഈ ഉദ്യാനത്തിൽ വന്നിരിക്കും; എന്നിട്ടും മനോവ്യഥ മാറാതെ അങ്ങുമിങ്ങും ചുറ്റി നടന്നു ഞാൻ വല്ലാതെ വലഞ്ഞു; അപ്പോൾ പെട്ടെന്നൊരു അരയന്നം ആ

ത്തസുഹൃത്തിനെപ്പോലെ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

ചരണം 3 : സൌവർണഹംസം ചെയ്യൊരു സൌഹൃദമായതു
സൌഹൃദമേ! പോയ്‌വന്നു നിൻമതവും വർണിതവാൻ മമ
കർണസുധാം, 'ദൈവം ന വിപരീത'മെന്നു പറഞ്ഞു മറഞ്ഞു സഖാ,
കൈവന്നു കാമിതവും കാമിനീമാർകുലമൌലിമണേ!

ആ സുവർണഹംസം ചെയ്തതാണു ശരിയായ സൌഹൃദത്തിന്റെ കാതൽ! അവൻ പറന്നു ചെന്നു നിന്റെ മനസ്സു മുഴുവൻ അറിഞ്ഞു വന്ന് എന്റെ ചെവികളിൽ അമൃതം പകരുന്നതുപോലെ സകലതും വിവരിച്ചശേഷം 'എനിയ്ക്കു ദൈവാധീനമുണ്ടാകു'മെന്ന ആശംസയോടെ തിരിച്ചു പോയി; ഇപ്പോൾ ഇതാ സുന്ദരീരത്നമായ നിന്നെ ലഭിച്ചതോടെ എന്റെ മോഹവും സഫലമായി.

രംഗം 3 : ദേവലോകത്തേയ്ക്കുള്ള വഴി

ശ്ലോകം 3 : (വൃത്തം : മാലിനി) :
ഉപവനതലേ സൌധേ വാപീതടേ മണിമന്ദിരേ-
പ്യനിശമടതി സ്വൈരം ദാരൈർനളേ രതിലാലസേ
ത്രിദശപതയോ നാകം യാന്തോ വിലോക്യ കലിം പഥി
പ്രകടിതനിജാടോപം പാപം പദാനതമൂചിരേ!

രതിലാലസനായ നളൻ ഉദ്യാനത്തിലും അന്തഃപുരത്തിലും തടാകതീരത്തും മണിമന്ദിരത്തിലും ദമയന്തിയോടു ചേർന്നു രമിയ്ക്കുന്ന കാലത്തു സ്വർഗത്തിലേയ്ക്കു പോകുന്ന ഇന്ദ്രാദിദേവന്മാർ വഴിമദ്ധ്യേ നേരേ കാൽക്കൽ വന്നുവീണ പാപിയും അഹങ്കാരിയുമായ കലിയെ കണ്ടു.

പദം 4 : കലി (രാഗം : ഭൈരവി താളം : ചെമ്പട)
പല്ലവി : എങ്ങുനിന്നെഴുന്നരുളി സുരാധിപ, ദഹനശമനവരുണൈരമാ?

ദേവരാജാവേ, അഗ്നിയും യമനും വരുണനുമായി ഇപ്പോൾ അ ങ്ങെവിടെനിന്നാണ് എഴുന്നള്ളി വരുന്നത്?

പദം 5 : ഇന്ദ്രൻ (രാഗം : മോഹനം താളം : ചെമ്പട) :
പല്ലവി : പോയ്‌വരുന്നേനകലെ,
നീ സമ്പ്രതി പോവതിതെങ്ങു കലേ?

ഞങ്ങൾ അകലെയൊരു രാജ്യത്തു പോയി മടങ്ങിവരുന്നു. കലി, നീ ഇപ്പോൾ എങ്ങോട്ടാണു പോകുന്നത്?

പദം 4: ചരണം 1 : കലി : ഭൂമിതന്നിലുണ്ടു ഭീമസുതയെന്നൊരു
കാമിനീ കമലലോചനാ, കാമനീയകത്തിൻ ധാമംപോൽ
അവൾ തൻ നാമം കേട്ടു ദമയന്തിപോൽ! യാമി ഞാനവളെ
ആനയിപ്പതിനു, സ്വാമിയതിനു വിട തരിക നീ,
കാമക്രോധലോഭമോഹസൈന്യമുണ്ടു താമസിക്കരുതു സുരപതേ,
ജഗദധിപതേ, ഗുണകൃതരതേ, ഭവദുപകൃതേരഹം പ്രതികരിഷ്യാമി!

ഭൂമിയിൽ ഭീമരാജാവിന്റെ മകളായി സുന്ദരിയായയൊരു കന്യകയുണ്ട്; സൌന്ദര്യധാമമായ അവളുടെ പേരു 'ദമയന്തി'യെന്നാണെന്നു കേൾക്കുന്നു. അവളെ കൂട്ടിക്കൊണ്ടു പോരാനാണു ഞാൻ പോകുന്നത്; അങ്ങെന്നെ അനുഗ്രഹിച്ചു പറഞ്ഞയക്കണം! കാമക്രോധാദികളായ സൈന്യം എനിക്കു സഹായത്തിനുണ്ട്. ഇനി ഞാൻ വൈകിയ്ക്കുന്നില്ല. ദേവരാജാവേ എനിയ്ക്ക് അനുവാദം തന്ന അങ്ങയ്ക്കു ഞാനൊരിയ്ക്കൽ പ്രത്യുപകാരം ചെയ്തു തരുന്നുണ്ട്!

പദം 5 : ചരണം 1 : ഇന്ദ്രൻ : പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ? ജാതമായി തദ്വിവാഹ കൌതുകം,
ആദരേണ ഞങ്ങൾ കണ്ടു പോന്നിതു, ചിത്രതരം സ്വയംവരം

അതിരുചിരം! നലമുള്ളൊരു നവഗുണപരിമളനെ നളനെന്നൊരു
നൃപനെ അവൾ വരിച്ചു, ഇനി ഭുവി തേ ഗതി പഴുതേ
ശകുനപ്പിഴ തവ ജനിതം!

നദിയിലെ വെള്ളം മുഴുവൻ വാർന്നുപോയതിനുശേഷം എന്തിനാണു നീ വെറുതെ അണ കെട്ടാൻ പുറപ്പെടുന്നത്? അവളുടെ വിവാഹം കഴിഞ്ഞുപോയി; ആഘോഷപൂർണമായ ആ സ്വയംവരത്തിൽ പങ്കെടുത്തു സന്തോഷത്തോടെ മടങ്ങുകയാണു ഞങ്ങൾ! നല്ല ഗുണഗണങ്ങൾ തികഞ്ഞ നളനെന്നൊരു രാജാവിനെയാണ് അവൾ വരിച്ചത്; ഇനി നീ ഭൂമിയിൽ ചെന്നിട്ടു പ്രത്യേകിച്ചൊരു പ്രയോജനവുമില്ല, ഇന്നു നിനക്കെന്തോ ശകുനം പിഴച്ചു!

പദം 4: ചരണം : കലി കനക്കെക്കൊതി കലർന്നു മിഴിച്ചു പാവകളെ
കണക്കെ നിങ്ങളും കണ്ടങ്ങിരിയ്ക്കവേ, മനസ്സിലുറപ്പോടവൾ പരക്കും
ജനനടുവിൽ മനുഷ്യപ്പുഴുവിനെയോ വരിച്ചുപോൽ?
മിനക്കെട്ടങ്ങുമിങ്ങും നടക്ക മാത്രമിഹ നിനയ്ക്കിൽ നിങ്ങൾക്കിഹ
ലാഭമായ്! എനിയ്ക്കിന്നിതു കേട്ടിട്ടു ജ്വലിക്കുന്നുണ്ടു കോപം,
പിണക്കിയകറ്റുവൻ ഞാനവനെയും ധ്രുവമവളെയും
രാജ്യമകലെയും, അതിചപലമെന്നിയേ സമയം കരോമി!

നിങ്ങളൊക്കെ വെറും പാവകളെപ്പോലെ കൊതിയോടെ നോക്കി നിൽക്കുമ്പോൾ നിരന്നിരുന്ന ജനങ്ങളെ സാക്ഷിയാക്കി യാതൊരു ഭയാശങ്കയുമില്ലാതെ അവളൊരു മനുഷ്യപ്പുഴുവിനെ മാലയിട്ടു വരിച്ചെന്നോ? അങ്ങോട്ടുമിങ്ങോട്ടും നടന്നതു മാത്രം നിങ്ങൾക്കു ലാഭം! ഈ വാർത്ത കേൾക്കുന്ന എന്റെ മനസ്സിൽ പക്ഷേ കോപമാണു കത്തിക്കാളുന്നത്; ഞാനവരെ രണ്ടുപേരേയും തമ്മിൽ പിണക്കി നാട്ടിൽ നിന്നു പുറത്താക്കും, തീർച്ച! ഉള്ളിലൊരു ശങ്കയുമില്ലാതെ ഞാനിതാ ശപഥം ചെയ്യുന്നു!

പദം 5 : ചരണം 2 : ഇന്ദ്രൻ : പ്രവണനെങ്ങളിൽ ഭക്തിമാൻ നളൻ,
പ്രണതപാലനം വ്രതമവേഹി നോ? ഗുണഗണൈകനിലയമായ
മിഥുനമിതനൂണരായി തന്ദഘടയ്യ ഞങ്ങളും,
ഇന്നധുനാ നിനക്കിനി നല്ലതിനായ് വയമൊന്നിഹ
പറവതു കേൾക്ക കലേ, നളനിൽ തവ വൈരമനർത്ഥകരം,
കുമതി ഭവാൻ, അവൻ ഗുണവാൻ; വ്യസനം തവ വരുമുടനെ!

വിനയവാനായ നളനു ഞങ്ങളോടു നല്ല ഭക്തിയുണ്ട്, ആശ്രിതരെ രക്ഷിക്കുന്നതു ഞങ്ങളുടെ പതിവാണെന്നറിയില്ലേ? ഗുണഗണങ്ങൾ തികഞ്ഞ അവരെ രണ്ടു പേരേയും യോജിപ്പിച്ചതോടെ ഞങ്ങളുടെ ചുമതല തീർന്നു; ഇനി നിനക്കു ഞങ്ങൾ ചെറിയ ഒരുപദേശം തരാം: നളനോടു വൈരം പുലർത്തുന്നതു നിനക്കു നല്ലതല്ല; മാത്രമല്ല, നീ ദുഷ്ടനും അവൻ ശിഷ്ടനുമായതുകൊണ്ട് ഭാവിയിൽ നിനക്കൊരു പാടു കഷ്ടപ്പാടുകളും വരാനിടയുണ്ട്!

രംഗം 4 : കലിയുടെ സങ്കേതം

ശ്ലോകം 4 : (വൃത്തം : ഗീതി)
സൌന്ദര്യം ദമയന്ത്യാ സൌഭാഗ്യം നൈഷധസ്യ ഭാഗ്യം ച
ശ്രുത്വാ സുരേന്ദ്രവാചാ സ ദ്വാപരമസഹനഃ കലിഃ പ്രോചേ

ദമയന്തിയുടെ സൌന്ദര്യവും നളന്റെ സൌഭാഗ്യവും ഇന്ദ്രൻ പറഞ്ഞു കേട്ടു വർദ്ധിച്ചു വന്ന കോപം മൂലം സഹികെട്ട കലി ദ്വാപരനോടായി ഇങ്ങനെ പറഞ്ഞു.

പദം 6 : കലി (രാഗം : സൌരാഷ്ട്രം താളം : ചെമ്പട) :
പല്ലവി : വഴിയേതുമേ പിഴയാതവനോടു ചെല്ലേണം നാമധുനാ

ഒരിയ്ക്കലും പിഴയ്ക്കാത്ത ചില കൗശലങ്ങൾ ആലോചിച്ചുറച്ചു നമുക്കു

നളനെ ചെന്നു നേരിടണം!

അനുപല്ലവി : അഴകിയലുമൊരൊഴികഴിവഴിയേതിനി
നളമതി സന്ധാതും, വദ വദ ദ്വാപര നീ!

ദ്വാപരാ, നളനെ ചതിയ്ക്കാനുള്ള നിരപായമായൊരു ഉപായം ആലോചിച്ചു പറയൂ!

ചരണം 1 : ദ്വാപരൻ: നരപതി നളനവൻ നിരവധി ബലനിധി,
സുരപതിവരംകൊണ്ടു ചിരമതിദുരാധർഷൻ,
ഒരു പുരുഷനുമരുതരുതവനൊടു പൊരുതൊരു ജയം
വരുമിതി നിനവുകൾ കരളിലേ! ചൂതു പൊരുകിലേ ജയം വരുമവനൊടു!

രാജാവായ നളൻ സ്വതവേ ബലവാനാണ്; ഇന്നിപ്പോൾ ഇന്ദ്രന്റെ വരം മൂലം അജയ്യനുമായിത്തീർന്നു. അതുകൊണ്ട് അവനെ യുദ്ധത്തിൽ തോൽപ്പിയ്ക്കാമെന്ന മോഹം ആരും മനസ്സിൽ വെച്ചു പുലർത്തേണ്ടതില്ല. ചൂതു കളിച്ചു മാത്രമേ അവനെ കീഴടക്കാനാവൂ!

ചരണം 2 : കലി: പുഷ്ക്കരനെന്നുണ്ടേകൻ തത്ക്കുലസമുദ്ഭവൻ,
മുഷ്ക്കരനാക്കേണം നാം സത്ക്കരിച്ചവൻ തന്നെ,
അവനവനുടെ മണിധനചയപരിജനപുരജനപദമുഖമഖിലവും
പണയമായ് ദേവനേ ജയിപ്പാനും കാനനം പൂകിപ്പാനും മതി!

ആ കുടുംബത്തിൽത്തന്നെ നളനു പുഷ്ക്കരനെന്ന പേരിൽ ഒരനുജനുണ്ട്; നാമവനെ ചെന്നു കണ്ടു സൽക്കരിച്ചു നല്ലൊരു മുഷ്ക്കരനാക്കി മാറ്റണം; പിന്നീട് നമ്മുടെ സഹായത്തോടെ അവൻ നളനുമായി ചൂതു കളിച്ചു കൊട്ടാരവും ഭണ്ഡാരവും രത്നങ്ങളും രാജ്യവും മാത്രമല്ല സേവകരേയും കൈക്കലാക്കി നളനെ കാട്ടിലേയ്ക്കു പറഞ്ഞയയ്ക്കട്ടെ!

രംഗം 5 : പുഷ്കരന്റെ കൊട്ടാരം

ശ്ലോകം 5 : (വൃത്തം : രഥോദ്ധത)
കോപമത്സരവദഃ കലിർദ്വാപരേണ സഹ മേദിനീം ഗതഃ
സ്വാപദേ സ്വയമചോദയജ്ജളം സ്വാപതേയഹരണായ പുഷ്കരം

കോപമത്സരവികാരങ്ങൾക്കു കീഴടങ്ങിയ കലി ദ്വാപരനോടുകൂടി നിഷധരാജധാനിയിലെത്തി സ്വതവേ മൂഢനായ പുഷ്കരനെ ചെന്നു കണ്ടു നളന്റെ രാജ്യം പിടിച്ചെടുക്കാൻ പ്രേരിപ്പിച്ചു.

പദം 7 : പുഷ്കരൻ (രാഗം : മാരധനാശി താളം : ചെമ്പട) :
പല്ലവി : അരികിൽ വന്നു നിന്നതാരെന്തഭിമതം?
അഖിലമാശു ചൊൽക!

ആരാണെന്റെ അടുത്തു വന്നു നിൽക്കുന്നത്? നിങ്ങൾക്കെന്താണു വേണ്ടത്? എല്ലാം എന്നോടു തുറന്നു പറയൂ!

അനുപല്ലവി : അറികയില്ലെങ്കിലും അഭിമുഖന്മാരെക്കണ്ടെൻ
മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി

നേരിട്ടറിയില്ലെങ്കിലും മുമ്പിൽ വന്നു നിൽക്കുന്ന നിങ്ങളെ കാണുമ്പോൾ എന്റെ മനസ്സിൽ പെട്ടെന്നൊരു ഉന്മേഷം തോന്നുന്നു!

ചരണം 1 : ധരണിയിലുള്ള പരിഷകൾ നളനെ ചെന്നു കാണും,
അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും,
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ

ഈ നാട്ടിലെ പ്രജകൾ സാധാരണ നളനെയാണു ചെന്നു കാണുക പതിവ്! അവർക്കു വേണ്ടതെല്ലാം അദ്ദേഹം സാധിച്ചുകൊടുക്കുകയും

ചെയ്യും; എന്നെ കാണാൻ ദൂരെ നിന്നാരും വരാറില്ല!

ചരണം 2 : നമുക്കില്ലാ നാട്ടും നഗരവും കുടയും ചാമരവും,
അമിത്രവീരന്മാരെ അമർക്കും വൻപടയും,
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും

എനിക്കു നാടോ നഗരമോ പട്ടുകുടയോ വെഞ്ചാമരമോ ശത്രുക്കളെ തുരത്തുന്ന സൈന്യബലമോ ഇല്ല; ക്ഷത്രിയനെന്ന വെറുമൊരു സ്ഥാനപ്പേരു മാത്രമേ ഇപ്പോൾ എനിക്കുള്ളൂ!

ചരണം 3 : പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു?
നളനു വേറേ കർമ്മം നമുക്കു കർമ്മം വേറേ,
നമ്മെക്കൊണ്ടുപകാരം നിങ്ങൾക്കെന്തൊന്നു വേണ്ടൂ?

ഈ മനോവിഷമങ്ങളൊതൊക്കെ ഞാനെന്തിനു വെറുതെ നിങ്ങളോട്ടു പറയുന്നു? ഒരുപക്ഷേ നളന്റെ ഭാഗ്യവും എന്റെ യോഗവും രണ്ടു വഴിയ്ക്കായിരിക്കാം; എങ്കിലും പറയൂ, നിങ്ങൾക്കെന്നെക്കൊണ്ട് എന്തു കാര്യമാണു സാധിക്കാനുള്ളത്?

പദം 8 : കലി (രാഗം : അസാവേരി താളം : ചെമ്പട) :
പല്ലവി : പുഷ്കര നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ!

പുഷ്കര, നീ നിന്റെ ജന്മം വെറുതെ പാഴാക്കി കളയരുത്!

അനുപല്ലവി : ദുഷ്കരമായിട്ടൊന്നുമില്ല കേൾ,
മത്സഹായമുണ്ടായാലേവനും, നളനും നീയും ഭേദമെന്തിവിടെ?
നാടു വാഴ്ക നളനെ വെന്നു സാമ്പ്രതി!

എന്റെ സഹായമുണ്ടെങ്കിൽ ഒരാൾക്കും ഒന്നും ദുഷ്കരമല്ല! ഇവിടെ നള

നം നീയും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? കേൾക്കു, നീ നള നെ തോൽപ്പിച്ച നാടു ഭരിയ്ക്കണം!

ചരണം 1 : നേരേ നിന്നൊടെടോ ഞാൻ പുനരാരെന്നും പറയാം,
പാരിൽ എന്നെയിന്നാരറിയാത്തവർ? വൈരി വൈരസേനിയ്ക്കിഹ
ഞാൻ കലി! തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ
തേ തരുന്നു, ചൂതു പൊരുക പോരിക!

ഇനി നിനക്കു ഞാനാരാണെന്നു പറഞ്ഞുതരാം. ഈ ഭൂമിയിൽ എന്നെ അറിയാത്തവർ ആരാണുള്ളത്? നളന്റെ ശത്രുവും നിന്റെ മിത്രവുമായ കലിയാണു ഞാൻ! ഈ നാടു ഞാൻ നിനക്കു സമ്മാനിയ്ക്കാം, എന്റെ കൂടെ വന്നു നളനുമായി ചൂതു കളിയ്ക്കൂ!

ചരണം 2 : നിൽക്ക മദീയമതേ, വിജയം നിശ്ചിതമാമിഹ തേ;
വിക്രയമില്ലെന്നാകിലെന്തെടോ വെയ്ക്ക ചൂതിനായെന്നെ പണയം,
ധനവും ധാന്യവും നാടുമൊക്കെയും കൈക്കലാക്കി
അവനെ വിടുക വനഭുവി!

മനസ്സുറപ്പിച്ചു നിന്നാൽ നീ ചൂതിൽ ജയിക്കും, തീർച്ച! വിലപിടിച്ചതൊന്നും കൈവശമില്ലെങ്കിൽ നിനക്കെന്നെ പണയം വെയ്ക്കാം: ധനവും ധാന്യവും നാടും പണയമായി വാങ്ങി നീ നളമഹാരാജാവിനെ കാട്ടിലേക്കു പറഞ്ഞുവിടണം!

രംഗം 6 : നളന്റെ കൊട്ടാരം

ശ്ലോകം 6 : (വൃത്തം : വസന്തതിലകം)
ഉത്സാഹിതോഥ കലിനാ മലിനാശയോസൌ
സത്സാഹസേ നിഷധ പുഷ്കരധൂമകേതു:
നിസ്സാരതാമനനുചിന്ത്യ ച പുഷ്കര സ്വാം

തത്സാഹ്യമസ്തമതിരേത്യ നളം ബഭാഷേ

കലിയുടെ ഉത്സാഹത്തിൽ നളനെ ദ്രോഹിക്കാൻ പുറപ്പെട്ട ദുഷ്ടാശയനും നിഷധാകാശത്തുദിച്ച ധൂമകേതുവുമായ പുഷ്കരൻ സ്വന്തം നിസ്സാരതയും നളന്റെ അവസ്ഥയും ഓർക്കാതെ സ്വബോ ധം നഷ്ടപ്പെട്ടു നളന്റെ അടുത്തു ചെന്നു വീരവാദം മുഴക്കി

പദം 9 : പുഷ്കരൻ (രാഗം : ബേഗഡ താളം : ചെമ്പട)
പല്ലവി : വീരസേനസൂനോ, വൈരിവിപിനദാവകൃശാനോ!

വീരസേനന്റെ മകനും ശത്രുക്കളുടെ കാടിനു കാട്ടുതീയുമായവനേ!

അനുപല്ലവി : നാരിയോടും വിജന സംവാസം
നീരസമത്രേ വീരവരാണാം

പെണ്ണുങ്ങളുമായി രമിച്ചു വാഴുന്നതു വീരന്മാർക്കു യോജിച്ചതല്ല!

ചരണം 1 : പോരിലണഞ്ഞാലാരിലുമുണ്ടോ ഭീരുത ചേതസി തേ?
പോരാളികളാരാധിതമന്മഥമങ്ഗനമാർ ചരണങ്ങൾ വണങ്ങുമോ?

യുദ്ധത്തിനു വെല്ലുവിളിക്കുന്നവരെക്കുറിച്ചു നിനക്കു മനസ്സിൽ പേടി തോന്നാറുണ്ടോ? വീരന്മാരാരെങ്കിലും കാമാധീനകളായ പെണ്ണുങ്ങളുടെ കാൽക്കൽ വീഴാറുണ്ടോ?

ചരണം 2 : പാർത്തിരിയാതേ, പാർത്ഥിവ ചൂതിനു
നേർത്തിരിയെന്നൊടു നീ, ഓർത്താലതു കീർത്ത്യാവഹമറിക
വിരിഞ്ചവിരചിതമവഞ്ചനമവനിയിൽ

രാജാവേ, മിഴിച്ചു നിൽക്കാതെ എന്റെ മുമ്പിൽ ചൂതു കളിക്കാൻ വ

ന്നിരിക്കു! ബ്രഹ്മാവിന്റെ വിധിപ്രകാരമുള്ള ഈ കളി രാജാക്കന്മാരുടെ കീർത്തിക്കു കാരണമാണെന്നുകൂടി നീയോർക്കണം!

ചരണം 3 : കേളയി മേ മൊഴി, ലാളിതമനിശം കാളയിതെൻ പണയം, കോളേ രഥമാളാനകുതിരയോ, വെയ്ക്കൊരു പണയമിരിയ്ക്ക നിരത്തുക!

ഇനി ഒന്നുകൂടി ഞാൻ പറയാം, കേൾക്കൂ, എന്റെ അടുത്തു തലയാട്ടി രസിച്ചിരിയ്ക്കുന്ന ഈ കാളയാണെന്റെ പണയം! രഥമോ കുതിരയോ ആനയോ പണയം വെച്ചു നീ കരുക്കൾ നിരത്തു!

പദം 10 : നളൻ (രാഗം : ഭൈരവി താളം : ചെമ്പട) :
പല്ലവി : ജാനേ പുഷ്കര തേ തത്വം മുന്നേ പ്രാഗൽഭ്യം നന്നേ

പുഷ്കര, എനിക്കു നിന്റെ പ്രകൃതം പണ്ടേ അറിയാം, ഇന്നു നിന്റെ ഈ വീമ്പു പറച്ചിൽ വളരെ വിചിത്രമായിരിയ്ക്കുന്നു!

അനുപല്ലവി : താനേതൊരുത്തനെന്നു ചിന്തയ!
ഞാനോ തരം നിനക്കു സാമ്പ്രതം? ഊനാതിരിക്തഭേദം നഷ്ടം!
ഞാൻ ജ്യേഷ്ഠൻ നീയെന്നനുജൻ!

നീയാരാണെന്നു സ്വയമൊന്നു ചിന്തിച്ചു നോക്ക്! സത്യത്തിൽ ഞാനാണോ നിന്റെ ശത്രു? നിനക്കു വലിപ്പച്ചെറുപ്പങ്ങൾ തിരിച്ചറിയില്ലേ? ഞാൻ ജ്യേഷ്ഠനും നീ എന്റെ അനുജനുമല്ലേ?

ചരണം 1 : അസഭ്യവാക്കുകളോതുക ചൂതിനു വിളിപ്പതും തവ
ചേരുവതോ? ഞാനിളപ്പമൽപ്പവും തേടുവനോ? കളി കളിപ്പൊളം
വിടുമോ? ജളപ്രഭോ നീ ചൂതിനു വാ!
വരുമിളപ്പമാകിലുമനുഭവനീയം, വലിപ്പമാകിലുമനൽപ്പമാം
ഇതിനുറപ്പു യദി തവ വികൽപ്പമിഹ നഹി

ചീത്ത വാക്കുകൾ പറഞ്ഞു ചൂതു കളിക്കാൻ വിളിക്കുന്നതു നിനക്കു ചേർന്നതാണോ? ഇതു കേട്ടു ഞാൻ പിന്മാറുമെന്നു നീ കരുതിയോ? മാത്രമല്ല, ഈ കളിയ്ക്കൊരു തീരുമാനമാകാതെ നിന്നെ ഞാൻ വിട്ടുമെന്നു തോന്നുന്നുണ്ടോ? മരമണ്ടാ, ചൂതിനു വന്നിരിയ്ക്കു! പരാജയം സാരമില്ലെന്നും വിജയം ലാഭമാണെന്നും നീ കരുതുന്നുണ്ടെങ്കിൽ ചൂതു കളിയ്ക്കാൻ എനിയ്ക്കൊരു ശങ്കയുമില്ല!

ചരണം 2 : എതിർത്തു ചൂതിനു വാതു പറഞ്ഞു നീ
നിരത്തുകൻപൊടു ചൂതുപടം ഒരു വൃഷത്തിനെ തരുമാറല്ലയോ,
അപജയത്തിൽ നീയിഹ മേ? വ്യയത്തിലുണ്ടോ ലോഭിത മേ?
നീ കൊതിച്ചതോതുക സൈനികമേ? ധനനിധിസ്ഥലങ്ങളും
അതിൽപ്പരം മണിതതിത്തരം ക്ഷിതിപതിത്വമോ തവ?

നീയെന്നെ നേരിട്ടു വന്നെതിർത്തു വാതു പറഞ്ഞു ചൂതിനു വിളിച്ചു, ഇനി പെട്ടെന്നു ചൂതുപടം നിരത്തിക്കോ! കളി തോറ്റാൽ നീയെനിയ്ക്കൊരു കാളയെയാണോ തരുന്നത്? എന്തേ ഞാനൊരു വെറും പിശുക്കനാണെന്നു കരുതിയോ? നിനക്കെന്താണു വേണ്ടതെന്നു കൃത്യമായി പറയ്, സൈന്യമാണോ? അതല്ല, ഭണ്ഡാരവും രത്നങ്ങളും രാജപദവിയുമാണോ നീ മോഹിയ്ക്കുന്നത്?

ചരണം 3 : വിദർഭനന്ദിനി സുന്ദരി സന്തതം, അതിപ്രിയാസി
വിലാസിനി മേ, പതിപ്രിയാചരണാവഹിതാ എന്നതിപ്രയാസമുതേ,
ചതിപ്പതിന്നിവനാഗതനായ് മുന്നം, അതിപ്രഗൽഭത ഇല്ലിവനേതും,
രതിപ്രഭേ വന്നെതിർപ്പതിതു കാൺ ക്ഷമിപ്പതിഹ നമുക്കിളപ്പമായ് വരും!

വിദർഭരാജാവിന്റെ മകളും സുന്ദരിയും പ്രിയതമയുമായ ദമയന്തി, നീ എന്റെ ഇഷ്ടം അനുസരിക്കുന്നതിൽ അസൂയ പൂണ്ട് ഇവനിതാ നമ്മെ ചതിക്കാൻ വന്നിരിക്കുന്നു. ഇവനു മുമ്പൊന്നും ഇത്ര വങ്കത്തമില്ലാ

യിരുന്നു. പ്രിയതമേ, ഇവൻ ചൂതിനു വിളിക്കുന്നതു കേൾക്കുന്നില്ലേ, ഇവനോടു ക്ഷമിയ്ക്കുന്നതൊരു ഭീരുതയായി ചിലർ കരുതിയേക്കും!

രംഗം 7 : നിഷധരാജധാനി

ശ്ലോകം 7 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
ആവിഷ്ട: കലിനാ ഖലേന ഹൃദയേ പര്യസ്തധീർനൈഷധ:
പാപിഷ്ഠേന സ പുഷ്ക്കരേണ വിജിതോ ദ്യൂതായ ഭൂയോ രത:
ഹാ കഷ്ടം കിമിദം ബതേതി രുദതീം കാന്താശ്ച നോ സാന്ത്വയ-
ന്നേദിഷ്ഠാൻ നഗരൌകസോപി സചിവാൻ നാപശ്യദാപദ്ഗത:

ദുഷ്ടനായ കലി ഹൃദയത്തിൽ പ്രവേശിച്ചതു മൂലം സ്വബോധം നഷ്ട പ്പെട്ട നളൻ പാപിയായ പുഷ്ക്കരനോടു തോൽവി നേരിട്ടു വീണ്ടും വീ ണ്ടും ചൂതുകളിയിൽ ആസക്തനായി. 'ഹാ കഷ്ട'മെന്നു പറഞ്ഞു കര യുന്ന പത്നിയെ ആശ്വസിപ്പിക്കാൻ നിൽക്കാതെ അത്യാപത്തിൽ ചെന്നുപെട്ട നളൻ സ്വന്തം ഭൃത്യരേയും മന്ത്രിമാരേയും ശ്രദ്ധിച്ചതു പോലുമില്ല.

പദം 11 : നളൻ (രാഗം : പന്തുവരാളി താളം : പഞ്ചാരി) :
പല്ലവി : ദേവനം വിനോദനായ ദേവനിർമ്മിതം!

രാജാക്കന്മാരുടെ വിനോദത്തിനു ദേവന്മാർ സൃഷ്ടിച്ചതാണു ചൂതുകളി!

അനുപല്ലവി : ഏവനിതിനു വിമുഖനറികിൽ ദേവദൈത്യമാനുഷേഷു?

ദേവാസുരന്മാരിലും മനുഷ്യരിലും ഈ കളിയിൽ താൽപ്പര്യമില്ലാത്ത ഒരുത്തനുമില്ല!

ചരണം 1 : പുഷ്ക്കരൻ: വാതു ചൊല്ലി പൊരുത ചൂതു

കൈതവമല്ലേതുമേ, അപജയപ്പെട്ടായോ?
പഴുതായോ കൊതി ഭൂയോ യദി വാതു ചൊൽക

വാതു പറഞ്ഞുള്ള ചൂതുകളിയിൽ ചതി ഒരിയ്ക്കലും സാദ്ധ്യമല്ല. ഇതാ ഈ കളിയിൽ നീ തോറ്റു, നിന്റെ മോഹം വെറുതെയായോ? ഇനി വീണ്ടും വാതു വെയ്ക്കുന്നുണ്ടെങ്കിൽ പറയൂ!

ചരണം 2 : നളൻ: വാഹനങ്ങൾ ബഹുധനങ്ങൾ ഗോധനവും
നൽകുവൻ, ഇനിജ്ജയം വരായ്കിൽ
ഇതു ചൊല്ലാം ചതിയല്ല ശൃണു പുഷ്കര നീ

ഇനി ജയിച്ചില്ലെങ്കിൽ ഞാൻ നിനക്കു ധനവും വാഹനങ്ങളും ഭണ്ഡാരവും പശുക്കളും തരാം! പുഷ്കര, ഇതിൽ ചതിയില്ല, നീ കേട്ടുകൊള്ളൂ!

ചരണം 3 : പുഷ്കരൻ: ദൈവദോഷം നിനക്കു വന്നു
ഭാവമിളപ്പെട്ടില്ലയോ ഇനിപ്പൊരുന്നതാകിൽ
വനവാസം ചെയ്ക തോറ്റാൽ ജയിച്ചോർക്കു നാട്ടും

കഷ്ടം, നിനക്കിന്നു ദൈവാധീനമില്ലാതെ പോയി! മനസ്സിൽ സങ്കടം വരുന്നുണ്ടോ? അടുത്ത കളി തോറ്റാൽ നീ കാട്ടിലേക്കു പോകണം, ജയിയ്ക്കുന്ന ഞാൻ രാജാവായിത്തീരും!

ശ്ലോകം 8 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
ഊണിന്നാസ്ഥ കുറഞ്ഞു നിദ്ര നിശയിങ്കൽപ്പോലുമില്ലാതെയായ്
വേണ്ടുന്നോരൊടൊരാഭിമുഖ്യമൊരു നേരം നാസ്തി നക്തന്ദിവം
കാണും പോന്നു പുറത്തു നിന്നു കരയും ഭൈമീ നളന്നന്തികേ
താനും പുഷ്കരനും തദീയവൃഷവും നാലാമതില്ലാരുമേ!

ഭക്ഷണത്തിനു രുചിയില്ലാതെ, രാത്രി ഉറക്കമില്ലാതെ, ബന്ധുക്കളുടെ

മുഖത്തു നോക്കാതെ, രാപ്പകൽ നളൻ കളിയിൽ മുഴുകി. ഭർത്താവ് ചൂതു കളിക്കുന്നതു നോക്കിനിൽക്കുന്ന ദമയന്തി ഇടയ്ക്കിടെ പുറത്തു വന്നു നിസ്സഹായയായി നിന്നു കരയും. അപ്പോൾ നളന്റെ സമീപത്തു പുഷ്ക്കരനും കാളയുമല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല.

ശ്ലോകം 9 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
തോൽക്കും വാതുപറഞ്ഞുനേർക്കുമുടനേദ്ദ്യൂതോ നിരത്തുംനളൻ
നോക്കും പുഞ്ചിരിയിട്ടു പുഷ്ക്കരനിരിക്കുമ്പോൾ രസിക്കും വൃഷം
വായ്ക്കും ദൈവഗതിക്കു നീക്കമൊരു നാളുണ്ടോ ധനം രാജ്യവും
ശീഘ്രം തച്ചുപറിച്ചുകൊണ്ടു നളനോടിത്യൂചിവാൻ പുഷ്ക്കരൻ!

നളൻ കളിയിൽ തോറ്റു വീണ്ടും വീണ്ടും വാതു പറഞ്ഞു കരുക്കൾ നിരത്തുന്നതു കണ്ടു പുഷ്ക്കരൻ പുഞ്ചിരിക്കുമ്പോൾ കാള തല കുലുക്കി രസിച്ചു. ഈശ്വരൻ മുൻകൂട്ടി നിശ്ചയിച്ച കാര്യങ്ങൾക്കൊരു വിധത്തിലും മാറ്റമുണ്ടാവില്ല! അങ്ങനെ സർവധനവും രാജ്യവും പിടിച്ചു പറിച്ച പുഷ്ക്കരൻ നളനോടായി പറഞ്ഞു.

പദം 12 : പുഷ്ക്കരൻ (രാഗം : കേദാരഗൌള താളം : ചെമ്പട) :
പല്ലവി : ഉണ്ടാകേണ്ട ഇതിന്നീഷൽ ഉണ്ടാകേണ്ട!

ഇങ്ങനെയെല്ലാം സംഭവിച്ചതു കണ്ടു നീ സംശയിച്ചു നിൽക്കേണ്ട!

അനുപല്ലവി : മിണ്ടാതേ നടകൊണ്ടാലും വനവാസത്തിനു,
മമ നാടതിലിരിക്കിലോ ഉണ്ടാമധർമ്മവും അനൃതോദിതവും,
നൈഷധേന്ദ്രൻ നീയല്ല കേൾ ഇനിമേലഹമത്രേ!

ഒരക്ഷരം മിണ്ടാതെ ഇനി നീ കാട്ടിലേക്കു പുറപ്പെട്ടുകൊള്ളൂ! എന്റെ നാട്ടിൽ കഴിഞ്ഞാൽ നീ കള്ളനും നുണയനുമായി മാറും! ഇനി മുതൽ നിഷധരാജാവ് നീയല്ല, ഞാനാണെന്നോർക്കണം!

ചരണം 1 : ധരിത്രിയെച്ചെറിയന്നേ ജയിച്ചതും, പാട്ടിലിരുത്തി പ്രജകളെ
നീ ഭരിച്ചതും, താനേ വരുത്തി സമ്പത്തുകൾ സംഭരിച്ചതും,
ആർത്തിയസ്തമിപ്പിച്ചതും, കീർത്തി വിസ്തരിപ്പിച്ചതും, സർവഭൂപന്മാർ ചൂഴെ
നിന്നു സേവിച്ചതും, സാർവഭൂപനെന്നിരുന്നു നീ ഭാവിച്ചതും,
ഇവയെല്ലാമെനിക്കു ലബ്ധം, ഉല്ലാസത്തോടിനിയെൻ
നാട്ടിലോ ചവിട്ടായ്ക, കാട്ടിൽ പോയ് തപം ചെയ്ക!

നീ ചെറുപ്പത്തിൽ ഭൂമിയാകെ ജയിച്ചു പ്രജകളെ പാട്ടിലാക്കി ഒരു പാടു സ്വത്തുക്കൾ സമ്പാദിച്ചു; ജനങ്ങളുടെ സങ്കടം തീർത്തു ലോകത്തെങ്ങും കീർത്തി പരത്തി, രാജാക്കന്മാരെ സേവകരാക്കി, ചക്രവർത്തിയായി ഭാവിച്ചു; നിന്റെ ആ നേട്ടങ്ങളെല്ലാം ഇനി എന്റേതായിത്തീരും. ഒരു നിമിഷംപോലും ഈ നാട്ടിൽ നിൽക്കാതെ നീ കാട്ടിൽ ചെന്നു തപസ്സനുഷ്ഠിക്കുന്നതാണു നല്ലത്!

ചരണം 2 : നിനക്കില്ലിനി രാജ്യമൊരിക്കലും,
പിന്നെ നിനക്കു തനയരുണ്ടെന്നിരിക്കിലും,
നേരേ നിനയ്ക്കിൽ കൊടുക്കുമോ ഞാൻ മരിയ്ക്കിലും?
ധർമ്മലബ്ധമല്ലോ ഭാഗ്യം മമ പുത്രനത്രേ യോഗ്യം,
ബഹു വിസ്തരിച്ചു പറയേണ്ടതെന്തിവിടെ?
നീയുടുത്ത പട്ടും ഭൂഷണവും കേളെന്നോടേ,
മല്ലാക്ഷി ഭൈമിയേയും ഒല്ലാ കൊണ്ടങ്ങുപോകിൽ,
ഭൂമിയെന്നതുപോലെ ഭൈമിയും ചേരുമെന്നിൽ!

ഈ രാജ്യം ഇനി നിനക്കൊരിയ്ക്കലും ലഭിയ്ക്കില്ല; നിനക്കു മക്കൾ പിറന്നാലും, ഞാൻ മരിച്ചാലും രാജ്യം നിനക്കാവില്ല! ധാർമ്മികമായി ഞാൻ നേടിയ ഈ രാജപദവി എന്റെ പുത്രനിൽ വന്നു ചേരും, ഇനി കൂടുതലൊന്നും പറയാനില്ല. നീ ധരിച്ചിരിക്കുന്ന വസ്ത്രാഭരണങ്ങൾക്കും ഞാനാണവകാശി! നീ ദമയന്തിയെ കാട്ടിലേയ്ക്കു കൂട്ടി

ക്കൊണ്ടുപോകുന്നതും ശരിയല്ല, രാജ്യംപോലെ രാജ്ഞിയും എന്നോടുതന്നെ ചേരുന്നതാണുചിതം!

ചരണം 3 : പുരത്തിൽ മരുവും മഹാജനങ്ങളും,
പുകൾ പെരുത്തെഴും നാഗരികജനങ്ങളും,
നാട്ടിൻപുറത്തു വസിക്കുമോരോ ജനങ്ങളും,
ഇന്നു കേൾക്കണമെന്റെ ആജ്ഞ: 'ഓർക്കൊലാ നളനിൽ വേഴ്ച
നിസ്ത്രപനാമിവനെ സമ്മാനിക്കൊല്ല ഒരു വസ്ത്രതണ്ഡുലാദികൾ
വിശ്രാണിക്കൊല്ല, ഉല്ലംഘിതാജ്ഞന്മാരെ കൊല്ലും സന്ദേഹമില്ല,
ചൊന്നതാചരിപ്പോരിലുന്നതാ മമ പ്രീതി!'

കൊട്ടാരത്തിൽ കഴിയുന്ന സകലമാന ജനങ്ങളും പേരുകേട്ട നഗരവാസികളും നാട്ടിൻപുറത്തു താമസിക്കുന്നവരും ഇന്നു മുതൽ എന്റെ ഈ കൽപ്പന അനുസരിക്കണം: 'നളനോടാരും ചങ്ങാത്തമുണ്ടാക്കാൻ പാടില്ല, നാണമില്ലാത്ത അവനു വസ്ത്രമോ ഭക്ഷണമോ കൊടുക്കരുത്, ഈ കൽപ്പന ലംഘിക്കുന്നവരെ തീർച്ചയായും വധശിക്ഷയ്ക്കു വിധേയരാക്കും; പക്ഷേ കൽപ്പന അനുസരിക്കുന്നവരെ ഞാനെന്നും മമതയോടെ ചേർത്തുപിടിയ്ക്കും!'

രംഗം 8 : വനപ്രദേശം – സന്ധ്യാസമയം

ശ്ലോകം 10 : (വൃത്തം : സ്രഗ്ദ്ധര)
കല്യാവേശാവശോപി സ്വയമനൃതഭിയാ ഭൂഷണാന്യാത്മ നോസ്മൈ
ദത്വാ തൂഷ്ണീം പുരസ്താദ് ദ്രുതമുപഗതവാൻ ഏകവസ്ത്രോ നളോയം
ഭൈമ്യാ വാർഷ്ണേയനീത സ്വസുതമിഥുനയാ ദീനയാചാനുയാതഃ
ക്ഷുത്ക്ഷാമോമ്മാത്രവൃത്തിർന്നിജമഥവിമൃശൻ വൃത്തമാസ്തേസ്മ ശോചൻ

കലിബാധയേറ്റു ക്ഷീണിതനായെങ്കിലും സത്യഭംഗത്തിനു മുതിരാതെ മക്കളെ വാർഷ്ണേയനെ ഏൽപ്പിച്ച്, വസ്ത്രാഭരണങ്ങൾ പുഷ്കരനു

നൽകി ഒറ്റമുണ്ടുടുത്ത നളൻ ദീനയായ ദമയന്തിയുടെ കൈ പിടിച്ചു കാട്ടിലേയ്ക്കു നടന്നു, വെള്ളം കുടിച്ചു വിശപ്പകറ്റിയശേഷം കഴിഞ്ഞ കാലത്തെ ഓരോ കഥകളോർത്തു സ്വയം പരിതപിച്ചു.

പദം 13 : നളൻ (രാഗം : ഘണ്ടാരം താളം : ചെമ്പട) :
പല്ലവി : എന്തുപോൽ ഞാനിന്നു ചെയ്‌വേൻ
ബന്ധവോ മേ വൈരികളായ്!

ഇനി ഞാനെന്തു ചെയ്യും? ബന്ധുക്കൾപോലും ഇന്നിപ്പോൾ എനിയ്ക്കു ശത്രുക്കളായി മാറിയിരിക്കുന്നു!

അനുപല്ലവി : അന്തകവൈരിപാദചിന്തനം കുറകയോ
ബന്ധമെന്തെനിയ്ക്കേവം സന്താപം വരുവാൻ?

ശിവനോടുള്ള ഭക്തിയ്ക്കു കുറവു വന്നതുകൊണ്ടാണോ എനിയ്ക്കിങ്ങനെ ഈ സങ്കടങ്ങൾ വന്നുചേർന്നത് ?

ചരണം 1 : പുഷ്കരനു ലഭിച്ചു പുരവും ജനപദവും
പുഷ്കലമാധിപത്യം പുതിയ വിഭൂതികളും,
ബുദ്ധിപൂർവമിതുപായനൈപുണി, ചിത്തതാരിലോർത്തു
കാൺകിലെത്രയും, ഇത്ഥമിന്നു വൃത്തമായി വന്നിതു,
മൃത്യുവൈരിഭക്തി മാഞ്ഞുപോയിതോ?

പുഷ്കരനു കൊട്ടാരവും രാജ്യവും അധികാരവും ഐശ്വര്യവും ലഭിച്ചു. അവന്റെ കൗശലങ്ങൾ ചിന്തിക്കുമ്പോൾ ഇങ്ങനെ സംഭവിച്ചതൊക്കെ എനിക്കു ശിവഭക്തി കുറഞ്ഞതു കൊണ്ടാണെന്ന സംശയത്തിനു നല്ല ബലം പകരുന്നുണ്ട്!

ചരണം 2 : സുന്ദരീ ദമയന്തി സുമുഖി സുദതി സതി തന്വീ

തരുണീമണി തളരുന്നിതല്ലോ പാരം!
തപ്തതോയസിക്തമാലതീവനനക്തമാലമസ്തമൂലമിവ നളം
ക്ഷുത്തൃഡാർത്തിലുപ്തചിത്തമാശ്രയിച്ചതൽമൂലം ചത്തുപോകിലാമുടൻ!

സുന്ദരിയും സുമുഖിയും സുദതിയും സതിയുമായ എന്റെ പ്രിയതമ ദമയന്തി ഇതാ വല്ലാതെ തളർന്നിരിക്കുന്നു! വേരറ്റുപോയ വനവൃക്ഷം പോലെ, ഇവൾ വിശപ്പും ദാഹവും മൂലം തീർത്തും പരിക്ഷീണനായ എന്നെ ആശ്രയിച്ചുനിന്നാൽ ഒരുപക്ഷേ പിച്ചകച്ചുവട്ടിൽ ചൂടുവെള്ളം ഒഴിയ്ക്കുന്നതുപോലെ മരിച്ചുപോയേക്കാം!

ചരണം 3 : പക്ഷങ്ങളും ചഞ്ചുക്കളും പരിചെഴും പൊൻനിറമാം
പക്ഷികളിതാ വന്നു പരമരമണീയങ്ങൾ!
ഭക്ഷണാർത്ഥമിക്ഷണേന ഞാനിഹ, വിക്രമേണ
കൈക്കലാക്കുവൻ, വല വെയ്ക്കവേണമെങ്കിലെന്തു ചെയ്‌വതു?
വസ്ത്രമേതത് ഉത്സൃജാമി ജാമി വ

ചിറകും കൊക്കും പൊൻനിറമായ ചില പക്ഷികളിതാ പറന്നു വരുന്നുണ്ട്! തൽക്കാലം ഇവയെ പിടിച്ചു തിന്നെങ്കിലും വിശപ്പകറ്റാം, പക്ഷേ വല വെയ്ക്കാനെന്താണൊരു വഴി? എന്റെ കൂടപ്പിറപ്പായ ഈ വസ്ത്രം തൽക്കാലം ഉപേക്ഷിയ്ക്കുകതന്നെ!

ശ്ലോകം 11 : (വൃത്തം : വസന്തതിലകം)
കൃത്വാ പരോക്ഷതനുരേവ മഹോക്ഷ മൂർത്തി:
സദ്വാപരോക്ഷകലിത സ്ഥിതിരിഷ്ടസിദ്ധിം
ധൃത്വാ സുവർണശകുനത്വമതീവദുഷ്ടോ
ഹൃത്വാംബരഞ്ച ദിവമേത്യ നളം ന്യഗാദീത്

ചൂതുകളിക്കു കാളയുടെ രൂപത്തിൽ വന്നു ദ്വാപരനോടു ചേർന്നു കാര്യം നേടിയ ദുഷ്ടനായ കലി ആ സമയം പക്ഷികളുടെ രൂപത്തിൽ

വന്നു നളന്റെ ഒറ്റമുണ്ടും കൊത്തിപ്പറിച്ചു മാനത്തു നിന്നു പറഞ്ഞു

പദം 14 : കലി (രാഗം : സുരുട്ടി താളം : ചെമ്പട) :
പല്ലവി : വിഫലം തേ വൈരസേനേ, വാഞ്ഛിതം സാമ്പ്രതം

വീരസേനന്റെ പുത്രാ, നിന്റെ മോഹങ്ങളെല്ലാം വിഫലമായല്ലോ!

അനുപല്ലവി : വിഭവം തേ ഹൃതമായി,
വ്രീളയിതിനില്ലാഞ്ഞോ വേലയിതെല്ലാം?

ഇതാ നിന്റെ ഒറ്റവസ്ത്രവും പൊയ്പ്പോയി, ഒരു നാണവുമില്ലാതെ ഇനിയും നീയോരോ കൗശലങ്ങൾക്കു മുതിരുന്നോ?

ചരണം 1 : വികൃതഹൃദയ ഞങ്ങൾ വികിരങ്ങളല്ല,
വെറുതെ ഞങ്ങളെ കൊൽവാൻ തവ തരമില്ല,
വിരവിൽ നിന്നെച്ചതിച്ച വിരുതുള്ള ഞങ്ങളെല്ലാം,
വിപുലമഹിമ തേടും ചൂതുകൾ ചൊല്ലാം

ഹേ മന്ദബുദ്ധി, ഞങ്ങൾ വെറും പക്ഷികളല്ല; നിനക്കു ഞങ്ങളെ എളുപ്പത്തിൽ പിടിച്ചു കൊല്ലാനുമാവില്ല; നിന്നെ കബളിപ്പിച്ച വിരുതരായ ഞങ്ങൾ വേണമെങ്കിൽ ഇനിയും ഇതുപോലുള്ള ചില കൗശലങ്ങൾ നിനക്കു പറഞ്ഞുതരാം!

ചരണം 2 : വിസ്തൃതം നിന്റെ രാജ്യം വിവിധമാം ധനവും
വസ്തുസമ്പത്തുകളും വരിച്ചു വഞ്ചനവും, നിസ്തൃപ ഞങ്ങൾ ചെയ്തതറിക
നിൻ കദനവും വസ്ത്രമിതു പറിപ്പാൻ വന്നിതിജ്ജനവും

ഞങ്ങളാണു നിന്റെ വിശാലമായ രാജ്യവും ധനവും സമ്പത്തും ചതിയിൽ പിടിച്ചെടുത്തത്! നാണമില്ലാത്ത നിന്നോട് അക്കാര്യം തുറന്നു

പറഞ്ഞു വസ്ത്രംകൂടി തട്ടിപ്പറിയ്ക്കാനാണ ഞങ്ങളിപ്പോൾ വന്നത്!

ചരണം 3 : വിരസത വരുത്തി നീ സുരപതിയ്ക്കുടനേ,
സ്മരപരവശനായി മരുവി തൻ സദനേ,
വരുവതതിനിതെന്നുമറിക നീ ഇതിനേ,
മരവുരി ധരിച്ചു നീ മരുവുക വിപിനേ!

ദമയന്തിയോടുള്ള കാമാവേശവുമായി സ്വർഗത്തിൽനിന്നു വന്ന ദേവേന്ദ്രനു നീരസമുണ്ടാക്കിയതാണ നിന്റെ ദുരവസ്ഥയ്ക്കു കാരണം. ഇനി നീ മരവുരി ധരിച്ചു കുറച്ചു കാലം കാട്ടിൽ കഴിയുന്നതാണ നല്ലത്!

രംഗം 9 : വനപ്രദേശം – രാത്രിസമയം

ശ്ലോകം 12 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
വസ്ത്രം പത്രികൾകൊണ്ടുപോയ് ദിവി മറഞ്ഞപ്പോളവസ്ഥാം നിജാം
ഉൾത്താരിങ്കൽ വിചാര്യ ദിഗ്വസനനായ് നിന്നു നളൻ ദീനനായ്
പത്ന്യാ സാകമിതസ്തതോഥ ഗഹനേ ബഭ്രമ്യമാണഃ ശുചാ
നക്തം പോയ് വനമണ്ഡപം കിമപി ചെന്നധ്യാസ്തവിഭ്രാന്തധീ

ഉടുത്തിരുന്ന വസ്ത്രവും കൊത്തിയെടുത്തു പക്ഷികൾ മാനത്തു മറഞ്ഞപ്പോൾ നഗ്നനും ദീനനുമായി സ്വന്തം ദുരവസ്ഥ കണ്ടറിഞ്ഞ നളൻ സങ്കടം സഹിക്കാതെ ദമയന്തിയേയും ചേർത്തു പിടിച്ചു കൊടുങ്കാട്ടിൽ ഭ്രാന്തചിത്തനായി അലഞ്ഞു നടന്നു രാത്രിയായപ്പോൾ ഒരു വനമണ്ഡപത്തിൽ ചെന്നിരുന്നു വിശ്രമിച്ചു

പദം 15 : നളൻ (രാഗം : ഗൌളിപന്ത് താളം : ചെമ്പട) :
പല്ലവി : ഒരുനാളും നിരൂപിതമല്ലേ,
ഉദന്തമിതൊരുനാളും നിരൂപിതമല്ലേ

ഈ ദുരവസ്ഥ വരുമെന്നു ഞാനൊരു കാലത്തും കരുതിയതല്ല!

അനുപല്ലവി : കരുണാകടാക്ഷമെന്നിൽ പുരവൈരി സംഹരിച്ചോ?
സുരനായകവരത്തിൻ പരിണാമമീദൃശമോ?

പരമേശ്വരൻ എന്നോടു കാണിയ്ക്കാറുള്ള അനുകമ്പ ഇന്നിപ്പോൾ തീർത്തും പിൻവലിച്ചെന്നോ? ഇതൊക്കെയാണോ വിവാഹസമയത്തു ദേവന്മാർ തന്ന വരങ്ങളുടെ പരിണതഫലം?

ചരണം 1 : സുന്ദരി, ദയിതേ ശൃണു ഭൈമി നിന്നെ രക്ഷിപ്പാൻ
ഇന്നരിമ എനിയ്ക്കെന്നു വന്നു, ഒന്നല്ലെനിക്കുള്ളാധി ചൊന്നാൽ
അറിയിക്കാമോ? എന്നെയും നിന്നേയും നീതന്നെ കാത്തുകൊള്ളേണം

സുന്ദരിയായ പ്രിയതമേ ദമയന്തി, കേൾക്കൂ, നിന്റെ സുരക്ഷയെ കുറിച്ചോർക്കുമ്പോൾ എനിയ്ക്കു വല്ലാത്ത വേവലാതി തോന്നുന്നു. ഓരോരോ ആധികൾ പ്രത്യേകം എടുത്തു പറയാവതല്ല, ഇന്നു നമ്മൾ രണ്ടു പേരുടേയും രക്ഷ നിന്നെത്തന്നെ ആശ്രയിച്ചിരിക്കുന്നു!

ചരണം 2 : ദമയന്തി: പയ്യോ പൊറുക്കാ മേ ദാഹവും
ആര്യപുത്രാ കേൾ, അയ്യോ എൻ പ്രിയപ്രാണനാഥ,
കൈയോ കാലോ തിരുമ്മി മെയ്യോടു മെയ്യണവൻ
പൊയ്യോ നാം തമ്മിലുള്ള സംയോഗനാൾപ്പൊരുത്തം?

ആര്യപുത്രാ, കേൾക്കൂ, വിശപ്പും ദാഹവും ഞാൻ സഹിച്ചുകൊള്ളാം, എന്റെ പ്രാണനാഥ, കൈയും കാലും തിരുമ്മി കെട്ടിപ്പുണർന്നു ഞാൻ നിന്നെ സാന്ത്വനിപ്പിയ്ക്കാം, കഷ്ടം, നമ്മുടെ ഉത്തമമായ വിവാഹപ്പൊരുത്തം വെറുമൊരു കളവായിരുന്നോ?

ചരണം 3 : നളൻ: കാനനമിതെന്നാലെന്തധികം ഭീതിദമല്ലേ?

കാണേണം തെളിഞ്ഞുള്ള വഴികൾ! നൂനമീ വഴി ചെന്നാൽ
കാണാം പയോഷ്ണിയാറും ഏണാക്ഷി ദൂരമല്ല ചേണാർന്ന കുണ്ഡിനവും!

ഈ കാടെത്ര ഭയാനകമാണെന്നു നോക്കൂ! ഇതാ ഇവിടെ ചില വഴികൾ തെളിഞ്ഞു കാണാനുണ്ട്, ഈ വഴിയിലൂടെ ചെന്നാൽ തൊട്ടുമുമ്പിൽ പയോഷ്ണിനദി കാണാം, പ്രിയതമേ, അവിടെനിന്നു കുണ്ഡിനത്തിലേയ്ക്കു വളരെയൊന്നും ദൂരമില്ല!

ചരണം 4 : ദമയന്തി: പാതിയും പുമാനു പത്നിയെന്നു
വേദശാസ്ത്രാദി ബോധമുള്ളവർകൾ ചൊല്ലിടുന്നു,
ആധിവ്യാധികളിലും പ്രീതിദമൗഷധം കേൾ,
സ്വാധീനസഹധർമ്മിണീതി നീ ധരിക്കേണം!

പുരുഷന്റെ പാതിയും പത്നിയാണെന്നു വേദശാസ്ത്രജ്ഞന്മാർ പറഞ്ഞു നീ കേട്ടിട്ടില്ലേ? ആധിക്കും വ്യാധിക്കും ഉത്തമമായ ഔഷധം സ്വാധീനയായ പത്നിയാണെന്നുകൂടി നീ നന്നായി മനസ്സിലാക്കണം!

രംഗം 10 : വനമണ്ഡപം

ശ്ലോകം 13 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
വേർവിട്ടീടുകയില്ല വല്ലഭനെയീയാപത്തിലെന്നാശയം
വൈദർഭ്യാസ്സുദൃഢം വിദൻ വിദലയൻ വസ്ത്രാർദ്ധമസ്യാ നളൻ
ഖേദപ്പാടോടുറങ്ങിനോരവളെയും ത്യക്ത്വാ കലിപ്രേരണാൻ
മൂഢപ്രായമനാ നിശീഥസമയേ നിർജ്ജഗ്മിവാൻ നിർജ്ജനേ

'ഈയൊരു ആപത്ഘട്ടത്തിൽ ഞാൻ ഭർത്താവിനെ ഉപേക്ഷിയ്ക്കുകയില്ലെ'ന്ന ദമയന്തിയുടെ നിശ്ചയദാർഢ്യം കണ്ടറിഞ്ഞ നളൻ, കലിബാധിച്ചു സ്വബോധം നഷ്ടപ്പെട്ടതു മൂലം, സങ്കടം സഹിക്കാതെ കിടന്നുറങ്ങുന്ന പത്നിയുടെ പാതി വസ്ത്രം മുറിച്ചെടുത്തു പാതിരാസമയത്തു

വിജനമായ കാട്ടിൽ ഉപേക്ഷിച്ച മൂഢനെപ്പോലെ കടന്നുകളഞ്ഞു!

പദം 16 : ദമയന്തി (പുന്നാഗവരാളി : മുറിയടന്ത) :
പല്ലവി : അലസതാവിലസിതമതിനാൽ ഞാനുറങ്ങിനേൻ,
അലമലം പരിഹാസകലവികളാലേ!

വല്ലാത്ത ക്ഷീണം മൂലം ഞാനറിയാതെ കുറച്ചധികം നേരം കിട ന്നു റങ്ങിപ്പോയി! പ്രിയതമാ, അതിനെന്നെ നീയിങ്ങനെ പരിഹസിക്കു ന്നതു കഷ്ടംതന്നെ!

അനുപല്ലവി : അളവില്ലാ മമ ഭയം ആളിമാരുമില്ലാ,
നള നളിനാക്ഷാ നീയൊളിവിലെന്തിരിക്കുന്നു?

എനിക്കു വല്ലാത്ത ഭയം തോന്നുന്നു, ഇവിടെ തോഴിമാരാരും അ ടുത്തില്ലല്ലോ; നള, നീയെവിടെയാണ് ഒളിച്ചിരിയ്ക്കുന്നത്?

ചരണം 1 : ഹരിത്പതികൾ തന്നൊരു തിരസ്കരിണിയുള്ള നീ, ഇരിപ്പിടം ധരിപ്പതിനരിപ്പമല്ലോ, വരിപ്പുലി നടുവിൽ സഞ്ചരിപ്പതിനിടയിലോ
ചിരിപ്പതിനവസരം? ഇരിപ്പതു പുരിയിലോ?

ദേവന്മാർ തന്ന തിരസ്കരിണിയുള്ള നീ ഒളിച്ചിരിക്കുന്ന സ്ഥലം ക ണ്ടെത്താൻ അത്ര എളുപ്പമല്ല; വരിപ്പുലികൾ വിഹരിയ്ക്കുന്ന ഈ കാട്ടി ൽ നടക്കുമ്പോഴാണോ നീയിങ്ങനെ തമാശ കളിയ്ക്കുന്നത്? അല്ല, നാ മിപ്പോൾ സത്യത്തിൽ കൊട്ടാരത്തിൽത്തന്നെയാണോ?

ചരണം 2 : പടം നോക്കിയുടൻ താനേ നടന്നാനോ വെടിഞ്ഞെന്നെ?
പടിഞ്ഞാറോ കിഴക്കോ നീ വടക്കോ തെക്കോ?
ദൃഢം ജാനേ മതം തേഹം, 'വിട്ടുന്നോളല്ലിവൾ, ഞാൻ
വേർപെടുന്നാകിലുടൻ താനൊരിടം നോക്കി നടന്നുപോം'.

അതല്ല, കളഞ്ഞുപോയ വസ്ത്രമന്വേഷിച്ച നീയെന്നെ ഒറ്റയ്ക്കാക്കി നടന്നുപോയതാണോ? പടിഞ്ഞാറോ കിഴക്കോ തെക്കോ വടക്കോ ഇപ്പോൾ നീയെവിടെയാണുള്ളത്? എന്തായാലും 'ഇവളെന്നെ വിടില്ല, അതുകൊണ്ട് ഞാൻ വിട്ടുപോയാൽ സ്വയം രക്ഷ കണ്ടെത്തു'മെന്ന നിന്റെ വിചാരം പക്ഷേ എനിക്കു നല്ല ബോദ്ധ്യം വന്നിട്ടുണ്ട്!

ചരണം 3 : വിശേഷിച്ചുണ്ടെനിയ്ക്കാധി വിചാരിച്ചോളവും
ദ്യൂതവശാലിപ്പോൾ തവ ബുദ്ധി കൃശയായ്പോയി,
ദശാദോഷാമതേഷാ ഞാനശേഷമോർത്തതിശോകരുജാവേശാ
വഴൈവാശു വിശാമീശ, നിശാമദ്ധ്യേ!

ആലോചിക്കുമ്പോൾ എന്റെ ആധികൾക്കൊരുപക്ഷേ അതിലേറെ സാധ്യതകളുണ്ട്. ചൂതുകളി മൂലം നിന്റെ ബുദ്ധി നിശ്ശേഷം മങ്ങിപ്പോയി. ആ ദുരവസ്ഥ കണ്ടറിഞ്ഞ ഞാൻ ദു:ഖിതയാണെങ്കിലും വിപദി ധൈര്യത്തോടെ ഈ പാതിരയ്ക്കു മുന്നോട്ടുതന്നെ നടക്കട്ടെ!

ചരണം 4 : ഒരു ഭൂതത്തിനാലേവം പരിഭൂതൻ മമ കാന്തൻ,
പുരുഭൂതികളെപ്പോലെ പുനരെന്നേയും ഒരു പോതും നിനയാതെ
പെരുമാറുന്നതു മൂലം, എരിതീയിൽ പതിതനായ് വരിക വഞ്ചകനവൻ!

എന്തായാലും എന്റെ ഭർത്താവിനെ ഒരു ദുർഭ്ഭൂതം ആവേശിച്ചിട്ടുണ്ട്, തീർച്ച! സ്വയം നേടിയെടുത്ത പല വസ്തുക്കളേയുംപോലെ നളൻ എന്നേയും കണക്കാക്കാൻ ഇട വരുത്തിയ വഞ്ചകനായ ആ ഭൂതം താമസിയാതെ എരിതീയിൽ വീണു നശിയ്ക്കാനിടവരട്ടെ!

രംഗം 11 : കൊടുങ്കാട്

ശ്ലോകം 14 : (വൃത്തം : ശിഖരിണി) :

കരഞ്ഞും ഖേദിച്ചും വനഭുവി തിരഞ്ഞും നിബിഡമായ്
നിറഞ്ഞെങ്ങും തിങ്ങും തിമിരഭരുദ്ഘോഷണപഥാ
പറഞ്ഞും കോപിച്ചും പലവഴി നടന്നും നൃപസുതാ
വലഞ്ഞാൾ, കേട്ടാനക്കരുമനകൾ കാട്ടാളനൊരുവൻ

വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ കൊട്ടുംകാട്ടിലെ ഇരുൾവഴിയിലൂടെ നളനെ തിരഞ്ഞു സങ്കടത്തോടെ കരഞ്ഞും ഓരോന്നു പറഞ്ഞു തന്നോടു തന്നെ കോപിച്ചും നടക്കുന്ന ദമയന്തിയുടെ ദയനീയമായ വിലാപം അപ്പോൾ ഒരു കാട്ടാളൻ കേൾക്കാനിടയായി.

പദം 17 : കാട്ടാളൻ (രാഗം : പന്തുവരാളി താളം : ചെമ്പട)
പല്ലവി : ആരവമെന്തിതറിയുന്നതോ ഇഹ
ഘോരവനത്തിൽ നിന്നെഴുന്നതും

എന്താണൊരു നിലവിളി കേൾക്കുന്നത്? അതെ, ഈ കാട്ടിൽനിന്നു തന്നെയാണല്ലോ ശബ്ദം പുറപ്പെടുന്നത്!

അനുപല്ലവി : ദൂരെയിരുന്നാൽ നേരറിയാമോ?
ചാരേ ചെന്നങ്ങാരായേണം

ഇവിടെയിങ്ങനെ ഇരുന്നാൽ കാര്യമറിയാനാവില്ല! അടുത്തു ചെന്നു നേരിട്ടന്വേഷിച്ചാലേ നേരറിയൂ!

ചരണം 1 : പെരുത്ത വൻകാട്ടിന്നകത്തങ്ങൊരുത്തനായ് പോയ്
വരുവാനും, പേടി നമുക്കും പാരമുദിക്കും, പേർത്തും ഗഹനേ
തിരവാനും, ഉരത്തെഴും തിമിരം വെൽവാൻ ഉദിക്കുമാറായ്
ഭഗവാനും, പോരാ നാമിങ്ങിരുന്നാലോ ഭീരുതയെന്നേ വരുതാനും
എടുത്തു വില്ലും അമ്പും വാളും അടുത്തു ചെന്നങ്ങറിയേണം,
നീചത്വം വിട്ടൗചിത്യം ഞാനാശ്രുത്വം പൂണ്ടാചരിപ്പൻ

ഈ പെരുങ്കാട്ടിനുള്ളിൽ ഒറ്റയ്ക്ക് ചെന്നു നോക്കിവരാൻ പക്ഷേ എനിയ്ക്ക് ധൈര്യം പോര! ഇതാ കൂരിരുട്ട് പതുക്കെ നീങ്ങി സൂര്യൻ ഉദിച്ചു തുടങ്ങിയിരിക്കുന്നു. ഇനിയിവിടെ മടി പിടിച്ചിരുന്നാൽ ഞാനൊരു ഭീരുവാണെന്നു മറ്റുള്ളവർ കണക്കാക്കും. എന്തായാലും വില്ലും അമ്പും വാളുമെടുത്ത് ശബ്ദം കേട്ട ദിക്കിലേയ്ക്ക് നടക്കാം. നീചന്മാർക്കു സഹജമായ പേടിയും മടിയും വെടിഞ്ഞു ഞാനുടനെ ഇക്കാര്യത്തിൽ സമയോചിതമായി ഇടപെട്ടേ തീരൂ!

പദം 18 : ദമയന്തി (രാഗം : പുന്നാഗവരാളി താളം : അടന്ത)
പല്ലവി : ആഹന്ത ദയിതാ ദയാസിന്ധോ നീയെന്നെ
അപഹായ യാസി കഥം?

ഹാ പ്രിയതമാ, കരുണാമയനായ നീ എന്നെ ഈ കൊടുങ്കാട്ടിൽ ഉപേക്ഷിച്ച് എങ്ങോട്ടാണു കടന്നു കളഞ്ഞത്?

അനുപല്ലവി : മോഹാർണവത്തിൻ പ്രവാഹത്തിൽ വീണു ഞാൻ,
മുഹുരപി മുഴുകുമാറായിതിദാനീം

സങ്കടക്കടലിലെ ഈ കുത്തൊഴുക്കിൽ വീണു ഞാനിതാ വീണ്ടും വീണ്ടും മുങ്ങിത്താഴുന്നു!

ചരണം 1 : ഭാഗധേയമോ പോയീ ദേവനേ, പകച്ചു പോയിതോ
ഗഹനേ വനേ? മാഞ്ഞിതോ മമത നിജജനേ?
മനസി മംഗലാകൃതേ കരുണാഭാജനേ

നിന്റെ സകല സൌഭാഗ്യവും ചൂതുകളിയിൽ നഷ്ടപ്പെട്ടു, ഈ കൊടുങ്കാട്ടിൽ വന്നുപെട്ടതുകൊണ്ടു മനസ്സും മരവിച്ചു, ഇപ്പോൾ ബന്ധുക്കളോടുള്ള മമത കൂടി നീ ഉപേക്ഷിച്ചോ?

ചരണം 17.2 : കാട്ടാളൻ: സ്വരത്തിനുടെ മാധുര്യം കേട്ടാൽ
ഒരുത്തിയെന്നതു നിശ്ചേയം, സ്വൈരം ചാരേ ചെന്നവളോടു
ഞാൻ സുമുഖിയൊടാരിതി പൃച്ഛേയം, മരത്തിനിടയിൽ
കാണാമേ സുന്ദരത്തിനുടെ സാദൃശ്യേയം, കേന വിയോഗാൽ
കേണീടുന്നിവൾ കേനനുവിധിനാ പശ്യേയം?
അകൃത്രിമദ്യുതിരനവദ്യേയം അടുത്തു ചെന്നിനി അനുപശ്യേയം,
ആകൃതി കണ്ടാൽ അതിരംഭേയം ആരാലിവൾ തന്നധരം പേയം?
ആരിവളവനിതലാമരീ വരനാരി വപുഷി ധൃതമാധുരീ?

സ്വരമാധുര്യം കേട്ടാലൊരു യുവതിയാണെന്നു തോന്നും, പതുക്കെ അവളുടെ അടുത്തു ചെന്നു 'സുന്ദരി, നീയാരാണെ'ന്നു ചോദിക്കാം. അതാ മരങ്ങൾക്കിടയിൽ അവളുടെ രൂപസൌന്ദര്യം മറഞ്ഞു കാണാനുണ്ട്. ആരുടെ വേർപാടു മൂലമായിരിക്കാം അവൾ നിലവിളിക്കുന്നത്? അവൾക്കെന്തു ദുർവിധിയാണുണ്ടായത്? സുന്ദരിയും കുലീനയുമായി തോന്നുന്ന അവളെ അടുത്തു ചെന്നൊന്നു നോക്കിക്കാണാം. രംഭയേക്കാൾ സുഭഗയായ ഇവളുടെ അധരപാനം ആർക്കായിരിക്കുമോ വിധിച്ചിരിക്കുന്നത്? അതിമനോഹരിയായ ഈ ഭൂമിയിലെ സുരസുന്ദരി ആരായിരിക്കും?

ചരണം 18.2 : ദമയന്തി: വാഹസം ഗ്രഹിക്കുന്നു ചരണവും
കാന്താ, മോഹസംഹൃതമന്തഃകരണവും, സാഹസപ്രിയാ
നീയെൻ മരണവും കേട്ടാൽ സ്നേഹസദൃശം ചെയ്ക സ്മരണവും

പ്രിയതമാ, ഇതാ എന്റെ കാലിലൊരു പാമ്പു വന്നു കടിക്കുന്നു, എനിക്കു ബോധം നഷ്ടപ്പെടുന്നതായി തോന്നുന്നു; എന്റെ മരണവാർത്ത കേട്ടാലെങ്കിലും സാഹസികനായ നീയെന്നെ സ്നേഹപൂർവം ഒരു വട്ടം ഓർക്കണേ!

ചരണം 17.3 : കാട്ടാളൻ: അപുത്രമിത്രാകാന്താരം പുക്കനർത്ഥഗർത്തേ
വീണാളേ, ആനന്ദിച്ചേ വാഴേണ്ടുന്നവളല്ലേ കമനീ നീണാളേ,
അപത്രപിച്ചീടേണ്ടാ ഞാനോ വനത്തിൽ മേവുന്നാണാളേ,
ആരെന്നാലും രക്ഷിപ്പാനിനി അപരൻ വരുമോ കേണാളേ,
വസിയ്ക്ക നീയെന്നംസേ താങ്ങി വധിപ്പനുരഗം വക്രാപാംഗി,
വാതിച്ചോർക്കും പ്രാണാപായേ ജാതിച്ചോദ്യം വേണ്ടാ തൊടുവാൻ!
മാരിതമായ് പെരുമ്പാമ്പെടോ സുകുമാരിമാർക്കിന്നൊരു ക്ലമ്പെടോ

മക്കളും ബന്ധുക്കളുമില്ലാത്ത നീ ഈ കൊടുങ്കാട്ടിൽ ഇങ്ങനെയൊരു ദുരവസ്ഥയിൽ വന്നു വീണല്ലോ! നിന്നെ കണ്ടിട്ട് സുഖിച്ച് ജീവിക്കേണ്ടവളാണെന്നു തോന്നും, എന്തായാലും നീയിനി ദുഃഖിയ്ക്കേണ്ട, ഈ കാട്ടിൽത്തന്നെയുള്ള ഒരു പുരുഷനാണു ഞാൻ! ഇനി മറ്റൊരാൾ നിന്നെ രക്ഷിയ്ക്കാൻ വരുമെന്നു തോന്നുന്നില്ല, നീയെന്റെ തോളിൽ ചാഞ്ഞിരിയ്ക്കൂ, പാമ്പിനെ ഞാനുടനെ തല്ലിക്കൊല്ലാം; പ്രാണഭയം വരുമ്പോൾ വേദജ്ഞന്മാർപോലും ജാതി ചോദിക്കാറില്ല! സുന്ദരി, ഇതാ നോക്കൂ, എന്റെ പ്രഹരമേറ്റു പാമ്പു ചത്തു കഴിഞ്ഞു!

ചരണം 18.3 : ദമയന്തി: ഗ്രാഹം പിടിച്ചപ്പോൾ മോഹവും
കലർന്നാകമ്പിതമായി ദേഹവും, സാഹം പാലിതാ നിന്നാൽ,
നന്നു നീ ഇനി പോക വേണ്ടുന്ന ദിക്കിൽ ഇന്നു നീ!
പ്രാണരക്ഷണത്തിനൊന്നില്ല പ്രത്യുപകാരം പ്രചുരമാം സുകൃതാകൃതേ!

പെരുമ്പാമ്പു കാലിൽ കടിച്ചപ്പോൾ വന്ന മോഹാലസ്യം മൂലം എന്റെ ദേഹം വിറയ്ക്കാൻ തുടങ്ങി. എന്തായാലും നീ വന്നതു കാരണം ഞാൻ രക്ഷപ്പെട്ടു. നന്നായി, ഇനി സുകൃതിയായ നിനക്കു നിന്റെ വഴിയ്ക്കു പോകാം! പ്രാണൻ രക്ഷിക്കുന്നവർക്കു പക്ഷേ ആരും പ്രത്യുപകാരം വിധിച്ചിട്ടില്ല!

പദം 19 : കാട്ടാളൻ: (രാഗം : മധ്യമാവതി താളം : ചെമ്പട)

പല്ലവി : അംഗനേ ഞാനങ്ങു പോവതെങ്ങനെ?

സുന്ദരി, ഞാനെങ്ങനെ വെറുംകൈയോടെ തിരിച്ച പോകും?

അനുപല്ലവി : ഇങ്ങനേകം മനോരാജ്യം, എങ്ങനെയെന്നെല്ലാം
കേൾ നീ, എങ്ങനെയെന്മതമെന്നാൽ അങ്ങനെയെന്നുറയ്ക്ക നീ!

എന്റെ മനസ്സിൽ ഒരുപാടു സ്വപ്നങ്ങൾ ബാക്കിയുണ്ട്, സകലതും ഞാൻ പറഞ്ഞു തരാം! എന്റെ ഇഷ്ടം എന്തായാലും അതുതന്നെ നീ മനസ്സിലുറപ്പിയ്ക്കുന്നതാണ നല്ലത്!

ചരണം 1 : സങ്കടമെനിയ്ക്കുണ്ടു സദയത വേണമെന്നിൽ,
മംഗലഗാത്രി നീയെന്തിങ്ങനെ തുടങ്ങുന്നു? മങ്കമാർമൗലിബാലേ
മഹിതഗുണങ്ങൾ നിന്നിൽ തിങ്ങിയിണങ്ങിയഭംഗുരഭംഗിവിളങ്ങി,
പുകൾപൊങ്ങി അതു മങ്ങീ ഗുണമംഗീകരിയാതെപോകിൽ!

എനിയ്ക്കൊരു സങ്കടം നിന്നോടു പറയാനുണ്ട്. ദയവായി കേൾക്കണം, നീയെന്താണ പ്രാണരക്ഷകനായ എന്നെ വെറുംകൈയോടെ പറഞ്ഞുവിടുന്നത്? സുന്ദരിയായ നിന്റെ ഗുണഗണങ്ങൾ പലതും ഒത്തിണങ്ങി പുറമേയ്ക്കു പരന്നു കഴിഞ്ഞു. പക്ഷേ മറ്റുള്ളവർ അംഗീകരിച്ചില്ലെങ്കിൽ നിന്റെ ആ കീർത്തികൊണ്ട് എന്തു ഫലം?

ചരണം 2 : പങ്കജബാണനൊരു പകയായ് ചമഞ്ഞതെന്നിൽ,
എങ്ങനെയെല്ലാം അവനെയ്യുന്നിതെന്നെ വെൽവാൻ,
അങ്ങോട്ടിങ്ങോട്ടുഴന്നംഗം നിറം കെടേണ്ടാ,
ശങ്ക തുടങ്ങുകിലെങ്ങു സുഖങ്ങളൊതുങ്ങും?
മനമങ്ങും മിഴിയിങ്ങും ഇനി എങ്ങു നീ ചൊല്ല പോവതു?

കാമദേവനെന്തോ എന്നോടു കടുത്ത വിരോധമുള്ളതുപോലെ എന്നെ

തോൽപ്പിയ്ക്കാൻ എത്രയെത്ര ക്രൂരമ്പുകളാണെയ്യുന്നതെന്നു നോക്കു! നീ വെറുതെ അങ്ങുമിങ്ങും അലഞ്ഞു നടന്നു ശരീരം ക്ഷീണിപ്പിച്ചു സൌന്ദര്യം നശിപ്പിക്കരുത്. കാമപീഡ തുടങ്ങിയാൽ പിന്നെ ആർക്കാണൊരു മനഃസുഖമുണ്ടാവുക? മനമങ്ങും മിഴിയിങ്ങുമായി ഇനി ഞാനെങ്ങോട്ടാണു പോകേണ്ടത്? നീതന്നെ പറയൂ!

ചരണം 3 : താഴ്ച വരാതെ വാഴ്ക തരുണി നീ എനിക്കുണ്ടു
ചോർച്ച കൂടാതെ കെട്ടി ചുമരും വെച്ചൊരു വീട്,
വാഴ്ച നമുക്കിവിടെ വനസുഖമാരറിഞ്ഞു?
വേഴ്ചയിലീശ്വരനാശ്രിതവത്സലനല്ലേ? ഓർച്ചയില്ലേ
ചേർച്ചയില്ലേ തീർച്ച ചൊല്ലേണ്ടതു മറ്റെന്തോന്നിനി?

നിനക്കു സുഖമായി താമസിയ്ക്കാൻ തക്കവിധം ചോർച്ചയില്ലാതെ ചുമരുകളുള്ള നല്ലൊരു വീട് എനിയ്ക്കുണ്ട്. നീയെന്നെങ്കിലും കാട്ടിൽ കഴിയുന്നതിന്റെ സുഖം മനസ്സിലാക്കിയിട്ടുണ്ടോ? ഒരർത്ഥത്തിൽ നമ്മുടെ ഈ ആകസ്മികമായ വേഴ്ചതന്നെ ആശ്രിതവത്സലനായ ദൈവത്തിന്റെ നിയോഗമല്ലേ? മനസ്സും ശരീരവും തമ്മിലല്ലാതെ മറ്റെന്തു പൊരുത്തമാണു നമുക്കു വേണ്ടത്?

പദം 20 : ദമയന്തി : (രാഗം : സാവേരി താളം : മുറിയടന്ത)
പല്ലവി : ഈശ്വര നിഷധേശ്വരാ, ഈശ്വരാ!

എന്റെ പ്രിയതമനായ നിഷധരാജാവേ!

അനുപല്ലവി : ആശ്ചര്യമിതിലേറ്റം അപരമെന്തോന്നുള്ളൂ?

ഇതിലേറെ ആശ്ചര്യകരമായി മറ്റെന്താണു സംഭവിയ്ക്കാനുള്ളത്?

ചരണം1 : നിജപദം വെടിഞ്ഞു പോയ് നൃപതേ നീ മറഞ്ഞു,

നിരവധി കാണാഞ്ഞു തിരവതിനാഞ്ഞു,
അജഗരാനനേ പാഞ്ഞു അവിടെ ഞാനൊടുങ്ങാഞ്ഞു,
വിജനേ പേയും പറഞ്ഞു വനചരനുമണഞ്ഞു.

രാജാവേ, സ്വന്തം ചുമതല മറന്നു നീ ഒളിച്ചോടി; വളരെ നേരം കാത്തിരുന്നിട്ടും കാണാതെ ഞാൻ നിന്നെ അന്വേഷിച്ചിറങ്ങി, പാമ്പിന്റെ വായിൽ ചെന്നുപെട്ടിട്ടും എന്റെ ജീവൻ പോയില്ല, ഇപ്പോൾ ഇതാ വിജനമായ കാട്ടിൽ വിടുവായനായൊരു കാട്ടാളൻ പ്രണയാഭ്യർത്ഥനയുമായി വന്നു നിൽക്കുന്നു!

ചരണം 2 : അതിമൂഢനിവനോടെന്തനുസരിച്ചുരപ്പൂ?
അതുകേട്ടിട്ടിവനുണ്ടോ അടങ്ങിപ്പോയിരിപ്പൂ?
അബലേ നിൻ വ്രതലോപോദ്യതൻ ഭസ്മീകരിപ്പൂ,
എന്നമരേന്ദ്രവരമൊന്നുണ്ടിതിനുപകരിപ്പൂ!

കേട്ടാലൊന്നും മനസ്സിലാവാത്ത ഇവനോടു ഞാനെന്തു പറയും? മാത്രമല്ല, ഇവൻ അതനുസരിക്കുമെന്നുറപ്പുണ്ടോ? 'നിന്റെ പാതിവ്രത്യത്തിനു ഭംഗം വരുത്തുന്നവൻ ഭസ്മമാകു'മെന്ന ഇന്ദ്രന്റെ വരം മാത്രമേ ഇപ്പോൾ എനിയ്ക്കിവിടെ രക്ഷയുള്ളൂ!

രംഗം 12 : വനപാത

ശ്ലോകം 15 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
ഇത്യർദ്ധോക്തേ നളദയിതയാ സോപി തച്ഛാപശക്ത്യാ
ഭസ്മീഭൂതോ ജനി ച പവനോദ്ധൂളിതാദൃശ്യ മൂർത്തി:
സാപീന്ദ്രാദീനവിതഥ ഗിരോ ഭക്തിപൂർവം നമന്തീ
കാന്താരാന്തേ വ്യചരദൃഷിഭി: സാന്ത്വിതാ രാജകാന്താ

ഇപ്രകാരം ദമയന്തിയുടെ ശാപം പകുതി കഴിഞ്ഞപ്പോൾത്തന്നെ ഭ

സ്ഥമായിപ്പോയ കാട്ടാളൻ കാറ്റത്തു പറന്നുപോയി. ഇന്ദ്രാദിദേവന്മാരെ ഭക്തിപൂർവം നമസ്കരിച്ച്, തപസ്സ ചെയ്യുന്ന മുനിമാരുടെ സാന്ത്വനവാക്കുകൾ കേട്ട്, രാജപത്നിയായ ദമയന്തി ഒറ്റയ്ക്ക ദിവസങ്ങളോളം കാട്ടിൽ അലഞ്ഞുനടന്നു.

പദം 21 : ദമയന്തി (രാഗം : ദ്വിജാവന്തി താളം : ചെമ്പട)
പല്ലവി : ആരോടെന്റെ സൈ്വരക്കേടുകളാകവേ
ഞാൻ ചൊൽവൂ ശിവശിവ ശിവനേ!

ഈശ്വരാ, എന്റെ സങ്കടങ്ങളും സൈ്വരക്കേടുകളും ഞാനാരോടാണു തുറന്നു പറയേണ്ടത്?

അനുപല്ലവി : ദാരു തന്റെ പരിണാമമേ കില നാരി തന്റെ മനമാമേ
എന്നു ചൊല്ലുന്നു ചിലർ കല്ലെന്നും ചിലർ

സ്ത്രീകളുടെ മനസ്സ തടികൊണ്ടാണു സൃഷ്ടിച്ചതെന്നും അതല്ല കല്ലു കൊണ്ടാണെന്നും ചിലർ പറഞ്ഞുപോരുന്നു!

ചരണം 1 : 'മുന്നെപ്പോലെ വാഴും മുടിയും ചൂടി നിന്റെ പ്രിയതമൻ,
പിന്നെ നിന്നെ ലാളിച്ചവൻ തോളിലാക്കു'മെന്നു മുനിഗിരാ
പ്രിയമാരായോ ഗതി വാരായോ രണ്ടും
എങ്ങനെയെന്നാലതിനങ്ങനെ വേണം ചെയ്‌വാൻ

'പണ്ടത്തെപ്പോലെ രാജകിരീടവും ധരിച്ച ഭർത്താവ് നിന്നെ സന്തോഷിപ്പിയ്ക്കാനിട വരട്ടെ'യെന്ന മുനിമാരുടെ വാക്കു കേട്ടു ഞാൻ അദ്ദേഹത്തെ അന്വേഷിക്കുകയോ സ്വയം രക്ഷപ്പെടുകയോ എന്താണു ചെയ്യേണ്ടതെന്നറിയില്ല! രണ്ടു വിധത്തിലും പരിശ്രമിയ്ക്കുകയാണു ശരിയായ വഴിയെന്നു തോന്നുന്നു!

ചരണം 2 : പന്നിസിംഹമുള്ളരണ്യം തന്നിലുഴറുകിൽ മൃതി
വന്നുപോമെനിയ്ക്കു ചെന്നു വാഴ്ക നല്ലതൊരു പുരേ,
പിന്നെ ആളേയും വിട്ടു നീളേയും ഭുവി
പുണ്യകീർത്തനനെ ഞാൻ അന്വേഷിക്കുന്നുണ്ടു

പന്നികളും സിംഹങ്ങളുമുള്ള ഈ കാട്ടിലിങ്ങനെ അലഞ്ഞു നടന്നാൽ ഒരുപക്ഷേ ഞാൻ കൊല്ലപ്പെട്ടേക്കാം. അതുകൊണ്ട് ഏതെങ്കിലും നഗരത്തിൽ ചെന്നു രക്ഷ തേടുന്നതാണു നല്ലത്. പിന്നെ ആരെയെങ്കിലും പറഞ്ഞുവിട്ടു പുണ്യവാനായ നളനെ വേണ്ടതുപോലെ അന്വേഷിക്കുകയും ചെയ്യാം

ചരണം 3 : കാടൊടുങ്ങി, ഇഹ തോട്ടു കാണ്മതൊരു തടിനിയോ?
ഇരുപാടുമാളു പലർകൂടി നിൽപ്പതുണ്ടു നടുവിലും
ഇവരാരോ പോലെന്നു തീരേ പോയ് ചെന്നു നിന്നു
ചോദിച്ചവരോടൊന്നിച്ചൊരേടം പൂവാം

ഇതാ ഇവിടെ കാടിന്റെ അതിർത്തിയായെന്നു തോന്നുന്നു, മുമ്പിൽ കാണുന്നതൊരു തോടോ നദിയോ? ഇരുകരകളിലും വെള്ളത്തിലും ഒരുപാടുപേർ കൂടി നിൽക്കുന്നുണ്ട്. ഇവരാരൊക്കെയാണെന്നു ചോദിച്ചറിഞ്ഞു കൂടെ നടന്നു സുരക്ഷിതമായൊരു സ്ഥലത്തു ചെന്നെത്തുന്നതാണ് ഇപ്പോൾ ഉചിതം!

രംഗം 13 : നദീതീരം

ശ്ലോകം 16 : (വൃത്തം : സ്രഗ്ധര) :
ഏവം സഞ്ചിന്ത്യ കാണായൊരു തടിനി കടക്കുന്ന മാലോകരെക്ക-
ണ്ടാവിർമ്മോദാങ്കുരം ചെന്നണയുമളവിമാം കേതി ചോദിച്ചിതേകേ
പേവന്നീടുന്നതെന്നാർ ചിലർ, പെരുവഴിപോക്കത്തി നന്നെന്നു കേചിദ്,
ഭാവം നോക്കിദ്ദയാവാനവളൊടഭിദധേ തസ്യ സാർത്ഥസ്യ നാഥൻ

അങ്ങനെ ചിന്തിച്ചുറപ്പിച്ചു സന്തോഷപൂർവം നദീതീരത്തേക്കു ചെന്ന അവളോട് ചിലർ 'നീയാരാണെ'ന്നു ചോദിച്ചു, മറ്റു ചിലർ ഭ്രാന്തിയെന്നു പറഞ്ഞു പുച്ഛിച്ചു. വേറേ ചിലർ സുന്ദരിയായൊരു വഴിപോക്കത്തിയെന്നു കളിയാക്കി. അതിനിടയിൽ അവളുടെ ഓരോ ഭാവചേഷ്ടകളും സസൂക്ഷ്മം നോക്കിക്കണ്ട വ്യാപാരിയായ സാർത്ഥവാഹൻ ദമയന്തിയോടു ദയാപൂർവം പറഞ്ഞു.

പദം 22 : സാർത്ഥവാഹൻ (രാഗം : കല്യാണി താളം : ചെമ്പട)
പല്ലവി : മാനേലും കണ്ണികൾ മണി, തവ മംഗലരൂപിണി മംഗലമേ!

മാൻപേടയുടെ കണ്ണുകളുള്ള ഹേ സുന്ദരി, നിനക്കു സകല മംഗളങ്ങളും ഭവിക്കട്ടെ!

അനുപല്ലവി : താനേ നീയിഹ വന്നീടിനതത്ഭുതമത്ഭുതമത്ഭുതമേ,
ശുഷ്കകാനനേ ദുർഗതമേ, കഥയ കാ അസി നീയപ്രതിമേ?

ഈ കൊടുങ്കാട്ടിൽ ദുർഗമമായ വഴികൾ താണ്ടി ഒറ്റയ്ക്കു നീ വന്നതു വളരെ അത്ഭുതമായിരിക്കുന്നു, സുന്ദരി, നീയാരാണ്?

ചരണം 1 : യോഷമാർ മകുടഭൂഷയായൊരു നിൻ വേഷമെന്തിതതി
ദയനീയം? ദൂഷിതാ കിമസി കേനചിൽ കമനി? ഭീഷിതാസി കിമു?
കഥനീയം, ബ്രൂഷ ഏവ വചനം വിനാ വിശദം പ്രോഷിതേതി,
ന തദനുമേയം, ശേഷമെന്നൊടിതശേഷവും
പറകിൽ ഏഷ ഞാൻ വിപദി സുസഹായം!

അതിസുന്ദരിയായ നിന്റെ വേഷം പക്ഷേ ഇത്ര ദയനീയമായിരിക്കുന്നതെന്താണ്? ആരെങ്കിലും നിന്നെ അപമാനിച്ചോ? അതല്ലെങ്കിൽ പേടിപ്പിച്ചോ? എന്തായാലും കണ്ടാലങ്ങനെ തോന്നും, തീർച്ച! തുറ

ന്നു പറഞ്ഞില്ലെങ്കിലും നീ ഭർത്താവ് ഉപേക്ഷിച്ചവളാണെന്നു വ്യക്തം, സംശയിക്കാനില്ല! എല്ലാം കൃത്യമായി പറഞ്ഞാൽ ഒരുപക്ഷേ എനിയ്ക്കു നിന്നെ ഈ ആപത്തിൽ സഹായിയ്ക്കാൻ കഴിഞ്ഞേക്കും!

ചരണം 2 : ദമയന്തി: വാജപേയബഹുവാജിമേധമുഖയാജി,
യാചകർക്കു സുരശാഖി, രാജമൗലിമണി ഭീമനെൻ ജനകൻ,
ആജിഭുവി വിജിതപ്രതിയോഗീ, വ്യാജദേവനഹൃതസ്വനായ
നിഷധേശനെൻ ദയിതതനനുരാഗീ, ദേശയാത്രയിൽ വെടിഞ്ഞു മാം
നിശയിലാശു പോയ് കുഹചിദവിവേകി,
കാണാഞ്ഞെൻ കാന്തനെ ഞാനിഹ കാനനമെങ്ങുമുഴന്നു ചിരം

അശ്വമേധാദി യാഗങ്ങൾ ചെയ്തു യാചകർക്കു കൽപ്പവൃക്ഷമായി മാറിയ കുണ്ഡിനത്തിലെ ഭീമരാജാവാണ് എന്റെ അച്ഛൻ; യുദ്ധത്തിൽ പ്രതിയോഗികളെ മുഴുവൻ തോൽപ്പിച്ചശേഷം കള്ളച്ചൂതിൽ സകലതും നഷ്ടപ്പെട്ട നിഷധരാജാവാണ് എന്റെ ഭർത്താവ്; യാത്ര പോകുന്ന വഴി രാത്രിയിൽ മതിഭ്രമം ബാധിച്ചു വിവേകം വെടിഞ്ഞ അദ്ദേഹം എന്നെ ഉപേക്ഷിച്ചു കടന്നുകളഞ്ഞു. ഭർത്താവിനെ തേടി ഞാൻ കാട്ടിൽ ദിവസങ്ങളോളം നടന്നു.

ചരണം 3 : സാർത്ഥവാഹൻ: ശോകവേഗം പൊറുത്തേകനായ് നടന്നു
ലോകനാഥൻ നളൻ നിരപായം, വ്യാകുലം കളക നീ കഥഞ്ചിതവ,
മേഘവാർകുഴലി നിജകായം സാർത്ഥവാഹനഹമാർത്തബന്ധു ശുചി
പേർത്തു ചൊല്ലുന്നിതു തദുപായം, വാഴ്ത്തു ചേദിപനെ,
തീർത്തു സങ്കടങ്ങൾ കാത്തുകൊള്ളുമവനെവരേയും

ലോകനാഥനായ നളൻ ഒരുപക്ഷേ ദുഃഖങ്ങൾ ഉള്ളിലടക്കി ഒരപായവും കൂടാതെ ഒറ്റയ്ക്കു നടന്നു പോയിരിക്കാം! സുന്ദരിയായ നീയെന്തായാലും സങ്കടം വെടിഞ്ഞു സ്വന്തം ശരീരം എങ്ങനേയും രക്ഷിക്കണം; അവശർക്കു ബന്ധുവായ ശുചിയെന്ന ഈ സാർത്ഥവാഹൻ നി

നക്കൊരു വഴി പറഞ്ഞുതരാം: തൊട്ടടുത്ത രാജ്യത്തെ ചേദിരാജാവി നെ ചെന്നു കണ്ടാൽ അദ്ദേഹം നിന്നെ സങ്കടങ്ങൾ തീർത്തു കാത്തു രക്ഷിക്കും!

ചരണം 4 : ദമയന്തി: 'ധൂർത്തനല്ല ദൃഢമാർത്തബന്ധുവത്രേ
മൂർത്തിയും മൊഴിയുമൊരുപോലെ' സാർത്ഥവാഹ പരമാർത്ഥം
നീ പറഞ്ഞതോർത്തു ഞാനുറച്ചിതതുപോലെ,
സാധ്വസം വെടിഞ്ഞു സാർത്ഥത്തോടുമിഹ സാർദ്ധം പോരുന്നു
ഞാനതിനാലേ, തീർത്ഥകീർത്തനനാം
പാർത്ഥിവോത്തമനെ പാർത്തു വാഴ്വനഹമിതുകാലേ

'സംസാരശൈലികൊണ്ട് എന്തായാലും ഇവൻ ചതിയനല്ല, ബന്ധു വാണെന്നു തോന്നുന്നു! വാക്കും നോക്കും തമ്മിൽ വ്യത്യാസമില്ല!' സാർത്ഥവാഹ, നീ പറഞ്ഞതുപോലെ ചെയ്യാമെന്നു ഞാൻ തീരുമാ നിച്ചു. ഞാനിതാ സകല ശങ്കകളും വെടിഞ്ഞു നിന്റെ സംഘത്തിൽ ചേരുന്നു. ചേദിരാജ്യത്തു ചെന്നാൽ കീർത്തിമാനായ ഭർത്താവ് വരുമെന്ന പ്രതീക്ഷയോടെ എനിയ്ക്കു കാത്തിരിക്കാമല്ലോ!

ചരണം 5 : സാർത്ഥവാഹൻ: ബാഹുവീര്യശിഖിലേഹിതാഹിത
സമൂഹനാം നൃപതികുലദീപൻ സാഹസൈകരസികൻ,
സുബാഹുവിന്റെ ഗേഹമായതിതു ബഹുശോഭം;
ഭൂഗതം ത്രിദശലോകമേതദിഹ വാഴ്ക നീയിവിടെ അപതാപം,
പോകുമെങ്ങൾ പുനരേകതോ മനസി മോഹിച്ചിങ്ങുവന്നു ബഹുലാഭം!

കൈക്കരുത്താകുന്ന അഗ്നിയിൽ വെന്തുമരിച്ച ശത്രുക്കളുമായി സാഹ സങ്ങളിൽ അഭിരമിക്കുന്ന ചേദിരാജ്യത്തെ രാജകുലോത്തമനായ സു ബാഹുവിന്റെ പ്രൌഢഗംഭീരമായ കൊട്ടാരമാണിത്. ഇതു ഭൂമിയി ലെ സ്വർഗമാണെന്നു പറയാം. ഇനി കുറച്ചു കാലം നീയിവിടെ താമ സിക്കൂ, പലേടത്തും കച്ചവടം ചെയ്തു ലാഭം കൊയ്തു നടക്കുന്ന ഞങ്ങ

ളിതാ നിന്നോട്ടു വിട പറയുന്നു!

രംഗം 14 : ചേദിരാജ്ഞിയുടെ അന്തഃപുരം

ശ്ലോകം 17 : (വൃത്തം : ശാലിനി) :
സാർദ്ധം ഗത്വാ തേന സാർത്ഥേന ഭൈമീ
സായാത് സായം ചേദിപസ്യാധി വാസം
വാസാർത്ഥം താം വാസസോർദ്ധം വസാനാം
ദീനാമാപ്താം രാജമാതാ ബഭാഷേ

സാർത്ഥവാഹസംഘത്തിൽ ചേർന്നു യാത്ര ചെയ്ത ദമയന്തി സന്ധ്യയോടെ ചേദിരാജാവിന്റെ രാജധാനിയിലെത്തി. അർദ്ധനഗ്നയും അതിദീനയുമായി അന്തഃപുരത്തിൽ കയറി വന്ന അവളോട്ടു രാജമാതാവ് ചോദിച്ചു

പദം 23 : രാജമാതാവ്: (രാഗം : ബലഹരി താളം : ചെമ്പട)
പല്ലവി : കിം ദേവീ? കിമു കിന്നരീ?
സുന്ദരി നീ താനാരെന്നെന്നോട്ടു വദ ബാലേ

ആരാണു നീ? ദേവാംഗനയോ, അതല്ല കിന്നരിയോ? സുന്ദരി, നീയെന്നോട്ടു തുറന്നു പറയൂ!

അനുപല്ലവി : മന്നിലീവണ്ണമുണ്ടോ മധുരത രൂപത്തിനു
മുന്നമേ ഞാനോ കണ്ടില്ല കേട്ടുമില്ല

ഈ ഭൂമിയിൽ ഇത്ര മനോഹരമായ ഒരു രൂപസൗന്ദര്യമുണ്ടോ? ഇതുവരെ ഞാനിങ്ങനെ ഒരുവളെ കണ്ടിട്ടും കേട്ടിട്ടുമില്ല!

പദം 24 : ദമയന്തി: (രാഗം : ശങ്കരാഭരണം താളം : മുറിയടന്ത)

ചരണം 1 : ദേവിയല്ലറിക, കിന്നരിയല്ല, ചൊല്ലാം
പാവനചരിതേ കേൾ പരമാർത്ഥമെല്ലാം
ഭൂപാലാന്വയത്തിൽ ഞാൻ പിറന്നേനേ നല്ല
കേവലം പ്രിയനെ വേർപിരിഞ്ഞാധി നില്ലാ

ഞാനൊരു ദേവിയല്ല, കിന്നരിയുമല്ല, കുലീനയായ നിന്നോടു ഞാൻ സകലതും തുറന്നു പറയാം, കേൾക്കൂ! ഞാൻ ഉന്നതമായൊരു രാജവംശത്തിൽ ജനിച്ചെന്നു മാത്രമേയുള്ളൂ, ഭർത്താവിനെ പിരിഞ്ഞതിന്റെ ദുഃഖം എനിക്കു സഹിയ്ക്കാനാവുന്നില്ല!

ചരണം 23.1 : രാജമാതാവ്: എന്തു നിൻ പ്രിയൻ നിന്നെ ബന്ധം
പിരിഞ്ഞു പോവാൻ? പന്തണിമുലയാളേ പറക നീ പരമാർത്ഥം

ഭർത്താവ് നിന്നെ ഉപേക്ഷിച്ചു പോകാൻ എന്താണു കാരണം? സുന്ദരി, നീ വസ്തുതകൾ മുഴുവൻ വഴിപോലെ വിസ്തരിച്ചു പറയൂ!

ചരണം 24.2 : ദമയന്തി: ദേവനത്തിലേ തോറ്റുപോയ് വനം തേടി,
വേദനകളും വന്നു ഭാവന മൂടി, നാവിനുണ്ടഴൽ ചൊൽവാൻ
നവപ്രേമധാടി, പേ വശാൽ പ്രസുപ്താ മാം വെടിഞ്ഞവനോടി

ഭർത്താവ് ചൂതുകളിയിൽ തോറ്റു കാട്ടിലേയ്ക്കു പോയി, പശ്ചാത്താപം മൂലം അവനു സ്വബോധവും നഷ്ടപ്പെട്ടു; ഞങ്ങൾ തമ്മിലുള്ള പ്രണയത്തെക്കുറിച്ചു പറയാൻ പക്ഷേ എന്റെ നാവിനു ശക്തി പോര! മതിഭ്രമം ബാധിച്ച അവൻ രാത്രിയിൽ ഉറങ്ങിക്കിടന്ന എന്നെ ഉപേക്ഷിച്ച് എങ്ങോട്ടോ ഓടിപ്പോയി!

ചരണം 23.2 : രാജമാതാവ്: ഉന്മാദം കൊണ്ടു ചെയ്ത കന്മഷം
ക്ഷമിയ്ക്ക നീ മാന്മിഴി, കണവനെ കാണ്മോളമിഹ വാഴ്ക!

മനോവിഭ്രാന്തി മൂലം ഭർത്താവ് ചെയ്ത പാപകൃത്യം നീ ക്ഷമിയ്ക്കു, സുന്ദരി, അവനെ കണ്ടെത്തുന്നതുവരെ നിനക്കിവിടെ താമസിക്കാം!

ചരണം 24.3 : ദമയന്തി: ഉച്ഛിഷ്ടം ഭുജിയ്ക്കയില്ല ഒരുനാളുമേ ഞാൻ
ഉരിയാടുകയുമില്ല പുരുഷന്മാരോടു, പ്രച്ഛന്നരതിയ്ക്കേകൻ
പ്രാർത്ഥിച്ചാലവനെ പ്രസഭം നീ വധിയ്ക്കേണം വസിപ്പനിന്നിവിടെ!

മറ്റുള്ളവർ ഭക്ഷിച്ചതിന്റെ ഉച്ഛിഷ്ടം ഞാനൊരിയ്ക്കലും കഴിയ്ക്കില്ല, പരപുരുഷന്മാരുമായി ഞാൻ സംസാരിയ്ക്കി, രഹസ്യസംഗമത്തിനു മുതിരുന്നവരെ നീ തൽക്ഷണം വധിയ്ക്കണം, എങ്കിൽ മാത്രമേ ഞാനിവിടെ താമസിയ്ക്കൂ!

ചരണം 23.3 : രാജമാതാവ്: ചൊന്നതൊക്കെയുമേവം തന്നെ
നീയിഹ വാഴ്ക, എന്നുടെ തനയ സുനന്ദയും നീയുമൊക്കും!

നീ പറഞ്ഞതെല്ലാം സമ്മതിച്ചു. നീ ഇവിടെത്തന്നെ താമസിച്ചാൽ മതി! എനിയ്ക്കു മകൾ സുനന്ദയെപ്പോലെതന്നെയാണു നീയും!

രംഗം 15 : ചേദിരാജധാനി

ശ്ലോകം 18 : (വൃത്തം : പ്രഹർഷിണി)
താപാർത്ത്യാ നളമനുചിന്ത്യ ചേദി പുര്യാം
സാവാത്സീദിഹ സഹിതാ സുദാമപുത്ര്യാ
ഭീമോക്ത്യാ ഭുവി ച വിചിത്യ താം സുദേവോ
ഭൂദേവോ നിഗദിതവാൻ വിലോക്യ ഭൈമീം!

നളനെക്കുറിച്ചു ചിന്തിച്ചു ദുഃഖാർത്തയായ ദമയന്തി ചേദിരാജാവിന്റെ മകളുടെകൂടെ താമസിച്ചു. അതിനിടയിൽ ഭീമരാജാവിന്റെ നിർദ്ദേശപ്രകാരം നളദമയന്തിമാരെ തേടി നാടെങ്ങും ചുറ്റിനടന്ന സുദേവബ്രാ

ഹ്മണൻ ദമയന്തിയെ കണ്ടു തിരിച്ചറിഞ്ഞു ചോദിച്ചു.

പദം 25 : സുദേവൻ : (വൃന്ദാവനസാരംഗം : ചെമ്പട)
പല്ലവി : സുദിനമിന്നു മേ സുദേവനാം ഞാൻ,
സുഖമോ തേ നളദയിതേ?

സുദേവബ്രാഹ്മണനായ ഞാൻ നിനക്കു ശുഭദിനം ആശംസിക്കട്ടെ! നളമഹാരാജാവിന്റെ പത്നിയായ നിനക്കു സുഖമല്ലേ?

അനുപല്ലവി : സുമുഖി കാന്തനെങ്ങു പോയി? ചൊൽക നീ
സോദരസഖമറി മാം ദമസോദരി!

ദമയന്തി, നിന്റെ സഹോദരൻ ദമന്റെ സുഹൃത്താണു ഞാൻ! പറയൂ, നിന്റെ ഭർത്താവ് എങ്ങോട്ടാണു പോയത്?

ചരണം 1 : അവസ്ഥയെല്ലാം അച്ഛൻ കേട്ടു നിങ്ങടേ,
ആവതെന്തുള്ളൂ സങ്കടേ, കൊണ്ടങ്ങു ചെൽവാൻ നിങ്ങളെ
കൽപ്പിച്ചയച്ചു ഞങ്ങളെ ഭൂസുരാനോരോ ദിശി

നിങ്ങൾക്കു നേരിട്ട ദുരവസ്ഥകളെല്ലാം നിന്റെ അച്ഛൻ കേട്ടറിഞ്ഞു; വിധിനിയോഗം തിരുത്താൻ പക്ഷേ ആർക്കുമാവില്ല! നിങ്ങളെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടു ചെല്ലാൻ ഓരോ ദിക്കിലേക്കും പറഞ്ഞു വിട്ട ബ്രാഹ്മണരിലൊരാളാണു ഞാൻ!

പദം 26 : ദമയന്തി: (രാഗം : ഉശാനി താളം : മുറിയടന്ത)
പല്ലവി : മേദിനീദേവ, താതനും മമ മാതാവിനും സുഖമോ?

ഹേ ബ്രാഹ്മണ, എന്റെ അച്ഛനും അമ്മയ്ക്കും സുഖംതന്നെയല്ലേ?

അനുപല്ലവി : ആധിജലധിയിൽ മുഴുകിയെൻ മാനസം
നാഥനാരെനിയ്ക്കെന്നധുനാ ന ജാനേ

സങ്കടക്കടലിൽ മുങ്ങിത്താഴുന്ന എനിയ്ക്കിപ്പോൾ ശരിയായ രക്ഷകനെ തിരിച്ചറിയാൻപോലും കഴിയുന്നില്ല!

ചരണം 1 : സ്വൈരമായിരുന്ന നാൾ, ചൂതിൽ തോറ്റു നാട്ടും
ഭൂരിധനവും ഭണ്ഡാഗാരവും നഗരവും ദൂരെയെല്ലാം കൈവെടിഞ്ഞാനേ,
പരവശപ്പെട്ടു വൈരിദുർവാക്കുകൾ കേട്ടാനേ,
നൈഷധൻ വീരൻ ഘോരമാകും വനം പുക്കാനേ,
ഞാനവൻ പിൻപേ നേരേ പുറപ്പെട്ടേനേ, ഹേ സുദേവ!

കൊട്ടാരത്തിൽ സുഖമായി കഴിഞ്ഞ കാലത്തു ചൂതുകളിയിൽ തോറ്റു നാട്ടും നഗരവും ധനവും ഭണ്ഡാരവും നഷ്ടപ്പെട്ട വീരനായ നളൻ ദീനനായി ശത്രുക്കളുടെ കൊള്ളിവാക്കു സഹിക്കാതെ കൊടുങ്കാട്ടിലേക്കു പുറപ്പെട്ടു. സുദേവ, ഞാനും അവന്റെ പിന്നാലെ കാട്ടിൽ ചെന്നു കുറേ അലഞ്ഞു നടന്നു.

ചരണം 25.2 : സുദേവൻ: അടക്കിനാനോ നാടൊക്കെയും പുഷ്കരൻ?
ആജികൊണ്ടെങ്കിൽ മുഷ്കരൻ, വ്യാജം കൊണ്ടെങ്കിൽ തസ്കരൻ,
ഈശനെത്രയും കർക്കശൻ, പിന്നെയെന്തു ചൊല്ലുക!

പുഷ്കരൻ നളനെ ചൂതിൽ തോൽപ്പിച്ചു നാടു മുഴുവൻ കൈക്കലാക്കിയെന്നോ? യുദ്ധത്തിൽ മുഷ്കരനും കാപട്യത്തിൽ ചതിയനുമാണവൻ! കഷ്ടം, ഈശ്വരനെത്ര ക്രൂരനാണെന്നു നോക്കൂ! പറയൂ, പിന്നെ എന്താണുണ്ടായത്?

ചരണം 26.2 : ദമയന്തി: അംശുകമുടുത്തതും ആശ താൻ കളഞ്ഞു,
കൗശേയം ഇതൊന്നു കൊണ്ടിരുവരുമായുടുത്തു,

കാട്ടിൽ നീളെ ഉഴന്നോരു നാൾ, എന്നോട് ഈവണ്ണം
കാട്ടുമെന്നോർത്തിരുന്നീല ഞാൻ, കഷ്ടമെത്രയും!
അത്തൽപൂണ്ടു ഞാനുറങ്ങുമ്പോൾ വസ്ത്രവും ഛിത്വാ
അർദ്ധരാത്രേ പോയ് മറഞ്ഞാനേ, ഹേ സുദേവ!

നളൻ ഉടുത്തിരുന്ന ഒറ്റമുണ്ടുപോലും ചില പക്ഷികൾ കൊത്തിക്കൊണ്ടുപോയി. എന്റെ ഒറ്റവസ്ത്രം ഞങ്ങൾ പങ്കിട്ടു ധരിച്ചു. അങ്ങനെ കാട്ടിൽ അലഞ്ഞു നടക്കുമ്പോൾ, കഷ്ടം, നളൻ എന്നോടിങ്ങനെ ചെയ്യുമെന്നു ഞാൻ തീരെ കരുതിയില്ല! സങ്കടം സഹിയ്ക്കാതെ ഞാനുറങ്ങിക്കിടക്കുമ്പോൾ പാതി വസ്ത്രം മുറിച്ചെടുത്തു പാതിരയ്ക്കു സുദേവാ, നളൻ എന്നെ വെടിഞ്ഞ് ഓടിപ്പോയി.

ചരണം 25.3 : സുദേവൻ: അനർത്ഥമെല്ലാവർക്കുമുണ്ടാമേകദാ,
ബുദ്ധിയുമപ്പോൾ മോഹിതാ, മാഞ്ഞുപോമപ്പോൾ സ്നേഹിതാ,
ശോകമിതിനു കേൾ വൃഥാ, പിന്നെയെന്തു ചൊല്ലുക!

വല്ലപ്പോഴുമൊക്കെ എല്ലാവർക്കും ജീവിതത്തിൽ ഇത്തരത്തിലുള്ള ആപത്തു വരാറുണ്ട്. അപ്പോൾ സ്വബോധം നഷ്ടപ്പെടും, കൂട്ടുകാർ പലരും അകന്നുപോകും, അതിനൊന്നും വെറുതെ ദുഃഖിച്ചിരുന്നിട്ടു കാര്യമില്ല! പറയൂ, പിന്നെയെന്താണുണ്ടായത്?

ചരണം 26.3 : ദമയന്തി: സംശയമെനിയ്ക്കില്ല വേർപെട്ടോട്ടുമെന്നു,
വംശയശസ്കരനും സംശയമുണ്ടായില്ല, ആശു പിന്നെ ഞാൻ
ഉണർന്നേനേ, കാന്തനെ പാർശ്വദേശമെങ്ങും തപ്പിനേൻ അയ്യോ,
പിന്നെയുണ്ടായ ക്ലേശമെന്തു ചൊൽവതിപ്പോൾ ഞാൻ?
കാട്ടിൽ നിന്നെന്നെ ഈശനിങ്ങു കൊണ്ടുപോന്നാനേ ഹേ സുദേവ!

നളനെന്നെ ബോധപൂർവം ഉപേക്ഷിയ്ക്കുമെന്ന വിചാരം എനിയ്ക്കു തീരെ ഉണ്ടായിരുന്നില്ല, നളനും മനസ്സിൽ അങ്ങനെയൊരു ചിന്ത സൂ

ക്ഷിയ്ക്കാനിടയില്ല! പിന്നെ ഞാൻ പെട്ടെന്ന് ഉറക്കമുണർന്നു നോക്കു മ്പോൾ ഭർത്താവിനെ അടുത്തെങ്ങും കാണാതെ പരിഭ്രമിച്ചു. അപ്പോഴത്തെ ദു:ഖം ഞാനെങ്ങനെ പറഞ്ഞു കേൾപ്പിയ്ക്കും? പിന്നീട് എങ്ങനേയോ ഈശ്വരൻ എന്നെ ആ കൊടുങ്കാട്ടിൽനിന്ന് ഇവിടെ കൊണ്ടുവന്നാക്കി!

ചരണം 25.4 : സുദേവൻ: നിനച്ച വണ്ണമല്ല ദൈവമാർക്കുമേ,
നളനെ നിന്നോടു ചേർക്കുമേ, നിന്നെ കണ്ടെത്തി ഭാഗ്യമേ,
താതനെക്കാൺക യോഗ്യമേ, പോക വേണ്ടതങ്ങിനി!

പ്രതീക്ഷിക്കുന്നതുപോലെയല്ല സംഭവിയ്ക്കുന്നതെങ്കിലും ഒടുവിൽ ദൈവം നളനെ നിന്റെ അടുത്തെത്തിയ്ക്കും! എന്തായാലും നിന്നെ കണ്ടതു ഭാഗ്യമായി! ഇനി നീ പെട്ടെന്നുതന്നെ അച്ഛനെ ചെന്നു കാണുകയാണു വേണ്ടത്, നമുക്കുടനെ പുറപ്പെടാം!

രംഗം 16 : കുണ്ഡിനരാജധാനി

ശ്ലോകം 19 : (വൃത്തം : ശാലിനി):
സൈരന്ധ്രീം താം ഭീമപുത്രീം വിദി ത്വാ
മാതൃഷ്വസ്രാ ലാളയന്ത്യാ സപുത്ര്യാ
സാനുജ്ഞാതാ സാനുഗാ വാഹനേന
പ്രാപ്താ ഭൈമീ കുണ്ഡിനം പ്രാഹ താതം

സൈരന്ധ്രീവേഷധാരിയായി അന്ത:പുരത്തിൽ താമസിയ്ക്കുന്ന സുന്ദരി ഭീമരാജാവിന്റെ പുത്രിയാണെന്നു മനസ്സിലാക്കി മകൾ സുന ന്ദയേയും കൂട്ടി വന്ന മാതൃസോദരിയുടെ വാത്സല്യപൂർവമായ അനുവാദം വാങ്ങി, പല്ലക്കിൽ കയറി കുണ്ഡിനത്തിൽ വന്നെത്തിയ ദമയന്തി നേരേ അച്ഛനെ ചെന്നു കണ്ടു പറഞ്ഞു

പദം 27 : ദമയന്തി: (രാഗം : മോഹനം താളം : ചെമ്പട)
പല്ലവി : താതപാദയുഗമാദരേണ തവ തനയ ഞാൻ തൊഴുതേൻ

അച്ഛാ, അങ്ങയുടെ രണ്ടു പാദങ്ങളും മകളായ ഞാനിതാ ആദരവോടെ തൊഴുന്നു!

അനുപല്ലവി : വീതഖേദമിഹ ചേതസാ കിമപി
വിപദി ച സപദി സമാശ്വസിതം

ഈ സമാഗമം മൂലം അത്യാപത്തിൽപ്പെട്ടുഴലുന്ന എന്റെ മനസ്സിന്റെ ഭാരം കുറഞ്ഞു ചെറിയൊരു ആശ്വാസം തോന്നുന്നു!

ചരണം 1 : അന്തരംഗമതിൽ ആരിതോർത്തിരുന്നതതീവ വിഷമമീ
ദശാന്തരം, അന്തിയാം പൊഴുതംബുജവനിയ്ക്കുള്ളൊരഴലെ
അതിശയിച്ചൊരനുഭവമെനിയ്ക്കിപ്പോൾ!

ഇങ്ങനെയൊരു ദുരവസ്ഥ വരുമെന്നു പക്ഷേ ആരാണു മനസ്സിൽ കരുതിയത്? സന്ധ്യാസമയത്തു താമരപ്പൂവിനുണ്ടാകുന്ന സങ്കടത്തേക്കാൾ കഠിനമായ ദുഃഖമാണു ഞാനിന്നനുഭവിക്കുന്നത്.

ചരണം 2 : നാട്ടുപോയതുകൊണ്ടാടലേതുമില്ല,
നളൻ പിരിഞ്ഞതിലലം വ്യഥാ, കാട്ടുതോറും നടന്നുഢവിവശഭാവം,
കദനമവനു വന്നതെന്തെന്നാരറിഞ്ഞു?

രാജ്യം നഷ്ടപ്പെട്ടതിൽ എനിയ്ക്കൊരു ദുഃഖവുമില്ല, നളൻ വേർപിരിഞ്ഞുപോയതും സാരമില്ലെന്നു വെയ്ക്കാം! പക്ഷേ കാട്ടിലലഞ്ഞു നടക്കുന്ന അവന്റെ അവശതയും സങ്കടവും ആരറിയുന്നു?

ചരണം 3 : ഏതുചെയ്തും പ്രാണനാഥൻ തന്നെക്കാൺകിൽ ഒഴിഞ്ഞു

നഹി സുഖമെനിയ്ക്കഹോ! ആധിവാരിധിയിലാണ്ടുകിടക്കയേക്കാൾ
അറുതിയസുക്കൾക്കിനി വരുകിലേറെ നല്ലൂ

എന്തു ചെയ്യും പ്രാണനാഥനായ നളനെ കാണാതെ എനിയ്ക്കിനി സുഖമുണ്ടാകാൻ പോകുന്നില്ല. ഈ സങ്കടക്കടലിൽ മുങ്ങി താഴുന്നതിനേക്കാൾ ജീവൻ അവസാനിപ്പിക്കുന്നതാണു നല്ലത്!

പദം 28 : ഭീമൻ: (രാഗം : ദേശാക്ഷി താളം : മുറിയടന്ത)
പല്ലവി : നിനക്കു കുശലം ബാലേ മേൽക്കു മേലേ!

മകളേ, ഇനിയും നിനക്കു സുഖമായിരിക്കാനുള്ള യോഗമുണ്ട്!

അനുപല്ലവി : നിന്നെ കണ്ടതിനാലേ എന്മനം കുളിർത്തിതു പല്ലവാംഗി

സുന്ദരി, നിന്നെ കണ്ടതോടെ എന്റെ മനസ്സാകെ കുളിർത്തു!

ചരണം 1 : നിന്നുടെ പ്രിയൻ നിന്നെ കൈവെടിഞ്ഞു എന്നതുകൊണ്ടു
നീയെന്തഴൽ പിണഞ്ഞു? ഒന്നുകേളെനിയ്ക്കിപ്പോൾ ആധി മാഞ്ഞു,
അന്നെന്തേ എന്നരികിൽ നീ വരാഞ്ഞു? അരുതരുതിനിയാധി
ഹൃദയേ, മമ തനയേ, ഖേദം ശമയേ സമയേ

ഭർത്താവ് ഉപേക്ഷിച്ചുപോയതുകൊണ്ടുമാത്രം നീയിങ്ങനെ ദുഃഖിയ്ക്കേണ്ടതില്ല! ഞാനൊരു കാര്യം പറയാം, ഇന്നത്തോടെ എന്റെ ദുഃഖം തീരെ വിട്ടുപോയി. അന്നു പക്ഷേ എന്താണു നീ നേരേ ഇങ്ങോട്ടു വരാതിരുന്നത്? മകളേ, ഇനി നീ ദുഃഖിക്കേണ്ട, നിന്റെ ദുഃഖശമനത്തിനു ഞാനുടനെ ഒരു വഴി കാണുന്നുണ്ട്!

ചരണം 2 : ഭൂദേവർ പലരുണ്ടേ നാലു ദിക്കും ആദരാൽ
തിരഞ്ഞവരറിയിപ്പിക്കും, കാന്തനോടചിരാൽ നീ ഒരുമിക്കും,

ഞാൻതന്നെ പുഷ്കരനെ സംഹരിക്കും, അതിനില്ലെനിയ്ക്കുപേക്ഷ
ഹൃദയേ, കിമു കഥയേ, ജനയേ തനയേ

ഞാൻ നാലു ദിക്കിലേക്കും പറഞ്ഞുവിട്ട ബ്രാഹ്മണർ എങ്ങനെ യെങ്കിലും നളനെ കണ്ടെത്താതിരിയ്ക്കില്ല. താമസിയാതെ നീ ഭർത്താവിനോട്ടു ചേരും; ഞൻതന്നെ ചെന്നു പുഷ്കരനെ വധിക്കും, അതിൽ എനിയ്ക്കൊരനാസ്ഥയുമില്ല, മകളേ, എല്ലാം നിനക്കറിയാമല്ലോ!

ചരണം 3 : പ്രാണേശനോട്ടു നിനക്കവിടേയും വാണീടാം
പിരിയാതെ ഇവിടേയും, നൂനമീ വിപത്തെല്ലാം പോയ്മായും,
ആനന്ദം നമുക്കെല്ലാം വന്നുതോയും അഭിഷിഞ്ച്യാമഥ
നിഷധസദനേ ഗതകദനേ, തവ സുതനെ ഉടനെ

പിന്നീട് ഭർത്താവിനോട്ടുകൂടി അവിടേയും ഇവിടേയും നിനക്കിഷ്ടം പോലെ സുഖമായി താമസിക്കാം, ഈ ആപത്തുകാലം മാറി നമുക്കു സന്തോഷം വരും, സങ്കടങ്ങളൊഴിഞ്ഞു പോയാൽ ഉടനെ നിന്റെ മകനെ ഞാൻ നിഷധരാജാവായി അഭിഷേകം ചെയ്യുന്നുണ്ട്!

ശ്ലോകം 20: (വൃത്തം : മാലിനി)
അമൃതമിവ കിരന്തീമാർത്തിഭാരം ഹരന്തീം
പിതൃഗിരമുപയന്തീം പ്രീതിപൂരം വമന്തീം
സപദി നിശമയന്തീം സാത്ര ഖേദം ത്യജന്തീ
വ്യഥിത ച ദമയന്തീ വാസമാശാം വഹന്തീ!

അമൃതു പൊഴിയുന്നതുപോലെ ദുഃഖത്തെ ശമിപ്പിക്കുന്നതും സന്തോഷം ജനിപ്പിക്കുന്നതുമായ അച്ഛന്റെ വാക്കുകൾ കേട്ടു സങ്കടമൊഴിഞ്ഞ ദമയന്തി കുണ്ഡിനത്തിൽ നളന്റെ വരവും പ്രതീക്ഷിച്ചു താമസിച്ചുപോന്നു.

മൂന്നാം ദിവസം

രംഗം 1 : വനപ്രദേശം

ശ്ലോകം 1 : (വൃത്തം : മാലിനി)
നവവിരഹമയന്ത്യാം നൈഷധം ചിന്തയന്ത്യാം
ജനിഭുവി ദമയന്ത്യാം ജാതതാപം വസന്ത്യാം
വ്യസനമകലെയാവാൻ വീണിരന്നാശു ദേവാൻ
നളനഭജത ദാവാൻ നാട്ടു പൂവാൻ ത്രപാവാൻ

ആദ്യമായി വിരഹദുഃഖം അനുഭവിക്കുന്ന ദമയന്തി ഭർത്താവായ നളനെത്തന്നെ ചിന്തിച്ചു കൊട്ടാരത്തിൽ സന്താപത്തോടെ കഴിയുമ്പോൾ, കാട്ടു വിട്ടു നാട്ടിലേക്കു കടക്കാൻ ശ്രമിച്ച നളൻ ദുഃഖശമനത്തിനു വേണ്ടി ദേവന്മാരെ വിചാരിച്ചു മനസാ യാചിച്ചു.

പദം 1 : നളൻ (രാഗം : പുന്നാഗവരാളി താളം : അടന്ത)
പല്ലവി : ലോകപാലന്മാരേ ലളിതമധുരാണി
വിഫലാനി വോ വരഫലാനി കാനി?

ലോകപാലന്മാരായ ദേവന്മാരേ, നിങ്ങളെനിക്കു തന്ന ലളിതവും മധുരവുമായ എത്ര വരങ്ങളാണിപ്പോൾ നിഷ്ഫലമായത്?

അനുപല്ലവി : ശോകകാലം മമ വന്ന നാളെന്നിൽ
ശോഭയല്ലുദാസീനതയിദാനീം!

ഈ സങ്കടകാലത്തു നിങ്ങളെന്നോടു കൈക്കൊള്ളുന്ന ഉദാസീനത യാതൊരു വിധത്തിലും ആശാസ്യമല്ല!

ചരണം 1 : ദിനമനു നിങ്ങളെ ഞാൻ സേവിപ്പതും, വേർതിരിച്ചെന്നിൽ കൃപ നിങ്ങൾ ഭാവിപ്പതും, അനുജനോടു തോറ്റുള്ളം വേവിപ്പതും, ഓർത്താൽ ആരൊരുവൻ മേലിൽ സേവിപ്പതും?

ദിനന്തോറും ഞാൻ ഭക്തിപൂർവം സേവിച്ചതിന്റെ പേരിൽ ഇതു വരെ നിങ്ങളെന്നോടു പ്രത്യേകമായ ദയാവായ്പ്പോടെയാണു പെരുമാറി യിട്ടുള്ളത്. പക്ഷേ അനുജനോടു ചൂതുകളിയിൽ തോറ്റ മനസ്സു നീറുന്ന എന്നെക്കുറിച്ചോർത്താൽ ആരാണിനി നിങ്ങളെ സേവിക്കാൻ ധൈ ര്യപ്പെടുന്നത്?

ചരണം 2 : കരണീയം ദേവനമെന്നെനിക്കു തോന്നി, എന്നിൽ ഭരണീയജനങ്ങൾക്കു വെറുപ്പു തോന്നി, തരുണിയെ വിട്ടു കാട്ടിലിരിപ്പുമൂന്നി അപരിഹരണീയവിധിയന്ത്രത്തിരിപ്പുമൂന്നി!

ചൂതു കളിയ്ക്കുന്നതൊരു രാജധർമ്മമായാണു ഞാൻ കണ്ടത്; പക്ഷേ അതിന്റെ പേരിൽ പ്രജകളെന്നെ വെറുക്കാൻ തുടങ്ങി; അങ്ങനെ പ ത്നിയെ വെടിഞ്ഞു ഞാൻ കാട്ടിൽ താമസമാക്കി; ഇതൊക്കെ ഒരുപ ക്ഷേ വിധിയന്ത്രത്തിന്റെ അനിവാര്യമായ ചില തിരിച്ചിലുകളാണെ ന്നേ കരുതാൻ കഴിയൂ!

ചരണം 3 : പ്രതിദിനം നൈഷധൻ നമസ്കരുതേ,
ഭൈമീപതിദേവതയ്ക്കു ദുഃഖം വരുത്തരുതേ,
അതിസങ്കടചാപല്യമെനിയ്ക്കരുതേ,
എന്നെ അധീരനെന്നാരും അപഹസിയ്ക്കരുതേ!

ഈ നളൻ ദിവസവും നിങ്ങളെ നമസ്കരിക്കുന്നതിന്റെ പേരിലെങ്കി ലും പതിവ്രതയായ എന്റെ പത്നിയ്ക്കൊരു ദുഃഖവുമുണ്ടാക്കരുതേ! അതി സങ്കടം മൂലം എന്നെ ചാപല്യങ്ങൾക്കു വശംവദനാക്കരുതേ! ആരു

മെന്നെ ഭീരുവായി കണ്ടു പരിഹസിയ്ക്കാൻ ഇട വരുത്തരുതേ!

ശ്ലോകം 2 : (വൃത്തം : വസന്തമാലിക)
സുരനാഥവരൈഃ സുഖേന ജീവൻ
പരമാനന്ദ സുനിർവൃതോ നളോയം
ഭവനേ വനതാം വനേ ഗൃഹത്വം
സ പുരാ നിശ്ചിനുതേ വിചാര്യ തത്വം

ദേവന്മാരുടെ വരം മൂലം പരമാനന്ദം അനുഭവിച്ച സ്വസ്ഥഹൃദയനായ നളൻ കൊടുങ്കാടിനെ കൊട്ടാരമായും കൊട്ടാരത്തെ കൊടുങ്കാടായും മനസ്സിൽ സങ്കൽപ്പിച്ച തത്വവിചാരം ചെയ്തു.

പദം 2 : നളൻ (രാഗം : കല്യാണി താളം : ചെമ്പട)
പല്ലവി : ഘോരവിപിനമെന്നാലേഴ പാരിതാകിൽ നഗരം!

നഗരത്തിലെ ഏഴു നിലകളുള്ള മണിമന്ദിരംപോലെ അതിവിശാലമാ ണ് ഭയങ്കരമായ ഈ കൊടുങ്കാട്!

അനുപല്ലവി : നാരിമാരും നവരസങ്ങളും നയവും ജയവും
ഭയവും വ്യയവും നാടു ഭരിപ്പവരോടു നടപ്പതു

അന്തഃപുരത്തിലെ സുന്ദരിമാരുടെ മുഖത്തു വിരിയുന്ന നവരസഭാവങ്ങൾ, നയവും ജയവും ഭയവും വ്യയവും നോക്കി നാടു ഭരിയ്ക്കുന്ന രാജാക്കന്മാരുടെ അനുഭാവങ്ങളാണെന്നു തോന്നും!

ചരണം 1 : അവടങ്ങൾ സങ്കടങ്ങൾ, അകമേ ദുഷ്ടമൃഗങ്ങൾ,
അധികം ഭീതികരങ്ങൾ, മനസാ വചസാ വിദിതം ഗദിതം,
കാമാദികൾ തന്നെ നിനച്ചാൽ ഭീമാകൃതിധാരികൾ വൈരികൾ

മലയിടുക്കുകളിൽ കണ്ടുവരുന്ന വന്യമൃഗങ്ങളെപ്പോലെ ഭീകരരും ക്രൂരരൂപികളുമായ ശത്രുക്കളാണു മനസ്സിലെ കാമാദിവികാരങ്ങളെന്നു പണ്ടേ പറഞ്ഞു കേട്ടത് എനിയ്ക്കിപ്പോൾ ബോദ്ധ്യമായി!

ചരണം 2 : സദനങ്ങൾ ശോഭനങ്ങൾ, സാധുസഭാതലങ്ങൾ,
സരസങ്ങൾ ഗഹനങ്ങൾ, സജലാ സശിലാ തടിനീ ജനനീ,
രാജാന ഇമേ തരവോ ദൃഢമാജാനമനോരമഭൂതികൾ!

നാട്ടിലെ സൗധങ്ങൾക്കും സഭകൾക്കും പകരം കാട്ടിൽ വള്ളിക്കുടിലുകളുണ്ട്, സ്വച്ഛമായ ജലവും പാറക്കെട്ടുകളുമായി അമ്മയെപ്പോലെ വാത്സല്യം ചുരത്തുന്ന നദിയുണ്ട്, പൂക്കളും ഫലങ്ങളും കാൽക്കലർപ്പിക്കുന്ന സാമന്തന്മാരെപ്പോലുള്ള വൃക്ഷങ്ങളുണ്ട്.

ചരണം 3 : ദുരിതങ്ങൾ ദൂരിതങ്ങൾ, ദോഷങ്ങൾ ദൂഷിതങ്ങൾ,
അതിമോഘങ്ങളഘങ്ങൾ, അധുനാ വിധിനാ കരുണാ ഗുരുണാ,
മേലേ വരുമാധികൾ മാഞ്ഞിതു കാലേനചിരേണ നമുക്കിഹ!

ഇന്നിപ്പോൾ വിധിയുടെ അനുഗ്രഹവും ദയയും മൂലം എന്റെ ദുരിതങ്ങൾ തീർന്നു, ദോഷങ്ങൾ നശിച്ചു, കൊടുംപാപങ്ങൾ നിഷ്ഫലവുമായി, ഇനി വരാനിടയുള്ള ദു:ഖങ്ങൾ ഒരിയ്ക്കലും തിരിച്ചു വരാത്തവിധം മാഞ്ഞുപോയിരിയ്ക്കുന്നു!

രംഗം 2 : കാട്ടുതീയ്ക്കു സമീപം

ശ്ലോകം 3 : (വൃത്തം : സ്രഗ്ദ്ധര)
അങ്ങോട്ടിങ്ങോട്ടുഴന്നും വിപിനഭുവി തളർന്നും വിചാരം കലർന്നും
തുംഗാതങ്കം വളർന്നും തൃണതതിഷു കിടന്നും സുരേന്ദ്രാനിരന്നും
തിങ്ങും ഖേദം മറന്നും ദിവസമനു നടന്നീടുമന്നൈഷധേന്ദ്രൻ
വൻകാട്ടിൽ കാട്ടുതീ തൻ നടുവിലൊരു ഗിരം കേട്ടു വിസ്പഷ്ടവർണാം!

കാട്ടിൽ അങ്ങോട്ടുമിങ്ങോട്ടും നടന്ന്, ഓരോ വിചാരങ്ങളിൽ മുഴുകി, സങ്കടം സഹിക്കാതെ മണ്ണിൽ തളർന്നു വീണു, പുല്ലിൽ കിടന്നുറങ്ങി, ദേവന്മാരോടു ദയ യാചിച്ചു ദുഃഖങ്ങൾ മറക്കാൻ ശ്രമിച്ചു ദിവസങ്ങളോളം അലഞ്ഞു നടന്ന നളൻ, പടർന്നു പിടിച്ച കാട്ടുതീയ്ക്കു നടുവിൽ നിന്നൊരു നിലവിളി വ്യക്തമായി ഉയർന്നു കേട്ടു!

പദം 3 : കാർക്കോടകൻ (രാഗം : ഭൈരവി താളം : ചെമ്പട)
പല്ലവി : അന്തികേ വന്നീ ടേണം, അഴലേ നീ തീർത്തിടേണം

അടുത്തേയ്ക്കു വരൂ, നീയെന്റെ സങ്കടങ്ങൾ തീർത്തു തരൂ!

അനുപല്ലവി : എന്തീവണ്ണമെന്മൊഴി നീ കേട്ടീലയോ പുണ്യകീർത്തേ!

എന്റെ ഈ നിലവിളി പുണ്യവാനായ നീ കേട്ടില്ലേന്നോ?

ചരണം 1 : കാട്ടുതീയിൽ പതിച്ചേനേ, കളിയല്ലയ്യോ വേകുന്നേനേ,
കൂട്ടിക്കൊണ്ടു പോക താനേ, കുശലം തവ വൈരസേനേ!

ഞാനൊരു കാട്ടുതീയിൽ വന്നു വീണു, കളി പറയുന്നതല്ല, എന്റെ ദേഹമാകെ ചുട്ടുനീറുന്നു, പെട്ടെന്നെന്നെ പുറത്തേക്കു കൂട്ടിക്കൊണ്ടു പോയാൽ, വീരനായ നള, നിനക്കു നല്ലതു വരും!

ചരണം 2 : വെന്തു ദേഹം പാതി പോരും വിധിവശന്മാരെല്ലാപേരും
ബന്ധു നീയൊഴിഞ്ഞില്ലാരും വിവശത മേ നിന്നാൽ തീരും

എന്റെ ദേഹം പാതിയോളം വെന്തുകഴിഞ്ഞു, എല്ലാവർക്കും ബാധകമായ വിധിയിൽ ഞാൻ വീണുപോയി! എന്റെ ദുഃഖം തീർക്കാൻ നീയല്ലാതെ ഇനിയെനിയ്ക്കു മറ്റൊരു ബന്ധുവില്ല!

ചരണം 2 : നിന്നുദന്തം ഭൈമീജാനേ നിഖിലവും ഞാനറിഞ്ഞേനേ,
മന്ദിയ്ക്കോല്ലാ മയി ദീനേ മരണവേദനാതിദൂനേ

ദമയന്തിയുടെ ഭർത്താവായ നിന്റെ സകല കഥകളും എനിയ്ക്കറിയാം. എന്തായാലും എന്റെ ദുഃഖം തീർക്കാൻ നീ അമാന്തിയ്ക്കരുത്, എനിയ്ക്ക മരണവേദന സഹിയ്ക്കാനാവുന്നില്ല!

ശ്ലോകം 4 : (വൃത്തം : മന്ദാക്രാന്ത)
'പേടിയ്ക്കേണ്ടാ വരുവനരികേ വൻകൊടും കാട്ടുതീയിൽ
ചാടിക്കൊണ്ടാലൊരു ഭയമെനിയ്ക്കില്ല ഞാൻ തൊട്ടവർക്കും
കൂടിക്കണ്ടാലുടനഴലൊഴിച്ചീടുവേ'നെന്നു ചൊല്ലി-
ത്തേടിക്കണ്ടോരുരഗപതിയോടൂചിവാൻ നൈഷധേന്ദ്രൻ

'പേടിയ്ക്കേണ്ട, ഞാനുടനെ അടുത്തേയ്ക്ക വരാം, കാട്ടുതീയിലേയ്ക്ക ചാടാൻ എനിയ്ക്കൊരു പേടിയുമില്ല, മാത്രമല്ല ഞാൻ തൊട്ടവർക്ക പൊള്ളലുമേൽക്കില്ല, ഞാനിതാ നിന്നെ പുറത്തേക്ക കൂട്ടിക്കൊണ്ടു വന്നു സങ്കടം തീർക്കാ'മെന്ന് ആശ്വസിപ്പിച്ച നളൻ കാട്ടുതീയ്ക്കിടയിൽ തിരഞ്ഞു കണ്ടെത്തിയ സർപ്പത്തോടു ചോദിച്ചു.

പദം 4 : നളൻ: (രാഗം : ശങ്കരാഭരണം താളം : മുറിയടന്ത)
പല്ലവി : കത്തുന്ന വനശിഖി മദ്ധ്യഗനാരെടോ നീ? തത്വമേവ വദ മേ!

ഈ കത്തിക്കാളുന്ന കാട്ടുതീയ്ക്ക നടുവിൽ നിൽക്കുന്ന നീ ആരാണെന്നു സത്യമായിത്തന്നെ എന്നോടു പറയൂ!

അനുപല്ലവി : ചത്തുപോമിവിടെയെന്നു നീ നിനയ്ക്കേണ്ട,
ശാപംകൊണ്ടോ ചതികൊണ്ടോ ചാപലം കൊണ്ടോ?

ഈ കാട്ടുതീയിൽപ്പെട്ടു ചത്തുപോകുമെന്നൊന്നും നീ പേടിയ്ക്കണ്ട! ശാപമോ ചതിയോ ചാപല്യമോ എന്തുകൊണ്ടാണ നീ ഈ കാട്ടുതീയിൽ വന്നു വീണത്?

ചരണം 1 : എരിഞ്ഞ തീയിൽനിന്നല്ലിനി വേണ്ടു സല്ലാപം
ഇരുന്നു കൊള്ളുകയെന്റെ ചുമലിൽ നീ ഗതതാപം,
അറിഞ്ഞതെങ്ങനെ നീ നൈഷധനെന്ന പേരും
അറിഞ്ഞീടേണമിപ്പോളാരെന്നുള്ളതും നേരേ!

എന്തായാലും നമുക്കിനി കത്തിക്കാളുന്ന ഈ തീയ്ക്കുള്ളിൽ നിന്നു സംസാരിയ്ക്കേണ്ട, ശങ്ക കൂടാതെ എന്റെ ചുമലിൽ കയറിയിരിയ്ക്കൂ, എങ്ങനെയാണ നീ നളനെന്ന എന്റെ പേരു മനസ്സിലാക്കിയത്? നീയാരാണെന്ന സത്യവും എന്നോടു പറയണം!

ചരണം 2 : ഭുജംഗമെന്നു തോന്നി രൂപംകൊണ്ടു നിന്നെ,
വിശങ്ക എന്തെന്നല്ലി അതുചൊല്ലാം പിന്നെ! ഭൃശം ഗതോസി
നൂനമാപദം വനവഹ്നേ രുജം കളഞ്ഞു പറഞ്ഞീടേണം നേരുതന്നെ!

രൂപംകൊണ്ടു സർപ്പമാണെന്നു തോന്നി; ആ സംശയത്തിന്റെ കാരണം ഞാൻ പിന്നീടു പറയാം, സത്യത്തിൽ നീയിപ്പോൾ വലിയൊരു ആപത്തിലാണ ചെന്നു ചാടിയിരിയ്ക്കുന്നത്. പൊള്ളലേറ്റ വേദന സാരമാക്കാതെ നീയെന്നോടു നേരുതന്നെ പറയൂ!

ചരണം 3 : എന്നുടെ കഥകളെ എങ്ങനെ നീയറിഞ്ഞു?
നന്നു നിന്മഹിമ നമുക്ക തിരിഞ്ഞു എന്നോടെന്തു മറവിന്നു തുനിഞ്ഞു
ചൊന്ന മൊഴിയാൽ നിന്നെ ഞാൻ ദിവ്യനെന്നറിഞ്ഞു!

എന്റെ കഥകൾ എങ്ങനെയാണ നീയറിഞ്ഞത്? അതുകൊണ്ടു തന്നെ നിന്റെ മഹത്വം എനിക്കു ബോദ്ധ്യപ്പെട്ടു, പക്ഷേ, എന്താണ

നീയെന്നോടു കാര്യം തുറന്നു പറയാത്തത്? വാക്കുകളിൽ നിന്നു നീയൊരു ദിവ്യനാണെന്നു ഞാൻ മനസ്സിലാക്കുന്നു!

ശ്ലോകം 5 : (വൃത്തം : ദ്രുതവിളംബിതം)
ദഹനമോചിത ഏഷ മഹീഭുജാ ദശപദശ്രുവണേ കൃതദംശനഃ
വിഷധരാധിപതിർവിഗതജ്വരോ നിഷധരാജമശാദ്വികൃതാകൃതിം

കാട്ടുതീയിൽനിന്നു രക്ഷപ്പെട്ട് ആപത്തകന്ന സർപ്പം 'ദശ'യെന്ന വാക്കു കേട്ട ഉടനെ നളന്റെ തോളിൽ കടിച്ചു; പെട്ടെന്നു വികൃതരൂപിയായി മാറിയ നളനോടായി സർപ്പം പറഞ്ഞു

പദം 5 : കാർക്കോടകൻ: (രാഗം : ഗൌളിപന്ത് താളം : ചമ്പ)
പല്ലവി : നൈഷധേന്ദ്ര നിന്നോടു ഞാൻ നേരുതന്നെ ചൊല്ലാം!

നിഷധരാജാവേ, നിന്നോടു ഞാൻ സത്യം പറയാം!

അനുപല്ലവി : വൈഷമ്യമായി മമ വലുതഹോ വിധി ജഗതി

വിധിവൈപരീത്യം മൂലം വല്ലാത്ത വിഷമമാണു ഞാൻ നേരിട്ടത്!

ചരണം 1 : മതി മതി വിശങ്ക തവ, മമ ജനനി കദ്രുവല്ലോ
മഹിമാതിരേകത്തിനു മന്ദത പിണഞ്ഞു മമ

ഇനി നീ സംശയിക്കേണ്ട, ഞാൻ പറയാം, കദ്രുവാണ് എന്റെ അമ്മ, എന്റെ ദിവ്യശക്തിക്കു യാദൃച്ഛികമായൊരു മന്ദത വന്നുപെട്ടു!

ചരണം 2 : ഊക്കേറുമഹിവരരിൽ കാർക്കോടകാഖ്യനഹം
ഓർക്കേണമൊരു മുനിയെ മാർഗേ ചതിച്ചിതഹം

വിഷവീര്യമുള്ള സർപ്പങ്ങളിൽ കാർക്കോടകനെന്നു പേരായ ഞാൻ പണ്ടൊരു മുനിയെ വഴിമദ്ധ്യേ ചതിച്ച കഥ നീ കേട്ടിരിയ്ക്കും!

ചരണം 3 : വായ്ക്കും കോപം പൂണ്ടു മുനി ദീർഘമൊരു ശാപം
തന്നു പോക്കുമഴൽ നളനതെന്നു മോക്ഷവഴിയരുളീ പിന്നെ

കോപാകുലനായ മുനി എനിക്കു വളരെക്കാലം നീണ്ടുനിൽക്കുന്ന ഒരു ശാപം തന്നു. പക്ഷേ, അവസാനം നളമഹാരാജാവു വന്നു നിന്റെ സങ്കടം നീക്കുമെന്ന ശാപമോക്ഷവും തന്നു

ചരണം 4 : ചാപല്യജാതമിഹ ശാപവുമകന്നു മമ
തേ പകരം ചെയ്തതുള്ളിൽ കോപകരമല്ലറിക!

ചപലത മൂലം എനിയ്ക്കു ലഭിച്ച ശാപം തീർ<u>ത്തു</u> തന്നതിനു ഞാൻ ചെയ്ത പ്രത്യുപകാരം കണ്ടു നീ പക്ഷേ കോപിയ്ക്കേണ്ടതില്ല!

ചരണം 5 : നിന്നഴൽക്കു മൂലം കലി വന്നകമേ വാഴുകയാൽ,
എന്നുടെ വിഷമേറ്റു നിന്നെയവൻ വിട്ടുമുടനെ

ഇന്നു സകല ദു:ഖങ്ങൾക്കും കാരണമായി നിന്റെ ഉള്ളിൽ വാഴുന്ന കലി എന്റെ വിഷമേറ്റു താമസിയാതെ നിന്നെ വിട്ടുപോകും!

ചരണം 6 : നിന്നെയറിയരുതൊരുവനെന്നിട്ടു നിന്നുടൽ മറച്ചു,
പിന്നെ നീ <u>ഇത്തു</u>കിലുടുക്കിൽ നിന്നുടൽ നിനക്കു വരും!

മറ്റാരും നിന്നെ കണ്ടു തിരിച്ചറിയരുതെന്നു കരുതിയാണു ഞാൻ നിന്റെ ശരീരം വികൃതമാക്കിയത്. ഞാൻ തരുന്ന ഈ രണ്ടു വസ്ത്രങ്ങൾ ധരിച്ചാൽ നിനക്കു പഴയ രൂപം തിരിച്ചു കിട്ടും!

പദം 6 : നളൻ (രാഗം : പൂർവകല്യാണി താളം : ചെമ്പട)
പല്ലവി : കാദ്രവേയകുലതിലക നിൻ കാൽത്തളിരെ കുപ്പുന്നേൻ

സർപ്പവംശാധിപനായ നിന്റെ കാലടികൾ ഞാൻ വണങ്ങുന്നു!

അനുപല്ലവി : ആർദ്രഭാവം നിന്മനക്കാമ്പിൽ ആവോളം വേണമെന്നിൽ!

എന്നെക്കുറിച്ചൊരു അനുകമ്പ നിനക്കെന്നും മനസ്സിലുണ്ടാവണം!

ചരണം 1 : മാമകദശകളെല്ലാം മനസ്സുകൊണ്ടു കണ്ടു നീ താൻ
ധീമതാം വര, കടിച്ചു ദേഹം മറച്ചു പോയ് മറ്റൊന്നായി
രൂപമെല്ലാം വേറെയൊന്നായ് കേൾക്കേണമേ
നാമധേയം അവനി നീളെ സഞ്ചാരമിനിയാം പ്രീതോഹം!

എന്റെ ദുരവസ്ഥകളെല്ലാം മനസ്സിൽ കണ്ടറിഞ്ഞു ബുദ്ധിമാനായ നീ കടിച്ചതു മൂലം സഹജമായ ശരീരകാന്തി മാഞ്ഞു ഞാനൊരു വികൃത രൂപിയായി. ഇനി പുതിയൊരു പേരുകൂടി പറഞ്ഞുതന്നാൽ മറ്റാരുമറിയാതെ എനിയ്ക്കു നാട്ടിലുടനീളം യഥേഷ്ടം സഞ്ചരിക്കാം!

ചരണം 2 : സജ്ജനസമാഗമത്താൽ സകലജനങ്ങൾക്കുമുണ്ടാം
സജ്ജനിഫലമെന്നല്ലോ സത്യവാചകം!
സജ്വരനായ് നിന്നെക്കണ്ടു മിക്കതും വിപിനത്തിൽ നിന്നു
ഇജ്ജനത്തിനഴൽ തീർന്നു പോയാലുമറിയാ കണ്ടാരും

സജ്ജനങ്ങളുമായി ഇടപഴകുമ്പോൾ സകല ജനങ്ങൾക്കും നല്ല ഫലം ലഭിക്കുമെന്നാണല്ലോ പഴമൊഴി! ദുഃഖിതനായി കാട്ടിൽ അലഞ്ഞു നടന്ന ഞാൻ നിന്നെ കണ്ടുമുട്ടിയതോടെ സകല സങ്കടങ്ങളും തീർന്നു സന്തോഷവാനായി. ഇനി നാട്ടിലെത്തിയാൽപ്പോലും ആരുമെന്നെ തിരിച്ചറിയാൻ പോകുന്നില്ല!

ചരണം 3 : ഇന്ദുമൌലിഹാരമേ നീ ഒന്നിനിയെന്നോടു ചൊൽക
എന്നെനിക്കുണ്ടാവു യോഗം ഖിന്നയാ തയാ
മുന്നേപോലെ മന്ദിരത്തിൽ ചെന്നു വാണു കൊള്ളുവാനും
എന്നിയേ അറിയാമെന്നാകിൽ ചൊല്ലേണമെല്ലാം നാഗേന്ദ്ര!

പരമശിവന്റെ ആഭരണമായ നീയിനി ഒരു കാര്യംകൂടി എനിയ്ക്കു പറഞ്ഞുതരണം! പണ്ടത്തെപ്പോലെ കൊട്ടാരത്തിൽ ദമയന്തിയുമായി ഒരുമിച്ചു താമസിക്കാൻ ഇനിയെനിയ്ക്കെന്നാണു യോഗം വരുന്നത്? നാഗരാജാവേ, നിനക്കറിയാമെങ്കിൽ യാതൊന്നും ബാക്കി വെയ്ക്കാതെ സകലതും എനിയ്ക്കു പറഞ്ഞുതരൂ!

പദം 7 : കാർക്കോടകൻ : (നാട്ടക്കുറിഞ്ചി : ചെമ്പട)
പല്ലവി : ചിന്തിതമചിരാൽ വരുമേ നിനക്കൊരന്തരായമില്ല നൃപതേ

രാജാവേ, നീ ചിന്തിച്ചതെല്ലാം നിനക്കു വഴിപോലെ വന്നുചേരും, അതിനു യാതൊരു തടസ്സങ്ങളുമുണ്ടാവില്ല!

അനുപല്ലവി : അന്തരംഗേ തവ വാഴുന്നവൻ കലി
വെന്തു നീറിടുന്നു മേ വിഷശിഖിനാ

നിന്റെയുള്ളിൽ കഴിയുന്ന കലി എന്റെ വിഷാഗ്നി സഹിക്കാതെ ഇപ്പോൾ വെന്തു നീറിക്കൊണ്ടിരിക്കുകയാണ്

ചരണം 1 : ഏതെന്നാകിലുമിവൻ വിട്ടുമുടനെ, പിന്നെ
നീ തന്നെ വേണം തവ ഗുണഘടനേ പേ തന്നെ
തോന്നുന്നതുമിഹ ഗഹനെ വിട്ടു ഭൂതനായകനെ നീ ഭജ മൂഢനെ,
സാകേതം തന്നിലേ പോയ് ഋതുപർണനെ
നീ കണ്ടു സേവകനായ് വാഴ്ക ഗൂഢം, പോമിണ്ടലതു മൂലമായ്,

വൈകാതെ കണ്ടു ഭവിതാ മേ സംഗതിയും ഭൂപാല

എന്തായാലും അവനുടനെ നിന്നെ വിട്ടു പോകും, പിന്നെ നല്ലതു വരാൻ നീതന്നെ പരിശ്രമിക്കണം; ഈയൊരു ദുരവസ്ഥ വെറും തോന്നലായി കരുതി പരമശിവനെ ഭജിയ്ക്കു! മാത്രമല്ല, അയോദ്ധ്യയിൽ ചെന്നു ഋതുപർണരാജാവിന്റെ സേവകനായി ആരുമറിയാതെ കുറച്ചു കാലം കഴിയ്ക്കണം; പിന്നീടു സകല സങ്കടങ്ങളുമകലുമ്പോൾ നമുക്കു വീണ്ടും തമ്മിൽ കാണാൻ ഇടവരും!

ചരണം 2 : ബാഹുജഭാവത്തെ നീ നീക്കിക്കൊള്ളൂ,
ഇനി ബാഹുകനെന്നു പേരുമാക്കിക്കൊള്ളൂ,
സാകേതപതിയെ സ്വാമിയാക്കിക്കൊള്ളൂ,
പാർത്താൽ സാധുതയവനേ ഈ മഹിയിലുള്ളൂ,
വിശ്വാസഭാജനമായ് വന്നാൽ പിന്നെ
അശ്വഹൃദയമവനായ് നൽകീടുകിൽ അക്ഷഹൃദയം
വശമായ് വരും തവ അക്ഷമനാം കലിയുമന്നൊഴിയും

ഇനി നീ ബാഹുക'നെന്ന പേരു സ്വീകരിച്ചു ക്ഷത്രിയഭാവം മാറ്റുന്നതാണു നല്ലത്; മാത്രമല്ല, അയോദ്ധ്യയിലെ ഋതുപർണരാജാവിനെ നീ പ്രഭുവായി കാണണം; സത്യത്തിൽ ഇന്നദ്ദേഹം മാത്രമേ ഭൂമിയിലൊരു നല്ല രാജാവുള്ളൂ. അദ്ദേഹത്തിന്റെ വിശ്വാസം നേടിയെടുത്താൽ നിനക്കറിയാവുന്ന അശ്വഹൃദയമന്ത്രത്തിനു പകരമായി അക്ഷഹൃദയമന്ത്രം സ്വീകരിക്കാം. അതോടെ നിന്റെ ഉള്ളിൽ താമസിക്കുന്ന കലി താനേ ഒഴിഞ്ഞുപോകും!

ചരണം 3 : വന്നൊരു മുനിവരശാപമതും, വനവഹ്നിയിൽ വീണ
മമ ദാഹമതും, നിന്നോടെനിയ്ക്കു വന്ന യോഗമിതും നൃപ!
പിന്നെയും നമ്മിലെസ്സല്ലാപമിതും, നിത്യമായ് ചിന്തിപ്പവർ
ഭൂലോകത്തിൽ അത്യന്തം മോദിപ്പവരെന്നുള്ളതും സത്യം മയാ

കഥിതം, പോക നീയും! എങ്കിൽ അസ്തു പുനർദർശനം രിപുകർശന!

രാജാവേ, മുനിശാപം മൂലം കാട്ടുതീയിൽ വെന്തുരുകിയ എനിയ്ക്കു നിന്നെ കാണാൻ കഴിഞ്ഞ യോഗവും നമ്മുടെ ഈ സംവാദവും ദിവസേന ചിന്തിക്കുന്നവർ ഭൂമിയിൽ സസന്തോഷം ജീവിക്കുമെന്ന ഒരു ഫലപ്രവചനംകൂടി ഞാനിതാ പറയുന്നു! ഇനി നിനക്കു പോകാം, ശത്രുക്കൾക്കു ഭീതി പരത്തുന്ന രാജാവേ, ഇനിയും നാം ഇതുപോലെ തമ്മിൽ കാണാനിടവരട്ടെ!

രംഗം 3 : അയോദ്ധ്യാരാജധാനി

ശ്ലോകം 6 : (വൃത്തം : ശിഖരിണി)
നളോ ലബ്ധ്വാ വാസോയുഗളമഗല സ്ഥൈര്യ വിഭവഃ
ശിവോദർക്കാൻ ജാനൻ വിപദമപി കാർക്കോടകമുഖാൻ
അഥ ധ്യായൻ ജായാം കതിപയ ദിനൈഃ പ്രാപ്യ ച പുരീ-
മയോദ്ധ്യാമാലോക്യ ക്ഷിതിപമൃതുപർണം കഥിതവാൻ

കാർക്കോടകന്റെ പക്കൽനിന്നു രണ്ടു വസ്ത്രങ്ങൾ ലഭിച്ച നളൻ വിപദിധൈര്യം കൈവിടാതെ ആപത്തുപോലും ആശ്വാസമായി വരുമെന്നു മനസ്സിലാക്കി ദമയന്തിയെത്തന്നെ ഓർത്തു നടന്നു ദിവസങ്ങൾക്കകം അയോദ്ധ്യയിലെത്തി നേരേ ഋതുപർണരാജാവിനെ ചെന്നു കണ്ടു പറഞ്ഞു.

പദം 8 : ബാഹുകൻ (രാഗം : നാട്ടക്കുറിഞ്ചി താളം : ഏകതാളം)
പല്ലവി : ഋതുപർണ ധരണീപാല, നീ ജയിക്കേണം,
ഉപകർണയ മേ വചനം

ഋതുപർണരാജാവേ, അങ്ങു സർവോൽക്കർഷേണ ജയിക്കട്ടെ! ഞാൻ പറയുന്നതു സശ്രദ്ധം ചെവിക്കൊണ്ടാലും!

അനുപല്ലവി : അതിചണ്ഡരിപു ഷണ്ഡ ഗളഖണ്ഡനപണ്ഡിത ഭുജദണ്ഡബലദണ്ഡധര, മണ്ഡിതഭൂഖണ്ഡ

ക്രൂരരായ ശത്രുക്കളുടെ കഴുത്തറുക്കാൻ കഴിവും കൈയൂക്കുമുള്ള, ദുഷ്ട ന്മാരുടെ കാലനായ, ഭൂമിയ്ക്കു ഭൂഷണമായവനേ!

ചരണം 1 : ധരിക്കേണമെന്നെ നീ സൂതനെന്നാ,കിൽ ഭരിക്കേണമേ
തന്നു വേതനം, തേരിൽ ചരിക്കേണമൊരിക്കൽ എന്നിരിക്കിലോ
തവ സാരഥിഭാവം തേടുന്നേൻ, ആജ്ഞാപുഷ്പം ചൂടുന്നേൻ!
വാജികളെ ഭരിച്ചു കൊള്ളുവൻ, ജാതി തിരിച്ചു ചൊല്ലുവൻ,
ഭീതി കളവൻ ഗതിഭേദങ്ങൾ കുറവെന്യേ പഠിപ്പിപ്പൻ!

അങ്ങെന്നെ ഒരു തേരാളിയാണെന്നു മനസ്സിലാക്കി തക്ക ശമ്പളം ത ന്നു ജോലിയ്ക്കു നിയമിയ്ക്കണം. അങ്ങയുടെ യാത്രയ്ക്കു ഞാൻ തേരു തെ ളിയ്ക്കാം, കല്പനകൾ അനുസരിയ്ക്കാം. മാത്രമല്ല, അങ്ങയുടെ കുതിര കളേയും ഞാൻ പരിപാലിയ്ക്കാം. അവയുടെ ജാതിയോരോന്നും പ്ര ത്യേകം തിരിച്ചു പറയാൻ എനിയ്ക്കറിയാം. കൂടാതെ, കുതിരകളെ പേ ടി മാറ്റി പലവിധ ഗതിഭേദങ്ങളും ഞാൻ പഠിപ്പിയ്ക്കാം!

ചരണം 2 : എനിക്കില്ലെന്നറിക കുടുംബവുമിന്നു, നിനയ്ക്കിൽ
നീയൊഴിഞ്ഞവലംബവും, പാരിൽ അരിക്കന്റെ കുലമലങ്കരിക്കുന്ന
നിന്നുടെ കീർത്തി കേട്ടു വന്നു ഞാൻ, തത്വം ചൊന്നേനിന്നു ഞാൻ!
ബാഹുകനെന്നെനിക്കു പേർ, കൃപയെന്നിൽ ജനിക്കുമാകിലോ ഭൂപ,
തവ കിങ്കരനെന്നോർക്ക ശിവകിങ്കരനന്യഥാ!

സത്യത്തിൽ എനിയ്ക്കൊരു കുടുംബമില്ല, ചിന്തിച്ചാൽ അങ്ങല്ലാതെ മ റ്റൊരാശ്രയവുമില്ല! ഭൂമിയിൽ സൂര്യവംശത്തിനലങ്കാരമായ നിന്റെ കീർത്തി കേട്ടറിഞ്ഞാണു ഞാനിവിടെ വന്നത്. എന്റെ പേരു ബാഹു

കൻ; രാജാവേ, എന്നോടു ദയ തോന്നുന്നുണ്ടെങ്കിൽ ഞാനിതാ അങ്ങയുടെ കിങ്കരനായിക്കഴിഞ്ഞു. മാത്രമല്ല, ഭക്തിയുടെ വിഷയത്തിൽ പരമശിവന്റെ കിങ്കരനുമാണു ഞാൻ!

ചരണം 3 : അനുകമ്പാ യദി തവ മാനസേ, എനിയ്ക്കനുമതി തരിക
മഹാനസേ, കേരമരിചലവണാദികളരിയും തരുകിൽ പോരും മമ
ഭൂപതേ, മാരോപമിതാകൃതേ, താനേ തന്നെ
വിറകും കൊണ്ടുവന്നു ഞാൻ, കറിയുംചോറുമുണ്ടാക്കി
കുറവെന്നിയേ വിളമ്പി നിരവധി ജനമൂട്ടാം!

അങ്ങയുടെ മനസ്സിൽ എന്നോടൊരു അനുകമ്പ തോന്നുന്നുണ്ടെങ്കിൽ അടുക്കളയിൽ പാചകത്തിനുകൂടി അനുവാദം തരൂ! ഉപ്പ്, മുളക്, നാളികേരം തുടങ്ങിയവ മാത്രം തന്നാൽ മതി! ഞാൻതന്നെ വിറകു വെട്ടിക്കൊണ്ടുവന്നു ചോറും കറിയുമുണ്ടാക്കി നിരവധി പേരെ നിർലോഭം വിഭവങ്ങൾ വിളമ്പിക്കൊടുത്തു സംതൃപ്തരാക്കാം!

പദം 9 : ഋതുപർണ്ണൻ : (വസന്തഭൈരവി : ചെമ്പട)
പല്ലവി : വസ വസ സൂത മമ നിലയേ സുഖം, ബാഹുക സാധുമതേ!

സാധുവും തേരാളിയുമായ ബാഹുക, നീയെന്റെ കൊട്ടാരത്തിൽ
സുഖമായി താമസിച്ചുകൊള്ളൂ!

അനുപല്ലവി : വസു നിനക്കിന്നു തന്നേനസുഭരണോചിതം
വാത്സല്യമെനിക്കു നിന്മേൽ

ദൈനന്ദിനനിവൃത്തിക്കു വേണ്ട ധനം ഞാനുടനെ തരുന്നുണ്ട്. നിന്നോടെന്തോ എനിക്കൊരു വല്ലാത്ത വാത്സല്യം തോന്നുന്നു!

ചരണം 1 : രഥവും കുതിരകളും നീ താൻ പരിപാലിയ്ക്കേണം,

രസികൻ ഞാനെന്നതും നീ ബോധിയ്ക്കേണം, ഘൃതവും മധുഗുളവും
ക്ഷീരവും നിനക്കധീനം, പചിക്കേണം ഭൂസുരരെ ഭുജിപ്പിക്കേണം,
'എന്നെ രക്ഷിയ്ക്ക'യെന്നു ചൊന്നാൽ
ഉപേക്ഷിയ്ക്കുന്നതെന്നുടെ കുലത്തിലുണ്ടോ?

ഇനി മുതൽ രഥവും കുതിരകളും നീതന്നെ പരിപാലിച്ചാൽ മതി, ഞാനൊരു രസികനാണെന്നുകൂടി നീ മനസ്സിലാക്കണം. നെയ്യും ശർക്കരയും തേനും പാലും യഥേഷ്ടമെടുത്തു ബ്രാഹ്മണർക്കുവേണ്ട ഭക്ഷണം നീതന്നെ ഒരുക്കിക്കൊടുക്കണം! 'എന്നെ രക്ഷിയ്ക്കണ'മെന്നു പറഞ്ഞു വന്നു കേഴുന്നവരെ ഉപേക്ഷിയ്ക്കുന്ന പതിവ് ഞങ്ങളുടെ വംശത്തിൽ ഒരിയ്ക്കലുമുണ്ടായിട്ടില്ല!

ചരണം 2 : ഇവനു പേർ ജീവലനെന്നിവനുപേർ
വാർഷ്ണേയനെന്നിവരിരുവരും മമ സാരഥികൾ,
ഇവരുടെ ഗൃഹം തന്നെ നിനക്കു ഗൃഹമറിക,
ഇവർ നല്ല സൌജന്യവാരിധികൾ, പകലോ മഹാനസത്തിൽ
പാകവൈയഗ്ര്യമല്ലോ നിശിപോയ് നിലയനേ വാഴ്ക നീ

എന്റെ തേരാളികളായ ഇവൻ ജീവലനും തൊട്ടടുത്തു നിൽക്കുന്നവൻ വാർഷ്ണേയനുമാണ്. ഇവരുടെ വീട്ടിൽത്തന്നെ നിനക്കും താമസിക്കാം. നല്ല പരോപകാരികളാണു രണ്ടുപേരും! പകലൊക്കെ അടുക്കളയിൽ പാചകവുമായി കഴിഞ്ഞു രാത്രിയാകുമ്പോൾ വീട്ടിൽ ചെന്നു സുഖമായി കിടന്നുറങ്ങാം!

ചരണം 3 : ദ്രുതതരഗതി മമ കുതിരകൾക്കേതും പോരാ,
അതിനിവർക്കുമില്ല ചതുരതയും, ഇതരകുതിരകളെ
അതിശയിച്ചതിരയം കുതിരകൾക്കുപദേശിക്ക മധുരതയും,
പ്രതിരഥരാമരികൾ ചതുരതയാ വരികിൽ വിധുരതയേതുമരുതേ!

എന്റെ കുതിരകൾക്കു പൊതുവേ വേഗം പോര, ഇവർക്കാകട്ടെ കുതിരകളെ വേഗം പഠിപ്പിക്കാനുള്ള കഴിവുമില്ല! മറ്റു കുതിരകളേക്കാൾ വേഗത്തിലോടാനുള്ള കഴിവു നീയവയ്ക്കു പഠിപ്പിച്ചു കൊടുക്കണം; രഥവേഗമേറിയ ശത്രുക്കൾ ആർത്തിരച്ചു വരുമ്പോൾ നമ്മുടെ ഭാഗത്തൊരു കുറവും വരരുതല്ലോ!

രംഗം 4 : അയോദ്ധ്യയിലെ സാരഥിഗൃഹം

ശ്ലോകം 7 : (വൃത്തം : ഉപജാതി)
പ്രീതിപ്രദേസ്മിന്നൃതുപർണരാജേ സ്ഫീതപ്രകാശേ നിഷധൌഷധീശേ
നിശാന്തശാന്തേ തത ആവിരാസീദ്വാന്താമൃതാ വാങ്മയകൌമുദീയം!

സകലരേയും സന്തോഷിപ്പിച്ചു കീർത്തി പരത്തുന്ന നളനെന്ന പൂർണചന്ദ്രൻ ഋതുപർണസേവകനായി അയോദ്ധ്യയിൽ കഴിയുന്ന കാലത്തൊരു ദിവസം, രാവു സ്വയം നിലാവു പൊഴിക്കുന്നതുപോലെ ആത്മഗതമായി ഇങ്ങനെ വിലപിച്ചു.

പദം 10 : ബാഹുകൻ (രാഗം : തോടി താളം : ചെമ്പട)
പല്ലവി : വിജനേ ബത മഹതി വിപിനേ നീയുണർന്നിന്ദുവദനേ
വീണെന്തു ചെയ്‌വൂ കദനേ?

വിജനമായ കൊടുങ്കാട്ടിൽവെച്ച് ഉറക്കമുണർന്നപ്പോൾ എന്റെ പ്രാണനാഥേ, സങ്കടക്കടലിൽ വീണു നീയെന്താണു ചെയ്തത്?

അനുപല്ലവി : അവനേ ചെന്നായോ? ബന്ധുഭവനേ ചെന്നായോ?
ഭീരു, എന്നു കാണ്മനിന്ദുസാമ്യരുചിമുഖം
എന്നു പൂണ്മനിന്ദ്രകാമ്യമുടലഹം

കാട്ടിൽ ചെന്നായകളായിരുന്നോ നിനക്കു രക്ഷയ്ക്കു വന്നത്? അതല്ല,

നീ ബന്ധുക്കളുടെ വീട്ടിൽ ചെന്നെത്തിയോ? ചന്ദ്രന തുല്യമായ നിന്റെ മുഖം ഇനി ഞാനെന്നാണ കാണുന്നത്? ഇന്ദ്രൻപോലും മോഹിച്ച നിന്റെ ദേഹം ഇനിയെന്നാണ ഞാൻ പുണരുന്നത്?

ചരണം 1 : ദയിതേ ലഭിപ്പതെന്തയി തേ വിശക്കുന്നേരം?
മയി ദേവി മായാമോഹശയിതേ! അരുതേ ശിവ ശിവ സുചരിതേ
നിന്നെ നിനപ്പാൻ, കീരവാണി ഭൈരവാണി
സാരവഘേരവാണി ഘോരകാനനാനി ച

കാട്ടിൽവെച്ച ഞാൻ മതിഭ്രമം പിടിച്ച നടന്നപ്പോൾ എന്റെ പ്രിയതമേ, നിനക്കു വിശപ്പാറ്റാൻ എന്താണ ലഭിച്ചത്? എന്റെ ഈശ്വരാ, കുറുക്കന്മാർ ഓരിയിടുന്ന ഘോരമായ കാട്ടിൽ കുയിലിന്റെ സ്വരമാധുര്യമുള്ള നീ അലഞ്ഞു നടന്നതു ചിന്തിയ്ക്കാൻപോലും കഴിയുന്നില്ല!

ചരണം 2 : വ്യസനേപി തവ ഗുരുജഘനേ, കുശലം
നീലനയനേ, ഗഹനേ സന്താപങ്ങൾക്കു സഹനേ,
ശിഷ്യരല്ലയോ, ഹരിണപാളി കരിവരാളി
ഇവർ തവ തരുവരേഷു തരുവരേഷു പൂജകൾ!

സുന്ദരിയായ നിനക്കു ഞാൻ ഈ ദുരവസ്ഥയിലും നന്മ ആശംസിയ്ക്കട്ടെ! നോട്ടത്തിലും നടത്തത്തിലും നിന്നെ അനുകരിയ്ക്കുന്ന ശിഷ്യരായ മാനുകളും ആനകളും മരത്തണലിലിരുന്നു നിന്റെ സങ്കടം നീക്കി സാന്ത്വനപൂജ നൽകി സൽക്കരിച്ചില്ലേ?

ചരണം 3 : ഉരഗാഭരണനെന്നിൽ ഉരുകാരുണ്യമുണ്ടെങ്കിൽ
നരകാദിഭയമില്ലെന്നറിക, തെരിയാഞ്ഞോ ഞാനും നിന്നെ
ഭരിയാഞ്ഞു നിനക്കില്ലേ വൃത്തശുദ്ധി വിഷ്ണുഭക്തി
മയ്യൊരുഭർത്തൃബുദ്ധി കൃത്യസക്തിയും തുണ!

സർപ്പങ്ങളെ മാലയായി ധരിക്കുന്ന പരമശിവന്റെ ദയയുള്ളതുകൊണ്ട് നിനക്കു വന്യജീവികളെ ഭയപ്പെടേണ്ടതില്ല. സത്യത്തിൽ അതറിഞ്ഞുതന്നെയാണു ഞാൻ നിന്നെ കാട്ടിലുപേക്ഷിച്ചു പോന്നത്. കൂടാതെ, കർമ്മശുദ്ധിയും വിഷ്ണുഭക്തിയും ആശ്രയബുദ്ധിയും കൃത്യസക്തിയും നിനക്കു തുണയായുണ്ടല്ലോ!

ശ്ലോകം 8 : (വൃത്തം : സ്വാഗത)
ചിന്തയന്തമിതി ചേതസി കാന്താം തദ്വിയോഗവിധുരം നിഷധേന്ദ്രം
ജീവലോ രഹസി ജാതു സഹാസോ ജീവലോകസുഖദം തമവാദീത്

സകലരേയും സന്തോഷിപ്പിയ്ക്കുന്ന നളൻ, പത്നിയുടെ വിയോഗം സഹിക്കാതെ ദുഃഖിതനായി ഓരോന്നു ചിന്തിച്ചിരിക്കുമ്പോൾ പെട്ടെന്നുറക്കം വിട്ടുണർന്ന ജീവലൻ ചെറിയൊരു പുഞ്ചിരിയോടെ ചോദിച്ചു.

പദം 11 : ജീവലൻ (രാഗം : പന്തുവരാളി താളം : മുറിയടന്ത)
പല്ലവി : അവളേതൊരു കാമിനി? ഹേ ബാഹുക, തവ യാ ധൃതിശമനീ

ബാഹുക, ആരാണ് ആ സുന്ദരി?, അവൾ നിന്റെ സകല ധൈര്യവും ചോർത്തിക്കളഞ്ഞതുപോലെ തോന്നുന്നല്ലോ!?

അനുപല്ലവി : സവിചാരം നിയതം പരിദേവിതം യത്കൃതേ നിശി നിശി

ദിവസേന രാത്രിയിൽ നീയിങ്ങനെ ആരെക്കുറിച്ചാണു ചിന്തിച്ചു വിലപിയ്ക്കുന്നത്?

പദം 12 : ബാഹുകൻ (രാഗം : സൌരാഷ്ട്രം താളം : മുറിയടന്ത)
പല്ലവി : സ്വൈരവചനം സ്വകൃതരചനം ഭണിതം ജീവലാ!

ജീവല, ഞാൻ സ്വയം എഴുതി തോന്നിയപോലെ പറയുന്ന ചില

കെട്ടുകഥകളല്ലാതെ ഇതിൽ കാര്യമായൊന്നുമില്ല!

അനുപല്ലവി : ആരെന്നറിയേണ്ട കേളൊരു മാനവൻ
ആരാനോട്ടം പറഞ്ഞു തൻ വ്യസനം

ആരാണെന്നു ചോദിക്കരുത്, കഥ ഞാൻ പറയാം, കേൾക്കൂ, ഒരിക്ക ലൊരാൾ സ്വന്തം ദു:ഖം മറ്റൊരാളോടു പറയുകയാണ്!

ചരണം 1 : കേൾക്കിലുണ്ടേ കൌതുഹലം, പാർക്കിലവൻ
സാധുശീലൻ മയ്ക്കണ്ണാളുമായ് കേവലം വിളയാടീടിന കാലം,
ഉണ്ടായ്‌വന്നിതൊരു മൂലം കണ്ടറിവാൻ മൃഗശീലം,
തെണ്ടുവാനും ഫലമൂലം, കണ്ടവരാർ വിധി ദുശ്ശീലം!

കഥ കേൾക്കാൻ കൊള്ളാം! സത്യത്തിൽ അവനൊരു സാധുവായിരുന്നു, ഭാര്യയുടെ കൂടെ സുഖമായി കഴിയുന്ന കാലത്തൊരിക്കൽ അവൻ കാട്ടിലുള്ള മൃഗങ്ങളെ കണ്ടു കായും കിഴങ്ങും ഭക്ഷിച്ചു വെറുതെ അലഞ്ഞുനടന്നു. വിധിയുടെ ദുർഗതി പക്ഷേ ആർക്കറിയാം?

പദം 11 : ചരണം 2 : നീയും നിന്നുടെ തരുണിയും
അഭിപ്രായാനുകൂലമമായം, പലർ കൂടി കളിയാടി തളിർ ചൂടി
സുഖമായി, വനം തേടി ക്രീഡയായ് നടന്നളവിൽ, അന്നവളെ
വെടിഞ്ഞാനോ നടന്നാനോ സ്മയവാനോ ധൃതിമാനോ
നീ താനോ പിന്നെ കിടന്നതു നിനച്ചഴൽ വഹസി വിലപസി

നീ കൂട്ടുകാരുമായി കളിച്ചുല്ലസിച്ചു കാട്ടുപൂക്കൾ പറിച്ചു തലയിൽ ചൂടി നടക്കുന്നതിനിടയിൽ മന:പൂർവം ഭാര്യയെ ഉപേക്ഷിച്ചു കടന്നുകളഞ്ഞതാണോ? അങ്ങനെയൊരു കൃത്യം ചെയ്യാനുള്ള അഹങ്കാരവും വൈരാഗ്യവും നിനക്കുണ്ടോ? പിന്നെ എന്തിനാണു നീയിങ്ങനെ സ്വയം ചിന്തിച്ചു വിലപിക്കുന്നത്?

പദം 12 : ചരണം 2 : പൂരിതധനസന്ദോഹം ദൂരവേ വെടിഞ്ഞു ഗേഹം, ഭൂരിദുഷ്ടമൃഗസമൂഹം പുക്ക വനനിവഹം, സാപി നാരീ സവ്യാമോഹം കൈവെടിഞ്ഞാൾ കാന്തദേഹം സമ്പത്തുണ്ടാം ഇനി എന്നൂഹം താദൃശം തങ്ങളിൽ സ്നേഹം!

സുഖസൌകര്യങ്ങളുള്ള വീടുപേക്ഷിച്ച രണ്ടുപേരും ദുഷ്ടമൃഗങ്ങൾ വിഹരിക്കുന്ന കാട്ടിൽ വെറുതെ അലഞ്ഞു നടന്നു. സുന്ദരിയായ അവളും പതുക്കെ ഭർത്താവിനെ കൈവിട്ടു. പരസ്പരസ്നേഹം വിടാതെ അവരിനിയും നല്ല കാലം വരുമെന്നു മോഹിച്ചു!

പദം 11 : ചരണം 3 : ഞാനെന്നും എനിക്കുള്ളതെന്നും അഭിമാനം എല്ലാവർക്കും തോന്നും അതു മായം, അതമേയം, അതു മായുന്നതുമല്ലലകിൽ കായം പോകിലും, തദുപായം യോഗികൾക്കുപദേശം, ഗതനാശം അതിക്ലേശം, പശുപാശം, ജഗദീശം ചിന്തിപ്പവർ ജനിമൃതിക്ഷയമനുഭവിപ്പവർ!

ഈ ലോകത്തു ഞാനെന്നും എന്റേതെന്നുമുള്ള മോഹങ്ങൾ എല്ലാവർക്കുമുണ്ട്. മായാമോഹം മൂലമുള്ള ആ വിചാരം മനുഷ്യൻ മരിച്ചാലും മാഞ്ഞുപോവില്ല. യോഗികൾക്കു മാത്രമേ ആ ചിന്ത നശിപ്പിക്കാനാവൂ! ഈശ്വരനെ ഭജിക്കുന്നവർ പക്ഷേ ആ സംസാരബന്ധം നിശ്ശേ ഷം നശിച്ച ജനനമരണമില്ലാത്ത മോക്ഷം നേടും!

പദം 12 : ചരണം 3 : അവളവശം ഉറങ്ങുന്നേരം അവിനയവാൻ പോയി ദൂരം, അവനകലെപ്പോകുന്നേരം അനുതാപം പാരം, ആ വനം അതീവഘോരം, അവളുടയ അഴൽ പാരം, അൽപ്പബുദ്ധിയ്ക്കുതു വിചാരം, അത്ഭുതമതൊക്കെസ്സാരം!

അവളങ്ങനെ അവശയായി ക്ഷീണിച്ചുറങ്ങുമ്പോൾ യാതൊരു മന

സ്സാക്ഷിക്കുത്തുമില്ലാതെ അവനവളെ ഉപേക്ഷിച്ചു കടന്നു കളഞ്ഞു. പോകുമ്പോൾ പക്ഷേ അവൻ പശ്ചാത്താപവിവശനായിരുന്നു. ആ കൊടുങ്കാട്ടിൽ അവളനുഭവിച്ച ദുഃഖവും അപാരമായിരുന്നു. മന്ദബുദ്ധിയായ അവനതു പക്ഷേ ഒരത്ഭുതമായി തോന്നി!

പദം 11 : ചരണം 4 : ഈവണ്ണമവർ വാണു ദാവം ഓർക്കിൽ
ഏവം ദൈവത്തിൻ പ്രഭാവം അറിവാനും പറവാനും ഫണവാനും
കഴിവുണ്ടോ? മറിമാനും സിംഹവും എട്ടടിമാനും നിറയും
വനവാസേ സവിലാസേ അനുഭൂതേ പുനരേതേ ന പുരാ തേ
സംബന്ധങ്ങൾ, അതു ചുരുക്കുക പറക പരിണതി

അങ്ങനെ അവരിരുവരും അന്യോന്യം വേർപെട്ടു കാട്ടിൽതന്നെ കഴിഞ്ഞു. ആലോചിച്ചാൽ ദൈവത്തിന്റെ പ്രഭാവം അറിയാനും പറയാനും അനന്തനുപോലുമാവില്ല! ഓടിക്കളിക്കുന്ന പേടമാനും ഭയപ്പെടുത്തുന്ന സിംഹവും നിരവധി വന്യമൃഗങ്ങളുമുള്ള കാട്ടിൽ വെച്ചായിരുന്നോ ഭാര്യയുടെ കൂടെ നടക്കുന്ന ആ പുരുഷനുമായി നീ ബന്ധപ്പെട്ടത്? ശരി, ബാക്കിയുള്ള കഥ ചുരുക്കിപ്പറയൂ!

ദണ്ഡകം : ഖണ്ഡം 1 : സാകേതവാസിനി നിജാകാരഗോപിനി
സശോകേ തദാ നിഷധരാജേ ഭൂസുരർ നടന്നൂ ഭീമനൃവരന്റെ
'സാഹസികനവനെ നരലോകമതിൽ
നിഖിലദിശി വിരവൊടു തിരവിൻ' ഇതി വാചാ

സ്വരൂപം മറച്ച നിഷധരാജാവായ നളൻ അയോദ്ധ്യയിൽ ചെന്നു ദുഃഖിച്ചിരിക്കുന്ന സമയം, 'സാഹസികനായ നളനെ ഭൂലോകം മുഴുവൻ തിരഞ്ഞു വരണ'മെന്ന ഭീമരാജകല്പന കേട്ടു നിരവധി ബ്രാഹ്മണന്മാർ നാനാദേശങ്ങളിൽ ചെന്നെത്തി.

ഖണ്ഡം 2 : സഹിതാ ശുചാ ദമനദമദാന്തസോദരിയും

അതിതാന്തയായവരൊടുചേ 'തിരക ദിശി യൂയം
ദയിതമുരുമായം സകലനൃപസഭകളിലുമൊരുപൊഴുതു
കളികരുതിയൊളിവിലൊരു മൊഴിയുമുര ചെയ്‌വിൻ

അവരോടു യാത്ര പുറപ്പെടുന്നതിനുമുമ്പ് ദമയന്തി സങ്കടത്തോടെ പറഞ്ഞു: 'മോഹാവേശം ബാധിച്ച എന്റെ ഭർത്താവിനെ ഏതെങ്കിലും രാജസഭയിൽവെച്ച് കണ്ടെത്തിയാൽ തമാശയെന്നപോലെ ഒരു രഹസ്യമൊഴി കൂടി പറഞ്ഞുപോരണം'.

ഖണ്ഡം 3 : എങ്ങോട്ടു പോയി രസഭംഗോദ്യതോസി പടഭങ്ഗോസ്തു
ഖേദമതിനില്ല, ഏതുമറിവില്ലാഞ്ഞാധി മമ നില്ലാ, ഏവമയി കിതവ,
മമ ഭാവമിനിയതുമറിക യാവദസുനിയമമതുമില്ല'

'പാതി വസ്ത്രം മുറിച്ചെടുത്തു പോകട്ടെ, പരസ്പരപ്രണയത്തിനു ഭംഗം വരുത്തി ചൂതുകളിയിൽ കമ്പവുമായി നീയെങ്ങോട്ടാണു പോയത്? അന്നുണ്ടായ ദുഃഖം എനിയ്ക്കിതുവരെ ശമിച്ചിട്ടില്ല! ഇനിയെന്നുവരെ ഞാൻ ജീവിച്ചിരിയ്ക്കുമെന്നും പറയാനാവില്ല!'

ഖണ്ഡം 3 : ഇതി വാക്കിനേകനൊരു പ്രതിവാക്കു
ചൊൽകിലതുമുടനേത്യ നിങ്ങൾ പറയേണം,
ഇതി സപദി ഭൈമിമൊഴി കരുതിയേമീ ഇവർ പലരിലൊരുവനഥ
രവികുലനൃപതി വരസവിധഭുവി മൊഴിയതു പറഞ്ഞു

'എന്റെ ഈ പ്രസ്താവനയ്ക്കു മറുപടി നൽകുന്നവനെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങളുടനെ ഇവിടെ വന്നു പറയണ'മെന്ന ദമയന്തിയുടെ വാക്കു മനസ്സിൽ കൊണ്ടുനടന്ന ഒരു ബ്രാഹ്മണൻ സൂര്യവംശരാജാവായ ഋതുപർണന്റെ സഭയിൽ ചെന്ന് ആ രഹസ്യമൊഴി പറഞ്ഞു.

രംഗം 5 : കുണ്ഡിനത്തിലെ അന്തഃപുരം

ശ്ലോകം 9 : (വൃത്തം : സ്രഗ്ദ്ധര)
വർണാൻ പർണാദകീർണാൻ നൃപസദസി
സുധാസാരസാവർണ്യപൂർണാ
നാകർണ്യാകർണ്യഘൂർണന്മതിരനു ഗതവാൻ
പ്രസ്ഥിതം ബാഹുകസ്തം
സല്ലാപസ്താദൃശോദ്യദ്രഹസി കില തയോർ-
ബാഹുകോ യേന ഭേജേ
ചിന്താം സന്താപശാന്ത്യൈ സ ച ധരണിസുരഃ
സാന്ത്വയാമാസ ഭൈമീം

ഋതുപർണന്റെ സഭയിൽവെച്ച് പർണാദൻ പറഞ്ഞ രഹസ്യമൊഴി കേട്ടു മനസ്സു കലങ്ങിയ ബാഹുകൻ പുറത്തു വന്ന ബ്രാഹ്മണനെ തേടിച്ചെന്നു കണ്ടു സംസാരിച്ചു. അവർ തമ്മിലുണ്ടായ സംസാരത്തെത്തുടർന്നു ബാഹുകന്റെ ദുഃഖത്തിനു ചെറിയൊരു ശമനം വന്നു. തുടർന്നു പർണാദൻ കുണ്ഡിനത്തിൽ തിരിച്ചു ചെന്നു ദമയന്തിയെ സാന്ത്വനിപ്പിച്ചുകൊണ്ടു പറഞ്ഞു.

പദം 13 : പർണാദൻ (രാഗം : മദ്ധ്യമാവതി താളം : ഏകതാളം)
പല്ലവി : വ്യസനം തേ ദമയന്തി, സമസ്തമസ്തമയതാം

ദമയന്തി, നിന്റെ സകല ദുഃഖങ്ങളും ഇതോടെ അവസാനിക്കട്ടെ!

അനുപല്ലവി : വചനം തേ ഞാൻ ചൊല്ലുന്നേരം
ഈ വർത്തമാനമറിഞ്ഞാനൊരു മാനവൻ

നിന്റെ രഹസ്യമൊഴി ഞാനൊരു രാജസഭയിൽ ചെന്നു പറഞ്ഞപ്പോൾ സദസ്സിലൊരാൾ ആ മൊഴിയിലെ വസ്തുത മനസ്സിലാക്കി.

പദം 14 : ദമയന്തി (രാഗം : സാവേരി താളം : ഏകതാളം)
പല്ലവി : നീ വന്ന നേരത്തേ വന്നു നിഖിലവും മമ സമ്പന്മൂലം!

പർണാദ, നീ വന്നെത്തിയതോടെ എന്റെ ഐശ്വര്യങ്ങളുടെ കാരണവും വന്നെത്തിയല്ലോ!

അനുപല്ലവി : പോകുന്നവരാരെയുമേ പുനരിവിടെക്കണ്ടീലേ ഞാൻ

ഭർത്താവിനെ തിരഞ്ഞു പോയവരാരും ഇതുവരെ തിരിച്ചെത്തിയതായി ഞാൻ കണ്ടിട്ടില്ല!

ചരണം 1 : എവിടെയെല്ലാം പോയി നീ താനെന്നു ചൊല്ലുക
പർണാദ, എവിടെയോ മേ പരിണേതാവെന്നതിറികിലനാമയം!

പർണാദ, നീയേതെല്ലാം രാജ്യത്തു പോയെന്നു പറയൂ, പ്രിയതമൻ എവിടെയുണ്ടെന്നറിയാൻ കഴിഞ്ഞാൽ എന്റെ ദുഃഖം തീരും!

ചരണം 13.1 : പർണാദൻ: ആകവേ ദിക്കെങ്ങും നടന്നേനേ,
ഒരു നാൾ സാകേതത്തിലങ്ങു കടന്നേനേ,
നീ കേൾ നിന്മൊഴി പറഞ്ഞിരുന്നേനേ,
പിന്നെ ഋതുപർണാന്തികത്തിൽ നിന്നെഴുന്നേറ്റിങ്ങുകന്നേനേ

ഓരോരോ രാജ്യങ്ങളിൽ ചുറ്റി നടന്നു ഞാനൊരു ദിവസം അയോദ്ധ്യയിൽ ചെന്നെത്തി. കേൾക്കൂ, അവിടെ ഋതുപർണന്റെ സഭയിൽ ചെന്നു നിന്റെ രഹസ്യമൊഴി പറഞ്ഞശേഷം ഞാൻ പതുക്കെ എഴുന്നേറ്റു പുറത്തേക്കു വന്നു.

ചരണം 2 : സാരനാമൃതുപർണൻ തന്നുടെ സാരഥി
വന്നതെന്റെ പിന്നുടെ ധീരൻ ബാഹുകസംജ്ഞൻ

നിന്നുടെ ഖേദം തീരുവാനുര ചെയ്താനുത്തരമതിന്നുടെ!

അപ്പോൾ ഋതുപർണന്റെ ബാഹുകനെന്ന പേരുള്ള തേരാളി എന്നെ പിന്തുടർന്നു വന്നു നിന്റെ ദുഃഖം തീർക്കുന്ന വിധത്തിൽ ആ രഹസ്യ മൊഴിക്കുള്ള മറുപടി പറഞ്ഞു തന്നു

ചരണം 14.2 : ദമയന്തി: തുകിൽ മുറിച്ചൊളിച്ചുപോവാൻ
തോന്നിയവാറെങ്ങനേവാൻ? തുണയെനിയ്ക്കില്ല
എന്നെന്തോരായ്‌വാൻ ധൂർത്തനതു കേട്ടെന്തുചിവാൻ?

എന്റെ വസ്ത്രം പാതി മുറിച്ചെടുത്തു രഹസ്യമായി ഓടിപ്പോകാൻ എങ്ങനെയാണു തോന്നിയത്? എനിയ്ക്കാരും തുണയില്ലെന്ന കാര്യമെന്തേ ചിന്തിച്ചില്ല? ആ ധൂർത്തൻ പിന്നെയെന്തു പറഞ്ഞു?

ചരണം 13.3 : പർണാദൻ: ചാരുത്വമെഴും നിയമനിഷ്ഠയും,
നല്ല ചാരിത്രമെന്നുള്ളൊരു ചട്ടയും, പാതിവ്രത്യപരമകാഷ്ഠയും,
കുലപാലികമാർക്കിതത്രേ നല്ലൊരു കോട്ടയും!

സമുചിതമായ വ്രതാചരണങ്ങളും ചാരിത്രശുദ്ധിയുടെ രക്ഷയും പാതിവ്രത്യത്തിന്റെ ഉദാത്തതയുമാണു കുലസ്ത്രീകളുടെ സഹജവും ആത്യന്തികവുമായ ആത്മബലം!

ചരണം 14.3 : ദമയന്തി: പടമറുത്ത പടുവിടനെ,
പാർത്ഥിവനെന്തതിശഠനെ പാർത്തുകണ്ടാൽ
ഞാനാളുടനെ, ഭവദഭീഷ്ടധനസംഘടനേ

വിവാഹം കഴിച്ച പതിയുടെ പുടവ മുറിയ്ക്കുന്ന പടുവിടനും അതിശഠനുമായ ആ രാജാവിനെ കൂട്ടിക്കൊണ്ടുവന്നാൽ നിനക്കു തക്ക പ്രതിഫലം ഞാൻ തരുന്നുണ്ട്!

ചരണം 13.4 : പർണാദൻ: അസ്മാദികൾ പല ഭൂതലേ മണ്ടി,
യുഷ്മദാദേശം കേട്ട പോതിലേ വിസ്മയനീയശീലക്കാതലേ,
പരമസ്മാകം തുറക്ക നീ ഗുണം വരും വാതലെ!

വിസ്മയകരമായ ശീലങ്ങൾക്കുറവിടമായ നിങ്ങളുടെ കൽപ്പന കേട്ട യുടനെ ഞങ്ങൾ പലരും പല ദിക്കിലും ഓടി നടന്നു; ഇനി ഞങ്ങൾ ക്കുള്ള പ്രതിഫലത്തിന്റെ വാതിൽ നീ തുറന്നാലും!

രംഗം 6 : കുണ്ഡിനരാജമാതാവിന്റെ മന്ദിരം

ശ്ലോകം 10 : (വൃത്തം : ഉപഗീതി)
പർണാദനു ഗോധനവും സ്വർണാഭരണങ്ങളും ദത്വാ
ചെന്നാശു ജനനി തന്നോടു ചൊന്നാൾ തന്നാമയം ഭൈമി!

പർണാദനു സമ്മാനമായി പശുക്കളും സ്വർണാഭരണങ്ങളും നൽകി യശേഷം ദമയന്തി അമ്മയുടെ അടുത്തു ചെന്നു മനസ്സിൽ തിങ്ങിവി ങ്ങിയ സങ്കടങ്ങൾ പറഞ്ഞു

പദം 15 : ദമയന്തി: (രാഗം : ശങ്കരാഭരണം താളം : ചെമ്പട)
പല്ലവി : ജനനി മേ കാന്തൻ സാകേതം തന്നിൽ
ചെന്നു വാണീടുന്നുപോൽ

അമ്മേ, എന്റെ ഭർത്താവ് അയോദ്ധ്യയിൽ ചെന്നു താമസിക്കുന്ന തായി പറഞ്ഞു കേൾക്കുന്നുണ്ട്

അനുപല്ലവി : അനുനീയൈനമിവിടെ വരുത്തുവാനാരെ
നാമങ്ങയച്ചിടാവൂ? ജനനി, വൻപനോടു വൻപില്ലാർക്കും!

നളനെ അനുനയിച്ചു കൂട്ടിക്കൊണ്ടുവരാൻ നാമാരെയാണു പറഞ്ഞയ യ്ക്കേണ്ടത്? അമ്മേ, വമ്പന്മാരോടു വമ്പിനൊന്നും പുറപ്പെടേണ്ട!

ചരണം 1 : അരിനൃവരപുരവും നഗരവും
തിരകിലുമരുതരുതവനൊടെന്നവരവരൊരുപോലെ
ഇരുകരം കൂപ്പി നെടുവീർപ്പുമുടനിയന്നു
വിനയമൊടു വണങ്ങി നിൽപവരെന്നിതു കേൾപ്പൂ ഭുവി!

തലസ്ഥാനത്തും വിവിധനഗരങ്ങളിലുമുള്ള ശത്രുക്കളും മിത്രങ്ങളുമായ വർ അവനോട് എതിരിടാനാവില്ലെന്ന ഭാവത്തിൽ രണ്ടു കൈയും കൂ പ്പി നെടുവീർപ്പിട്ടു വണങ്ങുന്നവരാണെന്ന വസ്തുത നാടു മുഴുവൻ പ്രസി ദ്ധമാണല്ലോ!

ചരണം 2 : ബാലനല്ല ശിക്ഷ ചെയ്‌വാൻ, സാമ്പ്രതി
മറ്റെന്താവതോർത്താൽ സാമമെന്നിയേ,
സങ്ഗതിയില്ലാത്ത ദിക്കിൽ സാമന്തൻ താനെന്നപോലെ
അങ്ങെങ്ങാനും പോയ്‌വാണാൽ അവമാനത്തിനളവുണ്ടോ

കാര്യം പറഞ്ഞു മനസ്സിലാക്കാൻ വെറുമൊരു ബാലനൊന്നുമല്ലല്ലോ, സാന്ത്വനിപ്പിയ്ക്കാനല്ലാതെ നമുക്കെന്തു ചെയ്യാനാവും? ഒരു സ്വാധീന വുമില്ലാത്ത ദിക്കിൽ ചെന്നു സാമന്തനെപ്പോലെ താമസിച്ചാലുണ്ടാകു ന്ന അപമാനം നമുക്കു സഹിയ്ക്കാവുന്നതാണോ?

പദം 16 : ഭൈമീമാതാവ്: (മോഹനം : ചെമ്പട) പല്ലവി : പീഡിക്കേണ്ടാ തനയേ, സുനയേ!

മകളേ, നയചതുരയായ നീ ഒരുവിധത്തിലും സങ്കടപ്പെടേണ്ട!

അനുപല്ലവി : ഉദന്തമിഹ വന്നിതു പറഞ്ഞതാരോ? നേരോ

ചൊൽ! ജനകനൊടിനിയെന്നാലിതു ചെന്നുചൊൽവൻ ബാലേ!

ഈ കഥ നിന്നോടാരാണു വന്നു പറഞ്ഞത്? നേരുതന്നെയാണോ? എങ്കിൽ നമുക്കച്ഛനോടു ചെന്നു കാര്യം പറയാം!

ചരണം 1 : പീഡിച്ചീടരുതെന്നേ നീ മുന്നേ ജനകൻ
പല ഭൂസുരരെ പൃഥിവിയിൽ നീളേ നിന്നുടെ ദയിതൻ നളനെ
നിഖിലദിശി തിരവാനായ് നന്നായ് നിയോഗിച്ചയച്ചാൻ,
അവരിലാരാനും വന്നാരോ ഇവിടെ?
മഹിളമാർമൌലേ, മംഗലശീലേ, മതിമുഖി, മാഴ്കിടൊല്ലാ!

നീ സങ്കടപ്പെടരുതെന്നു കരുതി നേരത്തേതന്നെ അച്ഛൻ നിന്റെ ഭർത്താവായ നളനെ തിരഞ്ഞു വരാൻ ഭൂമിയിൽ ഓരോരോ ദിക്കിലേയ്ക്കും ബ്രാഹ്മണരെ പറഞ്ഞു വിട്ടിരുന്നു. അവരിലാരെങ്കിലും തിരിച്ചു വന്നാണോ നിന്നോടിതു പറഞ്ഞത്? നല്ലതു മാത്രം ശീലമാക്കിയ സുന്ദരി, നീ വെറുതെ സങ്കടപ്പെടരുത്!

ചരണം 15.3 : പർണാദഗിരാ തദിദം വിദിതം,
പരമാർത്ഥമിതിന്നവനാലുദിതം! ചൊന്നാനവനൊടൊരു വാക്യം
മയി പറവാനായ് വിജനേ , എന്നാലിനി ഞാനൊന്നു പറയാം,
ഇനിയൊരു മഹീസുരനെ ഇവിടെ നാം വരുത്തി ഉടനെ
ഋതുപർണാന്തികേ വിടണം!

പർണാദൻ പറഞ്ഞു കേട്ടതു പരമാർത്ഥമാണെന്ന കാര്യത്തിൽ എനിയ്ക്കു സംശയമില്ല. എന്നോടു രഹസ്യമായി പറയാനുള്ള മറുപടിയും അവൻ പറഞ്ഞു വിട്ടിട്ടുണ്ട്. എന്തായാലും ഞാനൊന്നു പറയാം, പുതിയൊരു ബ്രാഹ്മണനെ വിളിച്ചു വരുത്തി കാര്യം ധരിപ്പിച്ചു നാം ഋതുപർണന്റെ അടുത്തേക്കു പറഞ്ഞു വിടണം!

രംഗം 7 : കുണ്ഡിനത്തിലെ അന്തഃപുരം

ശ്ലോകം 11 : (വൃത്തം : മാലിനി)
ഇതി നിജജനയിത്രീമങ്ങൊരോ വാർത്ത ചൊല്ലി
തദനുമതിയെ വാങ്ങിത്താതനും ബോധിയാതെ
സപദി കില സുദേവം സാരനാമ ദ്വിജേന്ദ്രം
സകുതുകമിതി ചൊന്നാൾ സാ സമാനായ്യ ഭൈമീ!

ഇങ്ങനെ അമ്മയുമായി ഓരോ കാര്യങ്ങൾ ആലോചിച്ച് അനുവാദം വാങ്ങിയ ദമയന്തി അച്ഛൻപോലുമറിയാതെ സുദേവനെന്ന സമർത്ഥ നായൊരു ബ്രാഹ്മണനെ വിളിച്ചു വരുത്തി മനസ്സിലെ സന്തോഷം മുഴുവൻ വെളിവാക്കുന്നവിധം പറഞ്ഞു

പദം 17 : ദമയന്തി: (എരിക്കിലക്കാമോദരി : ചെമ്പട)
പല്ലവി : കരണീയം ഞാനൊന്നു ചൊല്ലുവൻ കേൾക്ക സുദേവ!

കേൾക്കൂ സുദേവ, നീ ചെയ്യേണ്ടതെന്താണെന്നു ഞാൻ പറയാം.

ചരണം 1 : ധരണിയിൽ മണ്ടിപ്പണ്ടു താതശാസനം കൈക്കൊണ്ടു
തദനു ചേദിപുരി പുക്കു നീയെന്നെക്കണ്ടു

അച്ഛന്റെ നിർദ്ദേശപ്രകാരം പണ്ടു ഭൂമിയിലാകെ ഓടി നടന്നു ചേദിന ഗരത്തിൽ വെച്ചു നീയെന്നെ കണ്ടെത്തിയല്ലോ

ചരണം 2 : അവിടന്നെന്നെ കൊണ്ടു പോന്നു താതപാദസന്നിധി
ചേർത്തു ആരതോർത്തു? ദൈവഗതിയല്ലേ മേദിനീദേവ!

അവിടെനിന്നു നീയെന്നെ ഇവിടെ അച്ഛന്റെ അടുത്തു കൊണ്ടു വ ന്നാക്കി. ബ്രാഹ്മണ, ദൈവേച്ഛ ആർക്കറിയാം?

ചരണം 3 : ഇനിയുമിപ്പോളെൻ നിമിത്തം എൻ മാതാവിൻ നിയോഗത്താൽ ഇനിയും നിന്നാലൊന്നുണ്ടു വേണ്ടു, കേൾക്ക സുദേവ!

കേൾക്കു സുദേവ, വീണ്ടും ഞാൻ കാരണമായിത്തന്നെ അമ്മയുടെ നിയോഗപ്രകാരം ഒരു കാര്യം കൂടി നീ ചെയ്തുതരണം!

ചരണം 4 : ഇവിടെനിന്നു നട കൊണ്ടു ഋതുപർണഭൂപനെ കണ്ടു സപരിതോഷം പൂജ കൈക്കൊണ്ടു സാരസ്യം പൂണ്ടു

ഇവിടെനിന്നു യാത്ര പുറപ്പെട്ടു ഋതുപർണരാജാവിനെ ചെന്നു കണ്ടു പാദപൂജ സ്വീകരിച്ച് സന്തുഷ്ടനായ ശേഷം,

ചരണം 5 : സമയഭേദം നോക്കിക്കൊണ്ടു സഭയിലൊന്നു ചൊല്ലിക്കൊണ്ടു സാധുശീല വരിക നീ വീണ്ടും വൈകാതെ കണ്ടു!

സമുചിതമായ സമയം നോക്കി ആ സഭയിൽവെച്ച് ഒരു വിഷയം പരസ്യമായി പറഞ്ഞു പെട്ടെന്നു നീ മടങ്ങിവരണം!

ചരണം 6 : നമുക്കതുകൊണ്ടുപകാരം നൈഷധദർശനം സാരം, നിനയ്ക്കല്ലേ നീരസം പാരം, നിത്യസഞ്ചാരം!

അങ്ങനെ ഒരുപക്ഷേ എനിയ്ക്കു നളനെ നേരിൽ കാണാൻ കഴിഞ്ഞേക്കും! എപ്പോഴും യാത്ര പോകാൻ പറയുന്നതിന്റെ പേരിൽ നീയെന്നോടു മനസ്സിൽ നീരസം ഭാവിക്കരുതേ!

ചരണം 7 : സത്വരം നീ നിർവിചാരം സാധയ മേ കാര്യഭാരം സത്തുക്കൾക്കന്യാധിസംഹാരം സർവാധികാരം!

കൂടുതൽ ചിന്തിക്കാൻ നിൽക്കാതെ ഇക്കാര്യം നീയുടനെ ചെയ്യണം; മറ്റുള്ളവരുടെ ദുഃഖം തീർക്കുന്നതിൽ സജ്ജനങ്ങൾക്കു പ്ര ത്യേകമായൊരു ചുമതലതന്നെയുണ്ടല്ലോ!

പദം 18 : സുദേവൻ : (രാഗം : മദ്ധ്യമാവതി താളം : ചെമ്പട)
പല്ലവി : യാമി യാമി ഭൈമി കാമിതം ശീഘ്രം
സാധയിഷ്യാമി സാമി സാധിതം മയാ

ദമയന്തി, ഞാൻ പോകാം, തീർച്ചയായും പോകാം, നിന്റെ മോഹം പകുതി ഞാൻ പണ്ടു നിറവേറ്റി കഴിഞ്ഞതാണല്ലോ!

അനുപല്ലവി : നാമിഹ സേവിച്ചു നിൽപ്പൂ, ഭീമരാജൻ ചൊല്ലു
കേൾപ്പൂ, നീ മതിമുഖി പീഡിപ്പൂ, നാമിളകാതെയിരിപ്പൂ!

ഞാനിവിടെ ഭീമരാജാവിന്റെ സേവകനായിരിക്കുമ്പോൾ നിന്റെ സ ങ്കടത്തിൽ ഇടപെടാതെ മാറി നിൽക്കുന്നതു ശരിയല്ല!

ചരണം 1 : രാപ്പകൽ നടന്നാലില്ല മേ കാൽപരിശ്രമം, ഓർപ്പനേ
നിന്നഴലെല്ലാമേ, ബാഷ്പമെല്ലാം നില്ല, നിന്നെച്ചേർപ്പനേ
കാന്തനോടിപ്പോൾ താൽപ്പരിയം മറ്റൊന്നില്ല, മേൽപ്പുടവയെടുക്കേണം!

രാപ്പകൽ നടന്നാലും എന്റെ കാലിനൊരു ക്ഷീണമുണ്ടാവാനില്ല, നിന്റെ സങ്കടം മാത്രമേ എന്റെ മനസ്സിലുള്ളൂ; നീ കണ്ണീരു തുടയ്ക്കൂ, നിന്നെ ഞാനുടനെ ഭർത്താവിനോടു ചേർക്കുന്നുണ്ട്; യാത്രയ്ക്കൊരു മേൽമുണ്ടെടുക്കണമെന്നല്ലാതെ മറ്റൊന്നും എനിയ്ക്കു വേണ്ട!

ചരണം 2 : എത്ര വഴി മണ്ടി നടന്നു പണ്ടു
നിന്നെക്കണ്ടെത്തുവോളം ഞങ്ങൾ തളർന്നു,
അത്തലില്ലതുകൊണ്ടാർക്കും ഇത്രമാത്രത്തിനെന്തുള്ളൂ,

ഉത്തരകോസലരാജ്യം ദ്വിത്രിദിനപ്രാപ്യമല്ലോ!

പണ്ടു നിന്നെ തിരഞ്ഞു ഞങ്ങളെത്ര വഴികളാണു നടന്നു തളർന്നത്! പക്ഷേ, അതുകൊണ്ടൊരു വിഷമം ആർക്കുമുണ്ടായിട്ടില്ല. ഇതെല്ലാം നിസ്സാരം! രണ്ടോ മൂന്നോ ദിവസംകൊണ്ടു നടന്നെത്താവുന്നതേയു ള്ളൂ ഈ അയോദ്ധ്യാരാജധാനി!

ചരണം 3 : ദീനതയെനിയ്ക്കില്ല ബാലേ, സാകേതത്തിനു ഞാനറിയും
വഴി വഴിപോലെ, ദാനവരെ വെല്ലും ചൈത്രഭാനവകുലീനം നൃപം
ഞാനറിയുമെന്നല്ലവൻ നൂനമെന്നേയുമറിയും!

ഇക്കാര്യത്തിൽ എനിക്കൊരു മടിയുമില്ല; അയോദ്ധ്യയിലേക്കുള്ള വഴിയും എനിയ്ക്കു നന്നായറിയാം; അസുരന്മാരെ നേരിട്ടു തോൽപ്പിച്ച ആ സൂര്യവംശരാജാവിനേയും ഞാനറിയും, മാത്രമല്ല, അ ദ്ദേഹത്തി നെന്നെ നല്ല പരിചയവുമുണ്ട്!

ചരണം 4 : ആളയച്ചിട്ടുണ്ടെന്നാനില്ല, ഇല്ലെന്നാനില്ല, നീളെ നിന്നു വന്നു
കളിയല്ല, ആളകമ്പടികളോടും മേളവാദ്യഘോഷത്തോടും
വാളുമാടമ്പുള്ളോരെത്തി വേളി നാളെയെന്നും ചൊല്ലാം!

ക്ഷണിക്കാനൊരു ദൂതനെ പറഞ്ഞയച്ചിട്ടുണ്ടെന്നോ ഇല്ലെന്നോ വെ ളിപ്പെടുത്താതെ നാനാദിക്കുകളിൽനിന്നു മേളവാദ്യങ്ങളും അകമ്പടി ക്കാരുമായി രാജാക്കന്മാർ നഗരത്തിൽ വന്നു കഴിഞ്ഞെന്നും വേളി നാളെയാണു നിശ്ചയിച്ചിരിക്കുന്നതെന്നും പറയാം!

രംഗം 8 : അയോദ്ധ്യയിലെ രാജസഭ

ശ്ലോകം 12 : (വൃത്തം : ദ്രുതവിളംബിതം)
ധൃതമുദേവമുദീര്യ സുധീര്യയൌ സ തു തദൈവ സുദേവമഹീസുരഃ

സദസി ചോപസസാരസസാരഥിം കഥിതവാനൃതുപർണമഹീപതിം

ഇപ്രകാരം സാത്വികനായ സുദേവബ്രാഹ്മണൻ ഉള്ളിൽ നിറഞ്ഞ സന്തോഷത്തോടെ യാത്ര പുറപ്പെട്ട് ഋതുപർണന്റെ സഭയിൽ ചെന്നു തേരാളികളുമായിരിക്കുന്ന രാജാവിനെ കണ്ടു വിവരങ്ങൾ പറഞ്ഞു

പദം 19 : സുദേവൻ: (രാഗം : ധനാശി താളം : ചെമ്പട)
പല്ലവി : മാന്യമതേ അഖിലഭുവനതതകീർത്തേ, ബുധജനമാന്യമതേ!

സകല ലോകങ്ങളിലും കീർത്തി പരത്തി വിദ്വാന്മാർ ആദരിച്ചുപോരുന്ന മാന്യനായ മഹാരാജാവേ!

അനുപല്ലവി : ദൈന്യമെന്ന വാർത്തപോലും
പരമൊരു പൊഴുതറിയാത ഭവാൻ വൈന്യസമ,
ഋതുപർണഭൂമിപ! വചനമേതദുപകർണയതാം മമ!

പൃഥുചക്രവർത്തിക്കു തുല്യനായ ഋതുപർണരാജാവേ, നാട്ടിലൊരു സങ്കടവാർത്തയും കേൾക്കാനിടവന്നിട്ടില്ലാത്ത നീ എന്റെ ഈ വാക്കുകൾ കേട്ടാലും!

ചരണം 1 : ശങ്കനീയനെന്നാകിലും കുതുകം കഥഞ്ചന ചൊല്ലുവൻ,
നിങ്കലവവസരമിങ്ങനങ്കുശമിങ്ങൊരിംഗിതമിങ്ങനെ,
സങ്കലാസകലാഭ്രമണ്ഡലീ സാമ്പ്രതം ധരിയാഞ്ഞിതോ
ശംഖമദ്ദളമംഗളധ്വനി ദിങ്മുഖേഷു നിശമ്യതേ?

എനിയ്ക്കിവിടെ എപ്പോഴും കടന്നു വരാൻ സ്വാതന്ത്ര്യമുള്ളതുകൊണ്ട് അൽപ്പം ശങ്കയോടെയാണെങ്കിലും ഞാനിപ്പോൾ നിന്നോടൊരു കൌതുകവാർത്ത പറയാം! നാലുദിക്കിൽ നിന്നു ശംഖും മദ്ദളവും ഇടകലർന്നുള്ള മംഗളാരവം മുഴങ്ങുന്നതു നീ കേൾക്കുന്നില്ലേ?

ചരണം 2 : എന്തിതിന്നൊരു കാരണം ശൃണു പന്തണിമുലമാർമണി,
സുന്ദരി ദമയന്തി കാനനഭ്രാന്തനൈഷധരോഷിണി,
താന്തനിശ്ശ നിതാന്തരമ്യ നിശാന്തകേളിഷു ബാന്ധവം,
കാന്തനാക്കി നൃപാന്തരം വരിപ്പാൻ തുനിഞ്ഞു സഭാന്തരേ!

അതിന്റെ കാരണവും ഞാൻ പറയാം, കേൾക്കു: കാട്ടിൽവെച്ച തന്നെ ഉപേക്ഷിച്ചുപോയ നളനോടു കോപം തോന്നിയ യൌവനയുക്തയായ ദമയന്തി രാത്രിനേരത്തെ മദനകേളികൾക്കുവേണ്ടി വീണ്ടുമൊരു ഭർത്താവിനെ സഭയിൽവെച്ചു വരിയ്ക്കാൻ തീരുമാനിച്ചു!

ചരണം 3 : എന്നുകേട്ടൊരു വാചികം ചതുരാർണവാന്തരരാജകം
'എന്നൊടെന്നൊടു സന്നതാംഗിയിണങ്ങു'മെന്നൊരു കൌതുകാൽ
വന്നു വന്നു നിറഞ്ഞു കുണ്ഡിനമിന്നതെന്നുറച്ചിന്നലെ
ഇന്നു കേട്ടിതു നാളെയെന്നിതൊരാളുമൂലമതെന്നതും!

ഇന്നാണു സ്വയംവരമെന്ന വാർത്ത കേട്ടു നാലു സമുദ്രങ്ങൾക്കുമിടയിലുള്ള രാജാക്കന്മാർ 'അവളെനിയ്ക്കു നന്നായി ചേരു'മെന്ന മോഹത്തോടെ വന്നു കുണ്ഡിനരാജധാനിയാകെ നിറഞ്ഞുകഴിഞ്ഞു. പക്ഷേ മറ്റാരോ വരാനുണ്ടെന്നതുപോലെ വേളി നാളത്തേക്കു മാറ്റി വെച്ചതായി ഇന്നിപ്പോൾ കേൾക്കുന്നുണ്ട്!

പദം 20: ഋതുപർണ്ണൻ: (രാഗം : കല്യാണി താളം : ചമ്പ)
പല്ലവി : വരിക ബാഹുക, എന്നരികിൽ വരിക ബാഹുക!

ബാഹുക, വരൂ, എന്റെ അടുത്തേയ്ക്കു വരൂ!

അനുപല്ലവി : നിരുപമാനസാരഥ്യ സാരസ്യ
പാകേഷു നീ കേൾക്ക ലോകൈകമാന്യ!

സാരഥ്യത്തിലും രസികത്തത്തിലും പാചകത്തിലും അതുല്യനെന്നു പേരു കേട്ട നീ ഞാൻ പറയുന്നതു കേൾക്കു!

ചരണം 1 : അധരിതസകലനരലോകമാത്മനൈപുണം,
സഫലമാക്കി കൊൾവനിന്നു തരമൊരവസരം,
അതിനു നീതാനോർക്കിലാളെന്നു നിർണയം മനസി മാമകേ,
തദിഹമാസ്തു വൈപരീത്യം എന്തെന്നും കഥയാമി മന്ദത കളയേണം!

വേഗംകൊണ്ടു സകല തേരാളികളേയും ജയിക്കുന്ന നിന്റെ കഴിവു തെളിയിക്കാനുള്ള ഒരവസരം ഇതാ വന്നിരിക്കുന്നു. ഇന്നിപ്പോൾ നീ തന്നെ മതിയെന്നു ഞാൻ മനസ്സിൽ ഉറപ്പിച്ചു കഴിഞ്ഞു, നീ മറിച്ചൊന്നും പറയരുത്, കാരണം പിന്നീടു പറയാം, തൽക്കാലം മന്ദത വെടിഞ്ഞു പെട്ടെന്നു പുറപ്പെട്ടു!

ചരണം 2 : അകൃതകപ്രണയമനുരാഗമാർദ്രഭാവവും സുകൃതസാദ്ധ്യം,
എന്നിൽ മുന്നേ ഭൈമിയ്ക്കിതു ദൃഢം,
അവനിസുരന്റെ വാക്കിനുമോർക്കണമിതിഹ കാരണം, അതിനു
ശാസ്ത്രം കാമശാസ്ത്രം, സൂത്രം താനറിയാതോ സുന്ദരീ വിദുഷീ സാ?

ദമയന്തിയുടെ പ്രണയവും അനുരാഗവും വാത്സല്യവും സുകൃതം ചെയ്തവർക്കേ ലഭിയ്ക്കൂ! എന്നോടു പക്ഷേ ദമയന്തിയ്ക്കു നല്ല താൽപ്പര്യമുണ്ട്! അതാണു സുദേവൻ വന്നു പറഞ്ഞ വാക്കിന്റെ ശരിയായ അർത്ഥം! സ്വതവേ വിദുഷിയായ അവൾക്കു കാമശാസ്ത്രത്തിലെ നിഗൂഢമായ ഇത്തരം വഴികൾ തീർച്ചയായും അറിയാതിരിയ്ക്കില്ല!

ചരണം 3 : നളനതി സുകൃതി, അതു മൂലമന്നസാധ്യമായ്
ലളിതഗാത്രി മേളനമിന്നു ലഭിയ്ക്കുമെന്നു മേ, തെളിവിനോടു തേർ നീ
തെളിയ്ക്കേണം, ഗളിതസംശയം നളിനബന്ധു താനുദിയ്ക്കിൽ നാളെപ്പോൾ

നളിനാക്ഷി നമ്മൊടു ഘടനീയാ നന്മണിരമണിയാ!

നളന്റെ സുകൃതം മൂലം അന്നെനിയ്ക്കു തരപ്പെട്ടില്ല, ഇന്നു പക്ഷേ എനിയ്ക്കവളെ ലഭിയ്ക്കാതിരിയ്ക്കില്ല തീർച്ച! നീ സംശയിച്ചു നിൽക്കാതെ ഉത്സാഹത്തോടെ തേരു തെളിയ്ക്കു, നാളെ സൂര്യനുദിയ്ക്കുന്നതോടെ രത്നം രത്നത്തോടെന്നപോലെ സുന്ദരിയായ അവളെന്നോടു ചേരും!

ശ്ലോകം 13 : (വൃത്തം : ശിഖരിണി)
സുദേവോക്താ വാണീ സ്വദയിതതമോദന്തപിശുനാ
സുധാമിശ്രാപൂർവം ശ്രവസി വിഷധാരേവ പതിതാ
അഥോൽക്കേ വാ സഹ്യാന്യപതദൃതു പർണസ്യ ച ഗിരാ
തതശ്ചിന്താമാപത്തരളഹൃദയോ ബാഹുക ഇമാം

സുദേവൻ പറഞ്ഞുകേട്ട പ്രിയതമയുടെ വിശേഷങ്ങൾ അമൃതം കലർന്ന വിഷംപോലെയാണു നളന്റെ ചെവിയിൽ വന്നു പതിച്ചത്; അതിനു പുറമേ തീക്കൊള്ളിപോലുള്ള ഋതുപർണന്റെ വാക്കുകൾകൂടി ഊക്കോടെ വന്നു വീണപ്പോൾ ചഞ്ചലഹൃദയനായ നളൻ ആത്മഗതമായി ഇങ്ങനെ വിലപിച്ചു

പദം 21 : ബാഹുകൻ: (രാഗം : ദ്വിജാവന്തി താളം : ചെമ്പട)
പല്ലവി : മറിമാൻകണ്ണി മൌലിയുടെ മറിവാർക്കിതറിയാം?

മാൻപേടയുടെ കണ്ണുകളുള്ള സുന്ദരിയായ അവളുടെ മനോവിപര്യയങ്ങൾ ആർക്കാണറിയാവുന്നത്?

അനുപല്ലവി : ഒരുമയായ് രമിച്ചിരുന്നൊരു മയാപരാധം അവശം
ചെയ്യപ്പെട്ടതോർത്താൽ വിധുരം നിതരാം ചെയ്‌വാനോ?

പരസ്പരപ്രണയത്തോടെ രമിച്ചിരുന്ന കാലത്തു ഞാൻ ചെയ്ത കുറ്റ

ത്തിനു ശിക്ഷയായി എന്നെന്നേക്കും എന്നെ വിധുരനാക്കാനാണോ അവളിപ്പോൾ ഉദ്ദേശിക്കുന്നത്?

ചരണം 1 : ആർത്തി പാരം വരുന്നേരമോർത്തു ചൊല്ലും
ഓരോന്നേ പേർത്തു കർണാകർണികയാ ധൂർത്തരതറിഞ്ഞു
ഓർത്തുറച്ചേ വരുമങ്ങു പാർത്ഥിവന്മാർ എത്തുകിലും
തീർത്തുചൊല്ലാം നിന്ദ്യകർമ്മം താർത്തേന്മൊഴി ചെയ്കയില്ല!

സങ്കടം സഹിയ്ക്കാതെ അവളിടയ്ക്കിടെ പുലമ്പുന്ന വിചാരങ്ങൾ പലരും പറഞ്ഞുകേട്ടു കഥയില്ലാത്ത ചില രാജാക്കന്മാർ ഒരുപക്ഷേ കൊട്ടാരത്തിൽ വന്നെത്തിയിരിയ്ക്കാം, പക്ഷേ എന്റെ പ്രിയതമ ഒരിയ്ക്കലും ഇങ്ങനെയൊരു പാപകൃത്യം ചെയ്യില്ല, എനിയ്ക്കുറപ്പുണ്ട്!

ചരണം 2 : അനവധി മമ പുനരപരാധം, അതിനിതു
സമുചിതമതിവാദം, അഴൽ മനമതിലെഴുമൊരുപോതങ്ങവൾ
പറകിലാമേ അതൊഴികെ അനുചിതമൊരുനാളും അപഥിഷു
മതിഗതിയവൾക്കില്ല! അതിപരിചിതം എനിയ്ക്കവൾ ശീലം
അലമലമതിചലവിലപിത വിലസിതമിതു നൂനം!

ഞാനവളോടു ചെയ്ത അനവധി അപരാധങ്ങൾക്കു തീർച്ചയായും സമുചിതമായൊരു മറുപടിതന്നെയാണിത്! സങ്കടം സഹിയ്ക്കാതാകുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന ഒരു വിലാപമെന്നല്ലാതെ അവളൊരിയ്ക്കലും അനുചിതമായ കൃത്യങ്ങളിലേയ്ക്കു കടക്കില്ല; അവളുടെ ശീലങ്ങളൊക്കെ എനിയ്ക്കു കൃത്യമായറിയാം, അതുകൊണ്ട് കഥയില്ലാത്ത ഈ പുലമ്പലുകൾ സാരമാക്കേണ്ടതില്ല!

ചരണം 3 : (ഋതുപർണനോട്) : പ്രകടിതമഭിമതമൃതുപർണ,
വധുമണി ഗുണഗണഹൃതകർണ മമ മതി ഗതി
പുനരിതിവണ്ണമരുതെന്നുമില്ല, ഇവനൊടുമഹമിഹ തവ സൂതൻ

അണിമണിരഥമരമധിരോഹ ഭജപുരമഭിമതമതിവേഗം മുന്നം
അഹിമകിരണനഥ ചരമഗിരിശിരസി നിപതതു!

ഋതുപർണരാജാവേ, ദമയന്തിയുടെ വിവാഹവാർത്ത കേട്ടു വിവശനായ നിന്റെ മനോഗതി എനിക്കു മനസ്സിലായി. അതെനിക്കു തീർത്തും അനായാസമാണെന്നു പറയാനാവില്ല, എങ്കിലും വാർഷ്ണേയനുമായി ഞാനിതാ തയാറായിക്കഴിഞ്ഞു, നീ രത്നമയമായ ഈ തേരിൽ കയറൂ, പെട്ടെന്നു കുണ്ഡിനത്തിലെത്താൻ പ്രാർത്ഥിക്കൂ, സൂര്യാസ്തമനത്തിനു മുമ്പേ നമുക്കു ലക്ഷ്യസ്ഥാനത്തെത്താം!

ശ്ലോകം 14 : (വൃത്തം : കുസുമമഞ്ജരി)
എന്നിവണ്ണമൃതുപർണഭൂപനുപകർണ്യ ബാഹുകഗിരം തദാ
നന്നു നന്നു തവ നൈപുണം സഫലമിന്നെനിയ്ക്കിതുപകാരമായ്
എന്നു ചൊല്ലിയുടനന്യരാരുമറിയാതെതേർ കയറി മൂവരും
മന്ദമെന്യെ നടകൊണ്ടിതങ്ങു രഥവേഗമെന്തു പറയാവതോ?

ബാഹുകൻ പറഞ്ഞ വാക്കുകൾ കേട്ട ഋതുപർണൻ 'തേരു തെളിയ്ക്കാനുള്ള നിന്റെ കഴിവ് ഇന്നെനിയ്ക്കു വളരെ ഉപകാരപ്പെട്ടെ'ന്നു പറഞ്ഞു മറ്റാരുമറിയാതെ മൂന്നു പേരും തേരിൽ കയറി അതിവേഗം യാത്ര പുറപ്പെട്ടു. നളൻ തെളിച്ച തേരിന്റെ വേഗം സത്യത്തിൽ അത്യന്തം വിസ്മയകരമായിരുന്നു!

രംഗം 9 : കുണ്ഡിനത്തിലേയ്ക്കുള്ള വഴി

ശ്ലോകം 15 : (വൃത്തം : പ്രഹർഷിണി)
കാണുമ്പോൾ ക്ഷണമപി പിന്നിലാമശേഷം
വീണും പോമപരിചിതൻ വ്യപേതധൈര്യം
തീക്ഷ്ണ്യം രഥഗതിവേഗശക്തിയെന്നും
വാർഷ്ണേയൻ വലിയൊരു ചിന്ത പൂണ്ടു ചൊന്നാൻ

ധൈര്യവും പരിചയവും കുറഞ്ഞവർ താഴെ വീണുപോകുന്നവിധത്തിൽ, അതിദൂരത്തു കാണുന്നവ പെട്ടെന്നു പിന്നിലാക്കുന്ന, നളന്റെ അത്ഭുതകരമായ രഥവേഗവും നിയന്ത്രണപാടവവും കണ്ടു വാർഷ്ണേയൻ സ്വയം ആലോചിച്ചു പറഞ്ഞു

പദം 22 : വാർഷ്ണേയൻ: (രാഗം : കല്യാണി താളം : മുറിയടന്ത)
പല്ലവി : ആരയ്യാ ഈ ബാഹുകൻ ദേവേന്ദ്രസൂതനോ പാർക്കിൽ?

ഇത്ര വേഗത്തിൽ തേരു തെളിയ്ക്കുന്ന ഈ ബാഹുകൻ ആരാണ്? ഇന്ദ്രന്റെ തേരാളി മാതലിയാണെന്നു തോന്നുന്നല്ലോ!

അനുപല്ലവി : വീരാധിവീരൻ കോസലപതിസാരഥിയായി
ഭൂതലേ വാണീടുന്നോനിവൻ?

അയോദ്ധ്യാരാജാവും വീരാധിവീരനുമായ ഋതുപർണന്റെ തേരാളിയായി ഭൂമിയിൽ കഴിയുന്ന ഇവനാരാണ്?

ചരണം 1 : ആർക്കു പാർക്കിൽ നൈപുണ്യമേവം? മറ്റാർക്കുമേ
പാരിൽ കണ്ടീല ഞാനോ? നേർക്കു നേരേ നിഖിലവും വിദ്യ
വാക്കിനുള്ളോരു കൌശലവും, ഇല്ല തമ്മിലകലവും
താരതമ്യശകലവും, ഊഷലുണ്ടിവൻ നൈഷധൻ
സൂതവേഷധാരി മാനവൻ!

ചിന്തിച്ചുനോക്കിയാൽ ഇങ്ങനെ തേരോടിയ്ക്കാനുള്ള കഴിവു മറ്റാർക്കുണ്ട്? ഭൂമിയിൽ ഇത്തരത്തിലൊരാളെ ഞാനിതുവരെ കണ്ടിട്ടില്ല. വിദ്യയും വാഗ്വൈഭവവും ഒന്നിനൊന്നു മെച്ചം, തേരാളിയുടെ വേഷം ധരിച്ച നളനാണെന്നുപോലും സംശയം തോന്നും, പക്ഷേ ആ താരതമ്യത്തിലൊരു പൊരുത്തം കാണാനുമില്ല!

ചരണം 2 : മാർഗം പാർക്കിലങ്ങോളമനന്ത പോക്കാവൊന്നല്ല,
ഒടുക്കമൊടുക്കത്തു തേർക്കു വേഗമനുപമം, ഇതു നോക്കുവാൻ
പോലുമാളല്ലേ! ഇക്കർമ്മത്തിൽ നാമല്ലേ, പരിശ്രമിപ്പോരില്ലേ,
ഈഷലുണ്ടിവൻ നൈഷധൻ സൂതവേഷധാരി മാനവൻ!

ചിന്തിച്ചാൽ വെറുമൊരു ദിവസംകൊണ്ടു ചെന്നെത്താവുന്ന ദൂരമല്ല സഞ്ചരിക്കാനുള്ളത്! പിന്നെപ്പിന്നെ തേരിന്റെ വേഗവും അളക്കാനാവുന്നില്ല. ഞാനെന്നല്ല, മറ്റൊരു തേരാളിയ്ക്കും ഇത്ര വേഗവും കഴിവുമില്ല! നളനാണെന്നുപോലും സംശയം തോന്നും, പക്ഷേ ആ താരതമ്യത്തിലൊരു പൊരുത്തം കാണാനുമില്ല!

ചരണം 3 : മൂഢനാകിൽ ഞാനത്രേ പാരിൽ, പ്രൌഢപരിചയം
കൂടെ വസിച്ചിട്ടും പാടവം കണ്ടു രസിച്ചിട്ടും, തമ്മിൽ ഊഢസൌഹൃദം
രമിച്ചിട്ടും, തേടീടിനേനില്ലൊട്ടും ശങ്കാലവം ഇതു കഷ്ടം!
ഈഷലുണ്ടിവൻ നൈഷധൻ സൂതവേഷധാരി മാനവൻ!

എന്നെപ്പോലെ മൂഢനായി മറ്റൊരാൾ ഭൂമിയിലുണ്ടെന്നു തോന്നുന്നില്ല, അടുത്തു പരിചയപ്പെട്ട്, ഒരുമിച്ചു താമസിച്ച്, പരസ്പരം കൂട്ടുകാരായിട്ടും എനിയ്ക്കിതുവരെ ഈ ബാഹുകനെക്കുറിച്ചൊരു ശങ്ക തോന്നിയില്ല. കഷ്ടം! നളനാണെന്നുപോലും സംശയം തോന്നും, പക്ഷേ ആ താരതമ്യത്തിലൊരു പൊരുത്തം കാണാനുമില്ല!

ശ്ലോകം 16 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
'കണ്ടീലേ രഥവേഗമേവമിവനിക്കൌശല്യമോർത്തീല ഞാൻ
മിണ്ടീലെന്നൊടു ജീവലൻ മികവെഴും വാർഷ്ണേയനും ചെറ്റമേ
വേണ്ടീലെന്നു വരും നമുക്കവരതോർത്തല്ലീരിദേ'ത്യാദിയോർ-
ത്തുണ്ടായുത്തരവസ്ത്രപാതമുതുപർണോബോധയദ് ബാഹുകം!

‘ഇതുപോലൊരു രഥവേഗം ഞാനിന്നോളം കണ്ടിട്ടില്ല, ഇവനിത്ര ക ഴിവുണ്ടെന്നു ഞാനൊരിയ്ക്കലും കരുതിയില്ല, സ്വന്തം ജോലി പോകു മെന്നു കരുതി ജീവലനും വാർഷ്ണേയനും എന്നോടൊന്നും പറഞ്ഞതു മില്ലെ’ന്നു ചിന്തിച്ചിരിയ്ക്കുന്ന സമയം, തോളത്തു നിന്നും സ്വന്തം ഉത്ത രീയം താഴെ വീണതു കണ്ടു പരിഭ്രമിച്ച ഋതുപർണൻ ബാഹുകനോ ടായി പറഞ്ഞു

പദം 23 : ഋതുപർണൻ (രാഗം : ബേഗഡ താളം : അടന്ത)
പല്ലവി : മന്ദം മന്ദമാക്ക ബാഹുക രഥഹയവേഗം, മന്ദം മന്ദമാക്ക

ബാഹുക, പതുക്കെ, കുതിരകളെ നിയന്ത്രിച്ച് രഥവേഗം കുറയ്ക്കൂ!

അനുപല്ലവി : നിന്നു ചൊല്ലേണ്ടതുണ്ടൊരു
വാക്കെനിയ്ക്കെന്നുമല്ലെന്നുത്തരീയം വീണു

എനിയ്ക്കു നിന്നോടു ചില കാര്യങ്ങൾ ചോദിച്ചറിയാനുണ്ട്, മാത്രമല്ല, എന്റെ ഉത്തരീയം താഴെ വീണതെടുക്കുകയും വേണം!

ചരണം 1 : ഓർത്തിട്ടുണ്ടൊന്നു ചൊല്ലുവാനുള്ളിൽ ചൊല്ലുവേനതും,
ഓരോരുഴം കൊടുക്ക ഹയങ്ങൾക്കു പല്ലുവാൻ, തേർത്തട്ടിന്മേൽ നാം
നിൽക്കവേ, വാർഷ്ണേയൻ മെല്ലവേ പിന്നിൽ തിരിഞ്ഞിറങ്ങി
എടുക്കണമെൻ പടതല്ലജം, അനന്തരം ചീർത്ത
വേഗത്തിലൊടിച്ചങ്ങോടിയ്ക്ക, എന്നതുകൊണ്ടതിനിന്നില്ല
വൈകുവാൻ ഏവമാകേണം ബാഹുക
കേൾക്ക നീ ഭാവമെന്തിതിനേതും തരാഞ്ഞു നീ?

എനിയ്ക്കു പറയാനുള്ളതു പറഞ്ഞവസാനിപ്പിയ്ക്കുന്നതിനിടയിൽ നീ കുതിരകൾക്കോരോന്നായി പുല്ലു തിന്നാൻ കൊടുക്കൂ; അതിനിടയ്ക്കു വാർഷ്ണേയൻ താഴെയിറങ്ങി പിന്നോട്ടു നടന്നു ചെന്ന് എന്റെ ഉത്തരീ

യം എടുത്തുകൊണ്ടു വരട്ടെ; അതിനുശേഷം നിനക്കു രഥവേഗം വർദ്ധിപ്പിയ്ക്കാം; അതുകൊണ്ടു പ്രത്യേകിച്ചൊരു കാലതാമസം വ രാനില്ല, നോക്കൂ, എന്താണു നീ ഞാൻ പറയുന്നതൊന്നും കേൾക്കാത്ത ഭാവത്തിലിരിക്കുന്നത്?

പദം 24 : ബാഹുകൻ : (രാഗം : ശങ്കരാഭരണം താളം : ചെമ്പട)
ചരണം 1 : അന്തിയാം മുൻപേ കുണ്ഡിനം തന്നിൽ
ചേരേണമെങ്കിലെന്തിനുണ്ടാക്കുന്നു കാലവിളംബനകാരണം?
അന്തികത്തിങ്കലല്ല പടം, ബഹുയോജന വഴി ചെന്നേ ലഭിപ്പൂ
അതു നല്ല ചിന്തിതനാശനമതെന്നിയേ പാർത്തുപോകിലോ
രാത്രിയായ് പോകുമേ, പാഴിലാമിപ്രയാസമിതൊക്കെയും
ഓർത്തു പോന്നതീ നേർത്ത വസനമോ?
താർത്തേൻ വാണിതൻ പാണിഗ്രഹണമോ? എന്തു ചിന്ത?
ഹന്ത ഭൂപതേ ഹൃദയേ നിനക്കു എന്തു ചിന്ത ഹന്ത ഭൂപതേ?

സന്ധ്യയ്ക്കു മുമ്പേ കുണ്ഡിനത്തിൽ ചെന്നെത്തണമെങ്കിൽ എന്തിനാണു വെറുതെ ഓരോ കാരണമുണ്ടാക്കി താമസിപ്പിക്കുന്നത്? ഉത്തരീയം വീണതു തൊട്ടടുത്തൊന്നുമല്ല, വളരെ ദൂരം പിന്നോട്ടുപോയാൽ മാത്രമേ അതെടുക്കാൻ പറ്റൂ, അതിനു മുതിർന്നാൽ നമ്മൾ ചിന്തിച്ചുറപ്പിച്ച കാര്യം നടക്കുകയില്ല! ആലോചിച്ചു നിന്നാൽ നേരം രാത്രിയാവും, ഇത്ര പ്രയാസങ്ങൾ സഹിച്ചതൊക്കെ പാഴിലായിപ്പോവും; ഈയൊരു നേരിയ വസ്ത്രമാണോ സുന്ദരിയായ ദമയന്തിയുടെ കൈത്താരാണോ യാത്ര പുറപ്പെട്ടുമ്പോൾ അങ്ങു ചിന്തിച്ചത്? രാജാവേ, അങ്ങെന്താണു മനസ്സിൽ കരുതുന്നത്?

പദം 23 : ചരണം 2 : പാർത്തുകണ്ടു ഞാൻ നിന്നുടെ വിദ്യാവൈഭവം,
അസ്ത്രം തോർത്തുന്ന വസ്ത്രമിപ്പോയതിനാലെന്തു ലാഘവം?
ധൂർത്തെന്നു തോന്നേണ്ടാ, ചൊല്ലുമാറില്ല ഞാൻ കൈതവം,
പരമാർത്ഥം നിനക്കറിവാനുള്ള വിദ്യയും ചൊല്ലുവൻ,

വിദൂരത്തിൽ താന്നിയെന്ന മരത്തിൻ ദലഫലം ഞാൻ
നിനച്ചപ്പോൾ തോന്നിയതിന്നെണ്ണം മൂന്നു ലക്ഷവും
മുപ്പതിനായിരം! ചേർന്നതില്ലെങ്കിൽ ചെന്നങ്ങെണ്ണുക!

നിന്റെ അറിവും കഴിവും എനിയ്ക്കു നല്ലവണ്ണം മനസ്സിലായി. തോർ ത്തുമുണ്ടിന്റെ കാര്യം ഇനി ചിന്തിക്കേണ്ട! ഞാൻ ചൂതുകളിക്കാരെ പ്പോലെ വാതു പറയാറില്ല; ആത്മപ്രശംസയാണെന്നു കരുതു ന്നില്ലെ ങ്കിൽ, നീയറിഞ്ഞിരിക്കേണ്ട ഒരു വിദ്യ ഞാൻ പറഞ്ഞുതരാം; അ ങ്ങകലെ ഒരു താന്നിമരം കാണുന്നില്ലേ, അതിൽ ഇലകളും ഫലങ്ങ ളുംകൂടി മൂന്നുലക്ഷത്തിമുപ്പതിനായിരമുണ്ടെന്നു ഞാൻ മനക്കണക്കാ യി എണ്ണി തിട്ടപ്പെടുത്തിക്കഴിഞ്ഞു; നിനക്കു വേ ണമെങ്കിൽ അടുത്തു ചെന്നു സംശയം തീർക്കാം!

പദം 24 : ചരണം 2 : ഓർത്തു നീ ചൊന്നതെത്രയും അതിവിസ്മയം,
നന്നിതോർക്കിൽ എനിയ്ക്കു പഠിയ്ക്കേണമിന്നീ വിദ്യയും
പാത്രമതിന്നു ഞാനോർത്താലും നമ്മിലെ വേഴ്ചയും
ചെറ്റു പാർത്താൽ അതുകൊണ്ടു വന്നീടുകയില്ല വീഴ്ചയും
ഋതുപർണ, നന്നു വന്നിതു നല്ലൊരു സംഗതി ഇന്നുതന്നെ
എനിക്കു പഠിക്കേണം, തന്നുടെ വിദ്യ അന്യന്നു വേണ്ടുകിൽ
നന്നു നൽകിലെന്നല്ലോ കേൾപ്പതു എന്തു ചിന്ത?

ആലോചിച്ചാൽ താന്നിമരത്തിലെ ഇലകളുടെ എണ്ണം നീ കണക്കാ ക്കി പറഞ്ഞതു വളരെ അത്ഭുതകരമായി തോന്നുന്നു, ഈ വിദ്യ എ നിക്കും പഠിക്കണമെന്നുണ്ട്. നമ്മൾ തമ്മിലുള്ള വേഴ്ചയെക്കുറിച്ചു ചി ന്തിച്ചാൽ എനിയ്ക്കതിനുള്ള അർഹതയുണ്ട്. അങ്ങേയ്ക്കൊരു കുറവു വ രാനുമില്ല. ഋതുപർണരാജാവേ, നന്നായി, ഈ വിദ്യ ഇന്നുതന്നെ പ ഠിക്കാമെന്നു ഞാൻ വിചാരിക്കുന്നു, അവനവനറിയാവുന്ന വിദ്യ മറ്റു ള്ളവർക്കുകൂടി കൈമാറണമെന്നാണല്ലോ പണ്ടുള്ളവർ പറഞ്ഞുപോ ന്നത്! എന്തു പറയുന്നു?

ചൂർണിക: ഇത്യേവമൈകമത്യാപസൃതനിത്യപരിവാരഹൃദ്യപരിച്ഛദാദി രാജചിഹ്നേന, സുദേവഭൂദേവപ്രഗത്ഭതാകൽപിതവിദർഭജോദ്വാഹോ പായോപദാസുധാപാനലാഭലോഭലുപ്തധൈര്യസുവർണേന ഋതുപർണേന മദ്ധ്യമാർഗം വിദ്യാഗ്രഹണാഭിലാഷുകബാഹുക നിർബന്ധസുപ്രസന്നേന വിതീർണായാം വിക്ഷപിതകലിമലയാം അതിഹൃദ്യായാം അക്ഷഹൃദയവിദ്യായാം

അങ്ങനെ സമർത്ഥനായ സുദേവബ്രാഹ്മണൻ സമർപ്പിച്ച ദമയന്തീ സ്വയംവരമെന്ന തിരുമുൽക്കാഴ്ചയുടെ മധുരം നുകർന്ന ലഹരിയിൽ ധൈര്യം നഷ്ടപ്പെട്ട്, രാജചിഹ്നങ്ങളായ അകമ്പടിക്കാരും സേവകരു മില്ലാതെ യാത്ര പുറപ്പെട്ട്, മാർഗമദ്ധ്യേ മന്ത്രവിദ്യ പഠിപ്പിക്കാൻ നി ർബന്ധിച്ച നളനിൽ പ്രസന്നഹൃദയനായ ഋതുപർണൻ, കലിദോഷ ങ്ങൾ നിശ്ശേഷം നശിക്കുന്ന ഹൃദ്യതരമായ അക്ഷഹൃദയവിദ്യ ബാഹു കനുപദേശിച്ചുകൊടുത്തപ്പോൾ,

രംഗം 10 : താന്നിമരത്തണൽ

ശ്ലോകം 17 : (വൃത്തം : സ്രഗ്ധര)
വൈദർഭീശാപരുപോദ്ധതദഹനശിഖാദഗ്ധശേഷം സശോഷം
ബിഭ്രദ്കാർക്കോടാഖ്യോരഗവിഷതടിനീഗാഢമംഗം വിമൂഢഃ
രുദ്ധപ്രാരബ്ധസിദ്ധിർന്നളമനലധിയാ ത്യക്തവാൻ സിദ്ധവിദ്യാ-
സുപ്രാകാശ്യാസഹിഷ്ണുഃ കലിരഥ ജഗൃഹേ സാസിനാ നൈഷധേനു!

ദമയന്തിയുടെ ശാപമാകുന്ന തീയിൽ വെന്തെരിഞ്ഞു പരവശനും കാ ർക്കോടകന്റെ വിഷനദിയിൽ ശരീരമാകെ മുങ്ങിക്കുളിച്ചു മൗഢ്യവും ബാധിച്ച കലി, സ്വയം തുടങ്ങിവെച്ച കൃത്യം മുഴുമിപ്പിയ്ക്കാനാവാതെ, അക്ഷഹൃദയവിദ്യയുടെ തീക്ഷ്ണജ്വാല തടുക്കാനാവാതെ, നളന്റെ ദേഹം വിട്ടു പ്രത്യക്ഷനായപ്പോൾ കൊല്ലാനായി വാളുമേന്തി വന്ന

നളൻ കോപത്തോടെ പറഞ്ഞു

പദം 25 : നളൻ (രാഗം : കല്യാണി താളം : ചെമ്പട)
പല്ലവി : എന്നെ ചതിച്ച നീ എവിടേയ്ക്കു പോയീടുന്നു?
എനിയ്ക്കതു കേൾക്കയിൽ മോഹം

സുഖമായി ജീവിച്ചിരുന്ന എന്നെ ചതിച്ച് അപകടത്തിൽ ചാടിച്ച നീ യിപ്പോൾ എങ്ങോട്ടു പോകുന്നു? എനിയ്ക്കതറിഞ്ഞേ തീരൂ!

അനുപല്ലവി : സന്നച്ഛവിവദനം ഭിന്നസ്ഥിതിചരിത,
ഇന്നു മന്ദ, മമ നിന്നെ കണ്ടു കിട്ടി

മര്യാദയുടെ വഴി വിട്ടു നടന്ന മന്ദബുദ്ധിയായ നീ ഇന്നു ദുഃഖിതനായി എന്റെ പിടിയിൽപ്പെട്ടു കഴിഞ്ഞു.

ചരണം 1 : കുത്സിതരൂപമാപാദചൂഡം, സജ്ജനങ്ങളിൽ മത്സരീഭാവം,
ബിഭ്രാണം മൂഢം ഭർത്സനമല്ലിതു, മന്യേ ത്വാം കീടം, സകല ജനാനാം
ഉത്സവകാരണം ത്വന്നിധനം രൂഢം, നന്നെന്റെ ഭാഗ്യം, ദണ്ഡനീയതര,
മന്നിൽ നീ സപദി ഖണ്ഡനീയഗളനിന്നു നീ ചപല, ഷണ്ഡ നീച ഖല
മന്ദ, നീയുഴറി മണ്ടുവാൻ കൊതിച്ചതെങ്ങു നീ? അന്ധനായ്
പുറപ്പെട്ടോരു നിന്നെയുണ്ടന്തകൻ വിളിക്കുന്നു വിരുന്നിനു വെന്തു
നീറിയെഴും അന്തരംഗമതിൽ ചിന്തയെന്തിനിയൊഴിഞ്ഞുപോവതിനു

അടിമുതൽ മുടിവരെ വികൃതമായ രൂപം ധരിച്ച്, സജ്ജനങ്ങളോടു മത്സരവും മൗഢ്യവും അവിവേകവും ഭാവിയ്ക്കുന്ന വെറുമൊരു പുഴുവായ നിന്റെ മരണം ലോകത്തു സകലരും കൊണ്ടാടും; ഇന്നു നിന്നെ കൊല്ലാൻ അവസരം ലഭിച്ച ഞാനെത്ര ഭാഗ്യവാൻ! ഷണ്ഡനായ ദുഷ്ട, മൂഢ, ഇനി നീയെങ്ങോട്ടാണു കിടന്നോടുന്നത്? മദാന്ധനായ നിന്നെയിതാ കാലൻ വന്നു വിരുന്നിനു വിളിയ്ക്കുന്നതു കേട്ടില്ലേ? എന്റെ

ഉള്ളിൽ കിടന്നു വെന്തുനീറുന്ന നീയെന്താണു പുറത്തേയ്ക്കിറങ്ങാതെ ഓരോന്നാലോചിച്ചിരിക്കുന്നത്?

പദം 26 : കലി: (രാഗം : ശങ്കരാഭരണം താളം : ചെമ്പട)
പല്ലവി : നിന്നെച്ചതിച്ചതും നിയതം ഞാനെങ്കിലും
നിന്ദിച്ചിടൊല്ലാ നീയെന്നെ

തീർച്ചയായും നിന്നെ ചതിച്ചതു ഞാനാണെങ്കിലും നീയെന്നെ തീർത്തും നിന്ദിക്കുന്നതു ശരിയല്ല!

ചരണം 1 : ഇന്ദ്രമുഖാമരനിന്ദനമാചരിതം നിന്നാൽ,
ത്രൈലോക്യസുന്ദരീം ഭൈമീം പരിണയതാ നിയതം,
എന്നതു സഹിയാഞ്ഞെന്നാലാചരിതം, നിന്നൊടിവണ്ണം
ഉന്നതദുർന്നയസന്മഹിമാഫലിതം ചൂതിൽ തോറ്റതും
കാനനങ്ങളിലുഴന്നതും മനസി കാമിനീമപി മറന്നതും
കായവൈകൃതമിയന്നതും കിമപി കാളിമാ യശസി വന്നതും
അന്യസേവനകർമ്മം തുടർന്നതും മന്യസേ മമ വഞ്ചനമെന്നതും
നിഹ്നുതാത്മകൃതദോഷ, നരാധിപ! നിന്നൊടെന്തു ഞാൻ പറയേണ്ടതു

മൂന്നു ലോകങ്ങളിലുംവെച്ചു സുന്ദരിയായ ദമയന്തിയെ വിവാഹം ചെയ്തതിനു പുറമേ ഇന്ദ്രാദിദേവന്മാരെ നിന്ദിയ്ക്കാൻ തുനിഞ്ഞ നിന്നോടു പകരം വീട്ടാനാണു ഞാൻ പുറപ്പെട്ടത്. സ്വന്തം പാപകൃത്യങ്ങളുടെ കാഠിന്യം മൂലം നീ ചൂതിൽ തോറ്റു പതിയെ മറന്നു കാട്ടിലലഞ്ഞു നടന്നു ശരീരം വികൃതമാക്കി, കീർത്തിക്കു കളങ്കം വരുത്തുന്നവിധം അന്യരുടെ ദാസ്യവൃത്തിപോലും ചെയ്യാനിടയായി. അങ്ങനെ സ്വന്തം ദോഷങ്ങൾ മറച്ചു സംസാരിക്കുന്ന മനുഷ്യാധമാ, കഷ്ടം, നിന്നോടു ഞാനെന്താണു പറയേണ്ടത്?

പദം 27 : നളൻ: (രാഗം : മദ്ധ്യമാവതി താളം : മുറിയടന്ത)

പല്ലവി : വഞ്ചക നീ വരിക നേരേ വാഞ്ഛയെന്തിപ്പോൾ?

വഞ്ചക, എന്നെ നേരിടാൻ നിനക്കു ധൈര്യമുണ്ടോ? എന്താണു നീ ചിന്തിക്കുന്നത്?

അനുപല്ലവി : ലുഞ്ചനം ചെയ്‌വനസിനാ നൂനം ഗളനാളീം

ഈ വാളുകൊണ്ടു നിന്റെ കഴുത്തു ഞാൻ മുറിച്ചുമാറ്റും, തീർച്ച!

ചരണം 1 : കനക്കൈക്കൊതി നിനക്കെന്തു ചൊല്ല?
മറുത്തതാരൊട്ടും മറന്നതോ ഇപ്പോൾ? മനസ്സു മറിഞ്ഞങ്ങു
തിരിച്ചു നീ, അപമാർഗമതിലേ സഞ്ചരിച്ചു നീ, വിധിച്ച വിധിയും
വീഴ്ച വരുമോ? വിശേഷിച്ചുമിതു കേൾക്ക കലേ, വിദഗ്ധനെന്നങ്ങു
ഭാവം നിനക്കെങ്കിൽ നിയുദ്ധകേളിയ്ക്കു വരികെടോ!

നീ മനസ്സിൽ കരുതിയ വിചാരം ഞാനൊന്നു കേൾക്കട്ടെ! ആരെയാണു നീ നേരിടുന്നത്? മറന്നുപോയോ? എന്തേ, മനസ്സു മാറ്റി നീ തിരിച്ചു പോകുകയാണോ? ദുഷിച്ച വഴികളിലൂടെ സഞ്ചരിച്ച നിന്റെ ദുർവിധിയ്ക്ക് ഇനിയെങ്കിലും മാറ്റമുണ്ടാകുമോ? ഇതുവരെ പറഞ്ഞതൊക്കെയിരിയ്ക്കട്ടെ, ഇനിയും നീയാണു സമർത്ഥനെന്ന ഭാവമുണ്ടെങ്കിൽ നമുക്കു നേരിട്ടു മല്ലയുദ്ധം നടത്താം!

പദം 28 : കലി (രാഗം : പുറനീര താളം : ചെമ്പട)
പല്ലവി : ക്ഷമിയ്ക്ക വേണമേ അപരാധം,
ശക്തിക്ഷയവാനോടോ വേണ്ടൂ വിരോധം

എന്റെ തെറ്റുകളെല്ലാം നീ പൊറുക്കണം! ശക്തി ക്ഷയിച്ച ദുർബലനായവനോട് ആരും വിരോധം വെച്ചുപുലർത്താറില്ലല്ലോ!

അനുപല്ലവി : ശമിക്ക നിൻ കോപം ഭൂപ, കലി ഞാൻ മലിനൻ
ബലക്ഷയവാനെങ്കിലും ബലി ഞാൻ!

രാജാവേ നീ കോപമടക്കു, ജന്മനാ പാപിയും ദുർബലനുമായ ഈ കലി ഇതാ ഇന്നു നിന്റെ ബലിപാത്രമായിരിക്കുന്നു!

ചരണം 1 : ബലമെന്തു മറ്റേതുമല്ല മേ ഉലകിൽ
നളിനാസനകരവൈകൃതമേ! ഫലമെന്തു ദുശ്ശീലമെല്ലാം
ബത മേ ലോകേ ഭവദശക്യനിധനന്മാർ കതമേ?

വിധിയുടെ വികൃതമായൊരു തലവരയല്ലാതെ എനിയ്ക്കെന്താണു മറ്റൊരു ബലം? പകരമായി ഒരു നൂറുകൂട്ടം ദുശ്ശീലങ്ങളും എനിയ്ക്കു ലഭിച്ചു! നിനക്കു കൊല്ലാനാവാത്തവർ ഇവിടെ ആരാണുള്ളത്?

പദം 27 : ചരണം 2 : വധിച്ചു കളവാനൊഴിച്ചു തോന്നാ പിണച്ച
ചതിയെല്ലാം നിനച്ചോളം അസത്കരിച്ചു ചതിച്ചുടൻ ചിരിച്ചു നീ
നമസ്കരിച്ചു പിന്നെ എന്നെ സ്തുതിച്ചു നീ പഠിച്ചതെവിടെ
പാപകപടമനൌചിത്യഫലം, അകാരണം അനർത്ഥമോരോന്നേ
വരുത്തിനാൻ അതു പൊറുത്തു നിന്നെയങ്ങയയ്ക്കുമോ?

നീ ചെയ്ത ചതികളോർക്കുമ്പോൾ നിന്നെ കൊല്ലുകയല്ലാതെ മറ്റൊരു ശിക്ഷയില്ല! നിന്ദിച്ചു ചതിക്കുകയും ഇരയുടെ വേദന കണ്ടു ചിരിക്കുകയും ചെയ്തശേഷം മുമ്പിൽ വന്നു വാഴ്ത്തി വണങ്ങുന്ന ഈ കൌശലം നീ എവിടുന്നാണു പഠിച്ചത്? ഓരോരോ അനർത്ഥങ്ങൾ എനിയ്ക്കു മേൽക്കുമേലേ വരുത്തിവെച്ചു നിശ്ശേഷം ക്ഷമിച്ചു ഞാനുണ്ടോ നിന്നെ ഇന്നു വിട്ടയക്കുന്നു?

പദം 28 : ചരണം 2 : പരപീഡനമെനിക്കു വ്രതമെന്നറിക,
പരിചെഴുമധർമ്മമെൻ മതമേ പരമിപ്പോൾ ദുശ്ശീലമെല്ലാം ഗതമേ,

ഇനി മേൽ ഭവദാജ്ഞ കേട്ടിരിയ്ക്ക നിശ്ചിതമേ

ഒരു ജന്മനിയോഗമായാണ ഞാൻ പരപീഡനവും അധർമാചരണവും ആദർശമായി കരുതുന്നത്! എന്നാൽ ഇപ്പോൾ ആ ദുശ്ശീലങ്ങളൊക്കെ പൊയ്പ്പോയി. ഇനി ഞാൻ സദാ നിന്റെ കൽപ്പന ശിരസാ വഹിക്കും, തീർച്ച!

പദം 27 : ചരണം 3 : കണക്കിൽ ചതിച്ചതു നിനയ്ക്കിലെന്നുടെ
മനസ്സിൽ വരും കോപം തണുക്കുമോ? വണക്കം
കണ്ടിട്ടൊന്നുരച്ചു ഞാൻ, ഒരു വാക്കു കേൾക്ക,
വൈരം കുറച്ചു ഞാൻ ജനത്തിനി നിൻ ബാധയരുതേ,
യഥാകാലമഥവാ യഥാരുചി വിവൃത്തനാകിലും
സുവൃത്തകാരികളൊരുത്തരെയുമുപദ്രവിയ്ക്കൊലാ വഞ്ചക!

ഓരോ ചതിയും നീയെന്നോടു കണക്കു കൂട്ടി ചെയ്തതു ചിന്തിച്ചാൽ എങ്ങനെയാണെന്റെ മനസ്സിൽ കോപം ശമിയ്ക്കുന്നത്? എന്തായാലും നിന്റെ വിനയം കണ്ടു ഞാനൊന്നു പറയാം, ഇനി നീയൊരാളേയും ബാധിയ്ക്കരുത്; കാലവും ഗുണവും നോക്കിക്കണ്ടു നീ ചെയ്യുന്ന ദുഷ്കൃത്യങ്ങൾ സജ്ജനങ്ങൾക്കു യാതൊരു ദ്രോഹങ്ങളുമുണ്ടാക്കരുത്!

പദം 28 : ചരണം 3 : ബഹുമാനിയാ ഞാനാരെയും തൃണവൽ,
തദപി ബഹുമതം തവ ചരിതം ഗുണവൽ,
ഭവദാദേശമെനിക്കൊരു സൃണിവൽ,
ഇനിമേൽ തവ കീർത്തി തെളിഞ്ഞിരിക്കും മണിവൽ!

എല്ലാവരേയും പുല്ലുപോലെ കരുതുന്ന ഞാനൊരിയ്ക്കലും ആരേയും ആദരിക്കാറില്ല; പക്ഷേ, നിന്നെക്കുറിച്ചു ഞാനിനി ആദരവോടെ മാത്രമേ ചിന്തിയ്ക്കൂ! നിന്റെ നിർദ്ദേശങ്ങൾ ഞാനൊരു ആനത്തോട്ടിപോലെ കണക്കാക്കും, ഇനി നിന്റെ കീർത്തി രത്നാഭയോടെ തെളിയട്ടെ!

ശ്ലോകം 18 : (വൃത്തം :   )
കലി നളനെയും കൈ വിട്ടേവം വണങ്ങിനാൻ,
കലിയെ നളനും കൈ വിട്ടാജ്ഞാവശീകൃതനാക്കിനാൻ
അവിദിതമിദം വാർഷ്ണേയോപേതനാമൃതുപർണനാലവർ
തെരുതെരെത്തേരോടിച്ചെന്നണഞ്ഞിതു കുണ്ഡിനം!

നളന്റെ ശരീരം വിട്ടൊഴിഞ്ഞ കലി അദ്ദേഹത്തിന്റെ കാൽക്കൽ വീണു നമസ്കരിച്ചു; നളൻ കലിയെ സ്വന്തം വരുതിയിലാക്കി മാപ്പു നൽകി. അവർ തമ്മിലുള്ള സംവാദം പക്ഷേ വാർഷ്ണേയനും ഋതുപർണനും മനസ്സിലായില്ല; അതിവേഗം തേരോടിച്ചു ചെന്ന അവർ മൂന്നുപേരും താമസിയാതെ കുണ്ഡിനത്തിൽ ചെന്നെത്തി.

നാലാം ദിവസം

രംഗം 1 : കുണ്ഡിനത്തിലെ രാജവീഥി

ശ്ലോകം 1 : (വൃത്തം : പൃഥ്വി)
ഖലൻ കലിയകന്ന നാൾ കരളിലോർത്തു തൻ കാമിനീം
നളേ കില നടേതിലും നയതി സത്വരം തം രഥം
അലം ബത നിലിമ്പരും ഹൃദി പുലമ്പിനാർ വിസ്മയം
വിളംബിതഗതിർ ബഭാവരുണസൂതനസ്തോമുഖൻ!
ദുഷ്ടനായ കലിയുടെ ബാധ വിട്ടൊഴിഞ്ഞ നളൻ പ്രിയതമയെക്കുറിച്ച് ചിന്തിച്ച് പതിവിലേറെ വേഗത്തിൽ തേരോടിക്കുന്നതു കണ്ടു ദേവന്മാർപോലും വിസ്മയിച്ച് പരസ്പരം ചോദിച്ചു: 'അത്ഭുതം! അസ്തമയപർവതത്തിൽ ചെന്നെത്താൻ നേരം വൈകിയെന്നു കരുതി സൂര്യൻ അരുണനുമായി അതിവേഗം കുതിയ്ക്കുകയാണോ?'

പദം 1 : നിലപ്പദം (രാഗം : ഭൈരവി താളം : ചെമ്പട)
പല്ലവി : അതിതൂർണമെഴുന്നരുളി ഋതുപർണഭൂപൻ!

അതിവേഗത്തിൽ ഋതുപർണരാജാവ് കുണ്ഡിനത്തിലെത്തി!

അനുപല്ലവി : മധുനേർവാണീ പാണിഗ്രഹണകുതുകാവേഗാത്
പുളകിതരൂപൻ!

പൂന്തേന്മൊഴിയായ ദമയന്തിയെ വിവാഹം ചെയ്യാമെന്ന വിചാരത്തിൽ അദ്ദേഹം സ്വയം കോരിത്തരിച്ചു!

ചരണം 1 : മണിഭൂഷണമണിഞ്ഞു മെയ്യിൽ, മണിചിലയുമമ്പും
കൈയിൽ, മനമനംഗശരത്തീയിൽ, മുറുകിയാധിയിൽ
വനിതമാരണിമാണിക്യപരിണയമനോരാജ്യമനവധി
അനുഭവിച്ചു, അകമേ താനാനന്ദിച്ചു!

രത്നാഭരണങ്ങൾ ശരീരത്തിലും ചാപശരങ്ങൾ കൈയിലും ധരിച്ചു മനസ്സിലെരിയുന്ന കാമാഗ്നിയുമായി ആ രാജാവ് സുന്ദരീരത്നമായ ദമയന്തിയെ വേൾക്കുന്നതായി സ്വപ്നം കണ്ടു മനോരാജ്യങ്ങളിൽ മുഴുകി ആനന്ദിച്ചു!

ചരണം 2 : ദർപ്പിതവിരോധികാലൻ ദർപ്പകവിലുപ്തശീലൻ
ദർപ്പണദർശനലോലൻ ദർപ്പകോജ്വലൻ,
മുപ്പാരിലും പുകൾകൊണ്ട കൊപ്പേൽമിഴി തൻ വിരഹാൽ
കൽപ്പമെന്നു കൽപ്പിപ്പവനൽപ്പമപി കാലലവം!

ശത്രുക്കൾക്കു കാലനായ ആ രാജാവ് കാമപീഡയേറ്റു മൌഢ്യം ബാധിച്ച്, കണ്ണാടി നോക്കി വീണ്ടും വീണ്ടും മുഖം സുന്ദരമാക്കി, മൂന്നു ലോകങ്ങളിലും പേരുകേട്ട ദമയന്തിയുടെ വിരഹത്തിൽ ഓരോ നിമിഷവും ഓരോ കൽപ്പകാലമായി കരുതി കാത്തിരുന്നു

ചരണം 3 : വാർഷ്ണേയൻ പറഞ്ഞു കേട്ടു, വഴി കഴിഞ്ഞവാററിഞ്ഞു
കോഷ്ണമാതപവും കണ്ടു കൌതുകാകുലൻ
ബാഹുകനെ ബഹുമാനിച്ചു വാഹനരഥത്തിലൂടെ
ബാഹുബലജലരാശി വടിവെഴുന്ന കുണ്ഡിനത്തിൽ!

യാത്ര അവസാനിച്ചെന്നു വാർഷ്ണേയൻ പറഞ്ഞുകേട്ടപ്പോൾ പുറത്തു പോക്കുവെയിലിന്റെ നിറം കണ്ടു കൈയൂക്കിന്റെ കടലായ ആ ഋതുപർണരാജാവ് വർദ്ധിച്ച കൗതുകത്തോടെ രഥം തെളിച്ച ബാഹുകനെ പ്രശംസിച്ചു പ്രൗഢമായ കുണ്ഡിനരാജധാനിയിലെത്തി.

രംഗം 2 : കുണ്ഡിനരാജധാനി

ശ്ലോകം 2 : (വൃത്തം : വസന്തമാലിക)
ഉപഗമ്യ സ കുണ്ഡിനം പുരം തന്നൃപ സഞ്ചാരവിഹീനമേവ പശ്യൻ
അതികുണ്ഠമനാ ജഗാമ ചിന്താമൃതുപർണോഥ വിഷണ്ണതാവിവർണഃ

കുണ്ഡിനരാജധാനിയിലെത്തിയ ഋതുപർണ്ണൻ നഗരത്തിൽ ഒരിടത്തും മറ്റൊരു രാജാവിനെ കാണാതെ മന്ദിച്ച മനസ്സോടെ വിഷാദചിത്തനായി ഓരോന്നിങ്ങനെ ആലോചിച്ചിരുന്നു!

പദം 2 : ഋതുപർണ്ണൻ: (രാഗം : കല്യാണി താളം : ചെമ്പട)
പല്ലവി : ഉർവീസുരചാപലം പെരുതേ, പാരിൽ സർവവിദിതം കേവലം!

ബ്രാഹ്മണന്മാർ പറയുന്ന വിടുവാക്കുകളുടെ കഥയില്ലായ്മ എത്ര വലുതാണെന്നു സകലർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ!

അനുപല്ലവി : നിർവിചാരം പുറപ്പെട്ടു
നിജപുരാദതിഹാസപദമാസമിതിഹാസകഥയിലും

യാതൊരു വീണ്ടുവിചാരവും കൂടാതെ യാത്ര പുറപ്പെട്ടു പുരാണങ്ങളിൽപ്പോലും കേൾക്കാത്തവിധം ഞാൻ പരിഹാസ്യനായി.

ചരണം 1 : അബദ്ധമോതിനാൻ വന്നൊരാരണൻ,
വന്നടുത്താനെന്നോടന്നേരം മാരനും തൊടുത്താനമ്പുകൾ
അതിദാരുണം വേർപെടുത്താനെന്നെയീവണ്ണം ക്രൂരനകാരണം!

ഒരു ബ്രാഹ്മണൻ കഥയില്ലാതെ എന്തോ വന്നു പറഞ്ഞു, ആ തക്കം നോക്കി എന്റെ നേർക്കു കാമദേവൻ ദുസ്സഹമായ ശരങ്ങളെയ്തു യാതൊരു കാരണവും കൂടാതെ എന്നെ വിരഹാകുലനാക്കി.

ചരണം 2 : മഥനം ചെയ്‌വതിനന്യ ധൈര്യവും മന്മഥനത്രേ
പടുതയും ശൌര്യവും, അഥ നല്ലതെനിയ്ക്കേതു കാര്യവും
അകഥനമെന്നുറച്ചേൻ ഗാംഭീര്യവും വീര്യവും!

സഹജമായ സകല കഴിവുകളും നിർവീര്യമാക്കാൻ കാമദേവനു നല്ല സാമർത്ഥ്യമുണ്ട്. എനിയ്ക്കു പക്ഷേ ഏതു കടുത്ത അനുഭവവും അവസാനം നന്നായി വന്നിട്ടേയുള്ളൂ, വീര്യഗാംഭീര്യങ്ങൾ വെറുതെ വിളിച്ചു പറയരുതെന്ന കാര്യം പക്ഷേ ഞാനിന്നു കൃത്യമായി മനസ്സിലാക്കി!

ചരണം 3 : വിധിവിധുവിധുമൌല്യവാരിതാ മദ്‌വിധേ പാഴായ്
വരാ മാരശ്ശരതാ, വിധുരതയെനിക്കെന്നാൽ ദൂരിതാ,
ഈ വിദർഭവിഷയമെന്നാലെനിയ്ക്കെന്തു ദൂരതാ?

ത്രിമൂർത്തികൾക്കുപോലും തടയാനാവാത്ത കാമശരം എന്നിലും പാഴാവാനിടയില്ല; തൽക്കാലം ഈ വിധുരത സാരമില്ലെന്നു കരുതി ആശ്വസിക്കാം; വിദർഭരാജാവുമായി പണ്ടേ സൌഹൃദമുള്ള തുകൊണ്ട് ഇവിടെ ഞാനന്യനാണെന്നും കരുതേണ്ടതില്ല!

രംഗം 3 : കുണ്ഡിനത്തിലെ അന്തഃപുരം

ശ്ലോകം 3 : (വൃത്തം : നർക്കുടകം)
അഥ ദമയന്തി താനഖിലമേവ സുദേവമുഖാദ്
'ദ്രുതമൃതുപർണനിന്നു വരു'മെന്നുപകർണ്യ മുദാ
അനിതരചിന്തമാസ്ഥ മണിസൌധതലേ വിമലേ
രഥഹയഹേഷ കേട്ടുദിതതോഷമുവാച സഖീഃ

അതേസമയം ദമയന്തിയാകട്ടെ, 'ഋതുപർണൻ ഇന്നുതന്നെ വരു'മെന്ന സുദേവന്റെ വാക്കു കേട്ടു മണിമന്ദിരത്തിലെ മട്ടുപ്പാവിൽ ഏകാഗ്ര

ചിത്തയായി കഴിയുമ്പോൾ കുതിരകളുടെ കുളമ്പടി ദൂരെ നിന്നു കേട്ടു സന്തോഷപൂർവം സഖിമാരെ വിളിച്ചു പറഞ്ഞു.

പദം 3 : ദമയന്തി (രാഗം : പുന്നഗവരാളി താളം : ചെമ്പട)
പല്ലവി : തീർന്നു സന്ദേഹമെല്ലാം
എൻ തോഴിമാരേ, തീർന്നു സന്ദേഹമെല്ലാം!

തോഴിമാരേ, എന്റെ സകല സംശയങ്ങളും തീർന്നിരിക്കുന്നു!

അനുപല്ലവി : തീർന്നു വിഷാദമിദാനീം ഇന്നു
തെളിഞ്ഞിതെന്നിലിന്ദ്രാണീ നേർന്ന നേർച്ചകളും മമ സഫലാനി

എന്റെ മനസ്സിലെ സകല വിഷാദങ്ങൾക്കും അറുതി വന്നു, ഇന്ദ്രാണി എന്നിൽ പ്രസാദിച്ചു, എല്ലാവരുടേയും ആശംസകൾ സഫലമായി

ചരണം 1 : ഭൂതലനാഥനെൻ നാഥൻ വന്നു, കോസലനാഥനു സൂതൻ
മാതലി താനും പരിഭൂതനായിതിന്നു മോദലാഭം ബഹുതരമതുമൂലം!

ഋതുപർണന്റെ തേരാളിയായി, ഇന്ദ്രസാരഥിയായ മാതലിയെപ്പോലും നിഷ്പ്രഭനാക്കി, ഇതാ ഭൂലോകനാഥനായ എന്റെ ഭർത്താവ് വന്നിരിയ്ക്കുന്നു. എനിയ്ക്കെന്തെന്നില്ലാത്ത സന്തോഷം തോന്നുന്നു!

ചരണം 2 : നാദമസാരം കേൾക്കായീ, രഥകേതുവിതല്ലോ കാണായീ,
ചാരേ വന്ന തേരിലാരു മൂവരിവർ? വൈരസേനിയില്ല, നീരസമായി!

തേരുരുളുന്ന ശബ്ദം കേൾക്കാനുണ്ട്, അതാ കൊടിക്കൂറയും കണ്ടുതുടങ്ങി, തേരിൽ കാണുന്ന മൂന്നുപേർ ആരൊക്കെയാണ്? നളനെ കാണാതെ എന്റെ മനസ്സു വല്ലാതെ വിചാരപ്പെടുന്നല്ലോ!

ചരണം 3 : മാരുതമാനസവേഗം കണ്ടു തേരിനിന്നതു മൂലം
വീരസേനസുതസാരഥിയുണ്ടിഹ ഭൂരിയത്നമഖിലം മമ വിഫലം!

തേരിന്റെ വായുഗതി കണ്ടപ്പോൾ തീർച്ചയായും സൂതനായി നളനുണ്ടാകുമെന്നു ഞാൻ കരുതി! പക്ഷേ, വാർഷ്ണേയനെയാണല്ലോ ഇപ്പോൾ കാണുന്നത്. കഷ്ടം, എന്റെ പരിശ്രമങ്ങളെല്ലാം പാഴിലായി!

രംഗം 4 : കുണ്ഡിനരാജധാനി

ശ്ലോകം 4 : (വൃത്തം : മന്ദാക്രാന്ത)
സായാഹ്നേസൌ പുരമുപഗതോ മണ്ഡിതം കുണ്ഡിനാഖ്യം
ജ്ഞാത്വാ ഭൈമീപരിണയകഥാം ഹന്ത മിഥ്യേതി ധീമാൻ
പൌരൈരാവേദിതനിജഗതിം ഭീമമേത്യർതുപർണ്ണഃ
തത്സത്കാര പ്രമുദിതമനാഃ സങ്കഥാം തേന തേനേ!

കൊടിതോരണങ്ങളില്ലാത്ത കുണ്ഡിനത്തിൽ സന്ധ്യയ്ക്കു വന്നെത്തിയ ഋതുപർണരാജാവ്, ദമയന്തിയുടെ സ്വയംവരകഥ കെട്ടുകഥയാണെന്നു കണ്ടറിഞ്ഞശേഷം, സേവകന്മാർ ചെന്നു പറഞ്ഞു സ്വീകരിക്കാനെത്തിയ ഭീമരാജാവിന്റെ സൽക്കാരം സ്വീകരിച്ചു സൌഹൃദത്തോടെ പരസ്പരം സംഭാഷണത്തിലേർപ്പെട്ടു.

പദം 4 : ഭീമരാജാവ്: (രാഗം : ശങ്കരാഭരണം താളം : ചെമ്പട)
പല്ലവി : കിമു തവ കുശലം? മനുകുലനായക, കിന്നു മയാ കരണീയം?

സൂര്യവംശരാജാവേ, അങ്ങേയ്ക്കു സുഖമല്ലേ? ഇന്നു ഞാനെന്താണു ചെയ്തു തരേണ്ടത്?

ചരണം 1 : പരിജനമില്ലാരും പരിച്ഛദമൊന്നുമില്ല പാർത്ഥിവേന്ദ്ര
പറയേണം പരിചൊടു നിൻ വരവു കാരണം കൂടാതെയല്ല,

പരമൊന്നുണ്ടുള്ളിൽ പ്രണയം കരുതീട്ടതും!

രാജാവേ, അകമ്പടിക്കാരൊന്നുമില്ലാതെ പെട്ടെന്നുള്ള ഈ വരവിനെന്താണു കാരണം? എന്തെങ്കിലുമുണ്ടായിരിക്കും, തീർച്ച! എന്നോടുള്ള അടുപ്പം മൂലം അങ്ങെന്തോ മനസ്സിൽ കരുതിയിട്ടുണ്ട്!

ചരണം 2 : ഇതു കരുതുന്നേരം കുതുകമെനിക്കു പാരമെന്തെന്നല്ലി
പറയാമേ പുരവും പരിജനവുമിതുതന്നെ നിനക്കെന്നു
പരമാർത്ഥം ബോധിച്ചല്ലോ പരിചൊടു വന്നു

ചിന്തിക്കുന്തോറും എനിക്കു കൌതുകം വർദ്ധിക്കുന്നു, എന്തെന്നാൽ എന്റെ ഈ കൊട്ടാരവും സേവകന്മാരും സ്വന്തമാണെന്ന ഉത്തമ ബോദ്ധ്യമുള്ളതുകൊണ്ടാണല്ലോ അങ്ങിവിടേയ്ക്കു വന്നത്!

ചരണം 3 : സുകൃതി ഞാനെന്നതു സംശയമേതുമില്ല
സൌഖ്യമായി ഹൃദയം മേ സുകൃതമില്ലാതവർക്കു സുചിരം
പ്രയത്നംകൊണ്ടു സുജനസംഗമമുണ്ടോ സുലഭമായ് വരുന്നു?

ഞാനൊരു സുകൃതിയാണെന്നതിൽ എനിയ്ക്കിപ്പോൾ ഒരു സംശയവുമില്ല. എന്റെ മനസ്സും പ്രസന്നമായി. സുകൃതമില്ലാത്തവർക്കു വളരെക്കാലം പ്രയത്നിച്ചാലും ഈ സജ്ജനസംഗമം സാദ്ധ്യമാവില്ല!

പദം 5 : ഋതുപർണ്ണൻ: (ആനന്ദഭൈരവി : ചെമ്പട)
പല്ലവി : ഭീമനരേന്ദ്ര മേ കുശലം പ്രീതിയോടെ കേൾക്ക ഗിരം

ഭീമരാജാവേ, എനിക്കു സുഖം തന്നെ! എന്റെ ഈ വാക്കുകൾ നീ മനസ്സു തെളിഞ്ഞു കേട്ടാലും!

ചരണം 1 : പല നാളായി ഞാനോർക്കുന്നു തവ പുരേ വന്നീടുവാൻ,

മുറ്റമതിന്നായി സംഗതി വന്നു, മറ്റൊരു കാര്യമേതുമില്ല

കുറേക്കാലമായി നിന്റെ കൊട്ടാരത്തിലൊന്നു വരണമെന്നു ഞാൻ വിചാരിക്കുന്നു. ഇന്നതിനൊരു സന്ദർഭമുണ്ടായെന്നു മാത്രം! വേറേ പ്രത്യേകിച്ചൊരു വിഷയവുമില്ല.

ചരണം 2 : തവ ഗുണഗണങ്ങളോർക്കുമ്പോളവധിയുണ്ടോ ചൊല്ലുവാൻ,
ത്വദ്വിധന്മാരെ കാണ്മതിതല്ലോ സുകൃതസാദ്ധ്യം

നിന്റെ ഗുണഗണങ്ങളെക്കുറിച്ചു പറയാൻ തുടങ്ങിയാൽ അവസാനമില്ല. നിന്നെപ്പോലുള്ളവരെ നേരിൽ കാണുന്നതാണു ജീവിതസുകൃതം!

ചരണം 3 : പരിചയവും വേഴ്ചയും പെരികെയില്ലേ നാം തമ്മിൽ
പറ്റലർകാലഭാഗ്യലഭ്യം പാരിൽ ഭവാദൃശസംഗമമല്ലോ!

നമ്മൾ തമ്മിൽ വളരെക്കാലമായി അടുപ്പവും പരിചയവുമുണ്ട്. ശത്രുക്കൾക്കു കാലനായ നിന്നെപ്പോലുള്ളവരെ കാണുന്നതു മഹാഭാഗ്യം!

രംഗം 5 : കുണ്ഡിനത്തിലെ അന്തഃപുരം

ശ്ലോകം 5 : (വൃത്തം : വംശപത്രപതിതം)
താമരബന്ധുവംശമുടയോരവനിപതിലകൻ
ഭീമനരേന്ദ്രനോടുമൊരുമിച്ചരമത കുഹചിത്
ഭീമജയാകിലാകുലമനാ രമണനെയറിയാ-
ഞ്ഞാമയ ഭൂമധൂമമലിനാ സഖിയെ നിരദിശത്

സൂര്യവംശതിലകമായ ഋതുപർണ്ണൻ ഭീമരാജാവുമായി സംസാരിച്ചിരിക്കുന്ന സമയം, പ്രിയതമനെ തിരിച്ചറിയാതെ ദുഃഖാധിക്യത്തിന്റെ പുകയേറ്റു നിറം മങ്ങി വിഷണ്ണയായ ദമയന്തി സഖിയായ കേശി

നിയെ വിളിച്ചു വരുത്തി പറഞ്ഞു

പദം 6 : ദമയന്തി: (രാഗം : ഘണ്ടാരം താളം : ചെമ്പട)
പല്ലവി : സ്വൽപ്പപുണ്യയായേൻ ഞാനോ
തോഴീ എന്മൊഴി കേൾക്ക നീ

തോഴീ, യാതൊരു സുകൃതവും ചെയ്യാത്ത നിർഭാഗ്യയായ എന്റെ ഈ വാക്കുകൾ നീ കേൾക്കണം!

അനുപല്ലവി : സുപ്രസന്നവദനം രമണം
കാണ്മനെന്നു കാമകോടിസുഷമം

ഒരു കോടി കാമദേവന്മാർക്കു തുല്യനായ എന്റെ ഭർത്താവിന്റെ പ്രസന്നമായ മുഖം എനിയ്ക്കിനി എന്നാണു കാണാൻ കഴിയുന്നത്?

ചരണം 1 : വിരഹമോ കഠോരം കടലിതു വീതഗാധപാരം,
വിധുരവിധുരമിതിൽ വീണുഴന്നു വിഷമമെന്നുറച്ചു വേദന പാരം,
വിരവിനോടെന്നാൽ നീയതെല്ലാം
വീര്യപുമാനെ കാണ്മാനായ് വേല ചെയ്യേണം!

അഗാധവും അപാരവുമായൊരു കടലാണു കഠിനമായ വിരഹദു:ഖം; ആ കടലിൽ വീണു വിവശയായ ഞാൻ മറുകര കാണാതെ ഇതാ നീന്തിത്തുടിച്ചു വേദനയനുഭവിയ്ക്കുന്നു. എന്റെ വീരപുരുഷനെ നേരിട്ടു കാണാനുള്ള സൗകര്യങ്ങൾ നീയുടനെ ചെയ്തുതരണം!

ചരണം 2 : വികൃതരൂപമതമുതുപർണഭൂമിപാലസൂതം
വിദിതനിഷധപതിവീരനെന്നു വിരവിൽ വന്നു ചൊല്ലി
ഭൂസുരനേകൻ, തിരകവനൊടു പോയി നീയതെല്ലാം,
ധീരനവന്റെ മൊഴികേട്ടു വീണ്ടും വരേണം!

ഋതുപർണന്റെ വിരൂപനായ തേരാളി നളനാണെന്ന് പണ്ടൊരു ബ്രാഹ്മണൻ എന്നോടു വന്നു പറഞ്ഞിരുന്നു; നീ ആ തേരാളിയുടെ അടുത്തു ചെന്നു സകല കാര്യങ്ങളും ചോദിച്ചു മനസ്സിലാക്കി, പറയുന്ന വാക്കുകളും കേട്ടു വീണ്ടും ഇവിടേക്കു വരണം!

ചരണം 3 : അശനശയനപാനം കഥമവനതും
അറിഞ്ഞിടേണമൊളിവിൽ മരുവി, പുനരോടി വന്നു
സകലമാശു മമ കേശിനി ചൊല്ലേണം, കളയരുതേ നീ
കാലമേതും ക്ലേശവിനാശനത്തിനു നൂനം കാലമേതത്

കേശിനീ, അവന്റെ ഊണും ഉറക്കവും മറ്റും എങ്ങനെയാണെന്നു നീ ഒളിച്ചിരുന്നു കണ്ട ശേഷം എന്റെ അടുത്തു വന്നു വിശദമായി പറയണം. നോക്കൂ, എന്റെ ദുഃഖശമനത്തിനു നീയൊരു കാലതാമസവും വരുത്തരുത്!

രംഗം 6 : കുണ്ഡിനത്തിലെ അതിഥിമന്ദിരം

ശ്ലോകം 6 : (വൃത്തം : നർക്കുടകം)
പ്രിയതമദർശനപ്രസിതയാ ബത ഭീമജയാ
നള ഇതി ബാഹുകേ ജനിതസംശയമാനസയാ
ഇതി കില കേശിനീ നിഗദിതാ നളമേത്യ ജവാ-
ദ്രഥഗതമന്വയുങ്ക്ത കുശലാ കുശലം കുശലാ

ബാഹുകൻ നളനാണെന്ന സംശയം മനസ്സിൽ കരുതിവെച്ചു പ്രിയതമനെ കാണാനുള്ള ഉത്സാഹത്തോടെ ദമയന്തി പറഞ്ഞയച്ച സമർത്ഥയായ കേശിനി രഥത്തിലിരിക്കുന്ന നളന്റെ അടുത്തു ചെന്നു ചില കുശലാന്വേഷണങ്ങൾ നടത്തി.

പദം 7 : കേശിനി: (രാഗം : പന്തുവരാളി താളം : ചെമ്പട)
പല്ലവി : ആരെടോ നീ? നിന്റെ പേരെന്തു ചൊല്ലേണം
ആരുടെ തേരിതെടോ?

ആരാണു നീ? നിന്റെ പേരെന്താണെന്നു പറയൂ! ഇവിടെ നിർത്തി യിട്ടിരിക്കുന്ന ഈ രഥം ആരുടേതാണ്?

അനുപല്ലവി : ദൂരദേശത്തുനിന്നു വന്നവരെന്നു തോന്നി,
നേരുതന്നെ ചൊല്ലേണം കാര്യമുണ്ടിങ്ങതിനാൽ!

വളരെ ദൂരത്തു നിന്നു വന്നവരാണെന്നു കണ്ടപ്പോൾ തോന്നി, നേരു തന്നെ പറയണം. എനിയ്ക്കു ചില കാര്യങ്ങൾ ചോദിച്ചറിയാനുണ്ട്!

ചരണം 1 : നിഷ്ഫലമല്ലറിക, നിർബന്ധമിതെന്നുടെ ചൊൽപ്പേറും
ഭൈമിയുടെ കൽപനയാൽ, ഇപ്പോഴീയന്തിനേരം ഇപ്പുരം
തന്നിലേ വന്നുൾപ്പുക്ക നിങ്ങളാരെന്നെപ്പേരും പറയേണം!

വെറുതെ ചോദിയ്ക്കുന്നതല്ല, എന്റെ സ്വാമിനിയായ ദമയന്തിയുടെ കൽപ്പനപ്രകാരമാണു ഞാൻ വന്നിരിയ്ക്കുന്നത്. ഈ സന്ധ്യാസമയത്തു കൊട്ടാരത്തിൽ വന്നെത്തിയ നിങ്ങളാരാണെന്നു തുറന്നു പറയണം!

പദം 8 : ബാഹുകൻ: (രാഗം : ഭൈരവി താളം : ചെമ്പട)
പല്ലവി : ഈര്യതേ എല്ലാം നേരേ ശോഭനവാണി മുദാ!

സുന്ദരമായി സംസാരിക്കുന്ന നിന്നോടു ഞാനെല്ലാം പറയാം!

അനുപല്ലവി : കാര്യമെന്തു തവ ചൊല്ലെന്നോടു
പെരികെ വിദൂരാൽ വന്നോരല്ലോ ഞങ്ങൾ!

നിനക്കതുകൊണ്ട് എന്താണ പ്രയോജനമെന്ന പറയൂ! വളരെ ദൂരത്തു നിന്ന വരുന്നവരാണ ഞങ്ങൾ!

ചരണം 1 : ഇവിടെ വന്ന ഞങ്ങളിന്ന ഋതുപർണഭൂപസാരഥികൾ,
ഇരുവരിലഹം ബാഹുകൻ, എന്തു വേണ്ടൂ തവ ചൊല്ലെന്നോടു

ഇന്നിവിടെ വന്ന ഞങ്ങൾ ഋതുപർണരാജാവിന്റെ തേരാളികളാണ്; ഞാൻ ബാഹുകൻ, നിനക്കെന്താണ വേണ്ടതെന്ന പറയൂ!

പദം 7 : ചരണം 2 : മന്ദിരേ ചെന്നാലെങ്ങും കണ്ണിലേ കിട്ടാ കാണ്മാൻ,
മന്നിലിന്ദ്രനൃതുപർണഭൂപൻ എന്തിങ്ങു വന്നീടുവാൻ,
എന്ന കേൾക്കാമോ നമ്മാൽ അന്യനെങ്ങു പോയ്
അവനെ അറിയും ചിലരിവിടെ?

അയോദ്ധ്യയിൽ ചെന്നാൽപ്പോലും ഒരു നോക്കു കാണാൻ കിട്ടാത്തത്ര തിരക്കുള്ള ഭൂമിയിലെ ഇന്ദ്രനായ ഋതുപർണരാജാവ് ഇന്നിവിടെ വരാനുള്ള കാരണം ഞങ്ങൾക്കുകൂടി കേൾക്കാവുന്നതാണോ? രണ്ടു തേരാളികളിൽ മറ്റേയാളെവിടെ? അവനെ ഇവിടെ ചിലർക്കൊക്കെ പരിചയമുണ്ടെന്ന തോന്നുന്നു!

പദം 8 : ചരണം 2 : ധരണിപന്മാരനേകം വരുമേ പോൽ
നീളെയുള്ളവർ, നളനെ വെടിഞ്ഞു ദമയന്തി പോൽ,
ഭൂപമേകം വരിക്കുന്ന പോൽ!

നാട്ടിലെങ്ങുമുള്ള രാജാക്കന്മാർ ഇവിടെ വരുമെന്നാണല്ലോ പറഞ്ഞു കേട്ടത്! ദമയന്തി നളനെ ഉപേക്ഷിച്ചെന്നും മറ്റൊരു രാജാവിനെ വിവാഹം ചെയ്യാൻ പോകുന്നതായും കേൾക്കുന്നു!

പദം 7 : ചരണം 3 : അക്കഥ കേട്ടോ വന്നാനർക്കകുലീനൻ മന്നൻ,

നിൽക്കതു മറ്റുണ്ടു ചോദിക്കേണ്ടു മേ,
ദിക്കിലെങ്ങാനും നളസൽക്കഥ ഉണ്ടോ കേൾപ്പാൻ,
ദുഷ്കരം ഭൈമിയോ ജീവിക്കുന്നതിന്നേയോളം

സൂര്യവംശരാജാവായ ഋതുപർണ്ണൻ ആ കെട്ടുകഥ വിശ്വസിച്ചാണോ ഇങ്ങോട്ടു പോന്നത്? അതവിടെ നിൽക്കട്ടെ, നളന്റെ വിശേഷങ്ങൾ അവിടെ എവിടെയെങ്കിലും പറഞ്ഞു കേൾക്കാനുണ്ടോ? അദ്ദേഹത്തെക്കുറിച്ച് ഒരു വിവരവുമില്ലാതെ ദമയന്തി വളരെ കഷ്ടപ്പെട്ടാണു ദിവസങ്ങൾ തള്ളിനീക്കുന്നത്!

പദം 8 : ചരണം 3 : ഒളിവിലുണ്ടോ ഇല്ലയോവാൻ? നളനെ ആർ കണ്ടു ഭൂതലേ? ഉചിതമപരവരണോദ്യമം, എന്തു ഹന്ത നളചിന്തയാ?

നളൻ ഒളിവിലുണ്ടെന്നോ ഇല്ലെന്നോ ആർക്കാണറിയാവുന്നത്? ആരാണു നളനെ നേരിൽ കണ്ടിട്ടുള്ളത്? എന്തായാലും മറ്റൊരാളെ വരിയ്ക്കാനുള്ള ദമയന്തിയുടെ തീരുമാനം സമുചിതമായി! ഇനി നളനെക്കുറിച്ചു ചിന്തിച്ചിട്ടെന്തു കാര്യം?

പദം 7 : ചരണം 4 : പർണ്ണാദൻ സാകേതത്തിൽ വന്നൊരു
വാർത്ത ചൊന്നാൻ, അന്നതിനുത്തരം നീ ചൊന്നാനേ പോൽ,
ഇന്നാ മൊഴികൾ നീ താൻ എന്നോടു പറയേണം
എന്നുമേ ഭൈമിക്കതു കർണ്ണപീയൂഷമല്ലോ!

പണ്ടു പർണ്ണാദൻ അയോദ്ധ്യയിൽ വന്നു പറഞ്ഞ രഹസ്യമൊഴിയ്ക്കു നീയൊരു മറുപടി കൊടുത്തിരുന്നല്ലോ. കാതുകളിൽ അമൃതു ചൊരിയുന്നതുപോലെ ദമയന്തിയ്ക്ക് എത്ര കേട്ടാലും മതി വരാത്ത ആ വാക്കുകൾ ഇന്നൊന്നുകൂടി നീയെന്നോടു പറയണം!

പദം 8 : ചരണം 4 : കുലവധൂനാം കോപമാകാ പലരില്ലേ

ലോകസാക്ഷികൾ? ഉഭയഭുവനസുഖമല്ലയോ
വന്നു കൂട്ടുവതിവർക്കു മേലിൽ

ഉന്നതകുലത്തിൽ ജനിച്ച സ്ത്രീകളൊരിയ്ക്കലും കോപത്തിനു വിധേയ രാകാൻ പാടില്ല; കർമ്മസാക്ഷികളായി പലരുമുള്ളതുകൊണ്ട് ഇഹ പരജീവിതത്തിലുള്ള സുഖം അവർക്കു താനേ വന്നുചേരും!

രംഗം 7 : കുണ്ഡിനത്തിലെ അന്തഃപുരം

ശ്ലോകം 7 : (വൃത്തം : ഉപേന്ദ്രവജ്ര)
വെളിച്ചമേ ചെന്നു തിരഞ്ഞൊരോന്നേ
കളിച്ചവൻ ചൊന്നതു കേട്ടു പോന്നു
ഒളിച്ചു പിന്നൊട്ടു ധരിച്ചു ദൂതീ
വിളിച്ചു ഭൈമീം വിജനേ പറഞ്ഞാൾ

കേശിനി ബാഹുകനിൽനിന്നു നേരിട്ടു കേട്ടറിഞ്ഞതും ഒളിഞ്ഞുനിന്നു കണ്ടതുമായ വിശേഷങ്ങൾ മുഴുവൻ ഉടനെ ദമയന്തിയോടു ചെന്നു സ്വകാര്യമായി പറഞ്ഞു.

പദം 9 : കേശിനി (രാഗം : കാപ്പി താളം : ചെമ്പട)
പല്ലവി : പൂമാതിനൊത്ത ചാരുതനോ,
വൈദർഭീ കേൾ നീ പുരുഷരത്നമീ ബാഹുകനോ!

ലക്ഷ്മീദേവിയുടെ ശരീരശോഭയുള്ള ദമയന്തി, കേൾക്കൂ, ഈ ബാഹു കൻ വളരെ യോഗ്യനായൊരു പുരുഷനാണല്ലോ!

അനുപല്ലവി : ധീമാനവനെന്നോടു നാമവും വാർത്തയും ചൊന്നാൻ

ബുദ്ധിമാനായ അവനെന്നോടു പേരും വിവരങ്ങളും പറഞ്ഞു

ചരണം 1 : നളനില്ലൊരപരാധം പോൽ,
ഉണ്ടെന്നാകിലും കുലനാരിയ്ക്കരുതു കോപം പോൽ,
ഖലനല്ല വാക്കു കേട്ടാൽ ഛലമുണ്ടെന്നതും തോന്നാ,
പലതും പറഞ്ഞു പിന്നെ, ഫലിതമത്രേ പാർത്തോളം!

നളനൊരു തെറ്റും ചെയ്തിട്ടില്ല, അഥവാ ചെയ്തെങ്കിൽപ്പോലും കുലസ്ത്രീ കൾക്കു കോപം പാടില്ലത്രേ! അവന്റെ വാക്കിലൊരു കളവോ ചതി യോ കണ്ടില്ല, സംസാരത്തിനിടയിൽ ഞങ്ങൾ പലതും പറഞ്ഞു; ചി ലതൊക്കെ ചിന്തിച്ചപ്പോൾ ഫലിതമയമായും തോന്നി!

ചരണം 2 : അന്നാദിപാകസംഭാരം സ്വാമിനിയോഗാൽ,
വന്നതു കണ്ടേനന്നേരം, കുംഭേ നിറഞ്ഞു നീരം കുതുകമെത്രയും
പാരം, ദംഭം കൂടാതെ ഘോരം ദഹനൻ കത്തിയുദാരം!

സ്വാമിനിയുടെ നിർദ്ദേശപ്രകാരം അവൻ ചോറും കറികളും പാകം ചെയ്യുന്നതു ഞാൻ നോക്കിക്കണ്ടു. കുടത്തിൽ വെള്ളം താനേ വന്നു നിറയുന്നതും അടുപ്പിൽ അഗ്നി അനായാസം കത്തിക്കാളുന്നതും ക ണ്ടു ഞാനത്ഭുതപ്പെട്ടു!

ചരണം 3 : വേഗേന വെച്ചങ്ങൊരുങ്ങി കൊണ്ടങ്ങു ചെന്നു,
സാകേതപതിയെ വണങ്ങി, പോന്നു തേരിലൊതുങ്ങി,
പൂനിര കണ്ടു മങ്ങി, അവമർദ്ദനം തുടങ്ങി, അവകളപ്പോൾ വിളങ്ങി!

പാകം ചെയ്ത വിഭവങ്ങളുമായി അവൻ രാജാവിനെ ചെന്നു കണ്ടു വ ണങ്ങി ഭക്ഷണം വിളമ്പിക്കൊടുത്തു, അതിനുശേഷം തേരിൽ ചെ ന്നിരുന്നു വിശ്രമിയ്ക്കുമ്പോൾ തൊട്ടടുത്തു കണ്ട ചില വാടിയ പൂക്കൾ വെറുതെ കൈയിലിട്ടു കശക്കി; അപ്പോൾ അവ താനേ വിടർന്നു!

ശ്ലോകം 8 : (വൃത്തം : ശാലിനി)
അത്യാശ്ചര്യം വൈഭവം ബാഹുകീയം
ദൂത്യാ പ്രീത്യാവേദിതം ഭീമപുത്രീ
സാത്യാനന്ദം കേട്ട നേരം നിനച്ചു
മൂർത്ത്യാ ഗൂഢം പ്രാപ്തമേവ സ്വകാന്തം!

ബാഹുകന്റെ അത്ഭുതാവഹമായ കഴിവുകൾ കേശിനി സന്തോഷപൂർവം പറഞ്ഞതു കേട്ട അത്യാനന്ദത്തോടെ ദമയന്തി, ഭർത്താവായ നളൻ സ്വരൂപം മറച്ചു വന്നിരിക്കുകയാണെന്ന ഒരുറച്ച തീരുമാനത്തിൽ ചെന്നെത്തി.

പദം 10 : ദമയന്തി (രാഗം : മുഖാരി താളം : ചെമ്പട)
പല്ലവി : നൈഷധനിവൻ താൻ ഈഷലില്ല മേ നിർണയം!

ഈ ബാഹുകൻ നളനാണെന്ന കാര്യം തീർച്ചയായി, എനിയ്ക്കതിൽ യാതൊരു സംശയവും തോന്നുന്നില്ല!

അനുപല്ലവി : വേഷമീവണ്ണമാകിൽ ദോഷമെന്തെനിയ്ക്കിപ്പോൾ!

ഇങ്ങനെ വേഷം മാറിയതുകൊണ്ട് എനിയ്ക്കെന്തു ദോഷമാണുള്ളത്?

ചരണം 1 : ഒന്നേ നിനയ്ക്കുന്നേരം മൊഴിയെ, നളനിതെന്നു തന്നേ
ഉറപ്പതുള്ളിൽ; വഴിയേ വേഷം കാണുമ്പോൾ വന്നീടാ തോഷം;
നിന്നാലൊഴിയേ വന്നിതെൻ പ്രാണസന്ദേഹം,
ആപത്സിന്ധു ച്ചുഴിയേ തോന്നുന്നതെല്ലാമുണ്മയോ!
നേരാരു ചൊൽവതമ്മയോ? ഇവനോടു ചേർന്നാൽ നന്മയോ?
ചാരിത്രത്തിന്നു വെണ്മയോ? അറിയാവതല്ലേ!

വാക്കിൽനിന്നു നളനാണെന്നുതന്നെ ഉറപ്പിക്കാം, പക്ഷേ വേഷം ക

ണ്ടാൽ സന്തോഷത്തിനു വകയുമില്ല; ഒന്നുകൂടി പരീക്ഷിച്ചുനോക്കാതെ എന്റെ ഈ പ്രാണസംശയം തീരാനിടയില്ല! സങ്കടക്കടൽച്ചുഴിയിൽ കിടന്നുള്ള എന്റെ ഈ കാഴ്ചകൾ സത്യംതന്നെയാണോ? അഥവാ ആരാണെനിയ്ക്കു നേർവഴി കാണിച്ചു തരാനുള്ളത്? അമ്മയ്ക്കു കഴിയുമോ? നളനുമായി ചേർന്നാൽ എനിയ്ക്കിനിയും നന്മ വരുമോ? എന്റെ ചാരിത്രത്തിനു മേന്മയുണ്ടാകുമോ? ഇന്നിപ്പോൾ യാതൊന്നും കൃത്യമായി പറയാൻ കഴിയുന്നില്ല!

ചരണം 2 : മാതാവെ ചെന്നു കാണ്മതിന്നേ, ത്രൈലോക്യത്തിനു
മാതാവെ ചിന്തിച്ചു ഞാൻ മുന്നേ; നന്മക്കു ലോകനാഥാനുഗ്രഹം
പോരുമൊന്നേ; ധർമ്മസങ്കടേ മാതാവെനിക്കു നളൻതന്നെ;
അതിലോകരമ്യചേഷ്ടിതൻ, ഹതദൈവപാശവേഷ്ടിതൻ,
ഖലനാശയാഗദീക്ഷിതൻ, അനുപേക്ഷണീയൻ
വീക്ഷിതൻ, വേഷപ്രച്ഛന്നൻ!

അമ്മയെ കാണുന്നതിനു മുമ്പു ഞാൻ ത്രൈലോക്യനാഥനെ ചെന്നു കണ്ടു പ്രാർത്ഥിയ്ക്കട്ടെ! ആ അനുഗ്രഹംകൊണ്ടുതന്നെ നന്മ കൈവരും! ഈ ധർമ്മസങ്കടത്തിൽ നളൻ മാത്രമേ എനിയ്ക്കൊരു രക്ഷകനായുള്ളൂ! ദുർവിധിയിൽപ്പെട്ടു വലഞ്ഞാലും ദുഷ്ടനിഗ്രഹത്തിനായി യാഗങ്ങൾപോലുള്ള സൽക്കർമ്മങ്ങൾ ചെയ്യുന്ന, വേഷപ്രച്ഛന്നനെങ്കിലും എനിയ്ക്കുപേക്ഷിയ്ക്കാൻ വയ്യാത്ത അതേ ആ നളൻതന്നെ!

ചരണം 3 : എൻകാന്തനെന്നോടുണ്ടോ വൈരം? ഇല്ലെന്നിരിക്കിൽ
എന്തേ തുടങ്ങി ഇപ്രകാരം? എനിക്കു ഘോരവൻകാട്ടിൽ
ആരുപോൽ പരിവാരം? ഏതു ചെയ്താലും
വന്ദിപതിനിങ്ങധികാരം, പാപമേ താപകാരണം
അതെല്ലാം ഇന്നു തീരണം, വിരഹം മേ മർമ്മദാരണം,
അതിലേറെ നല്ലൂ മാരണം, അതിദാരുണം!

ഒരുപക്ഷേ ഭർത്താവിനെന്നോട്ട വെറുപ്പ തോന്നിയിരിയ്ക്കുമോ? അതല്ലെങ്കിൽ എന്താണിങ്ങനെ പെരുമാറുന്നത്? കൊടുങ്കാട്ടിൽ എനിയ്ക്കാരായിരുന്ന ഒരു സഹായമെന്നെങ്കിലും അദ്ദേഹം ഓർക്കേണ്ടതല്ലേ? പക്ഷേ, ഭർത്താവെന്തു ചെയ്താലും വണങ്ങി നിൽക്കാനേ ഭാര്യയ്ക്കു കഴിയൂ! ഒരുപക്ഷേ എന്റെ പാപങ്ങളായിരിയ്ക്കാം ഈ ദുഃഖങ്ങൾക്കു കാരണം; ഇന്നു പക്ഷേ അതിനൊരു പരിഹാരമുണ്ടായേ തീരൂ; മർമ്മം പിളർക്കുന്ന ഈ വിരഹം ഇനിയെനിയ്ക്കു താങ്ങാനാവില്ല, അതിലേറെ ദാരുണമായ മരണമാണു നല്ലത്!

രംഗം 8 : കുണ്ഡിനത്തിലെ അന്തഃപുരം

ശ്ലോകം 9 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
പ്രീതേയം പ്രിയദർശനത്തിനുഴറിപ്പീഡാം വെടിഞ്ഞാശു പോയ്
മാതാവോടുമിദം പറഞ്ഞനുമതീം മേടിച്ചുടൻ ഭീമജാ!
മോദാൽപ്രേഷിത കേശിനീമൊഴികൾ കേട്ടഭ്യാഗതം ബാഹുകം
ജാതാകൂതശതാനുതാപമസൃണാ കേണേവമൂചേ ഗിരം!

അങ്ങനെ മനസ്സുറപ്പിച്ച ദമയന്തി ഉടനെ നളനെ നേരിടാനുള്ള പരിഭ്രമം വകവെയ്ക്കാതെ അമ്മയെ ചെന്നു കണ്ട് അനുവാദം വാങ്ങിയശേഷം കേശിനിയുടെ വാക്കു കേട്ടു വന്ന ബാഹുകനെ നോക്കി മനസ്സിലുയരുന്ന നൂറു കണക്കിനു ചിന്തകളിൽ മുഴുകി ആർദ്രയായി കരഞ്ഞു കൊണ്ട് ഗദ്ഗദസ്വരത്തിൽ പറയാൻ തുടങ്ങി

പദം 11 : ദമയന്തി (രാഗം : തോടി താളം : ചെമ്പട)
പല്ലവി : എങ്ങാനുമുണ്ടോ കണ്ടു തുംഗാനുഭാവനാം
നിൻ ചങ്ങാതിയായുള്ളവനെ?

മഹാനുഭാവനായ നിന്റെ ആ പ്രിയസുഹൃത്തിനെ നീ എവിടെയെങ്കിലുംവെച്ചു കാണുകയുണ്ടായോ?

അനുപല്ലവി : അംഗാരനദിയിൽ ബഹുതരംഗാവലിയിൽ ഞാനോ
മുങ്ങാവതോ മുങ്ങി മങ്ങിനേനറിയാഞ്ഞേതും

അദ്ദേഹത്തിന്റെ വിവരങ്ങളൊന്നുമറിയാതെ, തിരമാലകളടിയ്ക്കുന്ന സങ്കടത്തിന്റെ തീക്കടലിൽ വീണു മുങ്ങിപ്പൊങ്ങി എന്റെ ബോധം മിക്കവാറും നഷ്ടപ്പെട്ടു കഴിഞ്ഞു!

പദം 12 : ബാഹുകൻ: (രാഗം : സാവേരി താളം : ചെമ്പട)
പല്ലവി : ആനന്ദതുന്ദിലനായ് വന്നിതാശു ഞാൻ ആപന്നനെന്നാകിലും!

നിരവധി ആപത്തുകൾ നേരിടേണ്ടി വന്നെങ്കിലും ഇന്നെന്റെ മനസ്സിൽ സന്തോഷം നിറഞ്ഞു കവിയുന്നു

അനുപല്ലവി : നൂനം നിനച്ചോളമില്ലനം ശിവചിന്തനനിയമിഷു
ജാനന്തം ക്രാന്ത്വാ ബത മാം ഖലമതിരതനുത കലിരപിമയി പദം

ശിവനെ നിത്യവും ഭജിക്കുന്നവർക്കു യാതൊരു ദു:ഖവും വരില്ല, തീർച്ച! ധാർമ്മികനായ എന്നെപ്പോലും ദുഷ്ടനായ കലി വന്നു ബാധിച്ചല്ലോ, ആശ്ചര്യം!

ചരണം 1 : നിജരാജ്യം കൈവെടിഞ്ഞു വനരാജ്യവാസിയായേൻ
ഹവിരാജ്യപ്രസന്നദേവം രവിരാജ്യം വാണേൻ അവശം മാം
വെടിഞ്ഞുപോയി തവ ശാപാക്രാന്തനായി കലിയകലേ
അഹമബലേ വന്നിതു സുന്ദരി നിന്നരികിന്നിനി ഇരുവർ പിരിവർ
ഉയിർവേരറവേ; നിറവേ കുറവേ വിലപിതമിതു മതി, വിളവതു
സുഖമിനി, ദൈവാൽ ഒരു ഗതി മതി ധൃതി ഹതി

സ്വരാജ്യം നഷ്ടപ്പെട്ടു ഞാൻ കാട്ടിൽ ചെന്നു താമസിച്ചു; പിന്നീട്

യാഗാദികളിൽ പ്രസന്നരായ ദേവന്മാരുടെ സഹായത്തോടെ അയോദ്ധ്യയിൽ ചെന്നുകൂടി; ഒടുവിൽ നിന്റെ ശാപം മൂലം ക്ഷീണിച്ചവശനായ കലി എന്നെ വിട്ടൊഴിഞ്ഞു; ഇന്നിപ്പോൾ ഇതാ നാം തമ്മിൽ കണ്ടുമുട്ടി; ഇനി ജീവിതാവസാനംവരെ നമ്മൾ വേർപിരിയില്ല; മതി, കരയരുത്, ഇനി നമുക്കു സുഖം കൈവരും; ജീവിതത്തിലെ വീഴ്ചയും താഴ്ചയും ദൈവവിധിപ്രകാരമേ നടക്കൂ!

പദം 11 : ദമയന്തി: (രാഗം : തോടി താളം ചെമ്പട)
ചരണം 1 : പ്രേമാനുരാഗിണീ ഞാൻ വാമാരമണീയശീല,
ത്വാം ആതനോമി ഹൃദി സോമാഭിരാമമുഖ, ശ്യാമാശശിനം
രജനീവാമാകലിതമുപൈതുകാമാ ഗത യാമാ, കാമിനീ
നിന്നോടയി ഞാൻ ക്ഷണമപി പിരിഞ്ഞറിവേനോ?
കാമനീയകവിഹാരനികേത, ഗ്രാമനഗരകാനനമെല്ലാമേ
ഭൂമിദേവർ പലരെയുമയച്ചു ചിരം ത്വാമഹോ തിരഞ്ഞേൻ,
ബഹു കരഞ്ഞേൻ എന്നതാരോടിന്നു ചൊൽവതു?

കറുത്ത വാവിൽ മറഞ്ഞ ചന്ദ്രനെ കാണാൻ യാമങ്ങൾ തള്ളിനീക്കുന്ന രാവിനെപ്പോലെ ഞാൻ പ്രേമാനുരാഗങ്ങളോടെ സുന്ദരനും സുശീലനുമായ നിന്നെ ഹൃദയത്തിൽ കുടിവെച്ചാരാധിച്ചു; സൌന്ദര്യത്തിന്റെ നിലയമായ നിന്നെ പിരിഞ്ഞു കാമിനിയായ എനിയ്ക്കൊരു നിമിഷം ചിലവിടാൻ കഴിയുമോ? ഗ്രാമങ്ങളിലും നഗരങ്ങളിലും വനങ്ങളിലും നിന്നെ തിരഞ്ഞു നിരവധി ബ്രാഹ്മണരെ ഞാൻ പറഞ്ഞുവിട്ടു; നിന്റെ വിവരങ്ങളറിയാതെ ഞാനൊരുപാടു കരഞ്ഞു; അതൊക്കെ പക്ഷേ ഇന്നാരോടാണു പറയേണ്ടത്?

ശ്ലോകം 10 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
'വ്യാപാരം വചനം വയസ്സിവകളോർക്കുമ്പോളിവൻ നൈഷധൻ
ശോഭാരംഗമൊരംഗമുള്ളതെവിടെപ്പോയെന്നു ചിന്താകുലാം
ഭൂപാലൻ ഭുജഗേന്ദ്രദത്തവസനം ചാർത്തി സ്വമൂർത്തിം വഹൻ

കോപാരംഭകടുക്തികൊണ്ടു ദയിതാമേവം പറഞ്ഞീടിനാൻ

'പെരുമാറ്റവും സംസാരവും പ്രായവുംകൊണ്ടു നളനാണെന്നു ബോദ്ധ്യം വന്നെങ്കിലും സുന്ദരമായ ആ പഴയ രൂപം കാണാതെ ദമയന്തി ചിന്താകുലയായി നിൽക്കുമ്പോൾ കാർക്കോടകൻ കൊടുത്ത വസ്ത്രം ധരിച്ച സ്വരൂപം സ്വീകരിച്ച നളൻ പെട്ടെന്നു കോപാകുലനായി അവളോടു കടുത്ത വാക്കുകൾ പറയാൻ തുടങ്ങി.

പദം 12 : ചരണം 2 : സ്ഥിരബോധം മാഞ്ഞു നിന്നോടപരാധം
ഭൂരി ചെയ്തേൻ, അവരോധം ഭൂമിപാനാം അവിരോധമായം,
അധികം കേൾ അധർമ്മമെല്ലാം അറിവേൻ ആസ്താമിതെല്ലാം,
സമുചിതമേ ദയിതതമേ, നന്നിതു സുന്ദരി നിൻ തൊഴിൽ നിർണയം!
അപരം നൃവരം വരിതും യതസേ യദയേ വിദയേ
നിരവധി നരപതി വരുവതിനിഹ പുരി വാചാ തവ മനുകുലപതി വന്നു

സ്വബോധമില്ലാതെ നിന്നോടു ഞാനൊരുപാടു തെറ്റു ചെയ്തു, രാജാക്കന്മാർ പത്നിമാരോടു വൈരം ഭാവിക്കരുതെന്ന മര്യാദ മാനിക്കാതെ ഞാനനവധി അധർമ്മങ്ങൾ ചെയ്തു; അതെല്ലാമിരിക്കട്ടെ, ഇപ്പോൾ എന്റെ പ്രിയതമയായ നീ നിർദ്ദയം മറ്റൊരു രാജാവിനെ സ്വീകരിക്കാൻ പുറപ്പെട്ടതു വളരെ നന്നായി! ഇവിടെ നിന്റെ ക്ഷണമനുസരിച്ച വന്ന നിരവധി രാജാക്കന്മാരുടെ കൂട്ടത്തിൽ ഇതാ നിനക്കേറെ പ്രിയപ്പെട്ട ഋതുപർണനുമുണ്ട്!

പദം 11 : ചരണം 2 : മുന്നേ ഗുണങ്ങൾ കേട്ടു തന്നേ മനമങ്ങു
പോന്നു, പിന്നെ അരയന്നം വന്നു നിന്നെ സ്തുതി ചെയ്തു, തന്നേ
അതു കേട്ടു ഞാനുമന്നേ വരിച്ചേൻ മനസി നിന്നെ, പുനരെന്നെ
ഇന്ദ്രനഗ്നിയമനർണസാധിപനും കനിഞ്ഞിരന്നു എന്നതൊന്നു
കൊണ്ടുമുള്ളിലന്നും അഭിന്നനിർണയമനിഹ്നുതരാഗം മന്നവർ
തിലക, സമുന്നതം സദസി വന്നു മാലയാലേ വരിച്ചു കാലേ

എന്നപോലെ ഇന്നു വേല! എങ്ങായിരുന്നു തുണ
ഇങ്ങാരിതെനിയ്ക്കയ്യോ ശൃംഗാരവീര്യവാരിധേ!

നിന്റെ ഗുണഗണങ്ങൾ പലരും പറയുന്നതു കേട്ടു വളരെ മുമ്പേതന്നെ എന്റെ മനസ്സ് നിന്നോടു ചേർന്നു കഴിഞ്ഞിരുന്നു, പിന്നെ അരയന്നം വന്നു നിന്നെ വാഴ്ത്തി പറഞ്ഞപ്പോൾ ഞാൻ നിന്നെ മനസാ വരിയ്ക്കുകയും ചെയ്തു. പിന്നീട് ഇന്ദ്രനും അഗ്നിയും യമനും വരുണനും വന്നു യാചിച്ചപ്പോഴും ഞാൻ നിന്നോടുള്ള അനുരാഗം ഉപേക്ഷിച്ചില്ല. മാത്രമല്ല, രാജസദസ്സിൽവെച്ചു യഥാവിധി നിന്നെ ഞാൻ മാലയിട്ടു സ്വീകരിച്ചു. അതേ ഉപായം തന്നെയാണു ഞാനിന്നും പ്രയോഗിച്ചത്! വീരനായ പ്രാണനഥാ, ഇത്രകാലവും നീയെവിടെയായിരുന്നു? കഷ്ടം, എനിയ്ക്കിവിടെ സഹായത്തിനു മറ്റാരുമില്ല!

പദം 12 : ചരണം 3 : അഭിലാഷംകൊണ്ടുതന്നെ ഗുണദോഷം
വേദ്യമല്ല, പരദോഷം പാർത്തു കാണ്മാൻ വിരുതാർക്കില്ലാത്തു,
തരുണീനാം മനസി മേവും കുടിലങ്ങൾ ആരറിഞ്ഞു, തവ തു
മതം മമ വിദിതം നല്ലതു ചൊല്ലുവൻ ഇല്ലൊരു കില്ലിനി, ഉചിതം
രുചിതം ദയിതം ഭജതം പ്രസിതം പ്രഥിതം രതിരണവിഹരണ-
വിതരണചണനിവൻ ഭൂമാവിഹ അണക നീയവനൊടു!

മനസ്സിലെ മോഹംകൊണ്ടുമാത്രം ഗുണദോഷങ്ങൾ തിരിച്ചറിയാനാവില്ല; അന്യരുടെ കുറ്റം കണ്ടുപിടിക്കാൻ ആർക്കാണൊരു വിഷമം! യുവതികളുടെ മനസ്സിലെ കുടിലത ആർക്കാണു കണ്ടു പിടിയ്ക്കാൻ കഴിയുക? നിന്റെ ഉദ്ദേശം എനിയ്ക്കിപ്പോൾ മനസ്സിലായി, ഇനി നിനക്കു ഞാനൊരു ഉപദേശം തരാം; നിനക്കനുരൂപനും പ്രസിദ്ധനും രതിരസികനുമായ, നിന്നോടേറെ ആസക്തിയുള്ള, നിന്റെ രുചിയ്ക്കു ചേർന്ന ഈ ഋതുപർണരാജാവിനെത്തന്നെ നിനക്കു സ്വീകരിക്കാം! യാതൊരു സംശയവും വേണ്ട!

പദം 11 : ചരണം 3 : നാഥ! നിന്നെക്കാണാഞ്ഞു ഭീതാ ഞാൻ
കണ്ട വഴി ഏതാകിലെന്തു ദോഷം? മാതാവെനിക്കു
സാക്ഷിഭൂതാ; ഞാനത്രേ സാപരാധ എന്നാകിൽ ഞാനഖേദാ,
ധൃതമോദാ ചൂതസായകമജാതനാശതനും ആദരേണ കാണ്മാൻ
കൌതുകേന ചെയ്തു പോയ പിഴയൊഴിഞ്ഞേതുമില്ലിവിടെ
കൈതവമോർത്താൽ, താതനുമറികിലിതേതുമാകാ
ദൃഢബോധമിങ്ങുതന്നെ വരിയ്ക്കയെന്നെ നേരേ നിന്നു നേരു ചൊന്നതും

പ്രാണനാഥ, നിന്നെ തിരഞ്ഞു കണ്ടെത്താനാവാതെ ഭയചകിതയായ ഞാൻ സ്വീകരിച്ച ഈയൊരുപായത്തിനു പക്ഷേ ഒരു ദോഷം പറയാനുണ്ടോ? എന്റെ അമ്മ സകലതിനും സാക്ഷിയാണ്. ഇനി ഞാൻ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ അതിലെനിയ്ക്കു ഖേദമില്ലെന്നു മാത്രമല്ല സന്തോഷവുമുണ്ട്! കാമദേവതുല്യനായ നിന്നെ കാണാനുള്ള ഉൽക്കണ്ഠ മൂലം ചെയ്ത ഒരു കൗതുകമെന്നല്ലാതെ ഇക്കാര്യത്തിലൊരു കാപട്യവുമില്ല. അച്ഛൻ അറിഞ്ഞിരുന്നെങ്കിൽ ഒരുപക്ഷേ അനുവാദം തരുമായിരുന്നില്ല! ഞാനിപ്പോൾ നേരേ നിന്നു നിന്റെ മുഖത്തു നോക്കി സത്യമായി ഉറപ്പിച്ചു പറയുന്നു: നീയെന്നെ സ്വീകരിച്ചേ തീരൂ!

ശ്ലോകം 11 : (വൃത്തം : സ്രഗ്ദ്ധര)
ആത്താനന്ദാതിരേകം പ്രിയതമ സുചിരാ-
കാങ്ക്ഷിതാലോകലാഭാൽ
കാൽത്താർ കുമ്പിട്ടിവണ്ണം കളമൊഴി പറയും
വാക്കു കേട്ടോരു നേരം
ആസ്ഥായം സ്വൈരിണീസംഗമകലുഷലവാ-
പാചികീർഷുസ്തദാനീം
ആസ്ഥാം കൈവിട്ടു നിൽക്കും നളനൊരു മൊഴി
കേൾക്കായിതാകാശമദ്ധ്യേ!

ചിരകാലമായി കാത്തിരുന്നു കാണാൻ കഴിഞ്ഞതിൽ സന്തോഷ

ത്തോടെ കാലടി തൊട്ടു വണങ്ങി പ്രിയതമ പറയുന്ന മധുരമായ വാക്കുകൾ കേട്ട നളൻ, ചാരിത്രശ്ശുദ്ധിയില്ലാത്തവളുമായി ചേർന്നാലുണ്ടാകാവുന്ന ദോഷത്തിനു പരിഹാരം തേടി ചിന്താകുലനായി നിൽക്കുമ്പോൾ, എല്ലാവർക്കും കേൾക്കാവുന്ന വിധത്തിൽ ആകാശത്തു നിന്നൊരു അശരീരി മുഴങ്ങി:

ശ്ലോകം 12 : (വൃത്തം : പ്രഹർഷിണി)
വാതോഹം ശൃണു നള ഭൂതവൃന്ദ സാക്ഷീ
രാജർഷേ തവ മഹിഷീ വ്യപേതദോഷാ
ആശങ്കാ ജഹിഹി പുനർവിവാഹവാർത്താം
ദ്രഷ്ടും ത്വാമുചിതമുപായമൈക്ഷതേയം!

വീരനായ നള, കേൾക്കൂ, പഞ്ചഭൂതങ്ങൾക്കു സാക്ഷിയായ വായുവാണു ഞാൻ! രാജാവേ, നിന്റെ പട്ടമഹിഷിയ്ക്കു യാതൊരു ദോഷവുമില്ല! സംശയം വേണ്ട! നിന്നെ കാണാനായി അവൾ സ്വയം സങ്കല്പിച്ച ഒരുപായം മാത്രമാണു പുനർവിവാഹം!

രംഗം 9 : കുണ്ഡിനരാജമന്ദിരം

ശ്ലോകം 13 : (വൃത്തം : സ്രഗ്ദ്ധര)
ത്രൈലോക്യപ്രാണവാക്യം കുരു നള ജയ
ജീവേതി വിദ്യാധരന്മാർ
കാലേസ്മിൻ തൂകിനാർ പൂമഴ ദിവി ഭുവി
കേൾക്കായി മംഗല്യവാദ്യം
ആലോക്യാശ്ചര്യമേവം നിരവധി നിഷധാ-
ധീശനും പേശലാംഗീ-
മാലിംഗ്യാലിംഗ്യ പുത്രാവപി സമമഖിലൈഃ
പ്രാപ ഭീമം പ്രസന്നം!

'നള, ത്രൈലോക്യപ്രാണനായ വായു പറയുന്നതു നീ കേൾക്കു'! അതേ സമയം 'നളൻ നീണാൾ വാഴട്ടെ'യെന്നുള്ള ആശംസകളു മായി വിദ്യാധരന്മാർ പൂമഴ പൊഴിച്ചു. ഭൂമിയിലും സ്വർഗത്തിലും മംഗളവാദ്യങ്ങൾ മുഴങ്ങി. ഈ സംഭവം ആശ്ചര്യപൂർവം കണ്ടു നിന്ന നളൻ ദമയന്തിയേയും പുത്രന്മാരേയും വീണ്ടും വീണ്ടും ആലിംഗനം ചെയ്തു സന്തുഷ്ടനായി ഭീമരാജാവിന്റെ സമീപത്തെത്തി.

പദം 13 : ഭീമരാജാവ്: (രാഗം : സൌരാഷ്ട്രം താളം : ചെമ്പട)
പല്ലവി : സഫലം സാമ്പ്രതി ജന്മം നിനയ്ക്കിലില്ലിനി മരിക്കിലും ക്ഷതി!

ഇന്നിപ്പോൾ എന്റെ ജീവിതം സഫലമായി. ചിന്തിച്ചുനോക്കിയാൽ ഇനിയെനിയ്ക്കു മരിച്ചാലും സങ്കടമില്ല!

അനുപല്ലവി : ഇഹലോകമിതഫലം
മതമഖിലമവലോകിതമഥ നിന്മുഖകമലം

ഈ ജന്മത്തിലെ ലൌകികത മുഴുവൻ നിസ്സാരമെന്നു കരുതിയ എനിയ്ക്കിതാ നിന്റെ പ്രസന്നമായ മുഖം കാണാനിടയായി!

ചരണം 1 : ജീവിതമായതെനിയ്ക്കിവളേ കേൾ, ശ്രീവീരസേനനു
നീയിവ ലോകേ ദൈവതകാരുണ്യംകൊണ്ടു വിലോകേ
ദിവസമന്വാധികൾ സന്തി ന കേ കേ? യാവദസു വ്യയമെനിയ്ക്കു
കിനാവിലപി ഭയം പണ്ടേ, മമ ഭാവമുരുദയം, നാരീരത്നം
മൂവുലകിലിയം, ഏവമേവ നീ വിശേഷപൂരുഷ, ജീവലോക-
പാവനാത്മപൌരുഷ, ജീവ ചിരായ നിരാമയമൂഴിയിൽ മാ
വിയോഗം വ്രജതമൊരു പൊഴുതും ആവിലമാകരുതാശയ-
മാർക്കുമുഭവിമൌ വാം വിധി തന്നു മേ നിധി

വീരസേനരാജാവിനു നീയെന്നപോലെ ഈ ലോകത്തിൽ ഇവളാ

ണെന്റെ ജീവൻ! ദൈവകാരുണ്യമുള്ളവർക്കു ദുഃഖങ്ങൾ താനേ മാഞ്ഞുപോകുന്നപോലെ എനിക്കു നിങ്ങളെ കാണാനിടയായി. പണ്ടു തന്നെ സ്വപ്നം കണ്ടാലും പേടിക്കുന്ന ഒരു പ്രകൃതമെനിക്കുണ്ട്. മൂന്നു ലോകങ്ങളിലുംവെച്ച് ഏറ്റവും ഉത്തമരായ ദമ്പതികളാണു നിങ്ങൾ! ആത്മശുദ്ധിയും പൗരുഷവും തികഞ്ഞ നീ നിരാമയനായി വളരെക്കാലം ജീവിച്ചിരിക്കും! ഇനിയൊരു വിയോഗത്തിനിടവരാതെ നിങ്ങളുടെ മനസ്സു ശുദ്ധമായിരിക്കട്ടെ! വിധി എനിക്കു തന്ന നിധികളാണു നിങ്ങൾ രണ്ടുപേരും!

പദം 14 : നളൻ : (രാഗം : തോടി താളം : ചെമ്പട)
ചരണം 1 : ദ്വാപരസേവിതനാം കലി വന്നു, ദുഷ്ടനെന്നുള്ളിൽ
കടന്നങ്ങിരുന്നു, ഏവമോരോന്നിലങ്ങാശ വളർന്നു,
പറവതിനെന്തു സുഖങ്ങളകന്നു, നാട്ടും നഗരവും
എഴുനിലമാടശിഖരവും എല്ലാം വിട്ടു മാട്ടുനികരവും
നിവാസമായ്, കാട്ടും കുഹരവും ഭൂപലോകദീപമേ നിനക്കൊരു
കോപശാപരോപലക്ഷമായഹം പാവകമിയ്യലണഞ്ഞിനിമേൽ
പറയാവതോ ശിവവൈഭവം, ആയതുമാവതുമില്ലിഹ
ദൈവവിരോധമിതോ വരുത്തുമിതു പറവതിനരിമ

ദ്വാപരനുമായി വന്ന കലി എന്റെ മനസ്സി ബലാൽക്കാരേണ പ്രവേശിച്ച് ഓരോ മോഹങ്ങൾ ജനിപ്പിച്ചു. അങ്ങനെ സകല സുഖങ്ങളും നഷ്ടപ്പെട്ടു, രാജ്യവും കൊട്ടാരവും തലസ്ഥാനവും ഉപേക്ഷിച്ചു മലകളിലും ഗുഹകളിലും ചെന്നു താമസിക്കേണ്ടി വന്നു. രാജാക്കന്മാർക്കു മാർഗദീപമായ നിന്റെ കോപാകുലമായ ശാപശരങ്ങൾക്കു, തീയിൽ വീണ പാറ്റപോലെ, ഞാൻ പാത്രമായി. പക്ഷേ ശിവന്റെ അനുഗ്രഹശക്തി അപാരമായിരുന്നു! നേട്ടങ്ങളും കോട്ടങ്ങളും ഇവിടെ പ്രധാനമല്ല! ദൈവദോഷം മൂലം വരുന്ന ദുഃഖങ്ങൾക്കൊരു കൈയും കണക്കുമില്ല!

പദം 13 : ചരണം 2 : വീരസേനാത്മജ വില്ലാളിമൌലേ
വീര്യവതാം വരും വിപത്തുമപ്പോലെ, സൂര്യസോമന്മാർക്കു
രാഹുവിനാലെ സുനയ, നിനക്കു വന്നതുയിർകലിയാലേ,
പോക സാ കഥാ, ഭവാനിനി മാഴ്കൊലാ വൃഥാ ഭൂലോകത്തിൽ
വാഴ്ക ശാസിതാശതായതവർഷ ജീവിതാശക്തിയുണ്ടു
മുക്തിയോളം മായയ്ക്കതസ്തമേതി മുക്തി ചേട്ടദേതി,
വാമത്തലിതോർത്തോളം ഇത്തൊഴിൽ തോന്നിയതാ-
സ്തികോത്തമ, കീർത്തിമതാംവര, പാർത്ഥിവ, ഞാനതി
വാർദ്ധകബാധിതൻ പാർത്തു കൊള്ളുവാൻ മതി തവ മതിഗതി!

വീരസേനരാജാവിന്റെ മകനായ വില്ലാളിവീര, സൂര്യനും ചന്ദ്രനും രാഹുവിന്റെ ബാധപോലെ, വീര്യം വർദ്ധിച്ചവർക്കു ദുർവിധികളും വന്നു ചേരും. കലി മൂലമാണു നിനക്കാപത്തു വന്നത്. അതു പോകട്ടെ, ഇനി നീ വെറുതെ സങ്കടപ്പെടരുത്, ഭൂലോകാധിപനായി നീ നൂറായിരം വർഷം ജീവിച്ചിരിക്കട്ടെ! മായയ്ക്കു മോക്ഷത്തോളം ശക്തിയുണ്ട്. മോക്ഷം ലഭിച്ചാലേ മായ നീങ്ങിപ്പോകുകകയുള്ളൂ. നിങ്ങളുടെ ദുഃഖങ്ങളോർത്തപ്പോൾ എനിക്കു തോന്നിയ ചില ചിന്തകളാണിവ! ഭക്തിയും കീർത്തിയുമുള്ള രാജാവേ, ചില വാർദ്ധക്യപീഡകളുണ്ടെങ്കിലും എനിക്കു നിന്റെ ബുദ്ധിയുടെ മഹത്വം കണ്ടറിയാൻ കഴിയുന്നുണ്ട്!

ശ്ലോകം 14 : (വൃത്തം : സ്രഗ്ദ്ധര)
ഭീമേ ജാമാതൃസന്ദർശനമുദിതമതൌ
തന്മതേനോന്മയൂഖ-
ശ്രീമദ്രത്നോപ്തകേതുദ്ഭടപടപിഹിതാർ-
ക്കേന്ദുതാരേ പുരേസ്മിൻ
പ്രാതഃപ്രീതൈരുപേതോ നള ഇഹ സുദിനേ
ഹന്ത ദിഷ്ട്യേതി പൌരൈർ-
ഗീതാമാകർണ്യ വാർത്താം സകുതുകമുതുപർ-
ണോവദത് പുണ്യകീർത്തിഃ

ജാമാതാവിന്റെ സന്ദർശനത്തിൽ അതീവസന്തുഷ്ടനായ ഭീമരാജാവിന്റെ നിർദ്ദേശപ്രകാരം രാജധാനിയാകെ രത്നങ്ങളും കൊടിതോരണങ്ങളും തൂക്കി അലങ്കരിച്ച്, അതിരാവിലെ പൌരജനങ്ങൾ 'നളനിതാ വന്നെത്തി'യെന്നു പാടി പുകഴ്ത്തുന്നതു കേട്ട ഋതുപർണ്ണൻ വിവരമറിഞ്ഞു നളനെ ചെന്നു കണ്ടു പറഞ്ഞു.

പദം 15 : ഋതുപർണ്ണൻ : (രാഗം : മോഹനം താളം : ചെമ്പട)
പല്ലവി : ഈശ്വരകാരുണ്യംകൊണ്ടേ നിഷധേശ്വര,
നിന്നെ ഞാൻ കണ്ടേൻ

നിഷധരാജാവേ, ഈശ്വരകൃപ മൂലം എനിക്കു നിന്നെ കാണാൻ ഭാഗ്യമുണ്ടായി.

അനുപല്ലവി : ആശ്രയം നീയിങ്ങെല്ലാർക്കും പണ്ടേ
തനുജിതകാമൻ പണ്ടേ മഹീതലസോമൻ പണ്ടേ പാർക്കിൽ

പണ്ടുതന്നെ നീ ഞങ്ങൾക്കെല്ലാവർക്കും ഒരാശ്രയമായിരുന്നു, കാമതുല്യനായതുകൊണ്ടു സുന്ദരനും, മറ്റുള്ളവർക്കു സാന്ത്വനം പകരുന്നതുകൊണ്ടു നീ ചന്ദ്രനുമായി!

ചരണം 1 : എന്തെല്ലാം ചെയ്തേൻ അപരാധം നിനക്കെന്നു
നമുക്കില്ല ബോധമെനിക്കിന്നതു കൊണ്ടുള്ളിൽ ഖേദം
നീയെൻ തലയിൽ വയ്ക്ക പാദമെന്നിയില്ലാധി
തണുപ്പനൽപ്പമെന്നതുകൊണ്ടെനിയ്ക്കില്ലൊരിളപ്പം!

അരുതാത്തതെന്തെല്ലാമാണു ഞാൻ ചെയ്തതെന്ന് എനിയ്ക്കൊരോർമ്മയുമില്ല. അതിൽ വല്ലാത്ത ഖേദം തോന്നുന്നു, നീയെന്റെ തലയിൽ കാലടികൾ വെയ്ക്കാതെ ആ സന്താപം തണുക്കാൻ പോകുന്നില്ല,

അതുകൊണ്ടെനിക്കൊരു കുറച്ചിലും വരാനില്ല!

ചരണം 2 : മൂർത്തി കണ്ടാലഭിരാമൻ വിദ്യയോർത്തുകണ്ടാലോ
നീ ഭീമൻ തമ്മിൽ മൈത്രിയിനി വേണം ധീമൻ എന്നും നാത്ര
ശങ്കാ പുണ്യനാമൻ വാസ്തവമോർക്കിലുദർക്കമനർഘം
ഹാർദ്ദത്തിനില്ലിങ്ങെനിക്കൊരിളക്കം

ദേഹകാന്തിയിൽ ശ്രീരാമനും അറിവിൽ പരമശിവനുമാണ് നീ! ഇനി നാമെന്നും ആത്മസുഹൃത്തുക്കളായി കഴിയണം, അതിലെനിക്കു യാതൊരു ശങ്കയുമില്ല, സത്യം പറഞ്ഞാൽ ഭാവി ശുഭോദർക്കമാണ്, എന്റെ സ്നേഹത്തിനൊരിളക്കവും വരാൻ പോകുന്നില്ല!

ചരണം 3 : പരിതാപം പോയങ്ങകന്നു നമ്മിൽ
പരിചയവായ്പുമിയന്നു അസ്മത്പരിപന്ഥികൾ പോയമർന്നു
ദൈവപരിണാമം നന്നെന്നു വന്നു പരിതോഷമുള്ളിൽ
എഴുന്നുയരുന്നു പരമതു കൊണ്ടു ഞാനിന്നിതിരന്നു

ദുഃഖങ്ങളൊക്കെ അകന്നുപോയി, നാം തമ്മിൽ സൌഹൃദവും വളർന്നു; നമ്മുടെ ശത്രുക്കളും പിൻവാങ്ങി, വിധിയുടെ ഈ പരിണാമം ശുഭമായിത്തീർന്നു; മനസ്സിൽ സന്തോഷം തോന്നുന്നതുകൊണ്ടാണു ഞാൻ നിന്റെ സൌഹൃദം തേടുന്നത്.

പദം 16 : നളൻ: (രാഗം : ഭൈരവി താളം : ചെമ്പട)
പല്ലവി : പ്രേമ തേ തു വൃണേ ഋതുപർണ, ഭൂമിപാലമണേ!

സൂര്യവംശത്തിലെ രാജാധിരാജനും സൌന്ദര്യത്തിൽ കാമദേവനു തുല്യനുമായ ഋതുപർണരാജാവേ,

അനുപല്ലവി : കാമരമ്യകളേബര, താമരബന്ധുകുലവര!

നീ ആത്മാർത്ഥമായി ആവശ്യപ്പെട്ട ആ സൌഹൃദം ഞാനിതാ സ്വീകരിക്കുന്നു!

ചരണം 1 : അപരാധം ചെയ്തതു ഞാനറിഞ്ഞുകൊണ്ടത്രേ
വീര്യവാരിനിധേ, അൻപെഴും നിൻ മുമ്പിൽ വന്നനൃതം
പറഞ്ഞില്ലേ ഞാൻ ധീരമതേ, അപരമില്ലൊരു പിഴയറിയാതേ
പോലും മമ സാരമതേ, അറിഞ്ഞുകൊണ്ടരുതെന്നിലരസത
രണജിതവൈരിതതേ രസസാരരതേ പരം!

വീരനായ രാജാവേ, ഞാനാണു മന:പൂർവം തെറ്റു ചെയ്തത്! ധീരനും ദയാപരനുമായ നിന്റെ മുമ്പിൽ വന്നു ഞാൻ നുണ പറഞ്ഞില്ലേ? മറ്റൊരു തെറ്റു ഞാനറിയാതെപോലും ചെയ്തിട്ടില്ല. യുദ്ധത്തിൽ ശത്രുക്കളെ വധിയ്ക്കുന്ന, വിഷയരസികനായ നീ അതിന്റെ പേരിലൊരു രസക്കേട് എന്നോടൊരിയ്ക്കലും കാണിയ്ക്കരുതേ!

ചരണം 2 : അതിവാസമിങ്ങു സുലഭമാമവനിയിലതു ധരിച്ചേൻ,
അതു മൂലം നിന്നെ സേവിച്ചയി നിൻ മതങ്ങളെ
ഞാനനുസരിച്ചേൻ, അറിയാതെപോയീ മൂവാണ്ടായി
കാലമിപ്പോളതു നിനച്ചേൻ, അതിശയമത്രയുണ്ടായീ നിൻ
ഗുണത്തിനതുമനുഭവിച്ചേൻ, ഉള്ളിലഭിരമിച്ചേൻ ചിരം!

ഇവിടെ ഇനിയും സുഖമായി കഴിയാൻ ഇടവരുമെന്നു ഞാനറിഞ്ഞിരുന്നു. അതാണു ഞാൻ നിന്നെ സേവിച്ചു നിന്റെ നിർദ്ദേശങ്ങളനുസരിച്ചു ജീവിച്ചത്, അങ്ങനെ അറിയാതെ മൂന്നു വർഷങ്ങൾ കടന്നുപോയി; ചിന്തിച്ചാൽ നിന്റെ വാത്സല്യം ഞാൻ നന്നായനുഭവിച്ചു, ഉള്ളിൽ വളരെ സന്തോഷിക്കുകയും ചെയ്തു!

ചരണം 3 : അക്ഷഹൃദയം വിദ്യയറിഞ്ഞപ്പോൾ മമ വിപദസ്തമയം,

അശ്വഹൃദയം നിനക്കധുനാ തരുവൻ, വരുമധ്വരയം അക്ഷയം
തമ്മിലൈകമത്യം ഇനി നമുക്കുണ്ടതൃദയം അസ്തു
പകുതി നമ്മിൽ പുകൾകൊണ്ടസ്ഥിരമത്രേ
വിത്തചയം നമുക്കസ്തുജയം ഭുവി

നിന്റെ പക്കൽനിന്ന് അക്ഷഹൃദയം പഠിച്ചതോടെ എന്റെ ആപത്തു കളെല്ലാം അകന്നുപോയി. ഇനി നിനക്കു ഞാൻ അശ്വഹൃദയം ഉപ ദേശിച്ചു തരാം. നമ്മുടെ ഈ സൌഹൃദം ഒരിക്കലും നശിക്കില്ല, വള രെ കാലത്തേക്കു നമുക്കു യശസ്സു നിലനിൽക്കും, അസ്ഥിരമാണു ധനം; നമുക്കിനി സർവോൽക്കർഷം ഭവിയ്ക്കട്ടെ!

രംഗം 10 : കുണ്ഡിനരാജധാനി

ശ്ലോകം 15 : (വൃത്തം : സ്രഗ്ദ്ധര)
ഈവണ്ണം ചൊല്ലി വിദ്യാം നളനുടനൃതുപർണ്ണനു നൽകീ മുഹൂർത്തേ
ഭാവം നന്നായ് തെളിഞ്ഞങ്ങഥ നിജനിലയം പുക്കു സാകേതനാഥൻ
വൈവർണ്യം നീക്കിവാണൂ രമണിയൊടു നളൻ കുണ്ഡിനേ മാസമാത്രം
താവന്നിർവ്യാജരാഗം രഹസി ദയിതയോടേവമൂചേ കദാചിത്

ഇപ്രകാരം പറഞ്ഞു ഋതുപർണനൻ നളനു നല്ല മുഹൂർത്തം നോക്കി അ ശ്വഹൃദയമന്ത്രം ഉപദേശിച്ചു കൊടുത്തു. മനസ്സു കുളിർത്ത ഋതുപർണ രാജാവ് അയോദ്ധ്യയിൽ തിരിച്ചു ചെന്നു വളരെക്കാലം സുഖമായി വാണു. നളൻ ദമയന്തിയുടെ ഭാവഭേദങ്ങൾ നീക്കിക്കളഞ്ഞു കുണ്ഡി നത്തിൽ സുഖമായിരിയ്ക്കുമ്പോൾ ഒരു ദിവസം നിർവ്യാജമായ പ്രേമ ത്തോടെ പ്രിയയോടു സ്വകാര്യമായി പറഞ്ഞു.

പദം 17 : നളൻ: (രാഗം : കേദാരഗൌള താളം : ചെമ്പട)
പല്ലവി : വല്ലഭേ മമ വാക്കു കേൾക്ക നീ വനിതാരത്നമേ

വനിതാരത്നമായ പ്രിയതമേ, നീ എന്റെ വാക്കുകൾ കേൾക്കൂ!

അനുപല്ലവി : കല്യശീലേ കമലനയനേ കാമിനിമാർകുലമൌലേ!

സുന്ദരിയും സുശീലയും കുലസ്ത്രീകളുടെ മകുടവുമാണു നീ!

ചരണം 1 : കാലം കല്യാണി, മൂന്നു വർഷമായി നമ്മുടയ രാജ്യം
ഖലനനുഭവിക്കുന്നു കൃതധർഷനായി തസ്കരനായ പുഷ്കരൻ,
കലി തുണയ്ക്കയാൽ ബലപുഷ്കലൻ,
കരുത്തുകൊണ്ടു ഞാൻ മുഷ്കരൻ തൻ വധം ന ദുഷ്കരം വല്ലഭേ

സുന്ദരി, കലിയുടെ സഹായത്താൽ ശക്തനും ദുഷ്ടനുമായ ആ പുഷ്കരൻ മൂന്നു വർഷമായി നിരന്തരം നമ്മെ വെല്ലുവിളിച്ചു നമ്മുടെ രാജ്യം ഭരിക്കുന്നു. മുഷ്കരനായ അവനെ സ്വന്തം കൈയൂക്കു കൊണ്ടു നേരിട്ടു ഞാനുടനെ വധിക്കുന്നുണ്ട്!

ചരണം 2 : സൈ്വരം നീ വാഴ്ക താതനിലയനേ സുതരൊട്ടും കൂടെ
സുഭഗേ, ചിലദിനമിവിടെ സുവദനേ ഞാൻ ചെന്നു രിപുധനം
ചെയ്തയയ്ക്കുന്നു തവ വാഹകം താവകമിഹ സദനം പ്രതി നാഗരികജനം

നീയിവിടെ കുട്ടികളുമായി അച്ഛന്റെ കൂടെ കുറച്ചുദിവസം സുഖമായി താമസിയ്ക്കൂ! ഞാൻ നേരേ ചെന്നു ശത്രുക്കളെ തോൽപ്പിച്ചശേഷം നിന്നെ കൂട്ടിക്കൊണ്ടു വരാനുള്ള വാഹനവുമായി ചില പൌരജനങ്ങളെ പറഞ്ഞുവിടാം!

പദം 17 : ദമയന്തി: (രാഗം : ആനന്ദഭൈരവി താളം : ചെമ്പട)
ചരണം 1 : ‘നാഥ നിന്നൊടു വേർപിരികിലോ പെരുതേ വേദന,
നഹി മേ സന്താപമന്തം വരികിലോ’ സ്മർത്തവ്യമിതു നിത്യവും
ഇഹ കഥ്യത ഇതു നിസ്തൂപം ‘പ്രസ്ഥിതാസ്മ തത്ര ഞാൻ യത്ര

വാസി കുത്ര വാ' വല്ലഭ മമ വാക്കു കേൾക്ക നീ വന്ദേ നിൻപദം

പ്രാണനാഥ, നിന്നെ പിരിയാൻ എനിക്കു വല്ലാത്ത മനോവേദന തോന്നുന്നു; ഇത്രയും ദുഃഖം ജീവൻ വെടിഞ്ഞാൽപ്പോലുമുണ്ടാവില്ലെന്ന വസ്തുത നീയെന്നും ഓർക്കണം. ലജ്ജ കൂടാതെ ഞാൻ പറയട്ടെ: 'നീയെവിടേയ്ക്കാണോ അങ്ങോട്ടുതന്നെ വരാൻ ഞാൻ തീരുമാനിച്ചു!'. നിന്റെ പാദം വണങ്ങി ഞാനനുവാദം ചോദിയ്ക്കട്ടെ!

രംഗം 11 : നിഷധരാജധാനി

ശ്ലോകം 16 : (വൃത്തം : ഇന്ദ്രവജ്ര)
ആമന്ത്ര്യ കാന്താം വിരഹാസഹാം താം ഭീ
മം തതോന്യാനപി നൈഷധോസൌ
ശ്രീമന്തമാരുഹ്യ ഗജം സസൈന്യോ
ഹേമന്തവത് പുഷ്കരഹാനയേഗാത്

തുടർന്നു വിരഹം പൊറുക്കാനാവാത്ത പത്നിയേയും പുത്രരേയും ശ്വശുരനേയും ആശ്വസിപ്പിച്ച് കൊമ്പനാനപ്പുറത്തു കയറി സൈന്യസമേതനായ നളൻ ഹേമന്തഋതുവെന്നപോലെ പുഷ്കരനോടു നേരിട്ടു യുദ്ധം ചെയ്യാൻ പുറപ്പെട്ടു.

പദം 18 : നളൻ : (രാഗം : ശങ്കരാഭരണം താളം : അടന്ത)
പല്ലവി : അതിപ്രൌഢ! അരികിൽ വാടാ ചൂതു പൊരുവാനായ്

മുതിർന്നവരെ ധിക്കരിയ്ക്കുന്ന വിടുവായനായ നീ ചൂതു കളിക്കാൻ അടുത്തു വാ!

അനുപല്ലവി : മമ പ്രാണപര്യന്തം മറ്റൊന്നില്ലിനി വേല!

ജീവിതാവസാനംവരെ എനിയ്ക്കിനി മറ്റൊന്നിലും ശ്രദ്ധയില്ല!

ചരണം 1 : ഇനിയുമൊരിക്കലെന്നെ ജയിക്കേണം,
ഇതിനു പണയം പറയാമതു ധരിക്കേണം,
ധനവും പ്രാണനും തോറ്റാലൊഴിക്കേണം, ജയിച്ചാൽ
മനവും തെളിഞ്ഞു രാജ്യം ഭരിക്കേണം, സുഖിക്കേണം!

ഒരിയ്ക്കൽക്കൂടി നീയെന്നെ ജയിച്ചേ പറ്റൂ! പണയത്തെക്കുറിച്ചു ഞാൻ പറയുന്നതു നീ ശ്രദ്ധിച്ചു കേൾക്കു, തോറ്റാൽ ധനവും പ്രാണനും അടിയറ വെയ്ക്കണം; ജയിച്ചാൽ തെളിഞ്ഞ മനസ്സോടെ രാജ്യം ഭരിച്ചു ചിരകാലം സുഖിക്കാം!

ച

രണം 2 : പണ്ടേ ഇരുന്ന ധനം നിനക്കു ഞാൻ തന്നു രണ്ടാമതും
തേടിനേൻ കണക്കേ ഞാൻ മിണ്ടാതിരിക്കും താപം തണുക്കിൽ
ഞാനിനിയോ മിണ്ടീടാം മഹാദേവൻ തുണയ്ക്കയാൽ നിനയ്ക്ക നീ

എന്റെ ധനം മുഴുവൻ പണ്ടു ഞാൻ നിനക്കു തന്നു, പക്ഷേ വീണ്ടും കണക്കറ്റ ധനം ഞാൻ നേടി, അന്നു നിന്നോടുണ്ടായിരുന്ന വിദ്വേഷം ശമിച്ചിരുന്നെങ്കിൽ ഇന്നു ഞാൻ നിന്നെ വന്നു വെല്ലുവിളിക്കുമായിരുന്നില്ല, ശിവന്റെ അനുഗ്രഹം മൂലം എനിക്കിന്നു നിന്നെ ചൂതിനു വിളിക്കാൻ കഴിഞ്ഞു!

ചരണം 3 : ദ്യൂതമിനിത്തുടർന്നാൽ അപജയമെന്നു ചേതസി
നിനയ്ക്ക നീ യദി ഭയം നീ തരിക മേ
മഹാരണഭയമെനിയ്ക്കോഭേദമില്ലൊരുപോലെ തദ്ദ്വയം ദൃഢജയം!

ഇനി ചൂതു കളിച്ചാൽ തോൽക്കുമെന്ന ഭയമുണ്ടെങ്കിൽ നമുക്കു നേരിട്ടു യുദ്ധം ചെയ്യാം! യുദ്ധത്തിലും ചൂതിലും വിജയിക്കാമെന്ന നല്ല ബോദ്ധ്യം ഇന്നെനിയ്ക്കുണ്ട്!

ശ്ലോകം 17 : (വൃത്തം : ശാർദ്ദൂലവിക്രീഡിതം)
ധീരോദാത്തഗുണോത്തരോദ്ധുരസുസംരബ്ധോദ്ധതാർത്ഥാം ഗിരം
സ്വൈരാരാദ്ധവിധാതൃദാരവിഹിതോദാരപ്രസാദാന്മുഖാത്
ആരാദാർത്തമനാ മനാങ് നിശമയൻ മാനാഭിമാനോന്മനാ
ദൂരാപാസ്തനയഃ സ പുഷ്കര ഉപേത്യാഭാഷതേ നൈഷധം

സരസ്വതിയുടെ ദയ മൂലം നളന്റെ നാവിൽനിന്നും പുറപ്പെട്ട, ഗൌരവവും ഔന്നത്യവും ഔദ്ധത്യവും കലർന്ന ധീരോദാത്തമായ വാക്കുകൾ ദൂരെ നിന്നു കേട്ടു മനസ്സൊന്നിളകിയെങ്കിലും ഗർവ്വും അഭിമാനവുംകൊണ്ടു സ്വബോധം നശിച്ചു സാമാന്യമര്യാദ വിട്ടകന്ന പുഷ്കരൻ നളന്റെ അടുത്തു ചെന്നു പറഞ്ഞു.

പദം 19 : പുഷ്കരൻ: (രാഗം : സാരംഗം താളം : അടന്ത)
പല്ലവി : നന്നേ വന്നതിപ്പോൾ നീ താൻ നള നരലോകവീര!

വീരനായ നള! തോറ്റോടിപ്പോയ നീ തിരിച്ചു വന്നതു നന്നായി!

അനുപല്ലവി : നയനിധേ നീയും ഞാനും
നവനവനൈപുണം ദേവനരണമിന്നു ചെയ്തിടണം

നയചതുരനായ നീയും ഞാനും തമ്മിൽ പുതിയ ചില തന്ത്രങ്ങളുമായി ഇന്നുതന്നെ നേർക്കു നേരേ ചൂതുകളി തുടങ്ങാം!

ചരണം 1 : മുന്നേയുള്ള ധനങ്ങൾ മുഴുവനേയിങ്ങടങ്ങി
മുദിതമതിരഹമതിതരാം ഉദ്രിക്തമായതു മദ്ബലം
ബഹുവിദിതചരമിനി ദേവനേ ജയമെങ്കിലെന്തിനു ശങ്കയിന്നിഹ?
മുന്നേയുള്ള ധനങ്ങൾ മുഴുവനേയിങ്ങടങ്ങി
നിന്നെ വനവാസത്തിനയച്ചേനേ, പിന്നെ വന്നാനേ, നന്നധികം,

ഒന്നു നിർണയം വീരസേനനന്ദന, മൂഢ, മൂഢ!

പണ്ടു നിന്റെ സമ്പത്തു മുഴുവൻ കൈക്കലാക്കി ഞാൻ സന്തുഷ്ടനായി. ഞാനാണു സൈന്യബലത്തിൽ മെച്ചമെന്നു പരക്കെ എല്ലാവർക്കുമറിയാം. ഇനി ചൂതിനാണു ഭാവമെങ്കിൽ എനിയ്ക്കൊരാശങ്കയുമില്ല! അന്നു നിന്റെ സമ്പത്തു മുഴുവൻ കൈക്കലാക്കി ഞാൻ നിന്നെ കാട്ടിലേക്കു പറഞ്ഞുവിട്ടു, ഇന്നു നീ വീണ്ടും വന്നതു നന്നായി, മൂഢനായ നള, ഇന്നു രണ്ടിലൊന്നു തീരുമാനിക്കണം!

ചരണം 2 : പുനരപി ധനം തവ ഭൂരി മറ്റെന്തു ചൊൽക
പൂവലണിതനു രമണിയൊഴിയവേ ബുദ്ധിശക്തിയുമസ്തമിച്ചിതു
താവും വസനമോ ഭൂഷണങ്ങളോ നാവോ പാണിയോ
ഭീമസേനയോ പുനരപി ധനം തവ ഭൂരി മറ്റെന്തു ചൊൽക!
പൂതമധുമൊഴിയാളാം ഭൈമിയെപ്പുണരുവതിന്നു മേ സമ്പ്രതി
തരുവാനോ നീ വന്നു? നേരറിഞ്ഞേനേ നള, വൈരസേനേ!

ദമയന്തിയൊഴികെ നിനക്കിപ്പോൾ മറ്റെന്താണു പണയം വെയ്ക്കാനുള്ളത്? നിന്റെ സാമാന്യബുദ്ധിയും നഷ്ടപ്പെട്ടോ? സ്വന്തം വസ്ത്രമോ മാലകളോ നാവോ കൈയോ ഭീമരാജാവു തന്നയച്ച സൈന്യമോ എന്താണു നിന്റെ കൈവശമുള്ള പണയമെന്നു പറയൂ! തേന്മൊഴിയായ ദമയന്തിയെ ആലിംഗനം ചെയ്യാനുള്ള ഒരവസരമാണോ നീയിപ്പോൾ എനിയ്ക്ക് അടിയറ വെയ്ക്കാനൊരുങ്ങുന്നത്! വീരനായ നള, എനിയ്ക്കു കാര്യം നല്ലവണ്ണം മനസ്സിലായി!

ചരണം 3 : നളൻ: പ്രൌഢത ഭാവിച്ചു പേ പറവതോ മൂഢ?
പേടിലവമതു പോയിതോ, തവ പേശലാംഗി മത്പ്രേയസീം
പ്രതി? പാടവം കപടത്തിനെന്നിയേ എന്തിനുള്ളതു ഹന്ത തേ
വദ! പ്രൌഢത ഭാവിച്ചു പേ പറവതോ മൂഢ
കൂടസാക്ഷിയല്ലയോ നീയെടോ? നാടീരേഴിന്നും ചോടേ നീ
വീഴണം നരകത്തിൽ നീചമാനസ! നിന്നെ വിടുവനോ?

നന്നേ ചൊന്നതിപ്പോൾ നീ താൻ നയാനയബോധഹീന!

വകതിരിവുകെട്ടവനേ, ബുദ്ധിമാനെന്നു ഭാവിച്ച നീ പിച്ചും പേയും പുലമ്പുന്നോ? ജ്യേഷ്ഠപത്നിയായ ദമയന്തിയെ നിനക്കൊരു കൂസലുമില്ലെന്നോ? ചതിയ്ക്കാനല്ലാതെ നിനക്കു മറ്റെന്തു കഴിവുണ്ട്? കേൾക്കട്ടെ! ബുദ്ധിമാനായി ഭാവിച്ച നീ പിച്ചും പേയും പുലമ്പുന്നോ? നീയൊരു കള്ളസാക്ഷിയല്ലേ? ഈരേഴ പതിന്നാലു ലോകങ്ങൾക്കും കീഴിലുള്ള നരകത്തിൽത്തന്നെ നീ ചെന്നു വീഴണം! ഇന്നു നിന്നെ ഞാൻ വെറുതെ വിടുമോ? നീതിയും അനീതിയും തിരിച്ചറിയാത്ത നീ പറഞ്ഞതു കൊള്ളാം!

ശ്ലോകം 18 : (വൃത്തം : സ്രഗ്ധര)
വാദിച്ചേവം കയർത്തു, വടിവൊടിരുവരും ചൂതിനായങ്ങെതിർത്തു,
മോദിച്ചേ വന്നടുത്തു, പലരുമിഹ നളന്നന്നു ദാക്ഷ്യം പെരുത്തു,
ബാധിച്ചോനെക്കെടുത്തു, ബഹുജനനടുവേ വൈരമുൾക്കൊണ്ടടുത്തു,
ശാസിപ്പാൻ വാളെടുത്തു, ചകിതമവരജം പാരമാടലെടുത്തു!

അങ്ങനെ രണ്ടുപേരും പരസ്പരം വാദിച്ചു തട്ടിക്കയറി, ചൂതു കളിയ്ക്കാനിരുന്നു, നളനെ കണ്ടു പലരും അടുത്തേയ്ക്കു ചെന്നു, ചൂതുകളിയിൽ നളൻ പെട്ടെന്നു മുന്നേറി എതിരാളിയെ തോൽപ്പിച്ചു; ജനങ്ങൾക്കിടയിലൂടെ യുദ്ധത്തിനായി നേരിട്ടു വന്ന പുഷ്കരൻ നളൻ വാളെടുക്കുന്നതു കണ്ടു പേടിച്ചു പതുങ്ങി നിന്നു.

പദം 20: നളൻ: (രാഗം : തോടി താളം : അടന്ത)
പല്ലവി : ജീവിതം തേ സംഹരാമി നാവു മുന്നേ ഭാവമുള്ള
ദുർമ്മതേ, നീച, ചിരായ വേപസേ കിം?

നീചനും ദുർബുദ്ധിയുമായവനേ, നിന്റെ ജീവൻ ഞാനിതാ സംഹരിക്കുന്നു, അതിനു മുമ്പ് നിന്റെ നാവു ഞാൻ മുറിച്ചു കളയട്ടെ, എന്താ

ണ്ട നീയിങ്ങനെ നിന്നു വിറയ്ക്കുന്നത്?

അനുപല്ലവി : ആവിലിതശശികുലമതിചപലമാശു നിന്നെ ഞാനിന്നു കൊല്ലുകിലാറുമോ ചീർത്തൊരു വൈരമപരാധജമേതേതു വിധം?

ചന്ദ്രവംശത്തിനു കളങ്കം വരുത്തിവെച്ച ചപലനായ നിന്നെ കൊന്നതുകൊണ്ടു മാത്രം നിന്റെ നിരവധി കുറ്റങ്ങൾ മൂലം എനിക്കുണ്ടായ വൈരം ശമിയ്ക്കുമോ?

ചരണം 1 : കൊല്ലുവാനെന്നല്ല ദുരാശയ, കോപമധികമുണ്ടെങ്കിലും
എനിയ്ക്കല്ലയോ പണയം വെച്ചു ചൂതിനിങ്ങുള്ളൊരു ധനചയം
ജീവനും നവപല്ലവാംഗി മധുരവാണി ഭൈമിയുമിങ്ങുവന്നു
നീ പറഞ്ഞ വാക്കിനു നല്ല ശിക്ഷയെന്തുവേണ്ടുവെന്നതു
നിധനമെങ്കിലതു നമുക്കു ചേർന്നതും

ദുഷ്ട, കോപമുണ്ടെങ്കിലും നിന്നെ പക്ഷേ കൊല്ലാൻ തോന്നുന്നില്ല. സമ്പത്തും ജീവനും എനിക്കു പണയം വെച്ചു നീ കീഴടങ്ങിയല്ലോ! നിന്റെ കടുത്ത വാക്കിനു തക്ക ശിക്ഷ ഇനി ദമയന്തി വന്നിട്ടു തീരുമാനിയ്ക്കാം! അവൾ മരണമാണു നിനക്കു വിധിക്കുന്നതെങ്കിൽ എന്റെ മനോഗതംപോലെതന്നെ നടക്കും!

ചരണം 2 : ധൃഷ്ടനായ് നീ പണ്ടു ജയിച്ചതു കിതവ, ന തവ
കേൾ കുശലതാ കലിദിഷ്ടമായി മന്മാനസമനുദിനമിന്നിതക-
തളിരിലവഗതം തവ പിഷ്ടപേഷമതിനു ദുഷ്ട,
നിഷ്ഠുരമുഷ്ടിഘട്ടനം ദ്രഢിഷ്ഠമെങ്കിലുമൊട്ടുമില്ല
ശിഷ്ടലോകകുതുകം കരിണമേവ ഹരിർന ഹന്തി കിരിമപി

ധൂർത്തനായ നീ പണ്ടെന്നെ ചൂതിൽ ജയിച്ചതു നിന്റെ കഴിവുകൊ

ണ്ടല്ല, അന്നെന്റെ മനസ്സ് കലി ബാധിച്ചതു മൂലമാണെന്ന വ്യക്തമായി, ശവത്തെ തോണ്ടുന്ന നിന്റെ ദുഷ്ടതക്കു കനത്ത പ്രഹരമാണു തക്കതായ ശിക്ഷ; സജ്ജനങ്ങൾക്കു പക്ഷേ അതിഷ്ടപ്പെടില്ല; സിംഹം ആനയെ കൊല്ലാറുണ്ട്, പന്നിയെ പതിവില്ല!

ചരണം 3 : 'നീരസം നിന്ദാപദമതിതരാം വീരസേനസുതനേകദാ
കൃതവൈരമാതുരം ഭ്രാതരം കൊന്നു ചൂതു പൊരുതു ബത
രോഷിതനായ് പോരി'ലെന്നു വീരരായ പരിഷകൾ പാഴ്
പറഞ്ഞു പരിഹസിപ്പരെന്നതു പാരമിങ്ങസാരതേതി
ചേതസി ഭാവന ഭവാനു ജീവനൌഷധം!

'വീരസേനപുത്രനായ നളനൊരിയ്ക്കൽ സഹോദരവൈരം മൂത്തു നിസ്സഹായനായ അനുജനെ ചൂതു കളിച്ചു യുദ്ധത്തിൽ കൊന്നു കളഞ്ഞതു കഷ്ടമാ'യെന്നു പിന്നീടു കാര്യമറിയാതെ ചിലർ പരിഹസിക്കാനിട വരുമെന്ന ചിന്ത ഇന്നിപ്പോൾ പക്ഷേ നിന്റെ ജീവനൊരു മൃതസഞ്ജീവനിയായി മാറിയിരിക്കുന്നു!

ശ്ലോകം 19 : (വൃത്തം : ശാലിനി)
കൊല്ലാഞ്ഞാലോ കൊൽകിലോ നല്ലതെന്ന-
ങ്ങുല്ലാസത്തോടോർത്തു നിന്നു നളൻ താൻ,
നില്ലാതോളം കൌതുകാൽ വന്നിതപ്പോൾ
കല്യാണാത്മാ ഹംസരാജൻ ബഭാഷേ

പുഷ്കരനെ കൊല്ലുകയോ വിട്ടയയ്ക്കുകയോ വേണ്ടതെന്നു തീരുമാനിക്കാൻ കഴിയാതെ നളൻ സംശയിച്ചു നിന്നപ്പോൾ പഴയ സുഹൃത്തായ ഹംസം സന്തോഷത്തോടെ ഓടി വന്നു പറഞ്ഞു.

പദം 21 : ഹംസം: (രാഗം : മോഹനം താളം : ചെമ്പട)
പല്ലവി : നിഷധേന്ദ്ര ബന്ധുകുമുദാകുരചന്ദ്ര നീ ജയിക്ക നയവാരിധേ!

ആമ്പൽപ്പൂവിനു ചന്ദ്രനായ നള, നിനക്കു മംഗളം ഭവിയ്ക്കട്ടെ!

അനുപല്ലവി : ഏഷിതോസ്മി ഞാനിഹ സഖേ,
സമാപ്തവാൻ വിഷമങ്ങൾ തീർന്നു തേ വീര്യമുണ്ടായ് വരിക!

സുഹൃത്തേ, ഇതാ സന്തോഷപൂർവം ഞാനെത്തി. ദുർവിധികൾ തീർന്നു നിനക്കു വീര്യവും ബലവുമുണ്ടാവട്ടെ!

ചരണം 1 : ബന്ധുവാകിൽ വിപദി വേണ്ടൂ,
ഭവ്യം വരുമ്പൊഴുതാരില്ലാത്തൂ എന്നു ഞാനറിഞ്ഞിട്ടും
വന്നില്ലിത്ര നാളും വെന്തു മേ ഹൃദയമാകിലെന്നതു കൊണ്ടെന്തു
ഫലമെന്തു ചൊൽവൂതന്യായം നിന്നൊടു കലി വിരോധം

ആപത്തിലാണു ബന്ധുവിന്റെ ആവശ്യം! സുഖത്തിലാരാണു സൗഹൃദം ഭാവിയ്ക്കാത്തത്? സത്യമറിഞ്ഞിട്ടും നിന്റെ അടുത്തേയ്ക്കു ഞാൻ വന്നില്ല, എന്റെ ഹൃദയം നീറിയാൽ നിനക്കെന്തു ഗുണം? കലി നിന്നോടു ചെയ്തതു തീർത്തും അന്യായമായിപ്പോയി!

ചരണം 2 : നളിനഭവനിലയനാൽ ഞാനിഹാഗതനായി നള,
നിന്നോടൊന്നു ചൊല്ലുവാൻ അരുളിച്ചെയ്തു ധാതാ 'നലമൊടേ
ഭൈമിയോടൊരുമിച്ചു നീ ധരണി തന്നിൽ
നവനവവിഭൂതിരസമനുഭവിച്ചു വസിക്കയെന്നായ്

സത്യലോകത്തു നിന്നു ബ്രഹ്മാവിന്റെ ഒരു സന്ദേശവുമായാണു ഞാൻ വന്നിരിയ്ക്കുന്നത്. അദ്ദേഹം നിന്നോടിങ്ങനെ പറയുന്നു: 'നീ ദമയന്തിയുമായി ഭൂമിയിൽ ഐശ്വര്യസമൃദ്ധിയോടെ പരമാനന്ദം അനുഭവിച്ചു വളരെക്കാലം വാഴാനിടവരട്ടെ!'

ചരണം 3 : പുനരപി വിശേഷിച്ചൊന്നരുളിച്ചെയ്തു കേൾക്ക നീ
'ഭുജഗുണനിധേ വധിയായ്ക പുഷ്കരനെ'യെന്നും '
ഭുവി ദിവി തവ കീർത്തിർദ്ദുരിതഫലശമനീ'തി
ഭുവനപതിയനുഗ്രഹിച്ചു ഭൂപ തേ കുശലമസ്തു!

മാത്രമല്ല, വിശേഷിച്ചൊരു നിർദ്ദേശം കൂടി അദ്ദേഹം പറഞ്ഞയച്ചിട്ടുണ്ട്: 'വീരനായ നീ പുഷ്കരനെ വധിയ്ക്കരുത്!' സ്വർഗത്തിലും ഭൂമിയിലും ദുരിതങ്ങൾക്കൊരു മരുന്നായി നിന്റെ കഥകൾ പരക്കും!' രാജാവേ, ഇനി മേലിൽ നിനക്കു നല്ലതു വരട്ടെ!

പദം 22 : നളൻ: (രാഗം : പന്തുവരാളി താളം : പഞ്ചാരി)
പല്ലവി : സ്വാഗതം ദയാപയോനിധേ
ഹംസരാജ, ഭാഗധേയപൂരവാരിധേ

പ്രിയസുഹൃത്തായ ഹംസമേ, ദയാവാരിധിയും എന്റെ ഭാഗ്യങ്ങൾക്കു കാരണവുമായ നിനക്കു സ്വാഗതം!

അനുപല്ലവി : ഏതതാനതാ നിനക്കു ശോകതാനവേ മമൈവ

എന്റെ ദുഃഖശമനത്തിനു നീയെന്നും മനസ്സു വെച്ചിരുന്നല്ലോ!

ചരണം 1 : എന്നെ നീ മറന്നുവെന്നു ഖിന്നനായി ഞാനിരുന്നു
ധന്യചരിത, വന്നതിന്നു നന്നുനന്നഹോ
മുന്നമാധികർണധാരനിന്നുമരികിൽ വന്നുചേർന്നു,
വന്നു മേ വിപന്നിരാസമെന്നു നിർണയം ഹംസരാജ!

നീയെന്നെ മറന്നുപോയതിൽ സങ്കടം തോന്നിയ നേരത്തുതന്നെ ധന്യനായ നീ വന്നതു നന്നായി. സ്വയം കപ്പിത്താനായി നിന്നു നീയെന്നെ സങ്കടക്കടലിൽ നിന്നു രക്ഷിച്ചു. നീ വന്നതോടെ എന്റെ ആ

പത്തുകൾ സകലതുമവസാനിച്ചു, തീർച്ച!

ചരണം 2 : നളൻ (പുഷ്കരനോട്) : പുഷ്കരാസനാജ്ഞ കേട്ടു
പുഷ്കലാദരേണ ഹന്ത, പുഷ്കര ഭവാനെ ഞാൻ വധിയ്ക്കകില്ലിനി
ത്വത്കൃതാപരാധമല്ല ദുഷ്കലീഹിതം തദഖിലം,
മത്കുലീനനായി നീയിരിയ്ക്ക ഭൂമിയിൽ സുഖേന പോക വാഴ്ക
നീ യഥാസുഖം, ത്വയി മമാസ്തു പൂർവതോപി പ്രചുരകൌതുകം

ബ്രഹ്മാവിന്റെ നിർദ്ദേശം ആദരവോടെ കൈക്കൊണ്ടു പുഷ്കര, ഞാൻ നിന്നെ വധിയ്ക്കുന്നില്ല! എനിയ്ക്കുണ്ടായ ദുഃഖങ്ങൾ നീ കാരണമല്ല കലി ബാധിച്ചതുകൊണ്ടു വന്നതാണ്, എന്റെ കുടുംബാംഗമായി നീ വളരെക്കാലം സുഖമായി ജീവിയ്ക്കാൻ ഇടവരട്ടെ! എനിക്കു നിന്നോടു പണ്ടത്തേക്കാൾ കൂടുതൽ ഇന്നു വാത്സല്യം തോന്നുന്നു, ഇനി നിനക്കു പോകാം!

ചരണം 3 : പുഷ്കരൻ (നളനോട്) : ക്ഷോണിപാല ഞാനൊരോന്നേ
ബാലചാപലേന ചെയ്തു കാണതഖിലവും നരേന്ദ്ര, കലിവിലാസമേ
പ്രാണനേയും പണയമാക്കി മൌനമിനിയെനിയ്ക്കു നല്ലൂ,
നൂനം ഭവദധീനം നിധനമവനമെങ്കിലും അവനിപാലധുർവഹോ
ഭവാനഹോ ഭുവോ നള ചിരായ സാർവഭൌമനായി വാഴ്ക നീ!

രാജാവേ, ഞാൻ ചെയ്തു ഓരോ തെറ്റും ബാലചാപല്യമായി കരുതി ക്ഷമിയ്ക്കണം, എല്ലാം കലിയുടെ കൌശലമായിരുന്നു. ജീവൻതന്നെ പണയമാക്കിയ ഞാൻ ഇനിയൊന്നും മിണ്ടാതിരിക്കുന്നതാണു നല്ലത്! എന്റെ നിഗ്രഹാനുഗ്രഹങ്ങൾ ഇനി നിനക്കു തീരുമാനിക്കാം. രാജാവേ, ഭരണഭാരം വഹിക്കുന്ന നീ സകല ഭൂമിയ്ക്കും നാഥനായി വളരെ കാലത്തോളം സുഖിച്ചു വാഴാനിടവരട്ടെ!

ശ്ലോകം 20: (വൃത്തം : സ്വാഗത)

പുഷ്കരൻ മനസി പുഷ്കലമോദം പുക്കുവാണു നിജമേവ നികേതം
സത്കൃതിം നളകൃതാം സ ഗൃഹീത്വാ തത്ക്ഷണം നളമുവാച ഖഗേന്ദ്ര!

അങ്ങനെ പുഷ്കരൻ സന്തോഷത്തോടെ സ്വന്തം മന്ദിരത്തിൽ ചെന്നു സുഖമായി രാജോചിതമായ നിലയിൽ താമസിച്ചു. നളന്റെ ആതിഥ്യ പൂജ സ്വീകരിച്ച ശേഷം ഹംസം നളനോടായി പറഞ്ഞു

പദം 23 : ഹംസം: (രാഗം : സൌരാഷ്ട്രം താളം : അടന്ത)
പല്ലവി : അഖിലം കല്യാണം നമുക്കിനിയവികലമമിതഫലം

ഇനി നിനക്കും ബന്ധുക്കൾക്കും യാതൊരു കുറവുകളുമില്ലാത്ത അള വറ്റ ഫലം ലഭിക്കുന്ന മംഗളം ഭവിയ്ക്കട്ടെ!

അനുപല്ലവി : അകിൽമണമെഴും നിൻ
ഗുണപരിമളമഖിലഭുവനങ്ങളിൽ ഇണങ്ങിവിളങ്ങിടേണം

ചന്ദനത്തിന്റെ സുഗന്ധമുള്ള നിന്റെ ഗുണഗണങ്ങളുടെ പരിമളം സ കല ലോകങ്ങളിലും വിടർന്നു പരക്കട്ടെ!

ചരണം 1 : ആപത്തകന്നൊരു നിന്നെക്കണ്ടേൻ,
നിന്നോടാതിഥ്യമാധുര്യം ഞാൻ കൈക്കൊണ്ടേൻ,
ആധി ബാധിച്ചിന്നു കുതുകം പൂണ്ടേനേറ്റം ജാതിചാപല്യമോ
നമുക്കു പണ്ടേ സുദിനമെത്രയുമെന്നു ചൊൽവോരതിനു
കുറ്റവുമുണ്ടു ചെറ്റിഹ സുതനോടും നിജസുതയോടും
സഹ സുതനു ഭൈമി വരായ്കയാൽ!

ആപത്തുകളകന്ന നിന്നെ ഞാൻ കാണുകയും നിന്റെ ആതിഥ്യമാ ധുര്യം ആസ്വദിക്കുകയും ചെയ്തു! നിന്റെ ദുർവിധിയെക്കുറിച്ചു ചിന്തിച്ച് വിഷാദാകുലനായിരുന്ന എനിക്കു സന്തോഷമായി. ഒരുപക്ഷേ ജന്മ

ചാപല്യം കൊണ്ടായിരിയ്ക്കാം, ഞാനിവിടെ ഈ സുദിനത്തിൽ വലിയൊരു കുറവു കാണുന്നുണ്ട്, രണ്ടു മക്കളുടേയും പത്നിയായ ദമയന്തിയുടേയും അസാന്നിദ്ധ്യം മൂലമുള്ള കുറവ്!

ചരണം 2 : നളൻ: അരികത്തു വന്നിങ്ങിരിയ്ക്ക, സഖേ ഹംസ,
പെരികെ തെളിഞ്ഞിതെനിയ്ക്കയി കേൾ നരകത്തിൽനിന്നു
കരയേറിനേനറിക, അരികിൽ തിലോദരി വരികിലിപ്പോൾ
സരസിജാസനശാസനം മമ ശിരസി ഭൂഷണമാക്കി നീയിഹ
ഹരിണനേർമിഴി ഭൈമിവരുവോളം അരികിൽ മമവാസം പിരികൊലാ

സുഹൃത്തേ, എന്റെ അടുത്തു വന്നിരിക്കൂ, എന്റെ മനസ്സു തെളിഞ്ഞിരിക്കുന്നു. ഇപ്പോൾ ദമയന്തിയുണ്ടായിരുന്നെങ്കിൽ നരകത്തിൽനിന്നു കയറിവന്നപോലെ ഞാൻ സന്തോഷിക്കുമായിരുന്നു. ബ്രഹ്മാവിന്റെ ശാസന ശിരസാ വഹിച്ചു നീ എന്റെ അടുത്തുനിന്നു വിട്ടുമാറാതെ സുന്ദരിയായ ദമയന്തി വരുന്നതുവരെ സന്തോഷപൂർവം കാത്തിരിയ്ക്കു!

ചരണം 3 : ഹംസം: ഇനിവരും കുശലങ്ങൾ മേൽക്കുമേലേ കാൺക
മുനിവരൻ നാരദനിതാ വരുന്നു ഭണിതമേദദീയം കേട്ടു കൊൾക
ദുഃഖകണിക പിന്നെയില്ല കണി കാണുവാൻ, മനുജനായക മുനിയെ
മാനയ മനസി മമ കൊതി പെരുതു കേളിഹ
സരസി ചെന്നു വിരുന്നുമുണ്ടു വരുന്നു ഞാൻ തവ പരിസരേ

ഇനി മുതൽ തുടർച്ചയായി നിനക്കു നല്ല കാലം വരും, നോക്കൂ, ഇതാ നാരദമുനി വരുന്നുണ്ട്; അദ്ദേഹം പറയുന്നതു ശ്രദ്ധിച്ചു കേട്ടാൽ പിന്നെ ദുഃഖത്തിന്റെ കണികപോലും നിനക്കുണ്ടാവില്ല! രാജാവേ നീ ചെന്നു മഹർഷിയെ വന്ദിച്ചാദരിക്കൂ! ഞാൻ ഈ പൊയ്കയിൽ കൂട്ടുകാരുമായി വിരുന്നുണ്ടു വൈകാതെ നിന്റെ അടുത്തേയ്ക്കു വരാം!

ശ്ലോകം 21 : (വൃത്തം : വംശസ്ഥം)

വിവൃണ്വതീനാം പ്രണയം പചേളിമം
സുവർണഹംസസ്യ ഗിരാമഥാവധൌ
വിപന്നസന്താപഹരഃ സമാഗതോ
നൃപം നമന്തം നിജഗാദ നാരദഃ

ഹംസത്തിന്റെ നിഷ്ക്കളങ്കസ്നേഹം വെളിവാക്കുന്ന വാക്കുകൾ കേട്ട നളൻ വിപന്നരുടെ ദുഃഖം നീക്കുന്ന നാരദനെ കണ്ടു കാൽക്കൽ വീണു നമസ്ക്കരിച്ചു; അപ്പോൾ നാരദൻ നളനോടു പറഞ്ഞു.

പദം 24 : നാരദൻ (രാഗം : മദ്ധ്യമാവതി താളം : ചെമ്പട):
പല്ലവി : വീരലോകമണേ ചിരം ജീവ നൈഷധേന്ദ്ര വീരസേനസുത!

വീരജനങ്ങൾക്കു ശിരോലങ്കാരവും വീരസേനന്റെ മകനുമായ നള, നീ ചിരകാലം ജീവിച്ചിരിക്കട്ടെ!

അനുപല്ലവി : വാരിജസംഭൂതി മേ പിതാ വരദനായി കാരുണ്യശാലി

താമരപ്പൂവിൽ ജനിച്ച എന്റെ അച്ഛൻ നിന്നിൽ സന്തുഷ്ടനായി!

ചരണം 1 : എന്നോടൊന്നരുളി ജഗദ് ഗുരു 'യാഹി നാരദ
ഭൂപൻ നളനൊടു ഭൈമിയേയുമങ്ങാത്മജന്മാരേയും
മേളയേതിതം ഭീമമഭിധേഹി

ലോകഗുരുവായ അദ്ദേഹം എന്നോടു പറഞ്ഞു: 'നാരദ, നളന്റെ അടുത്തേക്കു ദമയന്തിയേയും മക്കളേയും പറഞ്ഞു വിടണമെന്നു ഭീമരാജാവിനോടു ചെന്നു പറയൂ'

ചരണം 2 : കലികൃതമഖിലമഘമകന്നിതു നളനപി
മംഗളമവികലമുദയതു സതികളിമണിയൊടു നീ

പുരം പ്രവിശതു, സന്മുഹൂർത്തവും സരസ്വതി വദതു

കലിബാധമൂലമുള്ള സകല ദുഃഖങ്ങളും മാറി, ഇനിമുതൽ നിങ്ങൾക്കു മംഗളം കൈവരും, പത്നിയും ബന്ധുക്കളുമായി കൊട്ടാരത്തിൽ പ്രവേശിക്കാനുള്ള മുഹൂർത്തം സരസ്വതി പറഞ്ഞുതരും!

ചരണം 3 : ഭാരതിയാലുദിതം സമയവുമാശു സംഗതമിന്നു
നൃപാലക ഭീമഭൂമിപനും ഭൈമിയും വന്നിതു
സേനയാ സഹ കാണിതു നരേന്ദ്ര!

സരസ്വതി കുറിച്ച മുഹൂർത്തം വന്നെത്തിക്കഴിഞ്ഞു, രാജാവേ നോക്കൂ, ഭീമരാജാവും ദമയന്തിയും ബന്ധുക്കളും സേനകളുടെ അകമ്പടിയുമായി അതാ വരുന്നു!

ശ്ലോകം 22 : (വൃത്തം : സ്രഗ്ദ്ധര)
ഈവണ്ണം നാരദൻ വന്നരുളിന വചസാ തോഷിതേ നൈഷധേന്ദ്രേ
താവും മംഗല്യവാദ്യധ്വനിതബധിരിതാ ശേഷദിക്ചക്രവാളം
സൌവർണോദ്ദണ്ഡകേതു പ്രചരവരചമൂവേഷ്ടിതോ ഭീമനും വ-
ന്നാവിർമ്മോദം പുരസ്താത് സഹ നിജ സുതയാ വ്യാഹരദ്വൈരസേനിം!

അങ്ങനെ നാരദന്റെ വാക്കുകൾ കേട്ടു മനസ്സു തെളിഞ്ഞു നളൻ നിന്നപ്പോൾ, മംഗളവാദ്യങ്ങളുടെ ശബ്ദഘോഷം നാലു ദിക്കുകളിലും മുഴങ്ങുമ്പോൾ, സുവർണമയമായ കൊടിക്കൂറകളേന്തി അടിവെച്ചു നീങ്ങുന്ന സൈന്യത്തിന്റെ അകമ്പടിയോടെ വന്ന ഭീമരാജാവിനെ അനുഗമിച്ചു നളനും ദമയന്തിയും കൊട്ടാരത്തിൽ ചെന്നു വളരെക്കാലം സുഖമായി താമസിച്ചു.

=====